LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബില്ലിന്റെ ഇംഗ്ലീഷും മലയാളവും രണ്ടും രണ്ടാണ്. അതൊന്ന് പറയാൻ അവസരം വേണ്ടേ? ഇതിൽ ഏതാണ് ശരിയെന്ന് അറിയാൻ വേണ്ടിയാണ്. മലയാളത്തിലാണെങ്കിൽ പറയുന്നത്, "5(1) 3-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ പോലീസ് മേധാവിക്ക് ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്ത്, പൊതു പാതകളിലൂടെ തടസ്സങ്ങളില്ലാതെ സഞ്ചരിക്കുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശത്തിന്മേൽ ഇരുപത്തിനാലു മണിക്കൂറിൽ കുറയാത്ത കാലയളവിലേക്ക്,........എന്ന് പറഞ്ഞാൽ ഒരു ദിവസത്തിൽ കൂടുതൽ. ഇംഗ്ലീഷിൽ Not exceeding" ഏതാണ് ശരി? ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ലേ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബിൽ ഇംഗ്ലീഷിലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇംഗ്ലീഷിലുള്ളതാണ് ഒറിജിനൽ ബിൽ. മലയാളത്തിലുള്ളതിന് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ നമുക്ക് അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് മാറ്റാവുന്നതാണ്.

മി. സ്പീക്കർ: 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.................

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

VII ധനകാര്യം

2011-12 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. വി. ശിവൻകുട്ടി: സർ, 2011-2012 വർഷത്തേക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഡോ. തോമസ് ഐസക്കിനോട് ഒരു പൂവ് ചോദിച്ചു, അദ്ദേഹം ഒരു പൂന്തോട്ടം തന്നെ നൽകികൊണ്ട് വികസന രംഗത്ത് ഒരു ചരിത്രം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. കേരളം കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് 9 ശതമാനം വേഗതയിൽ വളർന്നിരിക്കുകയാണ്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരികയും ഈ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്ക് തന്നെ മാതൃകയാക്കിക്കൊണ്ട് ഏറ്റവും വേഗതയിൽ വളരുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. യാന്ത്രികമായ സാമ്പത്തിക നയത്തിനുപകരം സംസ്ഥാനത്തിന്റെ സാഹചര്യം

പരിഗണിച്ച് ക്ഷേമവികസനാവശ്യങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ള സമീപനമാണ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. 2001-2006 കാലയളവിൽ സർക്കാർ ചെലവ് 5 ശതമാനം വർദ്ധിച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിക്കുകയുണ്ടായി. 2005-06-ൽ 1952 കോടി രൂപയിൽ നിന്ന് 2010-2011-ൽ 33,290 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നിരിക്കുകയാണ്. 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി മാറിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6. ശതമാനത്തിൽ നിന്ന് 8.8 ശതമാനമായി ഉയർന്നിരിക്കുകയാണ്. വികസന ചെലവ് 53 ശതമാനത്തിൽ നിന്നും 55 ശതമാനമായി മാറിയിരിക്കുകയാണ് സർക്കാരിന്റെ ചെലവ് ഇരട്ടിയായപ്പോഴും കമ്മി താഴ്ത്തി നിർത്തുന്നതിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വിജയിച്ചിരിക്കുകയാണ്. 2001-06-ൽ റവന്യൂ വരുമാനത്തിന്റെ 28.5 ശതമാനമായിരുന്ന റവന്യൂ കമ്മി 2006-2011-ൽ 15. ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഒരു ദിവസം പോലും ട്രഷറി അടച്ചു പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. നടപ്പുവർഷം ഒരു ദിവസംപോലും റിസർവ് ബാങ്കിൽ നിന്ന് കൈവായ്പ വാങ്ങേണ്ടി വന്നിട്ടില്ല. സംസ്ഥാനത്തിന്റെ സ്വന്തം വരുമാനത്തിലുണ്ടായ വർദ്ധനവ് ധനസ്ഥിതി മെച്ചപ്പെടുത്താൻ സഹായകരമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം മൊത്തം റവന്യു വരുമാനത്തിന്റെ 29.94 ശതമാനത്തിൽ നിന്ന് 25.6 ശതമാനമായി കുറയുകയുണ്ടായി. വായ്പയെടുക്കുവാൻ തടസ്സം നിൽക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന വികസനത്തിന് പലപ്പോഴും തടസ്സമുണ്ടാക്കിയിട്ടുണ്ട്. 40,000 കോടി രൂപയുടെ റോഡ് വികസന പദ്ധതിയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിന്റെ റോഡുകളുടെ പരിതാപകരമായ അവസ്ഥയ്ക്ക് ഒരു ശാശ്വതപരിഹാരം കാണുവാൻ ഇതിന് കഴിയും. ശാസ്ത്രീയമായ സമീപനത്തിലൂടെ കേരളത്തിന്റെ റോഡ് ഗതാഗത മേഖലയെ സംരക്ഷിക്കുവാൻ ഉതകുന്നതാണ് ഈ ബഡ്ജറ്റ് നിർദ്ദേശം. വർഷം തോറുമുള്ള റോഡുമിനുക്കുപണിയൽ അവസാനിപ്പിച്ച് കോടിക്കണക്കിന് രൂപയുടെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഡോ. തോമസ് ഐസക് ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. നമ്മുടെ പഴഞ്ചൻ നിർമ്മാണരീതിയായിട്ടുള്ള മെറ്റലും ബിറ്റുമിനും ചേർത്ത് റോഡുകൾ ടാർ ചെയ്യുന്ന രീതി കാലോചിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി കഴിയില്ല. ബിറ്റുമിനും വെള്ളവും തമ്മിൽ ശത്രുക്കളായതിനാൽ റോഡ് പലപ്പോഴും തകർന്നുപോകുന്ന സാഹചര്യമാണുള്ളത്. റോഡുകൾ ബിറ്റുമിൻ-മക്കാടം-ബിറ്റുമിൻ-കോൺക്രീറ്റ് ഡിസൈനുകളിലേയ്ക്ക് മാറ്റിക്കഴിഞ്ഞാൽ നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി കഴിയും. കയർ മേഖലയ്ക്ക് 82 കോടി രൂപ, കശുവണ്ടിക്ക് 52 കോടി രൂപ, ചെറുകിട വ്യവസായങ്ങൾക്ക് 40 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ആയിരം ബസ്സുകൾ പുറത്തിറക്കാൻ പോകുകയാണ്. ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പെൻഷൻകാർക്ക് ആരോഗ്യ പദ്ധതി, സർക്കാർ കലാകാരന്മാർക്ക് 750 രൂപ പെൻഷൻ, ആർ.സി.സി.ക്ക് 25 കോടി രൂപ, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് 700 രൂപയാക്കി വർദ്ധിപ്പിച്ചു, എസ്.സി/എസ്.ടി. പ്രൊമോട്ടർമാർക്ക് അലവൻസ് 4000 രൂപയാക്കി വർദ്ധിപ്പിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടി 14 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ജനിക്കുന്ന ഓരോ കുഞ്ഞിനും ഇൻഷ്വറൻസ് പദ്ധതി, ക്ഷേമ പെൻഷനുകൾ 400 രൂപയാക്കി വർദ്ധിപ്പിച്ചു, ആശാ വർക്കേഴ്സിന് 300 രൂപ ഓണറേറിയം പ്രഖ്യാപിച്ചു, 50 വയസ്സിനുമുകളിലുള്ള അവിവാഹിതർക്ക് പെൻഷൻ പ്രഖ്യാപിച്ചു, 300 രൂപയുടെ പലവ്യഞ്ജന കിറ്റ് 150 രൂപയ്ക്ക് കൊടുക്കുന്ന പദ്ധതി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഉദ്ഘാടനം ചെയ്തു, സ്ത്രീകൾക്ക് വേണ്ടി മാത്രം ഏതാണ്ട് 770 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു, നെല്ല് വില സംഭരണം 14 രൂപയായി ഉയർത്തിക്കൊണ്ട് വരുന്നതിനുവേണ്ടി കഴിഞ്ഞു. ചുരുക്കത്തിൽ പരിശോധിച്ചുനോക്കിയാൽ ഇത് സാമൂഹ്യസുരക്ഷയുടെ കവാടം തുറന്ന ഒരു ബഡ്ജറ്റാണെന്ന് കാണാൻ കഴിയും. തുടർച്ചയായിട്ട് 6 ബഡ്ജറ്റ് അവതരിപ്പിച്ച ഖ്യാതി ഡോ. തോമസ് ഐസക്കിനുണ്ട്. ഈ ബഡ്ജറ്റിന്റെ താക്കോൽ എന്നു പറയുന്നത് അതിന്റെ ധനകാര്യമാനേജുമെന്റാണ്. ബഡ്ജറ്റിന്റെ ധനമാനേജുമെന്റ്, ബഡ്ജറ്റിന്റെ ഉള്ളടക്കം, ബഡ്ജറ്റിന്റെ മുൻഗണനാക്രമം, ബഡ്ജറ്റിന്റെ ദിശാബോധം, ഇവയെല്ലാം പരിശോധിച്ചാൽ കേരളത്തിന്റെ സമസ്തമേഖലയെയും വികസനത്തിന്റെ കുതിപ്പിലേക്ക് ഉയർത്തിക്കൊണ്ട് വരാൻ കഴിയുന്നതാണ്എന്നു കാണാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനകൈമാറ്റം, അതുപോലെ പരിസ്ഥിതി സംരക്ഷണം, പശ്ചാത്തല വികസനം, സാമൂഹ്യ ഭദ്രത, കൃഷി-വ്യവസായ വികസനം, വിലക്കയറ്റ നിയന്ത്രണം ഇതിനൊക്കെത്തന്നെ നല്ല പരിഗണന കൊടുത്തിട്ടുള്ള ബഡ്ജറ്റാണിത്. പരിസ്ഥിതി സംരക്ഷണമെന്ന് പറയുന്നത് ഇന്നിന്റെ പ്രശ്നം മാത്രമല്ല, നാളെയുടെ അപകടം കൂടിയാണ്. വെള്ളപ്പൊക്കവും അതുപോലെ വരൾച്ചയും സംബന്ധിച്ച മുന്നറിയിപ്പുകൾ വിവേകമുള്ള രാഷ്ട്രീയക്കാർക്ക് വിസ്മരിക്കാനാവില്ല. ഈ ബഡ്ജറ്റിന്റെ ചുവടുവയ്പ്പുകൾ ആർക്കും തള്ളിക്കളയുന്നതിനുവേണ്ടി ആകില്ല. ഭാവിയിൽ ഹരിത ബഡ്ജറ്റുകൾ അഭിവാജ്യ ഘടകങ്ങളാണ്. വിലനിലവാരം പിടിച്ചു നിർത്തുവാൻ പൊതുവിതരണ സമ്പ്രദായത്തെ തുലയ്ക്കുകയല്ല മറിച്ച് ബലപ്പെടുത്തുവാൻ, ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ബഡ്ജറ്റിൽ സ്വീകരിക്കുന്നതിനുവേണ്ടി തയ്യാറായിട്ടുണ്ട്. കഴിഞ്ഞ 18 മാസക്കാലമായി കേന്ദ്ര സർക്കാരും റിസർവ് ബാങ്കും വില വർദ്ധനവ് നിരക്ക് 5-6 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുമെന്ന പ്രഖ്യാപനം പലതവണ ആവർത്തിച്ചു; പക്ഷേ വില വാണം പോലെ ദേശീയ അടിസ്ഥാനത്തിൽ ഉയരുന്ന സാഹചര്യമാണ് കാണുന്നത്. കേരളത്തിലെ മുവായിരത്തിലധികം വരുന്ന റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുകയാണ്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ 150 രൂപയ്ക്ക് വിതരണം ചെയ്യുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ബി.പി.എൽ. കാർഡുടമകൾക്ക് നിലവിൽ റേഷൻ കടകളിലും 13.50 പൈസയ്ക്ക് പഞ്ചസാര തുടർന്നും നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയാണ്. ഈ പാക്കേജിനുവേണ്ടി മാത്രം 337 കോടി രൂപ മാറ്റി വച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് യാതൊരു സഹായവും ഇക്കാര്യത്തിൽ നൽകുന്നില്ല. പുതിയ നികുതിയില്ലാത്ത ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തലസ്ഥാന നഗരിക്ക് വമ്പിച്ച പരിഗണനയും സഹായവും നൽകുന്ന ബഡ്ജറ്റാണിത്. തലസ്ഥാന നഗര വികസനത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ 250 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്.

ആറ്റുകാൽ വികസനത്തിനുവേണ്ടി പത്തുകോടി രൂപ നീക്കിവച്ചു. അങ്ങയുടെ ആദ്യത്തെ ബഡ്ജറ്റിൽതന്നെ ആറ്റുകാൽ വികസന പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. തിരുവനന്തപുരം ജില്ലയിൽ അഞ്ച് കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിച്ചു. വിഴിഞ്ഞം ഒന്നാംഘട്ട പദ്ധതിക്കുവേണ്ടി 150 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽ അങ്ങ് തൊഴിലില്ലായ്മ വേതനത്തിന് വേണ്ടി എന്തെങ്കിലുംകൂടി നീക്കിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള ഒരു അഭിപ്രായമുണ്ട്. അതുപോലെതന്നെ കേരളത്തിലെ കായിക രംഗത്ത് അങ്ങ് ഒരുപാട് സഹായങ്ങൾ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന ജി.വി. രാജ ഫുട്ബോൾ ടൂർണമെന്റിനും കണ്ണൂരിൽ നടക്കുന്ന നായനാർ ഫുട്ബോൾ ടൂർണമെന്റിനുംവേണ്ടി 25 ലക്ഷം രൂപവീതം നീക്കിവയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വളരെ വിനയത്തോടുകൂടി തന്നെ അപേക്ഷിക്കുകയാണ്. കേരളത്തിലെ എല്ലാ പത്രമാധ്യമങ്ങളും അങ്ങയുടെ ബഡ്ജറ്റിനെ, ഇത് പ്രായോഗികമാണെന്നും വർത്തമാന കാലഘട്ടത്തിൽ കേരളത്തിന്റെ വികസനത്തിന്റെ ചൂണ്ടുപലകയായിരിക്കുമെന്നു പറഞ്ഞ് ആവർത്തിച്ചാവർത്തിച്ച് പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് നമുക്കു കാണാൻ സാധിക്കുന്നത്. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ഈ സത്യമൊന്നും അവർ അംഗീകരിക്കുന്നതിനുവേണ്ടി തയ്യാറാകുന്നില്ല. യു.ഡി.എഫ്. സ്വയം ജീർണ്ണിച്ച് ഈ ജനാധിപത്യത്തിന്റെ എല്ലാ മര്യാദകളും കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് ജനങ്ങളെ വെല്ലുവിളിക്കുന്ന നടപടികളുമായി മുന്നോട്ടു പോകുകയാണ്. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും, ഏത് കോടതി എന്ത് വിധിന്യായം പറഞ്ഞാലും, ഉത്തരവാദപ്പെട്ട വ്യക്തികൾ എന്തൊക്കെ കാര്യങ്ങൾ ഇവിടെ വെളിപ്പെടുത്തിയാലും അതൊന്നും ഞങ്ങൾക്ക് ഒരു പ്രശ്നമല്ലായെന്ന് പറഞ്ഞുകൊണ്ട് ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ള സമീപനങ്ങളുമായിട്ടാണ് യു.ഡി.എഫ്. മുന്നോട്ടുപോകുന്നത്. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ നില കഴിഞ്ഞ വർഷത്തേക്കാൾ ദയനീയമായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. യു.ഡി.എഫ്.ന്റെ നിരവധി നേതാക്കൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ജയിലിൽ കിടന്നുകൊണ്ടായിരിക്കും ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുന്നതെന്നുള്ള കാര്യമാണ് വർത്തമാന കാലഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ തെളിയിക്കുന്നത്. ഇവിടെ തീർച്ചയായും യു.ഡി.എഫ്.-ന്റെ നിരവധി നേതാക്കൾക്ക് "ചലോ ചലോ ജയിൽ" എന്ന മുദ്രാവാക്യം വിളിക്കേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ ഒരു ഭരണപരിഷ്കാരമുണ്ട്. ജയിലുകളിൽ കട്ടിൽ സജ്ജമാക്കിയിരിക്കുകയാണ്. പല യു.ഡി.എഫ്.-ന്റെ നേതാക്കൾക്കും അത് വലിയൊരു ആശ്വാസമായി മാറാൻ പോകുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടമലയാർ കേസ്സിൽ ശിക്ഷിക്കപ്പെട്ടതോടെ അഴിമതിക്ക് രണ്ടാം തവണ ശിക്ഷ വാങ്ങിയ മുൻമന്ത്രിയെന്ന റെക്കോർഡാണ് ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയ്ക്കുള്ളത്. ജനങ്ങളേയും അതുപോലെതന്നെ സുപ്രീം കോടതിയേയും വെല്ലുവിളിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു തന്നെ ഈ വിധിക്കെതിരായി തോന്നുന്ന രൂപത്തിലുള്ള അഭിപ്രായ പ്രകടനങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ടിരിക്കുന്നത്. മുൻമന്ത്രിയും യു.ഡി.എഫ്.ന്റെ നേതാവുമായ ശ്രീ. ടി. എം. ജേക്കബ് പ്രതിയായിട്ടുള്ള കുര്യാർകുറ്റി-കാരപ്പാറ അഴിമതി അന്വേഷണ റിപ്പോർട്ടുകൾ നാലാഴ്ചയ്ക്കകം ഹാജരാക്കുന്നതിന് സുപ്രീം കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. മലബാർ സിമെന്റ്സിന്റെ മുൻസെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടെയും പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ കൃത്രിമം കാണിക്കാൻ പോലീസിനെ ഭീഷണിപ്പെടുത്തിയതിന്റെ പേരിൽ, പോലീസ് സർജൻ ഡോ. പി. കെ. ഗുജ്റാളിനെ ഭീഷണിപ്പെടുത്തിയതിന്റെ പേരിൽ, കേരള കോൺഗ്രസ് വൈസ് ചെയർമാന്റെ പേരിൽ കേസ് ചാർജ് ചെയ്തിരിക്കുന്നു. മുൻമന്ത്രിയായ, ലീഗിന്റെ നേതാവായ എം. കെ. മുനീറിനെതിരായി ഏതാണ്ട് മുപ്പതോളം വരുന്ന കേസ്സുകൾ, അതിൽ കുറേ കേസ്സുകൾ ശിക്ഷിക്കപ്പെട്ടു, ജയിലിൽ പോകാതെ അപ്പീൽ നിൽക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ആ നിലയിൽ കുഞ്ഞാലിക്കുട്ടിമാരും, റൗഫും, റജീനയും, ജസ്റ്റിസ് നാരായണക്കുറുപ്പും, ജസ്റ്റിസ് തങ്കപ്പനും, അന്തരിച്ച പാണക്കാട് ശിഹാബ് തങ്ങളെപ്പോലും ഈ കാര്യങ്ങളിലൊക്കെത്തന്നെ കക്ഷിയാക്കിക്കൊണ്ടുള്ള നാണംകെട്ട, വൃത്തികെട്ട ചർച്ചയാണ് ഇന്ന് ഇപ്പോൾ കേരള രാഷ്ട്രീയത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ***തീർച്ചയായും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, എല്ലാ കാര്യങ്ങൾക്കും അഭിപ്രായം പറയുന്ന പ്രതിപക്ഷ നേതാവിനെ സംബന്ധിച്ചിടത്തോളം...........

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, പോയിന്റ് ഓഫ് ഓർഡർ........

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത പ്രസംഗം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ ടി. എച്ച് മുസ്തഫ കൊടുത്ത അഫിഡവിറ്റിൽ, അദ്ദേഹത്തിന്റെ അപേക്ഷയിൽ, ഈ കേസ്സിൽ പ്രതിപക്ഷ നേതാവിന് പങ്കാളിത്തമുണ്ടെന്ന് പറഞ്ഞതായി അദ്ദേഹം പറയുന്നു. അദ്ദേഹം ആ രേഖയൊന്ന് വായിച്ചാൽ കൊള്ളാം. (ബഹളം).............. മേശപ്പുറത്തും വയ്ക്കണം.

മി. സ്പീക്കർ: യെസ്........ ശ്രീ. വി. ശിവൻകുട്ടി..........

ശ്രീ. വി. ശിവൻകുട്ടി: ഞാൻ പറയാം. 14,195 മെട്രിക് ടൺ പാം ഓയിൽ ഇറക്കുമതി ചെയ്തതിന്.............. ഞാൻ പറയട്ടെ.............

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി........

ശ്രീ. വി. ശിവൻകുട്ടി: ഞാൻ പറയാം, ബഹുമാനപ്പെട്ട മുൻമന്ത്രി ടി. എച്ച് മുസ്തഫ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച രേഖ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. ഞാൻ ശ്രീ. ടി.എച്ച്. മുസ്തഫ പറഞ്ഞ കാര്യമാണ് പറഞ്ഞത്. മുൻമന്ത്രി ശ്രീ. ടി.എച്ച്. മുസ്തഫ പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് ....(ബഹളം)..............

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി.........

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി: ശ്രീ. കെ. സി. ജോസഫ്, കണ്ണൂരിലെ ബാർ ഉടമ ജോസ് ഇല്ലിക്കൽ വെളിപ്പെടുത്തിയ കാര്യം ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ പറഞ്ഞില്ല. അത് ഞാൻ പറയാം. അത് ഞാൻ പിന്നാലെ പറയാം.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി: ഞാൻ പറഞ്ഞുവന്നത് ....(ബഹളം)..............

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി..........

ശ്രീ. വി. ശിവൻകുട്ടി: ഞാൻ പറഞ്ഞുവന്നത് 14,195 മെട്രിക് ടൺ പാം ഓയിൽ ഇറക്കുമതി ചെയ്തതിന് ....(മൈക്ക് ഓഫ്)..........

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് ഇവിടെ ഉദ്ധരിച്ച ഭാഗം രേഖയിലുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: ബഹുമാനപ്പെട്ട ടി. എച്ച്. മുസ്തഫ സമർപ്പിച്ച സത്യവാങ്മൂലമാണ്. പാം ഓയിൽ ഇറക്കുമതി കേസ്സിൽ ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷ നേതാവായ ഉമ്മൻ ചാണ്ടിയുടെ അറിവോടുകൂടിയും അദ്ദേഹംകൂടി ആ ഫയലിൽ ഒപ്പുവച്ചശേഷവുമാണ് ക്യാബിനറ്റിൽ പോയതെന്നുള്ള വിവരം ബഹുമാനപ്പെട്ട കോടതി മുമ്പാകെ ടി.എച്ച്. മുസ്തഫ സമർപ്പിച്ച സത്യവാങ്മൂലമാണ് ഞാൻ ഇവിടെ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഇതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് പ്രതിപക്ഷ നേതാവ് സ്ഥാനം രാജിവയ്ക്കാൻ തയ്യാറുണ്ടോയെന്നാണ് എന്റെ ചോദ്യം. ....(മൈക്ക് ഓഫ്)........... ഞാൻ രേഖ പറയുകയാണ് സർ, ഞാൻ രേഖ വയ്ക്കുകയാണ്. ....(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: ശ്രീ. ജി. കാർത്തികേയൻ..........

ശ്രീ. വി. ശിവൻകുട്ടി: ഞാൻ സൂചിപ്പിച്ചത് ....(ബഹളം)............... ഞാൻ അതിലെ പ്രസക്ത ഭാഗം വായിക്കാം. 14,195 മെട്രിക് ടൺ പാം ഓയിൽ ഇറക്കുമതി ചെയ്തതിന് ....(മൈക്ക് ഓഫ്)..........

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി ....(ബഹളം).............. ശ്രീ. കെ.സി. ജോസഫ്......

ശ്രീ. കെ. സി. ജോസഫ്: "T. H. Musthafa, BEFORE THE HON'BLE ENQUIRY COMMISSIONER AND SPECIAL JUDGE, THIRUVANANTHAPURAM C.M.P. No. of 2011 IN C.C.No. 6/2003" അദ്ദേഹം കൊടുത്ത അപേക്ഷയുടെ കോപ്പിയാണ് ഇത്. ഈ അപേക്ഷയിൽ ഒരിടത്തും ....(ബഹളം).............. ശ്രീ. വി. ശിവൻകുട്ടി പറയുന്ന ഒരു പരാമർശവുമില്ല. ഇവിടെയാകെ പറയുന്നത്, "It is important that the Finance Minister also agreed to the same view and suggestion of the Petitioner by endorsing the Note for the Petitioner,....." ....(ബഹളം).............. ശരിയാണ്. അത് ശരിയാണ്. ആ പരാമർശമല്ലാതെ ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ ഒരു കാര്യവും ഈ രേഖയിൽ ഇല്ല. അങ്ങനെയിരിക്കെ ഈ സഭയെ മിസ് ലീഡ് ചെയ്തത് രേഖയിലുണ്ടാകാൻ പാടില്ല. രേഖയിൽനിന്ന് നീക്കം ചെയ്യണം.

Library Archives Kerala Legislative Assembly

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ അത്രയേ പറഞ്ഞിട്ടുള്ളൂ. ഞാൻ പറഞ്ഞ പാരഗ്രാഫ് നമ്പർ അങ്ങ് ശ്രദ്ധിക്കണം. അദ്ദേഹം പറഞ്ഞ കാര്യമാണ് ഞാനും പറഞ്ഞത്. ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞത് ഞാൻ പങ്കാളിയാണെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയും പങ്കാളിയാണെന്നുള്ള അർത്ഥമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ ഇനി വായിക്കാനുണ്ട്, പാരഗ്രാഫ് നമ്പർ ഒൻപത്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ഞാൻ പറയുന്നത് ശ്രീ. ടി.എച്ച്. മുസ്തഫയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരുപാട് കാര്യങ്ങൾ പറയാൻ ഞാൻ ബഹുമാനപ്പെട്ട ....(മൈക്ക് ഓഫ്)........... ശ്രീ. ഉമ്മൻ ചാണ്ടി അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അദ്ദേഹം പ്രതിപക്ഷ നേതാവ് സ്ഥാനത്തുനിന്ന് ....(മൈക്ക് ഓഫ്)...........

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഇതിൽ പറയുന്നത്, It is submitted that CW23, the then Finance Minister, Sri Oommen Chandy has stated that the import was for Public good and he also agreed to the suggestion of this Petitioner to place the matter to the Cabinet. The Prosecution, who rightly did not find fault with the Finance Minister..... The Prosecution, who rightly,..." ശരിയായ രീതിയിൽ, "....did not find fault with the Finance Minister, has unjustly arrayed this Petitioner......." .... (ബഹളം)............... അങ്ങനെയിരിക്കെ............

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇതിൽ പാരഗ്രാഫ് നമ്പർ ഏഴുണ്ട്, പാരഗ്രാഫ് നമ്പർ ഒൻപതുണ്ട്. ശ്രീ. ടി.എച്ച്. മുസ്തഫ പറഞ്ഞിരിക്കുന്നത്, ...(ബഹളം).............. ശ്രീ. ടി.എച്ച്. മുസ്തഫ ഇതിൽ പങ്കാളിയാണെങ്കിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന..............

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി, ചെയർ ഒരു കാര്യം പറയട്ടെ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ശ്രീ. ഉമ്മൻ ചാണ്ടിക്കും ഇതിൽ പങ്കുണ്ടെന്നാണ് ശ്രീ. ടി. എച്ച്. മുസ്തഫ ഇതിൽ പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ട് ....(ബഹളം)...............

<u>മി. സ്പീക്കർ</u>: ചെയർ പറയട്ടെ ....(ബഹളം)...........ചെയർ പറയട്ടെ ....(ബഹളം)........പ്ലീസ്......യേസ്.......എല്ലാവരും സീറ്റിൽ ഇരിക്കണം................ (ബഹളം)............... ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ രേഖയും ശ്രീ. കെ. സി. ജോസഫ് പറഞ്ഞ രേഖയും ചെയർ പരിശോധിക്കുന്നതാണ്. എന്തെങ്കിലും ....(ബഹളം)............... പരിശോധിച്ച് എന്തെങ്കിലും തെറ്റായ കാര്യങ്ങൾ ശ്രീ. വി. ശിവൻകുട്ടി പറഞ്ഞിട്ടുണ്ടെങ്കിൽ സഭാ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്

11.00 AM] ശ്രീ. കോടിയേരി ബാലകൃഷ്ണൻ ജയിൽ പരിഷ്ക്കാരത്തിന്റെ ഭാഗമായി കട്ടിൽ ഏർപ്പെടുത്തുകയാണ് എന്ന് എനിക്ക് തോന്നുന്നു ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രീ.പിണറായി വിജയന് വേണ്ടിയായിരിക്കും ആ കട്ടിൽ ഏർപ്പെടുത്തിയത്. കാരണം അങ്ങോട്ടല്ലേ ശ്രീ. പിണറായി വിജയൻ പോകാൻ പോകുന്നത്. അവിടെയുണ്ടല്ലോ ....(ബഹളം)............അതുപോലെ തന്നെ ശ്രീ. ഉമ്മൻ ചാണ്ടിയെ പാമോയിൽ കേസുമായി ബന്ധപ്പെടുത്തി ഇവിടെ സംസാരിച്ചു. നായനാർ ഗവൺമെന്റ് ഈ കാര്യം വിശദമായി പരിശോധിച്ചതാണ്. നായനാർ ഗവൺമെന്റ് ഇത് പരിശോധിച്ചു. ഉമ്മൻ ചാണ്ടിയോട് എന്തെങ്കിലും ഔദാര്യം കാണിക്കേണ്ടിയിട്ടാണോ നായനാർ ഗവൺമെന്റ് ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രതിയാക്കാതിരുന്നത്. നായനാർ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷക്കാലം പാമോയിൽ കേസ് വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അച്ചുതാനന്ദനും ഈ കേസ് പരിശോധിച്ചു. പക്ഷേ എല്ലാത്തിനും പൊതുതാൽപര്യ ഹർജി കൊടുക്കുന്ന ബഹുമാനപ്പെട്ട അച്ചുതാനന്ദൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് എതിരായി ഇതുവരെ ഹർജി കൊടുത്തിട്ടില്ല. നായനാർ ഗവൺമെന്റ് ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രതിയാക്കിയിട്ടില്ല. പിന്നെ ഇദ്ദേഹത്തെ കൊണ്ട് ഇത് പറയിപ്പിക്കാൻ മാർക്സിസ്റ്റ് പാർട്ടിക്ക് നാണമില്ലേ? ശ്രീ. വി. ശിവൻകുട്ടി എന്തെങ്കിലും ***ശ്രീ. ഉമ്മൻ ചാണ്ടിയുടെ വ്യക്തിത്വത്തെ ബാധിക്കുമോ? ഒരുതെറ്റിദ്ധാരണയുംവേണ്ട. ഊതിക്കാച്ചിയ പൊന്നുപോലെ ശ്രീ. ഉമ്മൻചാണ്ടി പരിശുദ്ധിയോടുകൂടി, വിശുദ്ധിയോടുകൂടി രാഷ്ട്രീയ പ്രവർത്തനം നടത്തും. ഒരു തെറ്റിദ്ധാരണയും വേണ്ട.

ശ്രീ. വി. ശിവൻകുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസത്തെ പ്രശ്നങ്ങൾക്ക് ശേഷം സഭയിൽ നമ്മൾ സഭ്യമായ ഭാഷയിൽ സംസാരിക്കണമെന്നാണ് പറയുന്നത്. സീനിയർ നേതാവായിട്ടുള്ള ശ്രീ. കെ. ബാബു, ഞങ്ങൾക്കെല്ലാം ബഹുമാനമുണ്ട്, ശ്രീ. കെ. ബാബു പറഞ്ഞ ***എന്ന വാക്ക് അദ്ദേഹത്തിന് ഭൂഷണമല്ല, അത് സഭയ്ക്കും ഭൂഷണമല്ല. അതങ്ങ് പിൻവലിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. ബാബു : സർ, ആ വാക്ക് ഞാൻ പിൻവലിക്കുന്നു. അത് അസഭ്യമല്ല എന്നാലും ഞാൻ ആ വാക്ക് പിൻവലിച്ചേയ്ക്കാം. ബഡ്ജറ്റ് അയഥാർത്ഥമായ പ്രഖ്യാപനങ്ങൾ കൊണ്ട് സാധാരണ രീതിയിലുള്ള വിശ്വസനീയത പൂർണ്ണമായും നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ ഈ ബഡ്ജറ്റ് പ്രഖ്യാപനം കണ്ടാൽ ഒരു കാര്യം വ്യക്തമാണ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന് അടുത്ത തെരഞ്ഞെടുപ്പിൽ തിരിച്ചുവരില്ലെന്നുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു നയാ പൈസ പോലും ചെലവാക്കാൻ ബാദ്ധ്യതയില്ലാത്ത പ്രഖ്യാപനങ്ങൾ നടത്തിയത്. കാരണം ഈ ഗവൺമെന്റിന്റെ കാലയളവിൽ ഒരു രൂപ പോലും ചെലവാക്കേണ്ടിവരില്ല. പ്രഖ്യാപനങ്ങൾ നടത്തിയാൽ മാത്രം മതി. എന്നുമാത്രമല്ല, നമ്മുടെ മന്ത്രിമാരുടെ ഉദ്ഘാടന പരിപാടികൾ കാണുമ്പോൾ, സത്യത്തിൽ

*** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വലിയ കഷ്ടപ്പാടാണ്. ഇന്നലെ രാവിലെ ഒരു മന്ത്രിക്ക് 9 മണിക്ക് ഒരു പരിപാടി, 9.30 മണിക്ക് 40 കിലോമീറ്റർ ഇപ്പുറത്ത് ഒരു പരിപാടി, 10 മണിക്ക് വേറെ പരിപാടി. ഇത്ര കഷ്ടപ്പെട്ട് ഉദ്ഘാടനങ്ങൾ നടത്തുന്നതു കാണുമ്പോൾ തന്നെ അറിയാം ഇനി തിരിച്ചുവരാൻ ഇടതുമുന്നണിയ്ക്ക് ചാൻസില്ലായെന്ന്. അല്ലെങ്കിൽ ഇത്ര വെപ്രാളം വേണമല്ലോ. ഒരു പരിപാടിയിൽ ഞാനും പങ്കെടുത്തു. ചൊവ്വരയിൽ ഒരു പരിപാടി. അവിടെ 9 മണി. 9.30 മണിക്ക് കാക്കനാട്ട് ഒരു പരിപാടി. 10 മണിയ്ക്ക് വേറെ പരിപാടി. ആ മന്ത്രിക്കുതന്നെ 11 മണിക്ക് വൈക്കത്ത് പരിപാടി. ഈ ഓട്ടം കാണുമ്പോൾ നിങ്ങളുടെ കഷ്ടപ്പാട് അറിയാം. സത്യത്തിൽ വളരെ, ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. പക്ഷേ ഈ കഷ്ടപ്പാട് കാണുമ്പോൾ തന്നെ അറിയാം ഇനി തിരിച്ചുവരാനുള്ള ചാൻസ് ഇല്ലായെന്ന്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരുപാട് പ്രഖ്യാപനങ്ങൾ ഇതിനുമുമ്പ് നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷംതന്നെ അദ്ദേഹം 52,000 കോടി രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തി. ഈ പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ ഒരു പദ്ധതിയും യാഥാർത്ഥ്യമാകുന്നില്ല എന്നുള്ളതാണ് വസ്തുത. ഇവിടെ കഴിഞ്ഞ ബഡ്ജറ്റിൽ മാന്ദ്യ വിരുദ്ധ പാക്കേജിനോടൊപ്പം തന്നെ അദ്ദേഹം പ്രഖ്യാപിച്ചു, 'ഇൻകല്ലി'-ന്റെ നേതൃത്വത്തിൽ 20,000 കോടി രൂപയുടെ നിക്ഷേപം ഒരു രൂപയുടെ നിക്ഷേപം പോലും വന്നിട്ടില്ല പോലും വന്നിട്ടില്ല. ഇപ്പോൾ അദ്ദേഹം വീണ്ടും കുറേ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. എറണാകുളത്തെ കാര്യങ്ങൾ പ്രഖ്യാപിച്ച കൂട്ടത്തിൽ അരൂർ മുതൽ ഇടപ്പള്ളി വരെ ഫ്ളൈഓവർ എന്ന് കഴിഞ്ഞ പ്രാവശ്യം പറഞ്ഞു. കോട്ടയത്ത് ഒരു ഫ്ളൈഓവർ പ്രഖ്യാപിച്ചു. ഒരു പരിശോധന പോലും നടന്നിട്ടില്ല. ഇപ്പോൾ 40,000 കോടി രൂപയുടെ റോഡ് വികസന പദ്ധതിയെപ്പറ്റിപ്പറയുന്നുണ്ട്. ആ 40,000 കോടി രൂപയുടെ റോഡ് വികസന പദ്ധതിയ്ക്ക് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. പുതിയ പലിശരഹിത വായ്പ കിട്ടുന്ന അൽബറാക് ബാങ്ക് ഉണ്ടാകണം. അതുപോലെ നമ്മുടെ ആർ.ബി.ഡി.സി., റോഡ് ഫണ്ട് ബോർഡും പുതിയ രൂപത്തിൽ പുനസംഘടിപ്പിക്കണം. അൽബറാക് ബാങ്കിനെ കോടതിയിൽ ചോദ്യം ചെയ്തുകൊണ്ടുള്ള കേസ് ഇപ്പോൾ തീർന്നിട്ടേയുള്ളൂ. ലൈസൻസ് ആയിട്ടില്ല. ആ ബാങ്ക് വരുമ്പോൾ അതിൽ നിന്നാണ് അദ്ദേഹം 40,000 കോടി രൂപ കണ്ടെത്താൻ പോകുന്നത്. വേറെയൊരു കാര്യം ചോദിക്കട്ടെ, ഒരു നയാപൈസ പോലും സംസ്ഥാന ഗവൺമെന്റിന് ചെലവില്ലാത്ത പദ്ധതിയാണ് നാഷണൽ ഹൈവേയുടെ വികസനം. ഒരു കിലോമീറ്റർ റോഡ് ഈ കേരളത്തിൽ വികസിപ്പിക്കാൻ അഞ്ച് കൊല്ലം കൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചോ? ഇവരുടെ സൈദ്ധാന്തികമായ പിടിവാശി തുടങ്ങിയ പല പ്രശ്നങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സ്കീമിലുള്ള റോഡ് വികസന പദ്ധതി, നാല് വരി പാതയാക്കാനുള്ള ഹൈവേ വികസന പദ്ധതി ഒരു കിലോ മീറ്റർ പോലും വികസിപ്പിക്കാത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന് ആകെയുള്ള ദിവസങ്ങൾ എത്രയാണ്? 12 ദിവസമാണ് ഉള്ളത്. മാർച്ച് 1-ന് പെരുമാറ്റചട്ടം വരും. ആകെ 12 ദിവസമേയുള്ളൂ. കഴിഞ്ഞ പ്രാവശ്യം മാർച്ച് 1-ന് വന്നല്ലോ. ഇനി 12 ദിവസമേ ആകെ അവശേഷിക്കുന്നുള്ളൂ. ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തി ജനങ്ങളെ കബളിപ്പിക്കുകയാണ്. അദ്ദേഹം വേറെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രഖ്യാപനവും നടത്തി. ആ പ്രഖ്യാപനത്തിൽ, ജനിക്കാൻ പോകുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10,000 രൂപ നിക്ഷേപിക്കും എന്നാണ് പറയുന്നത്. ജനിക്കാൻ പോകുന്നവർക്ക് 10,000 രൂപ. അപ്പോൾ കേരളത്തിൽ ഒരു വർഷം 16 ലക്ഷം കുട്ടികൾ ജനിക്കും. ഈ 16 ലക്ഷത്തിൽ 40% ബി.പി.എൽ. അപ്പോൾ 640 കോടി രൂപ വേണം. 60% എ.പി.എൽ. അപ്പോൾ 480 കോടി രൂപ വേണം. ഇതെല്ലാം കൂടി 1220 കോടി രൂപ വേണം. ഇത് നടപ്പാക്കാൻ വേണ്ടിയാണോ? ചെലവാക്കാൻ വേണ്ടിയാണെങ്കിൽ അടുത്ത എസ്.ഡി.ജി.യിൽ ഇത് വരണം. ഇത് ചെലവാക്കാൻ വേണ്ടിയുള്ള കാര്യമല്ല. ഇതുപോലെ ഇദ്ദേഹം ഗ്രീൻ ബഡ്ജറ്റ് പ്രഖ്യാപിച്ചു. 100 കോടി രൂപ കഴിഞ്ഞ കൊല്ലം വകയിരുത്തി. ഈ വർഷവും 100 കോടി രൂപ വകയിരുത്തി. ഇനി ഇപ്പോൾ എസ്.ഡി.ജി. യിൽ കൊണ്ടുവരണം. ആയിരം കോടി രൂപയാണ് പ്രഖ്യാപിച്ചത്. അദ്ദേഹം പ്രഖ്യാപിച്ചത് കഴിഞ്ഞ ബഡ്ജറ്റിനുവേണ്ടി ആയിരം കോടി രൂപ കഴിഞ്ഞ വർഷം 1000 കോടി രൂപയുടെ ഹരിത ഫണ്ട് രൂപീകരണം പ്രഖ്യാപിച്ചു. 100 കോടി രൂപ വകയിരുത്തി. ഈ 100 കോടി രൂപയിൽ ഒരു രൂപ പോലും ചെലവാക്കിയിട്ടില്ല. ഇനി ഫൈനൽ എസ്.ഡി.ജി. വരികയാണ്. എന്തെങ്കിലും ഈ വർഷം ചെലവാക്കണമെങ്കിൽ അതിനകത്ത് കൊണ്ടുവരണം. ഇങ്ങനെ ആളുകളെ കളിപ്പിക്കുന്ന പ്രഖ്യാപനങ്ങൾ കൊണ്ട് ബഡ്ജറ്റിന്റെ പ്രസക്തി അയഥാർത്ഥ്യമാക്കുകയാണ്. നിങ്ങളുടെ ഗവൺമെന്റിനെ കുറിച്ച്, കുറേ കാര്യങ്ങളെക്കുറിച്ച് ഊറ്റം കൊള്ളുന്നുണ്ട്. ഒരു കാര്യമെന്താണ്. സ്മാർട്ട് സിറ്റി കരാർ ഒപ്പിടാൻ പോകുന്നു. ഇതുപോലെ കൊട്ടിഘോഷിച്ച് ഒരു കരാർ ഒപ്പിടുമെന്ന് പറഞ്ഞതാണ്. ഇതിന് മൂന്ന് വർഷം മുമ്പ് ഒരു കൊട്ടിഘോഷിക്കൽ നടന്നു. കല്ലുമിട്ടതാണ്. നാലേമുക്കാൽ കൊല്ലം ഒരാൾ കോമയിൽ കിടന്നു ബോധമില്ലാതെ. എന്നിട്ട് മരിക്കുന്നതിന് മുമ്പ് ഒന്ന് കണ്ണുചിമ്മി. അപ്പോൾ ചിലർ പറയും മരിക്കുന്നതിനുമുമ്പ് ഒന്ന് കണ്ണുചിമ്മി. ഈ ഒപ്പിടൽ ഉണ്ടല്ലോ, മരിക്കുന്നതിനുമുമ്പുള്ള കണ്ണുചിമ്മലാണ്. വേറെ ഒന്നുമല്ല. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. മരിക്കാൻപോകുന്ന ആൾ നാലേമുക്കാൽ കൊല്ലം കോമയിൽ കിടന്ന് മരിക്കുന്നതിനുമുമ്പ് ഒന്ന് കണ്ണുചിമ്മി, കയ്യനക്കി എന്നൊക്കെ ബന്ധുക്കൾ പറയുന്നതുപോലെയാണ് ഇപ്പോൾ സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടു എന്ന് ഊറ്റം കൊള്ളുന്നത്. ഇന്നത്തെ മെട്രോ മനോരമയിൽ വിഴിഞ്ഞം സംബന്ധിച്ച ഒരു പ്രഖ്യാപനമുണ്ട്. പിള്ളേരുകളി പോലെ ആ അപേക്ഷ കേന്ദ്ര സർക്കാർ മടക്കി. ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതി കൈകാര്യം ചെയ്യുന്ന രീതിയാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. വേറൊരു വാർത്ത എറണാകുളത്താണ്. സീ പോർട്ട്-എയർ പോർട്ട് റോഡ്, അതിന് ചില്ലിക്കാശില്ല. 100 കോടി ചോദിച്ചു. കൊടുത്തത് എത്രയാണ് എന്നറിയുമോ? 5000 രൂപ. 100 കോടി ചോദിച്ചപ്പോൾ 5000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എന്നിട്ട് വികസനമൊരുപാടു നടത്തുമെന്ന് പ്രഖ്യാപിക്കുകയാണ്. ശ്രീ. എ. എം. യൂസഫ് ഉണ്ടല്ലോ, ചോദിച്ചു നോക്കൂ. ഇത് 2004-ൽ യു.ഡി.എഫ്. ഗവൺമെന്റ് നോട്ടിഫൈ ചെയ്തതാണ്, പ്രഖ്യാപിച്ചതാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ പണമടയ്ക്കാത്തതു കൊണ്ടാണ് നടപടികളെല്ലാം ഉപേക്ഷിക്കേണ്ടി വന്നത്. നിങ്ങളെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിയും നിങ്ങളുമെല്ലാം ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വെളിപ്പെടുത്തലുകളെക്കുറിച്ച് പറയുന്നു. അഡ്വ. രാംകുമാർ, ഡൽഹിയിൽ ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് ദല്ലാളായി പ്രവർത്തിക്കുന്നയാൾക്ക് മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്നും അത് തെളിയിക്കാൻ താൻ തയ്യാറാണെന്നും സ്വകാര്യ ടി.വി. ചാനലിനോട് പറഞ്ഞു. പറഞ്ഞത് ശരിയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ
ശ്രീമതി ഇ. എസ്. ബിജി മോൾ)

അപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ജഡ്ജിമാരെ സ്വാധീനിക്കുന്ന ഒരു ലോബി പ്രവർത്തിക്കുന്നുണ്ട് എന്ന് അഡ്വ. രാംകുമാർ പറഞ്ഞിരിക്കുകയാണ്. ഒന്നുകിൽ രാംകുമാർ പറഞ്ഞത് നിഷേധിക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് ഇങ്ങനെയൊരു ആക്ഷേപം ഉന്നയിച്ച രാംകുമാറിന്റെ പേരിൽ ഈ ഗവൺമെന്റ് കേസെടുക്കണം. തയ്യാറുണ്ടോ? അതിനെക്കുറിച്ച് മൗനമാണ്. നിങ്ങൾ പല വെളിപ്പെടുത്തലിന്റെ പേരിൽ കേസെടുത്തു. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ശ്രീ. പി. ശശി ഒരു വെളിപ്പെടുത്തൽ നടത്തിയല്ലോ. എന്തുകൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യാത്തത്? അദ്ദേഹം ഒരു വെളിപ്പെടുത്തൽ നടത്തിയില്ലേ, എന്താണ് നിങ്ങൾ കേസെടുക്കാത്തത്? ഇപ്പോൾ കോടതി വിധികളെക്കുറിച്ച് വലിയ ധാർമ്മികതയുടെ കാര്യം പറയുന്നുണ്ട്. ജയകൃഷ്ണൻ മാഷിനെ വെട്ടിക്കൊന്ന കേസിലെ പ്രതികൾക്ക് കോടതി ശിക്ഷിച്ചതിന്റെ പേരിൽ നിങ്ങൾ സ്വീകരണം കൊടുത്തില്ലേ. നിങ്ങൾക്കൊരു ധാർമ്മികതയുമില്ല. അങ്ങനെയാണെങ്കിൽ ശ്രീ. പി. ശശിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുത്തി കേസെടുക്കണ്ടേ. ഞാൻ വ്യക്തിപരമായി ഒന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ കേസുകൾ ആകെ കുഴപ്പത്തിലാണ്. ആഭ്യന്തര മന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരായ സെക്രട്ടേറിയറ്റ് മെമ്പർമാരെല്ലാം കൂടി ഈ കേസൊതുക്കുകയല്ലേ ചെയ്തത്. ഞാൻ പറയുന്നത്, എന്തിനാണ് ശശിയുടെ പേരിലുള്ള നടപടി, ശ്രീ. പി. ജയരാജൻ എങ്ങനെയാണ് കണ്ണൂർ ജില്ലാ സെക്രട്ടറിയായത്? ശശിയുടെ പേരിലുള്ള കേസെന്താണ്? ഈ ശശി രാജി വച്ചതായി പ്രസ്താവന കൊടുത്തു. നിങ്ങളുടെ പാർട്ടി തത്വമനുസരിച്ച് രാജി വച്ചയാളെ പുറത്താക്കേണ്ടതല്ലേ? നിങ്ങൾ പുറത്താക്കുന്നില്ലല്ലോ? എന്താണ് പുറത്താക്കാത്തത്? അപ്പോൾ നിങ്ങൾക്കൊരു ധാർമ്മികതയുമില്ല. ഇവിടെ മുഖ്യമന്ത്രിയുടെ പടം വച്ച് ഉദ്ഘാടന മാമാങ്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഈ മുഖ്യമന്ത്രിയെ അംഗീകരിക്കുന്നുണ്ടോ? പി.ബി.-യിൽ നിന്നു പുറത്താക്കിയ മുഖ്യമന്ത്രിയെ, ശ്രീ. തോമസ് ഐസക്ക് മാർക്സിസ്റ്റ് പാർട്ടിയിലെ കേന്ദ്ര കമ്മിറ്റിയംഗമാണ്. ഞാൻ ചോദിക്കുന്നു, നിങ്ങൾ മുഖ്യമന്ത്രിയെ പി.ബി.-യിൽ നിന്ന് പുറത്താക്കിയതാണ്. ഈ മുഖ്യമന്ത്രിയുടെ പടം വച്ചാണ് നിങ്ങൾ ഉദ്ഘാടനങ്ങളെല്ലാം നടത്തുന്നത്. ഈ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണോ നിങ്ങൾ മത്സരിക്കാൻ പോകുന്നത്? വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പി.ബി. അയോഗ്യനായി കണക്കാക്കിയ, പി.ബി.-യിൽ നിന്ന് തരംതാഴ്ത്തിയ ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലാണോ നിങ്ങൾ മത്സരിക്കാൻ പോകുന്നത്? അതോ സി.ബി.ഐ. കുറ്റവാളിയാക്കിയ പിണറായി വിജയന്റെ നേതൃത്വത്തിലാണോ നിങ്ങൾ മത്സരിക്കാൻ പോകുന്നത്? പറയണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ചെയർപേഴ്സൺ</u>: ശ്രീ. കെ. ബാബു.....അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. കെ. ബാബു</u> : സർ, ഒരു കാര്യം കൂടി..... ശ്രീ. ഉമ്മൻ ചാണ്ടിക്ക് ന്യൂമോണിയ ബാധിച്ചതുകൊണ്ട് ഞങ്ങൾ നടത്തിയ മോചനയാത്ര രണ്ടു ദിവസം നിറുത്തിവച്ചപ്പോൾ നിങ്ങൾ കുറെ ആക്ഷേപം പറഞ്ഞു, വേറെയാരുമില്ലേ യു.ഡി.എഫിൽ ജാഥ നയിക്കാൻ എന്ന് ചോദിച്ചു. 18-ാം തീയതി നിങ്ങളുടെ കുറെ മന്ത്രിമാർ പോകുന്നുണ്ടല്ലോ, നിയമസഭ നടക്കുകയല്ലേ, ജാഥ നയിക്കാൻ മന്ത്രിമാരല്ലാതെ വേറെയാരുമില്ലേ നിങ്ങൾക്ക്?

<u>ചെയർപേഴ്സൺ</u>: ശ്രീ. എൻ രാജൻ. ശ്രീ. കെ. ബാബു..... അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. ബാബു</u> : സർ, ഒരു മിനിട്ടു കൂടി. ഞാൻ പൂർത്തിയാക്കാം, തീർന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ശ്രീ. തോമസ് ഐസക് ഈ നിയമസഭയിൽ പറഞ്ഞു, ഞങ്ങൾ തിരിച്ചുവരുമെന്ന്. അപ്പോൾ ഞാൻ ചോദിച്ചു, ഞങ്ങളെല്ലാം ചോദിച്ചു, എങ്ങനെയാണ് തിരിച്ചുവരുന്നതെന്ന്. ആനുകൂല്യങ്ങൾ കൊടുത്ത പാവപ്പെട്ട ആളുകളെല്ലാം ഞങ്ങൾക്ക് വോട്ടു ചെയ്യും എന്നാണ് പറഞ്ഞത്. അപ്പോൾ പാവപ്പെട്ട ആളുകളുടെ പട്ടിണി മാറ്റാൻ വേണ്ടിയല്ല ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത്, വോട്ടു കിട്ടാൻ വേണ്ടിയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പു വന്നു, പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു. പഞ്ചായത്ത് തെരഞ്ഞെടുപ്പു വന്നു. ശ്രീ. പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു, തോൽക്കാൻ മനസ്സില്ല. തോറ്റു, എന്നിട്ട് ഫലം കണ്ടല്ലോ.

<u>ചെയർപേഴ്സൺ</u>: ശ്രീ. എൻ രാജൻ, അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. കെ. ബാബു</u> : അപ്പോൾ നിങ്ങൾ എന്തെല്ലാം വ്യാജപ്രചരണങ്ങൾ നടത്തിയാലും എന്തെല്ലാം കേസ്സുകൾ ഉണ്ടാക്കിയാലും കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി വൻ ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരും എന്നുള്ള കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എൻ. രാജൻ</u> : സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലും വൻപിച്ച പുരോഗതിയും നേട്ടവും വികസനവും ധനസ്ഥിതിയിൽ വൻപിച്ച വർദ്ധനവുമുണ്ടാക്കുന്ന ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി ഞാൻ പിന്താങ്ങുകയാണ്. ഇതിനെ വിമർശിക്കുന്നവർ കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം നമ്മുടെ സംസ്ഥാനത്തുണ്ടായ വളർച്ചയും പുരോഗതിയുമൊന്നും കണ്ടില്ല എന്നു നടിക്കുകയാണ്. 2005-06-ൽ ഉണ്ടായിരുന്ന 45,929 കോടി രൂപയുടെ കടം ഈ വർഷം അവസാനിക്കുമ്പോൾ 78327 കോടിയായി ഉയർന്നു എന്നുള്ള ആക്ഷേപമാണ് ഇവർക്കുള്ളത്. അഞ്ചു വർഷം കൊണ്ട് കടം കുറയാതെ വർദ്ധിച്ചുവെന്നാണ് അവർ പറയുന്നത്. 2000-01-ൽ യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ കടഭാരം 32.5 ശതമാനമായിരുന്നു. 2005-06-ൽ യു.ഡി.എഫ്. ഭരണം അവസാനിപ്പിച്ചപ്പോൾ ആ കടഭാരം 33.6 ശതമാനമായി ഉയർന്നു. എന്നാൽ 2010-11-ൽ കടഭാരം 29.52 ശതമാനമായി കുറയുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്, അത് താഴ്ന്നുവരികയാണ് ചെയ്തത്. യു.ഡി.എഫിന്റെ ഭരണ സമയത്തെ അഞ്ചുവർഷത്തേക്കാൾ കടഭാരം കുറയുകയാണ് ഈ അഞ്ചു വർഷം കൊണ്ടുണ്ടായത്. 2001-06 വരെയുള്ള യു.ഡി.എഫ്. ഭരണസമയത്ത് കേരളത്തിന്റെ കടം 92 ശതമാനമായി വർദ്ധിക്കുകയായിരുന്നു. ഈ കഴിഞ്ഞ അഞ്ചുവർഷത്തിൽ കടം 70 ശതമാനം മാത്രമാണ് ഉയർന്നത്. കടത്തിന്റെ വളർച്ചയാണ്. അതായത് ഈ സർക്കാരിന്റെ കാലത്ത് കടം പെരുകുന്നതിന്റെ വേഗത കുറയുന്നു എന്നാണ് സൂചിപ്പിക്കുന്നത്. അതു കാണുമ്പോഴാണ് അവർ പറയുന്നത്, കേരളം കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷക്കാലം കടത്തിന്റെ വേഗത കുറഞ്ഞുകുറഞ്ഞുവരുമ്പോൾ അത് കടക്കെണിയിലേക്ക് അല്ല എന്നാണ് നമ്മുടെ സാമ്പത്തിക അവലോകന കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. കേരളം കടക്കെണിയിലേക്കു പോകുന്നു എന്നുള്ളത് വെറും ആക്ഷേപമാണ്. രണ്ടുദിവസം മുമ്പു വന്ന എക്കണോമിക് റിവ്യൂ പരിശോധിക്കുമ്പോൾ നമുക്കറിയാം. വളർച്ചാ നിരക്ക് പലിശ നിരക്കിനേക്കാൾ കൂടുതലാകണം. കേരളത്തിലെ സർക്കാർ കടത്തിന്റെ ശരാശരി പലിശ നിരക്ക് 7.8 മുതൽ 8.2 ശതമാനം വരെയാണ്. എന്നാൽ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ വളർച്ചാനിരക്ക് 14 മുതൽ 15 ശതമാനം വരെയാണ്. പലിശ നിരക്കിന്റെ ഇരട്ടിയിലധികം വളർച്ചാനിരക്ക് വരിക എന്നു പറഞ്ഞാൽ സാമ്പത്തികശാസ്ത്രപ്രകാരം യാതൊരു അപകടവുമില്ല. വളർച്ചാ നിരക്ക് വളരെ വേഗത്തിൽ പോകുന്നു. അഖിലേന്ത്യാതലത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിലെ വളർച്ചാനിരക്ക് വളരെയധികം മുമ്പോട്ടുപോയിരിക്കുകയാണ്. അതുകൊണ്ട് കേരളം കടക്കെണിയിലേക്ക് പോകുന്നു എന്നുള്ള വിമർശനം അസ്ഥാനത്താണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ ധനസ്ഥിതി പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ സ്വന്തം വരുമാനം യു.ഡി.എഫിന്റെ കാലത്തേക്കാൾ ഇരട്ടിയിലധികം വർദ്ധിച്ചു. നമ്മുടെ ആഭ്യന്തര വരുമാനം യു.ഡി.എഫിന്റെ ഭരണസമയത്തേക്കാൾ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. അത് ഈ വർഷത്തെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ വളരെ കൃത്യമായി സൂചിപ്പിച്ചിട്ടുള്ളതാണ്. 2005-06-ൽ 7000 കോടിയായിരുന്നത് 2010-11-ൽ അത് 16,000 കോടി രൂപയായി വർദ്ധിച്ചു. ഇരട്ടിയിലധികം വർദ്ധിച്ചതാണ്. ധനസ്ഥിതിയിൽ എൽ.ഡി.എഫും യു.ഡി.എഫുമായുള്ള വ്യത്യാസമാണ്. ഇത്രയും വർദ്ധനവുള്ള ധനസ്ഥിതിയിൽ കേന്ദ്രത്തിന്റെ സഹായമുണ്ടോ? കേന്ദ്രം നമ്മളെ എന്തു സഹായിച്ചു. സംസ്ഥാനത്തിനു ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ ഗണ്യമായ കുറവുണ്ടായി. ഓരോ വർഷവും അത് കുറഞ്ഞുകുറഞ്ഞാണ് വരുന്നത്. 2008-09-ൽ നികുതി തീരുവയിനങ്ങളിലും പദ്ധതി-പദ്ധതിയേതര ഗ്രാന്റായും സംസ്ഥാനത്തിന് 6962.71 കോടി ലഭിച്ചപ്പോൾ 2009-10-ൽ ഇത് 6632.12 കോടിയായി കുറഞ്ഞുവരികയാണ് ചെയ്തത്. കേന്ദ്രവിഹിതം ഏറ്റവും കുറവ് ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ കേന്ദ്രവിഹിതം 2.39 ശതമാനമെങ്കിൽ ആന്ധ്രാപ്രദേശിന്റേത് 7.15 ആണ്, തമിഴ്നാടിന്റേത് 4.6 ശതമാനമാണ്, കർണ്ണാടകത്തിന്റേത് 3.82 ശതമാനമാണ്. ആ രൂപത്തിലാണ് കേന്ദ്ര ഗവൺമെന്റ് സഹായം തരുന്നത്. എന്നാൽ ഇവിടത്തെ ഒരു പ്രത്യേകതയെന്താണ്? ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ചു, ധനസ്ഥിതി മെച്ചപ്പെടുത്തി, വികസനം

LIBRARY ARCHIVES Kerala Legislative Assembly

സാധ്യമാകുകയെന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ കാഴ്ചപ്പാട്. നമ്മുടെ പൊതുമേഖലയിലെ മുന്നേറ്റം നമുക്ക് കണ്ടില്ലെന്നു നടിക്കാൻ കഴിയുമോ? കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ നമ്മൾ ഒരു പാട് ശ്രമിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റുകളും ശ്രമിച്ചിട്ടുള്ളതാണ്. 2005-06-ൽ 96 കോടി രൂപ നഷ്ടമുണ്ടാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 2010-11-ൽ 300 കോടി രൂപയിലേറെ ലാഭത്തിലാക്കാൻ നമുക്ക് സാധിച്ചു. അതുപോലെ ഇവിടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 40,000 കോടി രൂപയുടെ ഒരു വലിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതാണ് ഏറ്റവും വലിയ ആക്ഷേപം വന്നത്. അതിന് 1000 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂവെന്നുള്ളതാണ് ഒരു ആക്ഷേപം. ഈ തീരുമാനം തീർച്ചയായിട്ടും കേന്ദ്രസർക്കാർ കേരളാ ഗവൺമെന്റിനോട് കാണിക്കുന്ന അവഗണനയ്ക്ക് ഒരു വെല്ലുവിളിതന്നെയാണ്. നാൽപ്പതിനായിരം കോടി രൂപയ്ക്ക് ആയിരം കോടി രൂപ മാത്രമേ ബഡ്ജറ്റിലുള്ളൂവെങ്കിൽ ബാക്കി തുക കണ്ടെത്താനുള്ള മാർഗ്ഗവും കണ്ടെത്തിയിട്ടുണ്ട്. നമുക്ക് വായ്പയെടുക്കാം. വായ്പാ നയത്തിന് പരിധിയുണ്ട്. ആഭ്യന്തര വരുമാനത്തിന്റെ മൂന്നു ശതമാനത്തിലധികം വായ്പയെടുക്കാൻ കഴിയില്ല. അപ്പോൾ നമുക്ക് ഈ പദ്ധതി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതിന് ധനകാര്യ മന്ത്രി ആസൂത്രിതമായി ആലോചിച്ച പദ്ധതിയാണ്. നിങ്ങൾ അതിന് പൈസ വകയിരുത്തിയില്ല എന്ന് ആക്ഷേപിച്ചു. ആ പദ്ധതിയുടെ നടത്തിപ്പിൽ കേന്ദ്ര ഗവൺമെന്റ് വായ്പയെടുക്കാൻ അനുവദിച്ചില്ലെങ്കിൽ അതിന് മാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നേരിട്ടല്ലാതെ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, നമുക്ക് രണ്ടു സ്ഥാപനങ്ങളുണ്ടല്ലോ. അത് സർക്കാരിന്റെ നേരിട്ടുള്ള സ്ഥാപനമല്ലെങ്കിൽ പോലും അതിന് സർക്കാർ നിയന്ത്രണമുണ്ട്. അവരുവഴി കടമെടുക്കാൻ കേന്ദ്രത്തിന്റെ സഹായം വേണ്ടല്ലോ. അതുവഴി ഈ വലിയ ഒരു പദ്ധതി നടപ്പാക്കാൻ കഴിയും. നമ്മൾ കഴിഞ്ഞവർഷം 5,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് വന്നപ്പോഴാണല്ലോ നമ്മുടെ റോഡുകളൊക്കെ വന്നത്. എല്ലാപേരും സത്യസന്ധമായി പറയൂ, ഈ മാന്ദ്യവിരുദ്ധ പാക്കേജ് കഴിഞ്ഞ വർഷം നടപ്പിലാക്കിയതുകൊണ്ടുതന്നെയാണ് നമ്മുടെ റോഡുകളൊക്കെ വന്നത്. അതുകൊണ്ടുതന്നെയാണ്, സംസ്ഥാനത്തെ മുഴുവൻ റോഡുകളും ശാസ്ത്രീയമായി മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് 40,000 കോടി രൂപയുടെ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നത്. അതുപോലെ നമ്മുടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏറെ പ്രശംസനീയമാണ്. സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് യു.ഡി.എഫ്-ന്റെ കാലത്ത് 134 കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് നമ്മൾ 359 കോടി രൂപവകയിരുത്തിക്കഴിഞ്ഞിരിക്കുന്നു. നാൽപ്പത് ലക്ഷം കുടുംബങ്ങളെ ബി.പി.എൽ. ആക്കി. എന്നാൽ കേന്ദ്ര ഗവൺമെന്റ് എത്രയാക്കിയെന്ന് നമുക്കറിയാമല്ലോ. കേരളത്തിൽ പതിനൊന്നര ലക്ഷം പേരെയാണ് കേന്ദ്ര ഗവൺമെന്റിന്റെ കണ്ണുകളിൽ ബി.പി.എൽ. കുടുംബക്കാരായി കണക്കാക്കിയിട്ടുള്ളത്. നമ്മൾ 40 ലക്ഷം പേരാക്കി. അവർക്ക് രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മുഴുവനും 400 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ രാവിലെ ശ്രീ. ബി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്കറിയാം, പെൻഷന്റെ പദ്ധതി, സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പെൻഷനുണ്ട്. എല്ലാ വിഭാഗക്കാർക്കും പെൻഷനുണ്ട്. ഒരു കർഷക തൊഴിലാളിയെ സംബന്ധിച്ച് അറുപത് വയസ്സ് കഴിഞ്ഞ് കിട്ടുന്ന ഒരു ആനുകൂല്യം, ഇന്ന് പതിനായിരക്കണക്കിന് ഉറുപ്പിക പെൻഷൻ വാങ്ങുന്നവരാണ് സർക്കാർ ഉദ്യോഗസ്ഥർ. പക്ഷെ കർഷകത്തൊഴിലാളികളുടെ പെൻഷൻ, നമ്മൾ നേരത്തെ ഇവിടെ പല സന്ദർഭങ്ങളിലും മുഖ്യമന്ത്രിയും അതുപോലെ ധനകാര്യവകുപ്പുമന്ത്രിയും 500 രൂപയാക്കുമെന്ന് പറഞ്ഞതാണ്. പക്ഷെ നമ്മുടെ ബഡ്ജറ്റിൽ നാന്നൂറ് രൂപയേ വന്നിട്ടുള്ളൂ. അത് ഞങ്ങൾ കർഷകത്തൊഴിലാളി രംഗത്ത് സംഘടനകൾ മുഴുവൻ പേരും, അതിന് യാതൊരു രാഷ്ട്രീയ മാനവും കാണാതെതന്നെ അത് ആയിരം രൂപയായിട്ട് പെൻഷൻ ഉയർത്തണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുപോലെ ആശാ സന്നദ്ധ പ്രവർത്തകർക്ക്, നമുക്ക് അറിയാം, അവർക്ക് ഒരു പൈസ പോലും കേന്ദ്രത്തിന്റെ ഒരു സഹായവുമില്ല. അവർക്കും ഒരു മുന്നൂറ് രൂപ ഓണറേറിയം കൊടുക്കുന്നു. അങ്കണവാടി ടീച്ചർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സർക്കാർ വിഹിതം വർദ്ധിപ്പിച്ചിരിക്കുകയാണ്. ടീച്ചർമാരുടെ സഹായം വർദ്ധിപ്പിക്കുന്നു. ഇവിടെ കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും പതിനായിരം രൂപ സ്ഥിരം നിക്ഷേപം നടത്തി എൻഡോവ്മെന്റാക്കി നടപ്പിലാക്കുന്നു. ആ ഒരു തീരുമാനം, ആ ഒരു ബഡ്ജറ്റ് പ്രഖ്യാപനം, തീർച്ചയായിട്ടും കേരളത്തിലെ മുഴുവൻ ജനങ്ങളും ഒന്നടങ്കം അതിനെ മാനിച്ചിട്ടേയുള്ളൂ. എന്നാൽ ഇവിടെ ഒരു വർഷം എത്ര കുട്ടികൾ ജനിക്കും. എവിടെയൊക്കെ ജനിക്കുമെന്നെല്ലാം പരതി നടക്കുന്നവരാണ് ഇവിടെയുള്ളവർ. അതിന് കേരളത്തിലെ മുഴുവൻ മനുഷ്യരും ആ ഒരു തീരുമാനത്തെ ബഹുമാനിച്ചിട്ടേയുള്ളൂ. അത് നല്ലൊരു കാര്യം തന്നെയാണ്. പിന്നെ കുറേ സാമൂഹ്യ സുരക്ഷാ കാര്യങ്ങൾ, ക്ഷയരോഗ ബാധിതർക്ക് ധനസഹായം വർദ്ധിപ്പിച്ചു. 400 രൂപയെന്നുള്ളത് 500 രൂപയാക്കി. കുഷ്ഠരോഗികൾക്ക് 500 രൂപയെന്നുള്ളത് 600 രൂപയാക്കി. പ്രേരക്മാർക്കുള്ള 1500 രൂപയെന്നുള്ളത് രണ്ടായിരമാക്കി. ഓർഫനേജിലെ അന്തേവാസികൾക്ക് 250 രൂപയെന്നുള്ളത് 300 രൂപയാക്കി. അങ്ങനെ ഒട്ടേറെ വമ്പിച്ച ആനുകൂല്യങ്ങൾ നമ്മുടെ സാമൂഹ്യ സുരക്ഷാ രംഗത്ത് നൽകുന്നതിന് ഈ ബഡ്ജറ്റിലൂടെ നമുക്ക് കഴിയും. അതുപോലെ വിലക്കയറ്റം നിയന്ത്രിക്കാൻ ഒട്ടേറെ മാർഗ്ഗങ്ങൾ പൊതുവിതരണ രംഗത്ത് കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി സ്വീകരിക്കുകയാണ്. ഓണക്കാലത്തും ഉൽസവ കാലത്തുമെല്ലാം തന്നെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി കൺസ്യൂമർ ഫെഡും അതുപോലെ സിവിൽ സപ്ലൈസ് വകുപ്പുമൊക്കെ ഒരുപാട് ശ്രമങ്ങൾ നടത്തുന്നതുകൊണ്ടാണ് കേരളം ഇൻഡ്യയ്ക്കുതന്നെ ഒരു മാതൃകാ സംസ്ഥാനമായി മാറാൻ കഴിഞ്ഞത്. ഈ രണ്ട് സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനം കൊണ്ടാണ് വിലക്കയറ്റത്തെ തടഞ്ഞുനിർത്തുന്നതിന് സാധിച്ചത്. തീർച്ചയായിട്ടും അത് എൽ.ഡി.എഫ്. ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യം തന്നെയാണ്. അതുപോലെ പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി മേഖലകളിൽ കഴിഞ്ഞ കാലങ്ങളിലേപ്പോലെതന്നെ ഇപ്പോഴും ഒട്ടേറെ ആനുകൂല്യങ്ങൾ, 2005-06-ൽ 77 കോടി രൂപയാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വർഷവും ചെലവഴിച്ചിരുന്നത്, ആ സ്ഥാനമൊക്കെ മാറി ഇപ്പോൾ മുന്നൂറ്റിയെട്ടു കോടി രൂപയായി വർദ്ധിച്ചു. അതുപോലെ കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, റിട്ടയർമെന്റ് ബെനിഫിറ്റ് തുടങ്ങിയ മുഴുവൻ കുടിശ്ശികയും തീർക്കാൻ പോകുകയാണ്. നാൽപ്പത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ പട്ടികജാതി പട്ടികവർഗ്ഗ വികസന രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ശ്രദ്ധേയമാണ്. 2001-മുതൽ 2006 വരെയുള്ള കാലത്ത് പ്രതിവർഷം 305 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 2006-ൽ 840 കോടി രൂപ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നു. അതുപോലെ പട്ടികവർഗ്ഗക്കാരുടെ ഫണ്ടുകളും ക്രമാതീതമായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം നോക്കുമ്പോഴും ഫണ്ട് വർദ്ധിപ്പിക്കുമ്പോഴും അത് നിർവഹിക്കപ്പെടുന്നതിനുവേണ്ടിയുള്ള ഒരു ഇച്ഛാശക്തി കഴിഞ്ഞ കാലങ്ങളിൽ ഐക്യജനാധിപത്യമുന്നണിയുടെ അഞ്ചു വർഷക്കാലങ്ങളിലും ഉണ്ടായിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. എൽ.എ്ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ നാലു വർഷവും ഏതാണ്ട് 91.36 ശതമാനം ഫണ്ട് ചെലവഴിച്ചു എന്നുള്ളത് ഓർക്കുമ്പോൾ മറുഭാഗം നിങ്ങൾ ചിന്തിക്കുക, യു.ഡി.എഫ്-ന്റെ സമയത്ത് 64.42 ശതമാനമായിരുന്നു ചെലവഴിച്ചത്. ഒരുപാട് ആക്ഷേപങ്ങളും വിജിലൻസ് അന്വേഷണങ്ങളും സാമ്പത്തിക തിരിമറികളുമൊക്കെ നടന്നിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിനെ സംബന്ധിച്ച് ഒരുപാട് ചരിത്രസംഭവങ്ങൾ നമുക്ക് പിന്നോട്ടുനോക്കുമ്പോൾ കാണാവുന്നതാണ്. അതുപോലെതന്നെ പട്ടികവർഗ്ഗ വകുപ്പിന് 92.83 ശതമാനം, അത് കേരളത്തിന്റെ ചരിത്രത്തിൽ ഈ വകുപ്പിൽ ഇത്രയും സമ്പത്ത് ചെലവഴിച്ചിട്ടുള്ള ഒരു കാലവും ഉണ്ടായിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. അതുപോലെ നമ്മുടെ കുടുംബശ്രീ രംഗത്ത്, കുടുംബശ്രീ രൂപീകരിച്ചശേഷം 2008-2009 വരെ ആകെ 50 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2009-2010-ൽ മാത്രം 121 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. 2010-2011-ലും 121 കോടി രൂപ ചെലവഴിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കുടുംബശ്രീയുടെ അടങ്കൽ ഫണ്ട് 50 കോടി രൂപയിൽനിന്നും 100 കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനങ്ങളുണ്ടായിട്ടുണ്ട്. അതുപോലെ വൈദ്യുതി രംഗത്ത്, വൈദ്യുതി മേഖലയിൽ ഒരു കാലത്തും ഇല്ലാത്ത തരത്തിലുള്ള മാറ്റങ്ങൾ, ഇവിടെ പല സന്ദർഭങ്ങളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ഏറ്റവും ശ്രദ്ധേയമായ കാര്യം ട്രാൻസ്മിഷൻ നഷ്ടം 24 ശതമാനത്തിൽനിന്ന് 17 ശതമാനത്തിലേക്ക് കുറച്ചു കൊണ്ടുവരികയെന്നുപറഞ്ഞാൽ, ഒട്ടേറെ കാര്യങ്ങൾ, ഒട്ടേറെ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ക്രിയാത്മകമായ വികസന പ്രവർത്തനങ്ങൾ വൈദ്യുതി വകുപ്പിൽ നടത്തിയിട്ടുണ്ട്. അതുപോലെതന്നെ സംസ്ഥാനത്ത് നൂറ് ശതമാനം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ 52 മണ്ഡലങ്ങളായിട്ടുണ്ട്. രണ്ടു ജില്ലകൾ പൂർണ്ണമായി ആയിക്കഴിഞ്ഞു. ഇനി വൈദ്യുതി രംഗത്ത് നമുക്ക് ഒട്ടേറെ കടന്നുപോകാനുണ്ടെങ്കിലും കഴിഞ്ഞ കാലങ്ങൾ പരിശോധിക്കുമ്പോൾ സംസ്ഥാന വൈദ്യുതിബോർഡിനും വൈദ്യുതി വകുപ്പിനും ധാരാളം നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിഞ്ഞിട്ടുള്ളതിൽ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അഭിമാനിക്കാം. ഡോ. തോമസ് ഐസക്കിന്റെ ആറാമത്തെ ബഡ്ജറ്റ് കഴിഞ്ഞ അഞ്ചു വർഷത്തെ ബഡ്ജറ്റിനെക്കാൾ വളരെ തിളക്കമാർന്നതാണെന്നാണ് കേരളത്തിലെ ജനസമൂഹം കാണുന്നത്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട രാജൻ പറഞ്ഞത് ഈ ബഡ്ജറ്റ് കഴിഞ്ഞ അഞ്ചു വർഷത്തേക്കാൾ ഏറ്റവും കൂടുതൽ തിളക്കമേറിയതെന്നാണ്. പക്ഷേ കഴിഞ്ഞ ബഡ്ജറ്റും ഈ ബഡ്ജറ്റും തമ്മിലുള്ള വ്യത്യാസം ഇതൊരു സാങ്കൽപ്പിക ബഡ്ജറ്റാണ് എന്നുള്ളതാണ്. തെരഞ്ഞെടുപ്പിലേക്ക് പോകുന്നതിനാൽ കുറേ വാഗ്ദാനങ്ങൾ വാരിക്കോരി പറഞ്ഞിരിക്കുന്നു. കുറേ സൗജന്യങ്ങളും പ്രഖ്യാപിക്കുന്നുണ്ട്. ഒരു ബഡ്ജറ്റ് എന്നുള്ള നിലയിൽ ഇതിനെ വിലയിരുത്താൻ കഴിയുകയില്ല. ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. എൻ. രാജൻ പ്രസംഗം ആരംഭിച്ചതുതന്നെ ഇവിടത്തെ കടം കൊണ്ട് ഒരു കുഴപ്പവുമില്ലെന്നാണ്. ഇക്കണോമിക് റിവ്യൂ ടേബിൾ 2 (14)-ൽ പെർകാപ്പിറ്റ കടത്തെപ്പറ്റി പറയുന്നുണ്ട്. ആന്ധ്രാപ്രദേശിൽ ഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്നാണ് പെർകാപ്പിറ്റ കടം. കർണ്ണാടകത്തിൽ എണ്ണായിരത്തി തൊള്ളായിരത്തിയൊന്നാണ്. അതുപോലെതന്നെ തമിഴ്നാട്ടിൽ ഒമ്പതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിരണ്ടാണ്, കേരളത്തിൽ പതിനാറായിരത്തി എഴുപത്തിനാലാണ്. തെന്നിന്ത്യയിലെ ഒരു സംസ്ഥാനത്തും ഇല്ലാത്ത തരത്തിൽ ഇരട്ടി പെർകാപ്പിറ്റ കടം നമുക്കുണ്ടായിരിക്കുന്നു. ആൾ ഇൻഡ്യാ ആവറേജ് പതിനായിരത്തി പതിനെട്ടാണ്, നമുക്ക് പതിനാറായിരമാണ്. അപ്പോൾ എവിടെച്ചെന്ന് നിൽക്കുന്നു എന്നുള്ളത് ബഹുമാനപ്പെട്ട എൻ. രാജൻ ആലോചിക്കാതെയാണ് പറഞ്ഞത് എന്നു ഞാൻ സൂചിപ്പിച്ചു എന്നുമാത്രമേയുള്ളു

ധനകാര്യമന്ത്രി ബഡ്ജറ്റിൽ പറഞ്ഞത് എന്താണ്? 2007-08-ലെ ബഡ്ജറ്റിൽ പാര 11-ൽ "2010-11-ൽ റവന്യൂ കമ്മി ഇല്ലാതാകും. കമ്മി സംബന്ധിച്ച കണക്കുകളിൽ അതിരുകവിഞ്ഞ് ആശങ്കപ്പെടേണ്ടതില്ല. വ്യക്തമായ ഒരു ധനകാര്യ കാഴ്ചപ്പാട് സർക്കാരിനുണ്ട്, അടുത്ത വർഷം മുതൽ കമ്മി ഗണ്യമായി കുറയ്ക്കുന്നതിനും 2010-11-ൽ റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്" എന്നു പറഞ്ഞിരിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ചോദിക്കുകയാണ്, കമ്മി ഇപ്പോൾ എവിടെപോയി നിൽക്കുന്നു? 2007-08-ൽ നിയമസഭയ്ക്ക് നൽകിയ വാഗ്ദാനം പാലിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ സംസ്ഥാനത്ത് എത്രമാത്രം റവന്യൂ കമ്മി പെരുകി നിൽക്കുകയാണ് എന്നുള്ളത് നമ്മൾ ഒരു നിമിഷം ആലോചിക്കണം. 2011-12-ൽ റവന്യൂ കമ്മി 6019 കോടി രൂപയായിട്ടും ധനക്കമ്മി 10,640 കോടി രൂപയായി വർദ്ധിക്കാൻ പോകുന്നു. ഞാനൊന്നു താരതമ്യപ്പെടുത്താം. ഞങ്ങളുടെ യു.ഡി.എഫ്. ഗവൺമെന്റ് പോകുമ്പോൾ, 2005-06-ൽ റവന്യൂ ഡെഫിസിറ്റ് 3128 ആയിരുന്നു അത് 2011-12-ൽ 6019 ആവുകയാണ്, 92 ശതമാനം. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി സീറോ ആക്കണമെന്നാണ് പറയുന്നത്. ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് പോയതിനുശേഷം സീറോ ആക്കേണ്ട ഒരു ഗവൺമെന്റ്, അല്ലെങ്കിൽ നിങ്ങളുടെ വാഗ്ദാനമനുസരിച്ച് ഒരു ശതമാനത്തിൽ കുറവാക്കേണ്ടുന്ന ഒരു ഗവൺമെന്റ്, കൊണ്ടുവന്നിരിക്കുന്നത് 92 ശതമാനം റവന്യൂ കമ്മി. യു.ഡി.എഫ്. ഗവൺമെന്റ് പോയി നിങ്ങൾ അധികാരമേൽക്കുന്നതിനുശേഷം വന്നിരിക്കുന്ന വർദ്ധനവ് 92 ശതമാനമാണ്. ഫിസ്ക്കൽ ഡെഫിസിറ്റിനെ സംബന്ധിച്ചിടത്തോളം 2005-06-ൽ ഞങ്ങളുടെ ഗവൺമെന്റ് പോകുമ്പോൾ 4181-ൽ നിന്നത് 2011-12-ൽ 10,640, അതായത് ഫിസ്ക്കൽ ഡെഫിസിറ്റ് 120 ശതമാനം വർദ്ധനവാണ് വരുന്നത്. റവന്യൂ

ഡെഫിസിറ്റ് 92 ശതമാനവും ഫിസ്ക്കൽ ഡെഫിസിറ്റ് 120 ശതമാനവു വർദ്ധനവ് വരുകയാണ്. ബഡ്ജറ്റിൽ ഒന്നു പറയും പ്രവൃത്തി വേറൊന്നാണ് ഓരോ ബഡ്ജറ്റ് വരുമ്പോഴും വലിയ ഗംഭീരമായ പ്രഖ്യാപനങ്ങളാണ്, ഈ പ്രഖ്യാപനങ്ങൾ അനുസരിച്ച് വല്ലതും നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചാ വളരെ സങ്കടകരമായ അവസ്ഥയാണുള്ളത്. അതുകൊണ്ട് അപ്പുറത്ത ഇരിക്കുന്ന മെമ്പർമാർ ഈ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിന്റെ ആ വാചക കേട്ട് ആവേശംകൊള്ളാൻ പാടില്ല. ഇത് വെറും കടലിലെ കുമിളപോലെയാണ് അതുകൊണ്ട് ഡോ. ഐസക്കിനെ അറിയാമെന്നുണ്ടെങ്കിൽ, അദ്ദേഹം ഇങ്ങനെ പ്രഖ്യാപനങ്ങൾ നടത്തും എന്നാൽ ആ പ്രഖ്യാപനത്തിൽ ഒരു കാര്യവുമില്ല

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : സർ, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കഴിഞ്ഞ വർഷത്തെ ഫിസ്ക്കൽ ഡെഫിസിറ്റ് അഞ്ചര ശതമാനമാണ് എത്രയാക്കുമെന്നാണ് പറഞ്ഞിരുന്നത്? സാർ കണക്കു പറഞ്ഞു. അബ്സല്യൂ എമൗണ്ട് നോക്കുകയാണെങ്കിൽ റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റു കൂടിയിട്ടുണ്ട്. പക്ഷെ ഇവിടെ റവന്യൂ ഡെഫിസിറ്റ് മൂന്നിരട്ടിയായിട്ടാണ കൂടിയിരിക്കുന്നത്. അതനുസരിച്ച് ടോട്ടൽ എമൗണ്ടും കൂടുകയില്ലേ?

<u>ശ്രീ. കെ. എം. മാണി</u> : 2007-08-ൽ പറഞ്ഞത് 2010-11-ൽ ഒരു ശതമാനത്തില താഴെ നിറുത്തുമെന്നാണ് പകരം ഇപ്പോൾ പത്ത് ഇരട്ടി വർദ്ധിപ്പിക്കുന്ന നടപടിയാണോ ശരി, അതിന് നിങ്ങൾക്ക് എന്തെങ്കിലും ഉത്തരം പറയാനുണ്ടോ അരി എത്ര എന്നു ചോദിക്കുമ്പോൾ പയർ അഞ്ഞാഴി എന്നു പറഞ്ഞ വേറൊരു ചോദ്യം ചോദിക്കുകയാണ് ചെയ്യുന്നത്. ഞാനിവിടെ കേന്ദ്ര ബഡ്ജറ്റിനെ കുറിച്ചാണോ സംസാരിക്കുന്നത്? ഞാൻ ഇവിടെ സംസാരിക്കുന്നത ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റിനെസംബന്ധിച്ചാണ്. അതുപോലെ തന്നെ എക്കണോമിക് റിവ്യൂവിൽപ്പറയുന്ന 2009-10-ലെ ഗ്രോത്തിനെക്കുറിച്ച് പറയാം അതിൽ സങ്കടകരമായ ഒരു കാര്യം, കേരളത്തിലെ കാർഷികമേഖലയുടെ ഗ്രോത്ത് 0.25 ആണ്. 2005-06-ൽ യു.ഡി.എഫ്. ഗവൺമെന്റ് പോകുമ്പോ കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് 3.5 ആയിരുന്നത് എൽ.ഡി.എഫ് ഗവൺമെന്റ് പോകുമ്പോൾ 0.25 ശതമാനമായിട്ട് താഴുന്നുവെന്ന് പറഞ്ഞാ നമുക്ക് അഭിമാനകരമാണോ എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങളെല്ലാ ധരിച്ചുപോയി ക്യാപ്പിറ്റൽ എക്സപെന്റിച്ചർ വർദ്ധിച്ചിരിക്കുന്നു എന്ന് ഡോ. ഐസക് നാളെ ഇതിന് മറുപടി പറയണം. ക്യാപ്പിറ്റൽ എക്സപെന്റിച്ച 2010-11-ൽ എത്രയാണ് വച്ചതെന്നറിയാമോ? ഊതിവീർപ്പിച്ച് 17,000 കോടി രൂപ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ ബി.ഇ. 2010-11, 17,330 കോടി, ആർ.ഇ. വന്നപ്പോ എത്രയാണെന്നറിയാമോ? 7676 കോടി രൂപ. ഇത് പഴയതിനെക്കാൾ കുറവാണ് എന്നിട്ട് അടുത്ത വർഷം വച്ചിരിക്കുന്ന ബി.ഇ എത്രയാണ്? 13,000 കോടി രൂപ എത്ര മിടുക്കനാണ് ഇദ്ദേഹമെന്ന് ഞാൻ ചോദിക്കുകയാണ്. ഈ രീതിയിലാണ ഈ കണക്ക്. ഞാൻ ആ ക്യാപ്പിറ്റൽ എക്സപെന്റിച്ചറിനെപ്പറ്റി കണക്ക് പറയട്ടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2004-05-ൽ 12,839 കോടി രൂപ ആയിരുന്ന് ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ; 2005-06-ൽ 9072 കോടി രൂപ ആയിരുന്നു. അ സ്ഥാനത്താണ് ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് 7646 കോടി രൂപയായ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചിരിക്കുന്നത്. പറ്റിയ പരിപാടിയല്ല ഇത്. കുറെ കണക്ക് പറഞ്ഞ് ഞാൻ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുകയാണ്. പദ്ധതികൾ, ബഡ്ജറ്റിന്റെ പേജ് 9, പാര 19, 40,000 കോടി രൂപയുടെ സമഗ്ര റോഡ് പരിപാടി. ഞാനൊരു കാര്യം ഡോ:ഐസക്കിനോട് പറയുകയാണ്. ധനകാര്യമന്ത്രിമാർ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ, you have to identify resources അത് റിസോഴ്സുമായിട്ട് ടൈഅപ് ചെയ്യണം. ഇവിടെ റിസോഴ്സ് എന്താണ്? ഒരു ഇസ്ലാമിക് ബാങ്ക് പ്രവർത്തനക്ഷമമാകുന്നതോടുകൂടി അവിടെ നിന്ന് 40,000 കോടി രൂപ എടുക്കാം. കമ്പനി രൂപീകരിച്ചില്ല. അതായത് ഒരു ജീവൽ പ്രശ്നം വന്നാൽ നടത്താൻ പറ്റുമോ, ഹൈക്കോടതി പറഞ്ഞു കുഴപ്പമൊന്നുമില്ല, നിയമം കുഴപ്പമില്ല. കമ്പനി രൂപീകരിച്ചില്ല. അതിന്റെ മെമ്മോറാണ്ടം തയ്യാറായില്ല. റിസർവ് ബാങ്കിലേക്ക് അപേക്ഷ കൊടുത്തില്ല. റിസർവ് ബാങ്കിന്റെ ക്ലിയറൻസ് കിട്ടിയില്ല. ലൈസൻസ് കിട്ടിയില്ല. it is not in exist. ലോകത്ത് എവിടെയെങ്കിലും ഒരു ധനകാര്യമന്ത്രി എക്സിസ്റ്റൻസിലില്ലാത്ത ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പയായി 40,000 കോടി രൂപ കിട്ടുമെന്നു പറഞ്ഞ് ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടാക്കിയിട്ടുണ്ടോ? നിങ്ങൾക്കല്ലാതെ ഇതിനുള്ള തൊലിക്കട്ടി വേറൊരാൾക്കും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സോറി, ഞാൻ തൊലിക്കട്ടിയെന്നു പറഞ്ഞത് ഒരു നാടൻ ഭാഷാ പ്രയോഗമാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊന്നും പദ്ധതികൾ പറയരുത്. ഇതൊന്നും നടപ്പിലാകാൻ പോകുന്ന കാര്യമല്ല. 2008-09-ലെ ബഡ്ജറ്റിൽ മിഥ്യാധാരണ പേജ്-2, കടത്തിന്റെ ലിമിറ്റ് കേന്ദ്രം ഇത്ര ഫിക്സ് ചെയ്ത് അങ്ങനെയൊന്നും കടം എടുക്കാൻ കഴിയുകയില്ലായെന്നു പറഞ്ഞിരുന്നു. അപ്പോൾ ഇവിടെ ഇഷ്ടം പോലെ കടം എടുക്കാവുന്ന ഒരു നിലയിലാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഈ കടം എടുക്കാവുന്നതിന്റെ ലിമിറ്റൊക്കെ കേന്ദ്രത്തിലുണ്ട്. ആ കേന്ദ്രത്തിലുള്ള ലിമിറ്റ് എന്ന് പറയുന്നത്, ഇപ്പോൾ ഇവിടെ പറയുന്നു കമ്പനിയായതുകൊണ്ട് കമ്പനിയിൽ നിന്ന് എടുക്കാം, ഗവൺമെന്റ് അല്ലെന്നാണ്. ഗവൺമെന്റിന് ഒരിക്കലും എടുക്കാൻ കഴിയുകയില്ല. നമ്മുടെ റവന്യൂ വരുമാനവും ക്യാപ്പിറ്റൽ വരുമാനവും കൂടി കൂട്ടിയാൽ 58,270 കോടി രൂപയാണ്. അതിന്റെ മൂന്ന് ശതമാനം എന്നു പറയുന്നത് 1748 കോടി രൂപയാണ്. അതുകൊണ്ട് 40,000 കോടി രൂപ കമ്പനി രൂപീകരിച്ച് എടുക്കാവുന്നതാണ്. ഇതിലൊക്കെ ഇനി കേന്ദ്ര ഗവൺമെന്റിന്റെ ലീഗൽ പ്രോബ്ലംസുണ്ട്. circumvent ചെയ്യാമോ? എന്നൊക്കെയുള്ള ചില പ്രശ്നങ്ങൾ ഇതിനകത്തുണ്ട് എന്നതുകൊണ്ട് ഞാൻ അതിലേക്ക് വരുന്നില്ല. നടപ്പിലാക്കാത്ത പദ്ധതികളെപ്പറ്റിയാണ് പറയാനുള്ളത്. നിങ്ങൾ ഈ ബഡ്ജറ്റിൽ ഇങ്ങനെ പറഞ്ഞിരിക്കുന്ന ഈ പ്രഖ്യാപനങ്ങളിൽ എം.എൽ.എ.-മാർ ആകൃഷ്ടരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ)

ഇതുമായി തെരഞ്ഞെടുപ്പിന് പോയാൽ ജയിക്കും എന്നാണ് അവർ പ്രതീക്ഷിച്ചിരിക്കുന്നത്. ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം, പാവപ്പെട്ടവരെ സമീപിക്കുക, വോട്ട് കിട്ടുമെന്നാണ് നിങ്ങൾ വിചാരിച്ചിരിക്കുന്നത്. ഞങ്ങൾ നേരെ തിരിച്ചാണ് പറയുന്നത്. നിങ്ങൾ പറഞ്ഞ വല്ലതും നടന്നിട്ടുണ്ടോ? സുസ്ഥിര നഗര വികസന പദ്ധതി, 1148 കോടി രൂപ എ. ഡി. ബി.-യിൽനിന്ന് വായ്പ എടുത്തിട്ട് ഒരു പൈസ നിങ്ങൾ ചെലവഴിച്ചോ? ഇല്ല. ഞങ്ങളുടെ കാലഘട്ടത്തിൽ മോശമെന്നു പറഞ്ഞ് എ.ഡി.ബി. ഉദ്യോഗസ്ഥരുടെ പുറത്ത് ടാർ ഒഴിച്ച്, വണ്ടി തല്ലിപ്പൊട്ടിച്ച് ചെകിട്ടത്തടിച്ചു വിട്ടേച്ച്, ആ വായ്പ എടുത്തതുതന്നെ നാണക്കേടിന്റെ പര്യായമാണ്. അത് വാങ്ങിയെടുത്ത് വെയ്സ് ആന്റ് മീൻസിനുവേണ്ടി ചെലവഴിക്കുകയാണ് ചെയ്തത്. ജപ്പാൻ കുടിവെള്ള പദ്ധതി അഞ്ചു വർഷമായില്ല, ഒരു നല്ല ഗവൺമെന്റ് ആയിരുന്നെങ്കിൽ പൂർത്തിയാക്കുവാൻ പറ്റുമായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങി വച്ചതാണ്. പൂർത്തീകരിച്ചിട്ടില്ല. സുനാമി പുനരുദ്ധാരണ പദ്ധതി 1441 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകി. ഗവർണറുടെ പ്രസംഗം പാരാ 115, പദ്ധതി പ്രവർത്തനങ്ങൾ കണ്ടിന്യൂ ചെയ്യുകയാണ്. തുടരുകയാണ്. ഗവർണറുടെ പ്രസംഗം പാരാ 115-ൽ പിന്നേയും പറയുന്നുണ്ട്. 1148 കോടി രൂപയുടെ പണികൾ തീർത്തു. ഇനിയും 293 കോടി രൂപയുടെ പണികൾ തീർക്കുവാനുണ്ട്. സുനാമി ഉണ്ടായത് 2005-ൽ ആണെന്നാണ് എനിക്ക് തോന്നുന്നത്. 1441 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് നൽകിയത്, അന്ന് യു.ഡി.എഫ്. ഗവൺമെന്റ് നാലായിരം വീട് വച്ചുകൊടുത്തു. യുദ്ധകാല പരിതസ്ഥിതി എന്നുള്ള നിലയിലാണ് സുനാമി ഫണ്ട് അന്ന് ഉപയോഗിച്ചത്. അന്ന് ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി, ഞാൻ റവന്യൂ മന്ത്രിയാണ്. യുദ്ധകാല പരിതസ്ഥിതി എന്നുള്ള നിലയിൽ വലിയ റെക്കോർഡ് ഞങ്ങൾ അവിടെ സൃഷ്ടിക്കുകയുണ്ടായി. ആ സ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് കേന്ദ്ര ഗവൺമെന്റ് നൽകിയ പണം ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല 1148 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. 293 കോടി രൂപ ചെലവഴിക്കാൻ ബാക്കി കിടക്കുന്നു എന്നു പറയുന്നത് എത്ര ആക്ഷേപകരമാണ് എന്ന് ഡോ. തോമസ് ഐസക്കിനോട് ഞാൻ ചോദിക്കുകയാണ്. മോശമല്ലേ ഇത്? ശബരിമല മാസ്റ്റർ പ്ലാൻ തുടങ്ങിയില്ല. എന്തായിരുന്നു തുടങ്ങാൻ ബുദ്ധിമുട്ട്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്ഥലമൊക്കെ എടുത്ത് നല്കിയതാണ്. ടൈഗർ റിസർവ് സ്ഥലം നൽകി, നിലയ്ക്കലിൽ സ്ഥലമെടുത്തു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എൻവയോൺമെന്റ് ക്ലിയറൻസ് വാങ്ങി. ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തോ? ശബരിമല മാസ്റ്റർ പ്ലാൻ പൂർത്തിയാക്കിയോ, നടപ്പാക്കിയോ? വിഴിഞ്ഞം ഹാർബർ അഞ്ച് വർഷം ഇല്ലായിരുന്നോ? വല്ല പ്രോഗ്രസ്സും ഉണ്ടായോ? ശുദ്ധജല പാക്കേജ്, കുമളി, അത് മുഴുവൻ കേന്ദ്രത്തിന്റെ സഹായമാണ്. കേന്ദ്ര സഹായം 1400, 1800 കോടിയിൽ 1400 കോടി ഫുള്ളി കേന്ദ്രം കവർ ചെയ്യുകയാണ്. ഇതുവരെ വല്ലതും ഉണ്ടായോ? അതിന്റെ പ്രോജക്ട് റിപ്പോർട്ടുപോലും ഇപ്പോഴാണ് കൊടുത്തു കഴിയുന്നത്. ഇടുക്കി പാക്കേജ്, മുഴുവൻ കേന്ദ്ര സഹായമുള്ളതാണ്. അതിന്റെ പ്രോജക്ട് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴാണ് കൊടുക്കുന്നത്. റെയിൽ കോച്ച് ഫാക്ടറിക്ക്, കേന്ദ്ര യൂണിവേഴ്സിറ്റിക്കും സ്ഥലമെടുത്തു കൊടുത്തില്ല. ഇതൊക്കെ ഗവൺമെന്റിന്റെ പ്രവർത്തനത്തിലെ വീഴ്ചകളെയാണ് കാണിക്കുന്നത്. ഇവിടെ പറയുന്നത് ഒന്ന്, പ്രവർത്തിക്കുന്നത് വേറൊന്ന്. ബഡ്ജറ്റിൽ ഡോ. തോമസ് ഐസക്ക് നടത്തിയ പ്രഖ്യാപനങ്ങൾ വല്ലതും നടപ്പായിട്ടുണ്ടോ? ഒന്നുമില്ല.

ക്രമസമാധാന പാലനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ് എന്ന് പരിശോധിക്കാം. ക്രൈം സംബന്ധിച്ച ആൾ ഇന്ത്യാ റേറ്റ് 19.7 ആണെങ്കിൽ കേരളത്തിലെ റേറ്റ് 33 ശതമാനമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്രൈംസ് നടക്കുന്നത് ഈ കേരള സംസ്ഥാനത്തിലാണ്. 2009-ലെ ഇക്കണോമിക് റിവ്യൂ പേജ് 452, പ്രകാരം ഇന്ത്യയിലൊട്ടാകെ എത്ര ആത്മഹത്യ നടക്കുന്നുവോ അതിൽ 25 ശതമാനം കേരളത്തിലാണ്. കേരളത്തിൽ ആത്മഹത്യയ്ക്ക് ഒരു അവധി കൊടുത്തിരിക്കുന്നു എന്നാണ് ഈ പ്രസംഗത്തിൽ പറയുന്നത്. ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചു എന്ന അവകാശവാദമാണ് മറ്റൊന്ന്. കർഷക തൊഴിലാളിക്ക് 200 രൂപ 300 ആക്കി. 300 രൂപ 400 ആക്കി. നല്ല പ്രഖ്യാപനം. എന്നാൽ ഈ വർദ്ധിപ്പിച്ച തുക കൊടുത്തില്ല വയോജന......

<u>ശ്രീ. പി. ജയരാജൻ:</u> സർ, കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു എന്നാണല്ലോ ബഹുമാനപ്പെട്ട മാണി സാർ ഇവിടെ പറഞ്ഞത്. ഇടമലയാർ കേസ്സിൽ ബാലകൃഷ്ണപിള്ളയേയും നിങ്ങളുടെ പാർട്ടിയുടെ സംസ്ഥാന ഭാരവാഹിയായ സജീവനേയും കുറ്റക്കാരനാണെന്ന് വിധിച്ചല്ലോ? സുപ്രീം കോടതി തന്നെ വിധിച്ചല്ലോ? നിങ്ങളുടെ സംസ്ഥാന സമിതി അടിയന്തരമായി യോഗം ചേർന്നു എന്ന് കേട്ടു. ആ സജീവനെ ഭാരവാഹി സ്ഥാനത്തുനിന്ന് ഒഴിവാക്കിക്കൊണ്ട് കുറ്റകൃത്യം കുറയ്ക്കാൻ, കുറ്റകൃത്യത്തിനുള്ള നടപടി എടുക്കുവാൻ ബഹുമാനപ്പെട്ട മാണി സാർ തയ്യാറാകുമോ?

<u>ശ്രീ. കെ. എം. മാണി:</u> ഞങ്ങളുടെ പാർട്ടി ചെറിയ പാർട്ടിയാണ്. നിങ്ങളുടെ പാർട്ടി ആൾ ഇന്ത്യാ പാർട്ടിയാണ്. പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനെ വിജിലൻസ് കോടതിയിൽ ലാവ്ലിൻ കേസിൽ ആറാം പ്രതിയാക്കി ചേർത്തിട്ട് നിങ്ങളുടെ പാർട്ടി അതിനെപ്പറ്റി ചിന്തിച്ചോ? പ്രോസിക്യൂഷന് പെർമിഷൻ കൊടുക്കരുതെന്ന് നിങ്ങളുടെ പാർട്ടി പറഞ്ഞോ? ഗവർണറുടെ മുമ്പാകെ നിങ്ങളുടെ പാർട്ടി പറഞ്ഞതെന്താണ്?........(ബഹളം).......ഗവർണർ പ്രോസിക്യൂഷന് അനുമതി കൊടുക്കുവാൻ പാടില്ല. ഞങ്ങൾക്ക് അങ്ങനെ നയമില്ല. ഞാൻ ചോദിക്കട്ടെ, സജീവനെതിരായി ഞങ്ങളുടെ പാർട്ടി പ്രതിഷേധിച്ചോ? ഇല്ല. ഞങ്ങളുടെ പാർട്ടി ഒരു പ്രതിഷേധ പ്രമേയം പാസ്സാക്കിയില്ല. നിയമം നിയമത്തിന്റെ വഴിയിൽ. നേരെ മറിച്ച് നിങ്ങൾ ചെയ്തത് ഗവർണറുടെ അടുത്ത് നിങ്ങൾ മന്ത്രിസഭ കൂടിക്കൊണ്ട് പ്രോസിക്യൂഷന് അനുമതി ഇല്ല, ലാവ്ലിൻ കേസ്സിൽ ഞങ്ങളുടെ സെക്രട്ടറിയാണ്, ഞങ്ങളുടെ സെക്രട്ടറിക്ക് അഴിമതി നടത്താം, ലാവ്ലിൻ കേസിൽ പ്രോസിക്യൂഷൻ ഇല്ല എന്നു പറഞ്ഞു. ഗവർണർ പ്രോസിക്യൂഷന് അനുമതി കൊടുത്തു. സുപ്രീംകോടതിയിൽ അപ്പീലിന് ഗവൺമെന്റ് പോയി. ഗവർണർക്കെതിരെ നികുതി പണം ഉപയോഗിച്ചുകൊണ്ട് സുപ്രീം കോടതിയിൽ കേസ് കൊടുത്തു. നിങ്ങളുടെ നയമല്ല, ഞങ്ങളുടെ നയം. നിങ്ങളുടെ സമീപനമല്ല ഞങ്ങളുടെ സമീപനം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: മാണി സാർ അങ്ങയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. സഹകരിക്കുക.

ശ്രീ. കെ. എം. മാണി: ഞാൻ നിറുത്തുകയാണ്. ഒരു മിനിട്ട് മതി. ശ്രീ. ശിവൻകുട്ടി പറഞ്ഞു, ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരുമെന്ന്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനവിധി നിങ്ങൾക്ക് എതിരായിരുന്നു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജനവിധി നിങ്ങൾക്ക് എതിരായിരുന്നു. വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ജനവിധി നിങ്ങൾക്കെതിരായിരിക്കും. ഭയാനകമായിരിക്കും ജനവിധി എന്നു ഞാൻ പറയുന്നു. കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് വോട്ടു തരില്ല. നാലേ മുക്കാൽ വർഷം ഈ കേരളം ഭരിച്ചു മുടിച്ച അഴിമതിയിൽ മുങ്ങി നിൽക്കുന്ന ഈ ഗവൺമെന്റിനെതിരെ കേരളത്തിലെ ജനങ്ങളുടെ വിധി തീർപ്പ് ഭയാനകം ആയിരിക്കും. ആ നാളുകൾ അധികം കഴിയുന്നതിനു മുമ്പ് ഉണ്ടാകും. ഈ പരിതസ്ഥിതിയിൽ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നില്ല ഞങ്ങൾക്ക് എതിർക്കേണ്ടി വന്നിരിക്കുകയാണ്.

ശ്രീ. സി. കെ. സദാശിവൻ: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തിനെ വികസന കുതിപ്പിലേക്ക് നയിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ്. സാമൂഹ്യമേഖലയുടെ സമഗ്ര വികസനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. ഈ ബഡ്ജറ്റ് കേരള ജനത സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. മാണി സാറും അതുപോലെ ഇവിടെ സംസാരിച്ച യു.ഡി.എഫിന്റെ നേതാക്കന്മാരുമെല്ലാം ഇത് നടപ്പാക്കാൻ പറ്റുന്ന ബഡ്ജറ്റല്ല, ഇത് യാഥാർത്ഥ്യ ബോധമില്ലാത്ത ബഡ്ജറ്റാണ് എന്നെല്ലാം പറയുകയുണ്ടായി. ഐശ്വര്യ പൂർണ്ണമായ കേരളം കെട്ടിപ്പടുക്കുവാനും കേരളത്തിന്റെ ഭാവി ഭദ്രമാക്കുവാനും ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ശ്രമം ഫലം കണ്ടിരിക്കുകയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ശരിയായ ധനകാര്യ മാനേജുമെന്റിലൂടെ കൈവരിച്ച മഹത്തായ ഈ നേട്ടം നിസ്തുലമെന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. അതേ സമയം കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണ സാമ്പത്തിക നയം രാജ്യത്തെയും ജനങ്ങളെയും സർവ്വ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളത് എല്ലാവർക്കും അറിയാം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ബദൽ നയം, ഈ ബദൽ സാമ്പത്തികനയം വിജയിച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റുകൾ അവതരിപ്പിച്ചപ്പോൾ നിരാശാജനകമെന്നും ജനദ്രോഹമെന്നുമൊക്കെയാണ് പ്രതിപക്ഷത്തിരിക്കുന്നവർ പറഞ്ഞതെങ്കിൽ ഇപ്പോൾ അവർ പറയുന്നു, ഈ ബഡ്ജറ്റ്, ഇത് നടപ്പാക്കുവാൻ പറ്റാത്ത ബഡ്ജറ്റാണ് എന്ന്. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു പിടിക്കുന്നതിനുവേണ്ടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്നും മറ്റുമാണ് അവർ പറയാൻ ശ്രമിക്കുന്നത്. മാണി സാർ ഇപ്പോൾ പറയുന്നത്, ഈ ബഡ്ജറ്റ് സാങ്കല്പികമാണെന്നാണ്. നിങ്ങൾ ഒരു കാര്യത്തിലും സംശയിക്കേണ്ട, ജനങ്ങൾ നിങ്ങളെ അപ്പുറത്തുതന്നെ ഇരുത്തും. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ അധികാരത്തിൽ കൊണ്ടുവരും. ഇടതുപക്ഷ ജനാധിപത്യ മുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജറ്റ് നടപ്പാക്കുകതന്നെ ചെയ്യും. ഇവിടെ ശ്രീ. കെ. എം. മാണി സാർ ബഡ്ജറ്റ് പുസ്തകമെല്ലാം അവതരിപ്പിച്ചുകൊണ്ട്, ഇക്കണോമിക് റിവ്യൂ ആധാരമാക്കിക്കൊണ്ട് കുറേ ഭാഗം വിശദീകരിക്കുകയുണ്ടായി. റവന്യൂ കമ്മി കുറയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്നൊക്കെയാണ് അദ്ദേഹത്തിന്റെ വാദം. ശരിയായിരിക്കാം. ചോദിക്കട്ടെ, മാണി സർ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നിട്ടുണ്ടല്ലോ? ശ്രീ. ഉമ്മൻ ചാണ്ടി സാറിന്റെ മന്ത്രിസഭയിൽ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നിട്ടുണ്ട്. പക്ഷേ കഴിഞ്ഞ അഞ്ചു വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൽ ഒരു പൈസപോലും നികുതി വർദ്ധിപ്പിക്കാതെ ബഡ്ജറ്റ് അവതരിപ്പിച്ച ഒരു ഗവൺമെന്റ് അല്ലേ സർ ഇത്? മാണി സാറിന് അതെങ്കിലും സമ്മതിച്ചു തരാൻ പറ്റുകയില്ലേ? നികുതി വർദ്ധിപ്പിക്കാത്ത, ആറ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും നികുതി വർദ്ധിപ്പിക്കാത്ത ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതുമാത്രമല്ല, ഒരു ദിവസം പോലും ട്രഷറി പൂട്ടിയില്ല.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൻകീഴിൽ ഒരു ദിവസം പോലും ട്രഷറി അടച്ചുപൂട്ടിയില്ല. കരാറുകാരോട് കടം പറയാത്ത ഗവൺമെന്റാണ്, ട്രഷറി അടച്ചുപൂട്ടാത്ത ഗവൺമെന്റാണ്, ആറ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും ഒരു പൈസപോലും അധിക നികുതി ഏർപ്പെടുത്താത്ത ഗവൺമെന്റാണ്. ഇങ്ങനെ ഒരു ഗവൺമെന്റ് ഈ രാജ്യത്ത് എവിടെയെങ്കിലും ഉണ്ടോ? കേരളത്തെ കൂടാതെ പത്തിരുപത്തിയെട്ട് സംസ്ഥാനമുണ്ടല്ലോ. ഏതെങ്കിലും ഒരു സംസ്ഥാനമുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ സമീപനം വിലയിരുത്തുന്നവർ പറയുന്നത് ലോകത്ത് തന്നെ വാസ്തവത്തിൽ ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കീഴിലുള്ള രാജ്യങ്ങളെല്ലാം സാമ്പത്തിക മാന്ദ്യത്തിൽ ഏർപ്പെട്ട് ഉഴലുന്ന ഈ കാലഘട്ടത്തിൽ, മാതൃകാപരമായിട്ടുള്ള ഇടതുപക്ഷ ബദൽ സമീപനം സ്വീകരിച്ചുകൊണ്ട്, ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനെ സംബന്ധിച്ചടത്തോളം രാജ്യമെമ്പാടുമുള്ള ജനങ്ങൾ ഇത്തരം ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ എങ്ങനെ കഴിഞ്ഞു എന്ന് ഉറ്റു നോക്കുകയാണ്. കേരള മോചന യാത്ര ഇവിടെ നടത്തിയല്ലോ? ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞു, ഇടതുപക്ഷ ജനാധിപത്യ മുന്നണി തകരുന്നത് അദ്ദേഹം സ്വപ്നം കാണുകയാണെന്ന്. ജാഥയിലും അദ്ദേഹം ഇതു തന്നെയാണ് ഉന്നയിച്ചത്. കേരള മോചന ജാഥ ആരംഭിച്ചതും ജാഥ വഴി മാറിപ്പോകുകയും ഇടയ്ക്ക് നിന്നതും പിന്നെ തുടങ്ങിയതും ലക്ഷ്യസ്ഥാനം മാറി അത് സമാപിച്ചതും എല്ലാം കേരളം കണ്ടു. ജാഥ അവസാനിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അടിത്തറ പൊളിയുമെന്നാണ് ജാഥയുടെ ക്യാപ്റ്റനായ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയും അതുപോലെ തന്നെ രമേശ് ചെന്നിത്തലയും എല്ലാം പറഞ്ഞത്. തിരുവനന്തപുരത്ത് സമാപിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ അടിത്തറ പൊളിയും എന്നാണ് പറഞ്ഞത്. ഇത് കേട്ടപ്പോൾ ഒരു വല്യച്ചൻ എന്നോട് ചോദിച്ചു. കൂടെ ശ്രീ ഉമ്മൻചാണ്ടി ഈ ജാഥ നടത്തുന്നത് വല്ല കട്ടപ്പാരയും വിളക്കാഞ്ഞിയും പോലുള്ള വല്ല സാധനവും കൊണ്ടാണോ എന്ന്. ഇത് ഇടിച്ച് പൊളിക്കുകയാണെന്നാണ് അവർ ധരിച്ചത്. കേരളത്തിലെ സമസ്ത ജനവിഭാഗത്തിന്റെയും താല്പര്യം സംരക്ഷിച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റല്ലേ ഇത്? നിങ്ങൾ അപ്പുറത്തിരുന്ന് പറയാനുള്ളത് കൃത്യമായിത്തന്നെ പറയുന്നുണ്ട്. അക്കാര്യത്തിൽ ഞങ്ങൾക്ക് സംശയമൊന്നുമില്ല. പക്ഷേ ഒരു കാര്യം ചോദിക്കട്ടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അടിത്തറ പൊളിക്കാൻ ഈ നാട്ടിലെ കൃഷിക്കാരെ നിങ്ങളോടൊപ്പം കിട്ടുമോ? അഴിമതിയും പിടിപ്പു കേടും കെടുകാര്യസ്ഥതയും ഇവിടെ ഉണ്ടായിരുന്നു. മുമ്പ് ശ്രീ. എ. കെ. ആന്റണിയുടെയും അതുപോലെ ശ്രീ. ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിലുണ്ടായിരുന്ന കേരള സംസ്ഥാന ഭരണം സർവ്വനാശത്തിലേക്കല്ലേ പോയത്? ആത്മഹത്യയുടെ കണക്ക് ഇവിടെ പറയുന്നത് കേട്ടു. രാജ്യത്ത് കഴിഞ്ഞ പത്ത് വർഷം രണ്ട് ലക്ഷം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. പക്ഷേ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആത്മഹത്യ പ്രവണത ശമിച്ചു. ഇത് കൃഷിക്കാർ അംഗീകരിക്കുന്ന കാര്യമാണ്. പ്രതിപക്ഷം അംഗീകരിക്കില്ല. മാണിസാറിന് ഒരിക്കലും ഇത് അംഗീകരിക്കാൻ പറ്റില്ല. അങ്ങ് കൃഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ആളല്ലേ? ഇതെന്താ അംഗീകരിച്ചു കൂടാത്തത്? രാഷ്ട്രീയ പ്രവർത്തനം അവസാനിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ടോ? ആത്മഹത്യയുടെ തെറ്റായ കണക്ക് പറയാനാണ് അദ്ദേഹം ഇവിടെ ആഗ്രഹിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണത്തിൽ കൃഷിക്കാരുടെ കൂട്ട ആത്മഹത്യയല്ലായിരുന്നോ? എന്നാൽ ഇന്ന് ഇവിടെ ആത്മഹത്യാ പ്രവണത അവസാനിച്ചു. വെറുതെ അവസാനിച്ചതല്ല. മാന്ത്രിക വടിയൊന്നുമില്ല. കൃഷിക്കാരുടെ പ്രശ്നം എന്ത് എന്ന് പഠിച്ചുകൊണ്ട് അതിന് പരിഹാരം കാണുകയായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം. കടാശ്വാസം, 42,113 കൃഷിക്കാർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയത്. കടം വാങ്ങി കൃഷി ചെയ്ത് കടക്കെണിയിൽപ്പെട്ട കൃഷിക്കാരനെ സംരക്ഷിക്കാനുള്ള നടപടി കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? നെൽകൃഷിക്കാർക്ക് പലിശ രഹിത വായ്പ എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമല്ലേ? നെല്ലിന്റെ തറവില നിശ്ചയിച്ചു. നിങ്ങളുടെ കാലത്ത് 7 രൂപയായിരുന്നു നെല്ലിന്റെ വില. ആ നെല്ലിന്റെ വില നിശ്ചയിച്ചിരുന്നത് കാലടിയിലെ റൈസ് മിൽ മുതലാളി. അതെല്ലാം മാറിയില്ലേ? ഏഴ് രൂപ മാറി എട്ടായി. ഇന്ന് ഒരു ക്വിന്റൽ നെല്ലിന് 1400 രൂപ വില കൃത്യമായി കൊടുക്കുന്നു നെല്ല് സംഭരിക്കുന്നു. സംഭരണ കേന്ദ്രത്തിൽ പണം കൊടുക്കുന്ന സ്ഥിതി ഞങ്ങളുടെ കാലത്തുണ്ടായില്ലേ? അതുപോലെ കാർഷിക മേഖല വളരെ സജീവമായില്ലേ? പതിനയ്യായിരം ഹെക്ടർ തരിശു ഭൂമി അധികമായി ഇന്ന് കൃഷി യോഗ്യമാക്കി മാറ്റിയിരിക്കുകയാണ്. ഒരുലക്ഷത്തി ഇരുപത്തയ്യായിരം ടൺ ഭക്ഷ്യധാന്യം കേരളത്തിൽ അധികം ഉല്പാദിപ്പിച്ചു എന്നുപറഞ്ഞാൽ അത് നിഷേധിക്കാൻ കഴിയുമോ? കൃഷിക്കാരുടെ താല്പര്യം സംരക്ഷിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അടിത്തറ പൊളിക്കാൻ കൃഷിക്കാരെ കിട്ടുമെന്നാണോ യു.ഡി.എഫ്. കരുതുന്നത്? നിങ്ങളുടെ കണക്ക് തെറ്റാൻ പോകുകയാണ്. അതുപോലെ വ്യാവസായിക മേഖലയിൽ വന്നിരിക്കുന്ന മാറ്റം കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? നിങ്ങളുടെ കാലത്ത് ചൗധരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25 പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചതാണ്. അന്ന് ഐ.എൻ.ടി.യു.സി. വരെ പ്രതിഷേധിച്ചു, തൊഴിലാളി സംഘടനകൾ പ്രതിഷേധിച്ചു. അന്ന് നാൽപ്പത്തിരണ്ട് പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടെ നഷ്ടം നിങ്ങളുടെ കാലത്ത് 96 കോടി ആയിരുന്നു. ഇന്ന് 37 പൊതുമേഖലാ സ്ഥാപനത്തിൽനിന്ന് 300 കോടി രൂപയാണ് ലാഭമുണ്ടായത്. ആ ലാഭം കിട്ടിയ പൈസകൊണ്ട് എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുന്നു. ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് മിൽ പൊതുമേഖലാ സ്ഥാപനമെന്ന രൂപത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അതിന്റെ ഉദ്ഘാടന ചടങ്ങ് ആലപ്പുഴയിൽ ഇന്നലെ നടത്തുകയുണ്ടായി. അതുപോലെ തന്നെ പരമ്പരാഗത വ്യവസായ മേഖലയിൽ വന്നിരിക്കുന്ന മാറ്റം. വ്യാവസായിക മേഖലയിൽ നിൽക്കുന്ന ആളുകളെ ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അടിത്തറ പൊളിക്കാൻ കഴിയുമെന്നാണോ നിങ്ങൾ കരുതുന്നത്? നിങ്ങൾ നിരാശപ്പെടേണ്ടി വരും. അതുപോലെ തന്നെയാണ് മൽസ്യത്തൊഴിലാളി മേഖലയിൽ. മത്സ്യത്തൊഴിലാളി കടക്കെണിയിലായിരുന്നു. ഹഡ്കോയിൽനിന്നും മത്സ്യഫെഡ്ഡിൽനിന്നും സഹകരണസ്ഥാപനങ്ങളിൽനിന്നും കടമെടുത്ത രൂപ തിരിച്ചടക്കാൻ പറ്റാതെ ഇവരുടെ ആധാരമെല്ലാം ഈ സ്ഥാപനങ്ങളിലായിരുന്നു. ആധാരം മുഴുവൻ തിരിച്ചു കൊടുത്തില്ലേ? 350 കോടി രൂപയുടെ ബാധ്യതയാണ് മത്സ്യത്തൊഴിലാളികളുടെ കടം തീർക്കാൻ ഈ ഗവൺമെന്റ് ഏറ്റെടുത്തത്. സുനാമി ഫണ്ടിനെക്കുറിച്ച് ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞു. അത് കേന്ദ്രത്തിന്റെ ഫണ്ടാണ്. ഒന്നര വർഷം വീണ്ടും ഉണ്ടായിരുന്നില്ലേ. സുനാമി 2004 ഡിസംബർ മാസം 24-ാം തീയതിയാണ് ഉണ്ടായത്. അതിനുശേഷം ഒന്നര വർഷം യു.ഡി.എഫ്. ഭരണത്തിലായിരുന്നു. എന്താ നിങ്ങൾ ചെയ്തത്? ഇപ്പോൾ 3902 കോടി രൂപ ആ മേഖലയിൽ ചെലവഴിച്ചത് തീരദേശ പ്രദേശങ്ങളിൽ പോയി കാണണം. എന്തൊരു മാറ്റമാണ്. എന്തൊരു ഉത്സാഹമാണ്. മത്സ്യത്തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരികൊടുക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിക്കൊണ്ട് അവർക്ക് നല്ല പരിരക്ഷ ഒരുക്കിയിരിക്കുന്നു. ഫിഷ് ലാന്റിംഗ് സെന്ററുകൾ, തുറമുഖങ്ങൾ ഉൾപ്പെടെ ആ മേഖല ഇന്ന് വളരെ സജീവമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അടിത്തറ പൊളിക്കാൻ നിങ്ങൾക്ക് മത്സ്യത്തൊഴിലാളികളെ കിട്ടുമോ? വൈദ്യുതി മേഖലയിൽ വന്നിരിക്കുന്ന മാറ്റം കണ്ണഞ്ചിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട എ. കെ. ബാലന്റെ നേതൃത്വത്തിൽ പവ്വർക്കട്ട് ഇല്ലാത്ത, ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത ഒരു സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞില്ലേ ? സമ്പൂർണ്ണ വൈദ്യുതീകരണം നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? യാഥാർത്ഥ്യമല്ലേ? സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ വേണ്ടി വൈദ്യുതി ബോർഡും ഗവൺമെന്റും നീങ്ങിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ല പാലക്കാടായിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയാക്കി മാറ്റുന്നതിന് വേണ്ടി ഇന്ന് അൻപത് അസംബ്ലി മണ്ഡലം കഴിഞ്ഞ് നൂറിലേക്ക് നീങ്ങുകയാണ്,. ഈ മാസം 20-ാം തീയതി ആലപ്പുഴ ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കാൻ പോകുന്നതിൽ ഏറെ സന്തോഷമുണ്ട്. വൈദ്യുതി മേഖലയിൽ പ്രസരണ-വിതരണ രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റം അതുപോലെ പൊതുജനാരോഗ്യ രംഗത്ത് ഉണ്ടായിരിക്കുന്ന ഗുണപരമായ മാറ്റം കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? പ്രൈമറി ഹെൽത്ത് സെന്റർ അടക്കമുള്ള എല്ലാ ആശുപത്രികളിലും

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർ ഇല്ലേ? അവശ്യത്തിന് മരുന്നില്ലേ? അവിടെ നഴ്സസും പാരാ മെഡിക്കൽ സ്റ്റാഫും ഇല്ലേ? ഏത് ആശുപത്രിയിലാണ് പോരായ്മ? ഇപ്പോൾ ആശുപത്രികളിൽ ഒരുപാട് രോഗികൾ വരുന്നു. നിങ്ങളുടെ കാലത്ത് രോഗികളെല്ലാം സ്വകാര്യ ആശുപത്രികളിൽ പോയ്ക്കൊണ്ടിരിക്കുകയായിരുന്നു. അതിൽ മാറ്റം വന്നിരിക്കുന്നു. അവർ തിരിച്ച് ഗവൺമെന്റ് ആശുപത്രിയിലേക്ക് വരുന്നു. ഈ മാറ്റം കാണണ്ടേ? പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന ഗവൺമെന്റ് ആശുപത്രിയുടെ സ്ഥിതി ഇന്ന് മെച്ചപ്പെട്ടിരിക്കുന്നു. വിലക്കയറ്റം കൊണ്ട് നാട് പൊറുതിമുട്ടുകയാണ്. വിലക്കയറ്റത്തിന് സഹായകരമായ നടപടി സ്വീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. നാൽപ്പത് ലക്ഷം പാവപ്പെട്ടവർക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നു. മാവേലിസ്റ്റോറുകൾ വഴി പലവ്യഞ്ജനവും മറ്റ് പതിമൂന്നിന സാധനങ്ങൾ അറുപത് ശതമാനം വരെ വിലക്കിഴിവിലും കൊടുക്കുന്നു.

12 NOON] മൂവായിരത്തോളം വരുന്ന റേഷൻ കടകളെ തെരഞ്ഞെടുത്ത് അവിടെ ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്യുന്നു. ഈ മാറ്റമെല്ലാം ജനങ്ങൾ കാണുകയല്ലേ? ഇതെല്ലാം കേരളത്തിലെ ജനങ്ങൾ അനുഭവിക്കുകയല്ലേ? പെൻഷൻ കൊടുക്കുന്ന കാര്യം ഇവിടെ മാണി സാർ പറഞ്ഞു. ഇവിടെ കൃത്യമായി പെൻഷൻ കൊടുക്കുകയല്ലേ? 28 മാസക്കാലത്തെ പെൻഷൻ കുടിശ്ശിക വരുത്തിയിട്ട് പോയവരാണ് നിങ്ങൾ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ 250 രൂപ പെൻഷൻ വർദ്ധിപ്പിക്കുമെന്ന്. ഇപ്പോൾ 400 രൂപയാണ് പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. അംഗനവാടി ടീച്ചർമാർ, വർക്കർമാർ, ഹെൽപ്പർമാർ, ആശാ വർക്കർമാർ, ഇവരെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം നിൽക്കും. ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പാക്കിയതോടെ പതിനൊന്ന് ലക്ഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമാണ് അതുകൊണ്ടുള്ള പ്രയോജനം ലഭിച്ചിരിക്കുന്നത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് നമ്മൾ കണ്ടതാണ്, സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ചതിന്റെ ഫലമായി 32 ദിവസം ഈ കേരളത്തിൽ സമരം നടന്നു. ഇക്കഴിഞ്ഞ അഞ്ചു വർഷക്കാലം ഐ.ടി. മേഖലയിലും വിപ്ലവകരമായ മാറ്റം ഉണ്ടായി. നിങ്ങളുടെ കാലത്ത് വെറും രണ്ട് ഐ.ടി. പാർക്കുകളാണ് സ്ഥാപിച്ചതെങ്കിൽ, എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 10 ഐ.ടി. പാർക്ക് സ്ഥാപിച്ചു, ടീകോം കൂടി രംഗത്ത് വന്നപ്പോൾ വിപ്ലവകരമായ മാറ്റമാണ് ആ മേഖലയിലും ഉണ്ടാക്കാൻ കഴിഞ്ഞത്. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. അങ്ങ് കുറേ പണം കണ്ടെത്തണം, നമ്മുടെ ജയിലുകളുടെ വിസ്താരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കുറ്റവാളികളുടെ കൂടാരമായി യു.ഡി.എഫ്. മാറിയിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ പല നേതാക്കളും ജയിലിലേയ്ക്ക് വരുകയാണ്. അവർക്ക് വസിക്കാൻ ഇടമൊരുക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടമലയാർ കേസ്സിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള സുപ്രീംകോടതിയുടെ വിലങ്ങ് അണിഞ്ഞ് നിൽക്കുകയാണ്. കുഞ്ഞാലിക്കുട്ടി, കാരപ്പാറ കേസ്സിൽ ശ്രീ. ടി. എം. ജേക്കബും കോടതി വരാന്തയിലുണ്ട്. ശ്രീ. മുനീറിന്റെ ചാനലിന്റെയും റൗഫിന്റെയും വെളിപ്പെടുത്തലിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കുഞ്ഞാലിക്കുട്ടി കോടതി കയറാൻ കാത്തുനിൽക്കുന്നു. കോൺഗ്രസ്സ് തള്ളിപ്പറഞ്ഞ ശ്രീ. കെ. സുധാകരൻ എം.പിയും തൊട്ടുപിന്നാലെയുണ്ട്. ശ്രീ. ശശി തരൂരുമുണ്ട്. പാമോയിൽ കുംഭകോണത്തിൽ സാക്ഷിയാകേണ്ട തന്നെ പ്രതിയാക്കി എന്ന് ശ്രീ. മുസ്തഫ പറഞ്ഞിരിക്കുന്നു. ഉമ്മൻ ചാണ്ടി സാറിനെ ആക്ഷേപിച്ചുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ പ്രതിഷേധം ഞാൻ ഇവിടെ കണ്ടു. മുസ്തഫയടക്കമുള്ള ആളുകൾ ജയിലിലേക്ക് വരുമ്പോൾ അതിന്റെ വിസ്താരംതന്നെ കൂട്ടണം......... (തടസ്സം).....ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അഴിമതി ആരോപണങ്ങൾ ഉണ്ടായതായി നിങ്ങൾക്ക് പറയാൻ കഴിഞ്ഞിട്ടില്ല. സഖാവ് വി.എസ്.-ന്റെ ആർജ്ജവം അഴിമതിക്കെതിരെയാണ്. അദ്ദേഹത്തിന്റെ ഇച്ഛാശക്തിയെ ആക്ഷേപിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഒരു കാര്യം ഞാൻ പറയാം. സ്ഫടികസ്ഫുടം ചെയ്ത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനെതിരെ യു.ഡി.എഫ്.-ൽ ഇരിക്കുന്നവർക്ക് പറയാനുള്ള യോഗ്യതയില്ല.........(തടസ്സം)... ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ പെരുമഴയും പുറത്ത് ഉദ്ഘാടനങ്ങളുടെ മാമാങ്കവുമാണ് നടക്കുന്നത്. ഈ സർക്കാരിന്റെ ആറാമത്തേതും അവസാനത്തേതുമായ ബഡ്ജറ്റ് സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് വന്ന ഒരു പ്രകടനപത്രികയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് 2009-ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. 2010-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ മുന്നോടിയായാണ് ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. രണ്ട് ബഡ്ജറ്റിലും ധാരാളം പ്രഖ്യാപനങ്ങളും പദ്ധതികളുമുണ്ടായിരുന്നു. ഇതൊന്നും നടക്കാൻ പോകുന്നില്ല എന്ന് മനസ്സിലാക്കിയ ജനങ്ങൾ രണ്ട് തെരഞ്ഞെടുപ്പിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അതിദയനീയമായി പരാജയപ്പെടുത്തി. പ്രഖ്യാപിക്കപ്പെട്ട വികസന പദ്ധതികളിൽ മിക്കതും എവിടെയും എത്താതെ പോയത് ഭരണകൂടത്തിന്റെ പിടിപ്പുകേടുകൊണ്ടാണ്. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം വോട്ടർമാരെയും പാർട്ടിക്കൊപ്പവും മുന്നണിക്കൊപ്പവും ചേർത്തുനിർത്തുക എന്ന ലക്ഷ്യത്തോടെ ഇത്തവണയും അവതരിപ്പിച്ച ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കുകയും നികുതി ഇളവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്കുള്ള തുക എങ്ങനെ സമാഹരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. ആകപ്പാടെ പറഞ്ഞിട്ടുള്ളത് സർക്കാർ ഭൂമി വിൽപ്പന നടത്തുമെന്ന് മാത്രമാണ്. ക്ഷേമ പദ്ധതികൾക്കും വ്യക്തിഗത ആനുകൂല്യങ്ങൾക്കും മുന്തിയ പരിഗണന നൽകിയതിന്റെ പിന്നിൽ വോട്ട് രാഷ്ട്രീയം തന്നെയാണെന്ന് കാണാൻ വലിയ പ്രയാസമില്ല. അഞ്ച് വർഷം ഭരിച്ചിട്ടും നടക്കാത്ത പ്രഖ്യാപനങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയിരിക്കുന്നത്. ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരുന്ന ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ ഒന്നുപോലും പ്രാവർത്തികമാക്കാൻ കഴിയുകയില്ലായെന്ന് ജനങ്ങൾ തിരിച്ചറിയും. 2006-ൽ നടത്തേണ്ട ബഡ്ജറ്റ് പ്രസംഗമാണ് ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി നടത്തിയതെന്ന് മുമ്പ് പ്രസംഗിച്ച പല അംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കേരളം കടക്കെണിയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. 2009-2010-ൽ 4336.8 കോടി രൂപയായിരുന്ന കടം 2010-11-ൽ 5081.6 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം 2009-10-ൽ 70,969 കോടി രൂപയായിരുന്നത് 2010-11-ൽ 78,329 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കേന്ദ്രം സഹായിക്കുന്നില്ലെന്ന പരാതി അടിസ്ഥാനരഹിതമാണെന്ന് സാമ്പത്തിക അവലോകനം വ്യക്തമാക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലാണ് ഏറ്റവും കൂടുതൽ കേന്ദ്രസഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം 6632.16 കോടി രൂപയാണ് ലഭിച്ചതെങ്കിൽ ഈ വർഷം അത് 7982 കോടി രൂപയായി വർദ്ധിച്ചു. മുൻ വർഷത്തേക്കാൾ 20 ശതമാനം വർദ്ധന കേന്ദ്ര സഹായത്തിൽ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഇത് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങളുടെ ആവർത്തനമാണ് ഇപ്പോഴും ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുള്ളത്. കെ.എസ്.ടി.പി. റോഡ് വികസനം, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവള സ്ഥലമെടുപ്പ്, കരിപ്പൂർ വിമാനത്താവള വികസനം, തെക്ക്-വടക്ക് റെയിൽവേ കോറിഡോർ, കൊച്ചി മെട്രോ റെയിൽവേ, വാതക വിനിമയ ശൃംഖല, ദേശീയ ജലപാത, മുസിരിസ് പൈതൃക പദ്ധതി, ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഇതെല്ലാം കഴിഞ്ഞ തവണയും ബഡ്ജറ്റിൽ സ്ഥാനം പിടിച്ചതായിരുന്നു. പക്ഷെ കാര്യമായി ഒന്നും നടന്നില്ല. ഈ സർക്കാരിന്റെ ആദ്യത്തെ മൂന്നു വർഷം പൊതുമരാമത്ത് രംഗത്ത് ഹോളിഡേ ആയിരുന്നു. ഒന്നും നടന്നില്ല. അങ്ങനെ മൂന്നുവർഷങ്ങളിലെ പദ്ധതി പണം സമാഹരിച്ച തുക കൊണ്ടാണ് കരാറുകാരുടെ കുടിശ്ശിക തീർത്തത്. അത് വലിയൊരു ആനക്കാര്യമായി അപ്പുറത്തുള്ളവർ ഇപ്പോൾ പറഞ്ഞുനടക്കുകയാണ്. അതിനുശേഷം 10000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചു. മൂവായിരം കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ അനുവദിച്ചുവെങ്കിലും രണ്ടുവർഷമായിട്ടും 1800 കോടി രൂപയുടെ പ്രവൃത്തികളെ ടെണ്ടർ പോലും ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ മുപ്പതിനായിരം കോടി രൂപയുടെ പദ്ധതികൾ കൊണ്ടുവന്നുവെങ്കിലും വളരെ ചുരുങ്ങിയ ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വിൽപ്പന നികുതി 'വാറ്റ്' ആയി കൊണ്ടുവന്നപ്പോൾ അതിനെ ശക്തമായി എതിർത്തിരുന്നവരാണ് അപ്പുറത്തിരിക്കുന്നത്. പക്ഷെ 'വാറ്റി'ന്റെ ഫലമായി വർദ്ധിച്ച നികുതി വരുമാനം കിട്ടാൻ തുടങ്ങിയപ്പോൾ അതിന്റെ എതിർപ്പ് മാറുകയും അതിൽ നിന്ന് ലഭിച്ച അധിക വരുമാനം മുതൽക്കൂട്ടാൻ ശ്രമിക്കുകയും ചെയ്തു. പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധന സംസ്ഥാനത്തിന്റെ വരുമാനത്തിൽ വലിയ തോതിൽ വർദ്ധനയ്ക്ക് കാരണമായിട്ടുണ്ട്. ഇങ്ങനെയൊക്കെ ലഭിച്ച വരുമാനം കൊണ്ട് സമ്പന്നമായ ട്രഷറിയുള്ളപ്പോൾ ചെലവിന് പണമില്ലാതെ ട്രഷറി പൂട്ടേണ്ടിവരുകയോ റിസർവ്വ് ബാങ്കിൽനിന്ന് കടമെടുക്കേണ്ടി വരികയോ വേണ്ടിവരില്ലെന്ന് ആർക്കും മനസ്സിലാകും. എന്നാൽ അതും ധനകാര്യ വകുപ്പുമന്ത്രിയുടെ വലിയ കഴിവായിട്ടാണ് ഇവിടെ പുകഴ്ത്തുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ മികച്ച സാമ്പത്തിക മാനേജ്മെന്റുകൊണ്ടാണ് ഇതെല്ലാം സാധിച്ചതെന്നുള്ള അവകാശ വാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഡാമുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് മണൽ വാരി ഓരോ വർഷവും ആയിരം കോടി രൂപയുടെ വിഭവ സമാഹരണം നടത്താമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. വിദേശ കമ്പനികളടക്കം അനുമതി പത്രം സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാർ സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത്. എന്നാൽ സാങ്കേതിക മികവില്ലായ്മയും അടിസ്ഥാന സൗകര്യമില്ലാതിരുന്നതുകൊണ്ടും പദ്ധതി ലക്ഷ്യം കണ്ടില്ല. യന്ത്ര സഹായത്തോടെയുള്ള മണൽ വാരൽ പുരോഗമിക്കവേ നോക്കു കൂലി വേണമെന്ന ആവശ്യവുമായി അവിടെയും ചുമട്ടുതൊഴിലാളി യൂണിയനുകൾ രംഗത്തെത്തിയത് വിവാദമാവുകയും അതിന്റെ അടിസ്ഥാനത്തിൽ മണൽ വാരൽ നിർത്തിവയ്ക്കുകയും ചെയ്തു. ആയിരം കോടി ലഭിക്കുമെന്ന് പറഞ്ഞിടത്ത് ആകെ 11.8 കോടി രൂപയാണ് ആ വകയിൽ നമുക്ക് ലഭ്യമായത്. വിലക്കയറ്റം കഴിഞ്ഞ വർഷത്തേക്കാൾ അതിരൂക്ഷമാണെന്ന് സാമ്പത്തിക അവലോകനത്തിൽ പറയുന്നുണ്ട്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ട് മാത്രം വിലക്കയറ്റം തടയാൻ കഴിയില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പര്യാപ്തമല്ലെന്ന് ആർക്കും ബോധ്യപ്പെടും. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പരാജയത്തിന് കാരണമായിട്ടുണ്ടെന്ന വിലയിരുത്തലാണ് ഈ വർഷത്തെ ബഡ്ജറ്റിൽ റോഡ് വികസനത്തിന് മുന്തിയ പരിഗണന ലഭിക്കാൻ കാരണം. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇത് റോഡ് ബഡ്ജറ്റാണെന്ന് സൂചിപ്പിച്ചത് അതിന്റെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നു. സമഗ്ര റോഡ് പുനരുദ്ധാരണത്തിന് നാൽപ്പതിനായിരം കോടി രൂപ പത്ത് വർഷം കൊണ്ട് ചെലവഴിക്കാനാണ് ബഡ്ജറ്റ് നിർദ്ദേശം. അയ്യായിരം കോടി രൂപയുടെ പ്രവൃത്തി ഈ വർഷം ഏറ്റെടുക്കും. അതിന് ആയിരം കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ആശ്രയിക്കുന്നത് അൽബറാക്ക് എന്ന പലിശ രഹിത സ്ഥാപനത്തെയാണ്. സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്രമായ ബോർഡുകളോ കമ്പനികളോ ഈ സ്ഥാപനത്തിൽനിന്ന് വായ്പയെടുക്കണം. റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് വായ്പ എടുത്ത് റോഡ് നിർമ്മാണം നടത്താം. ഇവയ്ക്ക് നിശ്ചിത ശതമാനം സർവ്വീസ് ചാർജ്ജ് സർക്കാർ നൽകും. ഇതിൽ നിന്ന് അൽബറാക്കിന് ലാഭ വിഹിതം നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിലൊക്കെയുള്ള പ്രായോഗിക പ്രയാസം ഒഴിവാക്കാൻ ഡബിൾ ടാക്സേഷൻ അടക്കമുള്ള കാര്യങ്ങൾ പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രസംഗത്തിൽ പറഞ്ഞത്. അൽബറാക്ക് കമ്പനിയാണെങ്കിൽ ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്നുള്ള അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. ഈ പ്രഖ്യാപനവും പഴയ പ്രഖ്യാപനങ്ങളെപ്പോലെ നടപ്പിലാക്കാൻ കഴിയുകയില്ല എന്ന് യാതൊരു സംശയവുമില്ല. ഇപ്പോൾ 1920 കോടി രൂപയുടെ സംസ്ഥാന ഹൈവേ പാക്കേജ്, 325 കോടി രൂപയുടെ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

റോഡ് പാക്കേജ്, ആയിരം കോടി രൂപയുടെ ബൈപ്പാസ് പാക്കേജ്, 628 കോടി രൂപയുടെ ഗ്രാമീണ റോഡ് പാക്കേജ്, പി.ഡബ്ല്യു.ഡി. റോഡിന് 586 കോടി രൂപ, ദേശീയ പാതയിലെ വ്യാപാരികളുടെ പുനരധിവാസത്തിനുവേണ്ടി 25 കോടി രൂപ തുടങ്ങിയ പദ്ധതികളെല്ലാം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം കഴിഞ്ഞ കാലങ്ങളിലേതുപോലെ വെറും പദ്ധതികൾ മാത്രമായി കടലാസിൽ ഒതുങ്ങുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ തുടർച്ചയായി രൂപീകരിച്ച പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിന് കാര്യമായ ശ്രമങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. കഴിഞ്ഞവർഷം നീക്കിവച്ച തുക ചെലവഴിച്ചില്ല. ഈ ബഡ്ജറ്റിൽ 14 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇതൊന്നും നടക്കാൻ പോകുന്നില്ല. ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കായി കേന്ദ്ര സർക്കാർ 2000 കോടി രൂപയിലധികം അനുവദിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോഴാണ് സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളെ പാടെ അവഗണിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഈ നടപടികൾ. അലീഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്ററിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയതായി കാണുന്നില്ല. മഞ്ചേരി ജനറൽ ആശുപത്രിയുടെ പേര് മാറ്റി എന്നുള്ളതല്ലാതെ ആവശ്യമായ തസ്തികകൾ ഇനിയും അനുവദിച്ചിട്ടില്ല. മാത്രമല്ല അവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ, ഒരു ജനറൽ ആശുപത്രിക്ക് വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ ഇപ്പോഴും നടന്നിട്ടില്ല. അതിനുവേണ്ടി ഈ ബഡ്ജറ്റിൽ തുകയൊന്നും മാറ്റി വച്ചിട്ടില്ല. ഇവിടെ എല്ലാവരും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ വലിയ മേനി പറഞ്ഞു. മലപ്പുറം ജില്ലയിലും എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിലെ വൈദ്യുതീകരണത്തിനുവേണ്ടി പണമടച്ച് കാത്തിരിക്കുകയാണ്. പക്ഷേ നിയമസഭയിൽ സബ്മിഷൻ വരെ കൊണ്ടുവന്നിട്ടുപോലും അവിടെ ആവശ്യമുള്ള പോസ്റ്റുകളുടെ ലഭ്യത ഉറപ്പാക്കാൻ കഴിയാത്തതുകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം മുടങ്ങി കിടക്കുകയാണ്. അതിലേയ്ക്കായി എത്രയുംവേഗം നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. സ്വന്തം ജീവിതം മണലാരണ്യങ്ങളിൽ ഹോമിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് വലിയ സംഭാവന ചെയ്യുന്ന പ്രവാസികളുടെ ക്ഷേമത്തിനായി നീക്കി വച്ചത് വെറും 9 കോടി രൂപയാണ്. വിദേശ രാജ്യങ്ങളിലെ തൊഴിൽ സുരക്ഷിതത്വത്തിന് സഹായകരമാകുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കണമെന്നതടക്കമുള്ള പ്രവാസികളുടെ ആവശ്യങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. ആ ആവശ്യവും പരിഗണിക്കപ്പെടാതെ പോയിരിക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി, വർദ്ധിപ്പിച്ച ക്ഷേമപെൻഷൻ ആനുകൂല്യങ്ങൾ എന്നിവയുടെ പേര് പറഞ്ഞ് സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ളവരെ സഹായിക്കുമെന്ന് പ്രഖ്യാപനം നടത്തിയ സർക്കാർ, യഥാർത്ഥത്തിൽ സമൂഹത്തിലെ സമ്പന്ന വിഭാഗങ്ങളായ ഹൗസ് ബോട്ട് ഉടമസ്ഥർ, അബ്കാരികൾ, സ്വർണ്ണ വ്യാപാരികൾ എന്നിവർക്കാണ് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിന് രണ്ടിനും ഇടയിലുള്ള കർഷകരെയും അതുപോലെ സാധാരണക്കാരെയും തൊഴിലാളികളെയും ഈ സർക്കാർ മറന്നിരിക്കുകയാണ്. ഡോ. തോമസ് ഐസക് അവതരിപ്പിച്ച 6 ബഡ്ജറ്റുകളിലും പ്രഖ്യാപനങ്ങൾക്ക് ഒരു പഞ്ഞവും ഉണ്ടായിരുന്നില്ല. അവ നടപ്പിൽ വരുത്തുന്നതിലാണ് കുറ്റകരമായ

LIBRARY ARCHIVES Kerala Legislative Assembly

അനാസ്ഥ ഉണ്ടായിട്ടുള്ളത്. വാരിക്കോരി നൽകിയ വാഗ്ദാനങ്ങളിൽ ഏതൊക്കെ പാലിക്കാൻ സാധിച്ചു എന്നത് തിരിഞ്ഞുനോക്കി പരിശോധിക്കുന്നത് തെരഞ്ഞെടുപ്പിന്റെ വിളിപ്പാടകലെ നിൽക്കുന്ന ഈ അവസരത്തിൽ നന്നായിരിക്കും. കബളിപ്പിക്കപ്പെട്ട സംസ്ഥാന ജനത, വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി ശക്തമായ വിധി എഴുത്ത് നടത്തും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽ കൂടി എതിർക്കുന്നു.

__ശ്രീ. ബി. രാഘവൻ:__ സർ, ഞാൻ ഈ ബഡ്ജറ്റിനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ്. തികഞ്ഞ ചാരിതാർത്ഥ്യത്തോടുകൂടി തന്നെയാണ് ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. കനലെരിയുന്ന വർഗ്ഗത്തിന്റെ പൊതുതാൽപ്പര്യങ്ങളും അവന്റെ അവകാശങ്ങളും അവന്റെ പ്രതീക്ഷകളും നിറവേറ്റുന്ന, കേരളത്തിന്റെ വികസന മുന്നേറ്റത്തെ നയിക്കുന്ന, ആ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് കേരളീയ സമൂഹത്തിലെ എല്ലാതലങ്ങളിലും ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തത്. സാമൂഹ്യമായും സാമ്പത്തികമായും ലിംഗപരമായും അവഗണിക്കപ്പെടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്, പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ ഇടപെടലുകൾ ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. എല്ലാവർക്കും തൊഴിലും നല്ല വരുമാനവും മാന്യമായി ജീവിക്കാനുള്ള അവസരവും ഒരുക്കിക്കൊണ്ടുവരിക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. തീർച്ചയായും കേരളത്തിന്റെ വികസനം അതാണ് സൂചിപ്പിക്കുന്നത്. ആ തരത്തിലുള്ള ഒരു വികസന കാഴ്ചപ്പാടോടുകൂടി അതിൽ ഇടപെടാൻ കഴിയുന്ന എൽ.ഡി.എഫ്.-ന്റെ ഒരു തിരിച്ചറിവാണ് ഈ ബഡ്ജറ്റിന്റെ ദിശാബോധം. ആ നിലയിൽ കേരളീയ സമൂഹം എല്ലാ തലങ്ങളിലും ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. സാധാരണ എല്ലാ ഘട്ടങ്ങളിലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഏതെങ്കിലുമൊരു കോണിൽനിന്നും വിമർശനങ്ങൾ ഉയർന്ന് വരാറുണ്ട്. അത്തരത്തിലുള്ള യാതൊരു അപശബ്ദങ്ങളും ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം കാണാൻ കഴിഞ്ഞില്ല എന്നുള്ളതാണ് വസ്തുത. ഇവിടെ വിവേചനമുണ്ട്. ആ വിവേചനം കേരളത്തിന്റെ മുന്നേറ്റത്തെ തടസ്സപ്പെടുത്തുന്നതാണ്. അതെന്താണെന്നുപറഞ്ഞാൽ, 13-ാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട് കേരളത്തിന് അർഹതപ്പെട്ട വരുമാനത്തിന്റെ വിഹിതം വെട്ടി കുറയ്ക്കുന്നു. ഒരു ഫെഡറൽ സംവിധാനത്തിലുള്ള കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണ്? കേരളം ഒരുപാട് ആഗ്രഹിക്കുന്നു; കേരളം ഒരുപാട് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്, കേരളത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്, കേരളത്തിന്റെ വികസനവും പശ്ചാത്തല സൗകര്യങ്ങളും ശക്തിപ്പെടുത്തി എടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ വ്യാവസായിക രംഗത്ത് വളർച്ച ഉണ്ടാകേണ്ടതായിട്ടുണ്ട്; പിന്നോക്കം പോയി കൊണ്ടിരിക്കുന്ന കാർഷിക മേഖലയിൽ പുരോഗതി ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി സഹായിക്കേണ്ട കേന്ദ്ര ഗവൺമെന്റ് 13-ാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട വിഹിതം വെട്ടികുറയ്ക്കുന്ന നിലപാട് സ്വീകരിക്കുന്നു. അത് വഞ്ചനാപരമായ സമീപനമാണ്. അപ്പുറത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് അവസാനം പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിവിടെ പരാമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇങ്ങനെ ചെയ്യാൻ പാടുണ്ടോ? ഒരു കോമ്പല്ല് കോർത്തിണക്കപ്പെടുന്നതുപോലെ ആ സംവിധാനത്തിൽ പ്രവർത്തിക്കേണ്ടുന്ന കേന്ദ്രഗവൺമെന്റ് ഈ നിലയിൽ സംസ്ഥാനത്തെ അവഹേളിക്കുകയാണ്. എന്നാൽ കേരളത്തിന്റെ സാഹചര്യവുമായി ബന്ധപ്പെട്ടു കൊണ്ടും കേരളത്തിന്റെ വ്യാവസായിക രംഗത്തെ വളർച്ചയെയും പുരോഗതിയെയും ബന്ധപ്പെടുത്തിക്കൊണ്ടും കേന്ദ്ര സർക്കാർ നിരുത്തരവാദപരമായി പെരുമാറാൻ പാടുണ്ടോ? അതാണ് പ്രധാനമന്ത്രി കാട്ടിയത്. ഇവിടെ കേരളത്തിന്റെ എല്ലാ തലങ്ങളിലും ആഗ്രഹിക്കുന്ന, അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഒരു പോലെ ആഗ്രഹിക്കുന്ന വ്യവസായകവത്ക്കരണത്തിന്റെ മുന്നേറ്റവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, പ്രധാനമന്ത്രിയുടെ വരവിൽ, സംസ്ഥാന മുഖ്യമന്ത്രിയും മന്ത്രിമാരും അവഹേളിക്കപ്പെടുകയാണ് ചെയ്തത്. പക്ഷേ ഇതിൽ ഒരു കാര്യമുണ്ട്. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. അങ്ങനെ ചെയ്തുപോയത് കുറ്റമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ച് അദ്ദേഹം പരസ്യമായി അറിയിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്? ഈ പ്രശ്നം ഞങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ട സന്ദർഭത്തിൽ ഈ സഭ അലങ്കോലപ്പെടുത്താനും സഭയ്ക്കുള്ളിൽ കോലാഹലമുണ്ടാക്കാനുമാണ് പ്രതിപക്ഷത്തുനിന്നുള്ളവർ ശ്രമിച്ചത്. പ്രധാനമന്ത്രിയുടെ സമീപനം പ്രതിപക്ഷ നേതാവ് തുടരുമോ, അതാണ് അറിയേണ്ടത്. പ്രധാനമന്ത്രി അത് തിരുത്തി, പിശകായിപ്പോയി എന്നുപറഞ്ഞു. അദ്ദേഹം മുഖ്യമന്ത്രിയെ വിളിച്ച് പരസ്യമായി ഖേദം പ്രകടിപ്പിച്ചു. പക്ഷേ ഈ സഭയിൽ യു.ഡി.എഫ്. കാട്ടികൂട്ടിയ കോലാഹലങ്ങൾ എന്തായിരുന്നു? ആ കോലാഹലം തെറ്റായിപോയി എന്നുപറയാനുള്ള ധാർമ്മിക ബോധം പ്രതിപക്ഷനേതാവിനുണ്ടാകുമോ? ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ബഡ്ജറ്റുമായി ബന്ധപ്പെടുത്തിക്കൊണ്ട് കേരളത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾ ഒരുപാട് പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ രാവിലെ പറഞ്ഞത്, നമ്മുടെ കർഷകത്തൊഴിലാളി പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കണം എന്ന്. ഗവൺമെന്റിന്റെ സമീപനവും ബഡ്ജറ്റ് സമീപനവും അതുതന്നെയാണ്. പക്ഷേ ഇപ്പോൾ 400 രൂപയായേ വർദ്ധിപ്പിച്ചുള്ളൂ. 2001-2006 വരെയുള്ള കാലയളവിൽ അത് വെറും 110 രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ നാല് കൊല്ലക്കാലം കൊണ്ട് അത് 400 രൂപയാക്കി വർദ്ധിപ്പിച്ചു. കുടിൽ മുതൽ കൊട്ടാരം വരെയുള്ളവരെ തീറ്റിപ്പോറ്റുന്ന, സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന, രാജ്യത്തിലെ മണ്ണിന്റെ മക്കളായ കർഷകത്തൊഴിലാളികൾ, അവരെ കണ്ടറിഞ്ഞും തൊട്ടറിഞ്ഞും അതിൽ ഇടപെടാൻ കഴിഞ്ഞ ഈ ഗവൺമെന്റിന്റെ മഹനീയമായ ആ സമീപനത്തെ ദുർബലരായ, അവശരായ ഈ ജനവിഭാഗങ്ങൾ രണ്ട് കയ്യും നീട്ടി സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടാണ് ഇത് പറയുന്നത്. തീർച്ചയായും ഈ ജനവിഭാഗം ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പിന്നിൽ ശക്തമായി അണിനിരക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെതന്നെ അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കി. അത് കൊടുത്തോ എന്ന് അപ്പുറത്തുള്ളവർ ചോദിച്ചു. ഞങ്ങൾ അത് കൊടുത്തിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 28 മാസക്കാലം കുടിശ്ശിക വരുത്തിയിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം മുഴുവൻ കുടിശ്ശികയും കൊടുത്തു തീർത്തു, എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തു. വിതരണം ചെയ്തത് മാത്രമല്ല വർദ്ധിപ്പിക്കുകയും ചെയ്തു. യു.ഡി.എഫ്.-നുണ്ടായിരുന്നത് ആ സമീപനമാണോ? "പാലം കടക്കുവോളം നാരായണ, നാരായണ പാലം കടന്നാൽ പിന്നെ കൂരായണ കൂരായണ" കഴിഞ്ഞ കാലങ്ങളിൽ അതായിരുന്നില്ലേ യു.ഡി.എഫ്-ന്റെ സമീപനം? 2001-ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. എന്താണ് പറഞ്ഞത്? ഞങ്ങൾ അധികാരത്തിൽവന്നാൽ ഇതെല്ലാം വർദ്ധിപ്പിക്കും. പത്ത് നയാപൈസ, പത്ത് ചില്ലിക്കാശ് ഈ പാവപ്പെട്ടവനുവേണ്ടി കൊടുത്തോ? നിങ്ങൾ ആർക്കാണ് കൊടുത്തത്? ആ കൊടുത്തതിന്റെ കഥയാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അതിന്റെ നാറിപുഴുത്ത കഥകൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് തെങ്ങുകയറ്റ തൊഴിലാളികൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. അത് പ്രയാസകരമായ, സാഹസകരമായ പണിയാണ്. പക്ഷെ ആ രംഗത്ത് പണി എടുക്കുന്നവർക്ക് ആശ്വാസം നൽകുന്ന തരത്തിൽ ഒന്നേകാൽ കോടി രൂപയുടെ സഹായം നൽകുന്ന പദ്ധതി ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഒന്നര ലക്ഷത്തോളം വരുന്ന ട്യൂട്ടോറിയൽ കോളേജ് അദ്ധ്യാപകർ, അവർ ഹതഭാഗ്യരാണ്. അവർ ധാരാളം പരീക്ഷകളെഴുതി, ഇന്റർവ്യൂ കഴിഞ്ഞു ടെസ്റ്റ് കഴിഞ്ഞു, പക്ഷെ നിയമനം കിട്ടുന്നില്ല. പോസ്റ്റ് ഗ്രാജ്വേഷനും അതിനുന്നതമായ ബിരുദവുമുള്ള ആ പാവപ്പെട്ട അദ്ധ്യാപക സമൂഹത്തിന് ഗവൺമെന്റ് ക്ഷേമനിധി പ്രഖ്യാപിച്ചിരിക്കുകയാണ്. ആർക്കാണ് അതിനെ എതിർക്കാൻ സാധിക്കുക? സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ കടുത്ത ചൂഷണത്തിന് വിധേയമാകുകയാണ്. ഇവിടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ആകാശംമുട്ടെ പൊങ്ങുകയാണ്. അതിൽ പണിയെടുക്കുന്ന പാവപ്പെട്ട നഴ്സുമാർ അവഗണിക്കപ്പെടുകയാണ് ആ നഴ്സുമാർക്ക് ഒരു ആശ്രയം എന്ന നിലയിൽ ഒരു ക്ഷേമനിധി കൊണ്ടുവരാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിനെ പ്രതിപക്ഷം എതിർക്കേണ്ട കാര്യമുണ്ടോ? എന്തിനാണ് അതിനെ എതിർക്കുന്നത്? ഇതിലൂടെ അവരുടെ പൊതു സമീപനം കാണാൻ സാധിക്കും. ഇവിടെ നെല്ലിന്റെ സംഭരണ വില 14 രൂപയായി ഉയർത്തി. നെല്ലിന്റെ സംഭരണ വില 6 രൂപയായിരുന്ന സന്ദർഭത്തിൽ അത് ഉയർത്തണമെന്നാവശ്യപ്പെട്ട് ഈ സഭയിൽ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഭയ്ക്ക് പുറത്ത് നിരാഹാരസമരം നടത്തി. അന്ന് യു.ഡി.എഫ്. കൂടിയാലോചിച്ചു, കൊടുക്കാമെന്ന് പറഞ്ഞു, പക്ഷെ കൊടുത്തില്ല. ഇന്ന് ഇപ്പോൾ ആ സംഭരണവില 14 രൂപയായി ഉയർത്തി, കഴിഞ്ഞ സർക്കാർ കൊടുക്കാനുണ്ടായിരുന്ന മുഴുവൻ കുടിശ്ശികയും കൊടുത്തു തീർത്തു, അതിനെ ആർക്കാണ് എതിർക്കാൻ കഴിയുക? ആ നിലയിൽ ക്ഷേമപദ്ധതികളെല്ലാം കേരളത്തിൽ പുനരുജ്ജീവിപ്പിക്കപ്പെടുകയാണ്. സമൂഹത്തിലെ പാവപ്പെട്ടവരും ദുർബലരുമായ പ്രാന്തവൽക്കരിക്കപ്പെട്ടുപോയ ആ വിഭാഗത്തെ, അവരുടെ താൽപ്പര്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ ദിശാബോധമാണ്. അതാണ് ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കുക. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യാ രാജ്യത്ത് പട്ടിണിക്കാരില്ലാത്ത നാട് കേരളമാണ്. 40 ലക്ഷം കുടുംബങ്ങൾക്ക് ആശ്വാസമായി രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നു. കേന്ദ്രഗവൺമെന്റാകട്ടെ കേരളത്തിന്റെ അരി വിഹിതം വെട്ടി കുറയ്ക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം ബി.പി.എൽ/എ.പി.എൽ. മാനദണ്ഡം വെട്ടി കുറയ്ക്കണമെന്നാണ്. കേന്ദ്രഗവൺമെന്റ് പറയുന്നത്, 11 ലക്ഷം കുടുംബങ്ങൾ മാത്രമേ പാടുള്ളു എന്നാണ്. ആ സന്ദർഭത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 40 ലക്ഷം കുടുംബങ്ങളെ ഇതിന്റെ പരിധിയിൽകൊണ്ടുവന്നത്. ഇപ്പോൾ അവർക്ക് സുലഭമായി 2 രൂപയ്ക്ക് അരി കിട്ടുന്നു. പട്ടിണിക്കാരില്ലാത്ത ഒരു നാട്, ലോകത്തിന്റെ തുരുത്തിൽ ഉണ്ടെന്നുണ്ടെങ്കിൽ അത് ഈ കൊച്ചുകേരളമാണ്. അതിനെ എങ്ങനെയാണ് അവഗണിക്കാൻ കഴിയുന്നത്. വൈദ്യുതി രംഗത്തും വ്യാവസായിക രംഗത്തും ലാഭമുണ്ടായി. മുൻകാലത്തെ നഷ്ടം ഇപ്പോൾ ലാഭമായി. മുൻകാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിൽ പലതും ഇന്ന് തുറന്നുപ്രവർത്തിക്കുന്നു. അതുപോലെതന്നെ കശുവണ്ടി മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും, യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 50 ദിവസം മാത്രമേ ജോലി ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ബഡ്ജറ്റിൽ 52 കോടി രൂപയോളം നീക്കി വച്ചിരിക്കുകയാണ്. അവർക്ക് ഗ്രാറ്റുവിറ്റിയും മറ്റെല്ലാ ആനുകൂല്യങ്ങളും കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് തവണ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി പരിഷ്കരിച്ചു. അടിമക്കൂലിയിൽ നിന്നും അവരെ മാറ്റി. നല്ല ആകർഷകമായ കൂലികൊണ്ടു വന്നു. അതിന്റെ ഫലമായി ആ വ്യവസായത്തിൽ ഇന്നിപ്പോൾ 200 ദിവസത്തോളം ജോലിയുണ്ട്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് കേവലം 50 ദിവസം മാത്രമേ ജോലി ഉണ്ടായിരുന്നുള്ളു. ഇന്നിപ്പോൾ 200 ദിവസത്തിലേറെ ജോലി ഉണ്ടായിരിക്കുന്നു. കയർ മേഖലയിലും കൈത്തറി മേഖലയിലും മാത്രമല്ല, എല്ലാ രംഗത്തും ഈ മാറ്റം കാണാൻ കഴിയും. ആ നിലയിൽ പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ പാവപ്പെട്ട, മഹാഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാളികളെ മാനിക്കുന്നതിനും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ സാമ്പത്തിക നിലപാടും അതോടൊപ്പം തന്നെ രാഷ്ട്രീയമായ ഇച്ഛാശക്തിയും കൊണ്ടു സാധിച്ചു. അതുകൊണ്ടുതന്നെയാണ് കേരളത്തിൽ ഈ മാറ്റം കൈവരിക്കപ്പെട്ടത്, കേരളം ഈ പുരോഗതി നേടിയത്. കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞു, കേരളത്തിലെ വ്യാവസായിക മുന്നേറ്റത്തിന് നിദാനം കുറിക്കപ്പെട്ടത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് എന്ന്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ പറഞ്ഞു, ഏതെല്ലാം തരത്തിൽ അവഗണിക്കപ്പെട്ടുപോയിട്ടുണ്ടെങ്കിലും കേരളം കൈവരിക്കപ്പെട്ട നേട്ടത്തെ പ്രകീർത്തിക്കുകയാണ് എന്ന്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ ബന്ധപ്പെടുത്തികൊണ്ട് മുഖ്യമന്ത്രിമാരുടേയും ദേശീയ കക്ഷി മന്ത്രിമാരുടെയും യോഗം വിളിച്ചുകൂട്ടിയപ്പോൾ, കേരളത്തെ കണ്ടുപഠിക്കാനാണ് പ്രധാനമന്ത്രി പറഞ്ഞത്. എന്താണ് ഇവിടെ കാണുന്നത്? ഈ കണ്ട നേട്ടങ്ങളെല്ലാം കൈവരിച്ച കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭയപ്പാടും ഇല്ല. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, ഒരു സംശയവും വേണ്ട, 2006 കേരളത്തിൽ ആവർത്തിക്കും. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയും നമ്മളെല്ലാവരും ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. ഒരു സംശയവും വേണ്ട. 2006 കേരളത്തിൽ ആവർത്തിക്കാൻ പോവുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരിച്ചുവരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. എന്തുകൊണ്ടാണെന്നുവച്ചാൽ, കേരളത്തിലെ ജനങ്ങളെല്ലാം തിരിച്ചറിവുള്ളവരാണ്, കേരളത്തിൽ എല്ലാവരും സമ്പൂർണ്ണ സാക്ഷരത കൈവരിക്കപ്പെട്ടവരാണ്. ഇന്നിപ്പോൾ യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം എന്താണ് പറയാനുള്ളത്? ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ കേരള യാത്രയുമായി ബന്ധപ്പെട്ടുകൊണ്ട് എന്താണ് പറഞ്ഞത്? ആ ജാഥ തിരുവനന്തപുരത്ത് അവസാനിക്കുമ്പോൾ ഒരു ഭൂകമ്പം ഉണ്ടാകും. ശരിയാണ്, ഒരു ഭൂകമ്പമുണ്ടായി. എന്താണ്? ശ്രീ. ബാലകൃഷ്ണപിള്ള ജയിലിലായി? എന്താണ് അദ്ദേഹം പറഞ്ഞത്? നാടിനെ സേവനം ചെയ്തതിന് ലഭിച്ച പ്രതിഫലമാണ് എന്നാണ്. എന്താണ് നാടിനെ സേവിക്കാൻ വേണ്ടി അദ്ദേഹം ചെയ്തത്? പൊതുഖജനാവ് കൊള്ളയടിക്കലാണോ നാടിന്റെ സേവനം. നിങ്ങൾ പറയണം. ഈ നാടിന്റെ സമ്പത്ത്, ഈ നാടിന്റെ വിഭവങ്ങൾ കൊള്ളയടിക്കലാണോ? അത് ന്യായീകരിക്കുന്ന നിലപാട് കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുമാത്രമാണോ? ഇന്ന് യു.ഡി.എഫ്. കുറ്റവാളികളുടെ ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്, കൊടും കുറ്റവാളികളുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. അഴിമതിയുടെ പെരുങ്കാലമാണ്. മാന്യതയുണ്ടെങ്കിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് യു.ഡി.എഫ്. പിരിച്ചുവിടണം. എന്നിട്ട് കോൺഗ്രസ്സ് കോൺഗ്രസ്സായി നിൽക്കണം. ഈ അഴിമതിക്കാരെയും തീവെട്ടി കൊള്ളക്കാരെയും ഒരു പരിധിക്ക് അകലെ മാറ്റിനിർത്തണം. ഇല്ലെങ്കിൽ ദുർഗന്ധം വമിക്കും. ദുർഗന്ധം ഏറ്റുവാങ്ങേണ്ടിവരും. യു.ഡി.എഫ്. ഇന്നൊരു ചണ്ടിവണ്ടിയാണ്. അത് തള്ളാൻ പോലും ആളില്ല. അത്രകണ്ട് ദുർഗന്ധമാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത്, യു.ഡി.എഫ്. എന്ന രാഷ്ട്രീയ മുന്നണി ജീർണ്ണതയിലാണ് എന്ന്. ആ ജീർണ്ണതയിൽ കിടക്കുന്ന മുന്നണിയിൽ ആ ജീർണ്ണത കൂടുതൽ വമിച്ചുകൊണ്ടിരിക്കുന്നു. അതാണ് ഇന്നലെ വാർത്തയിൽ കേട്ടത്. ആ വാർത്തയിൽ ഇപ്പോൾ ആരാണ് വന്നിരിക്കുന്നത്. കേന്ദ്ര മന്ത്രി ശ്രീ. വയലാർ രവി പോലും വന്നിരിക്കുന്നു. ഞങ്ങളാരും പറഞ്ഞതല്ല. ഞങ്ങളാരും ചെയ്തതല്ല. കേന്ദ്ര മന്ത്രി ശ്രീ. വയലാർ രവിപോലും ഇതിൽ വന്നിരിക്കുകയാണ്. പുതിയ പുതിയ വെളിപ്പെടുത്തലുകൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. എന്താണ് സർ കാട്ടുക? ശ്രീ. കെ. സുധാകരൻ എം.പി. കോടതിയെക്കുറിച്ച് എന്താണ് പറഞ്ഞത്. അദ്ദേഹം അതിൽ ഉറച്ചുനിൽക്കുവെന്നാണ് പറഞ്ഞത്. എന്താണ് കോൺഗ്രസ്സിന്റെ നിലപാട്? പറയണം നിങ്ങൾ. ഈ രാജ്യത്തെ ഭയപ്പെടുത്തുന്ന തരത്തിലുള്ള വെളിപ്പെടുത്തലുകൾ സുപ്രീം കോടതിയുടെ ഇടപെടലുകളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ രാജ്യം കൊള്ളയടിക്കുന്ന, ഈ സമ്പത്ത് കൊള്ളയടിക്കുന്ന പ്രമാണിമാർ, കോടീശ്വരന്മാരുടെ എണ്ണം ശതകോടീശ്വരന്മാരായി മാറുന്നു. ദരിദ്രന്മാർ കൂടുതൽ കൂടുതൽ ദരിദ്രന്മാരായി മാറിക്കൊണ്ടിരിക്കുന്നു. ആ സന്ദർഭത്തിൽ സുപ്രീം കോടതി എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്? വിദേശ ബാങ്കുകളിൽ കള്ളപ്പണം നിക്ഷേപിച്ചിരിക്കുന്നവരുടെ പേര് വിവരം വെളിപ്പെടുത്തണം എന്നാണ്. എന്തുകൊണ്ടാണ് കോൺഗ്രസ്സ് അതിന് തയ്യാറാകാത്തത്? ഈ കള്ളന്മാരും കൊള്ളക്കാരും ഈ നാട് കട്ടുമുടിച്ച് വിദേശബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട ഈ നാടിന്റെ അർഹതപ്പെട്ട പണം, ഈ നാടിന്റെ വികസനത്തിനുവേണ്ടിയുള്ള പണം, ഈ നാടിന്റെ ക്ഷേമത്തിനുവേണ്ടിയുള്ള പണം, കോടാനുകോടി വരുന്ന ഇന്ത്യൻ ഗ്രാമീണ മേഖലയിലെ പട്ടിണിപ്പാവങ്ങൾക്ക് ആശ്വാസം കൊടുക്കേണ്ടതായ ഈ പണം വിദേശബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആ പണം കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ? ഇവിടെ കോൺഗ്രസ്സ് വിറച്ചുനിൽക്കുന്നതെന്താണ്? മഹാത്മാഗാന്ധിയുടെയും നെഹ്റുവിന്റെയും കോൺഗ്രസ്സ് എന്തുകൊണ്ട് മടിച്ചു നിൽക്കുന്നു. അതുകൊണ്ട് ഞങ്ങൾ പറയുന്നത്, ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആന്റ് കമ്പനി ഒരുതരം തീവെട്ടി കൊള്ളക്കാരുടെ കമ്പനിയായി മാറുന്നു. അദ്ദേഹം മൂകസാക്ഷിയായി നോക്കിനിൽക്കുന്നു. ഇതെല്ലാം ഇന്ത്യയിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. അഴിമതിയെ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കുന്ന ജനങ്ങളല്ല എന്ന് ഇന്ത്യ ഗവൺമെന്റ് ഓർത്തുകൊള്ളണം. 1985-ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് ബോഫോഴ്സ് കുംഭകോണം ഉയർന്നുവന്നത്. പക്ഷേ, തുടർന്നു വന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ ജനങ്ങൾ തിരസ്ക്കരിച്ചു. ആ അനുഭവത്തിലേയ്ക്ക് ഈ രാജ്യം മാറുകയാണ്. അഴിമതി ജനങ്ങളാരും സ്വീകരിക്കുന്നില്ല. എന്തെല്ലാം അഴിമതികൾ. ക്രിക്കറ്റിൽ അഴിമതി, കോമൺ വെൽത്ത് ഗെയിംസിൽ അഴിമതി, ആദർശ് കുംഭകോണത്തിൽ അഴിമതി, ഭൂമിയിൽ അഴിമതി, എവിടെയുണ്ടോ അഴിമതി അവിടെയെല്ലാം കോൺഗ്രസ്സുണ്ട്. യു.പി.എ. ഗവൺമെന്റുമുണ്ട്. എന്താണ്? ഇങ്ങനെയൊരു കാലമുണ്ടായിട്ടുണ്ടോ? അതുകൊണ്ടാണ് അഴിമതിയുടെ പെരുമഴക്കാലമെന്ന് ഞങ്ങൾ പറയുന്നത്. അതുകൊണ്ടാണ് കേരളത്തിലെ യു.ഡി.എഫ്. ജീർണ്ണതയുടെ കൂടാരമാണ് എന്ന് ഞങ്ങൾ പറയുന്നത്. ആ നിലയിൽ കേരളത്തിലെ യു.ഡി.എഫ്-നെ ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ തിരസ്ക്കരിക്കുകയും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവരുകയും ചെയ്യുന്ന തരത്തിലുള്ള ഒരു സാഹചര്യമാണ് ഇന്നുള്ളത്. അതിന് ദിശാകരുത്തു പകരുന്നതുതന്നെയാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, 2011-12 വർഷത്തെ ബഡ്ജറ്റ് വാഗ്ദാനങ്ങളുടെ ഒരു വെടിക്കെട്ടുമാത്രമായിട്ടാണ് ഞാൻ കാണുന്നത്. നമ്മുടെ പ്രിയങ്കരനായ കവി ഒ.എൻ.വി. കുറുപ്പിന്റെ വരികൾ ഉദ്ധരിച്ചു കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് തുടങ്ങിയതും അവസാനിപ്പിച്ചതും. ഞാൻ ഓർത്തു പോകുന്നത് ബഹുമാനപ്പെട്ട നമ്മുടെ കവി ഒ.എൻ.വി. കുറുപ്പിന്റെ അമൃതം നഷ്ടപ്പെട്ടവർ എന്ന കവിതയിലെ നാലു വരികളാണ്.

"കേവലാഹ്ലാദത്തിന്റെ അമൃതം നഷ്ടപ്പെട്ടോർ

നാം വരുംവരായ്മകൾ ചിന്തിച്ച് ദുഃഖിപ്പവർ"

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് വർഷംമുമ്പ് ഈ സർക്കാർ വരാൻ ആഗ്രഹിച്ചവരും വന്നപ്പോൾ ആഹ്ലാദിച്ചവരുമാണ് നമ്മൾ. ഇന്ന് നമ്മളൊക്കെ ദുഃഖിക്കുകയാണ്. ഇന്ന് ഈ സർക്കാരിനെ ഓർക്കുമ്പോൾ ഞങ്ങളും ഒ.എൻ.വി. പറഞ്ഞതുപോലെ ചിന്തിച്ചു ദുഃഖിക്കുകയാണ്. മുൻ വർഷങ്ങളിലെ ബഡ്ജറ്റിൽ പറഞ്ഞത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഇതിനെ നാടൻ ഭാഷയിൽ ബഡായി പറയുകയെന്നൊരു ചൊല്ലുണ്ട്. ബഡായി ബഡ്ജറ്റ് എന്ന് പറയും. നമ്മുടെ നാട്ടിൽ സാധാരണ ഇതിനെ ബഡായി എന്ന് പറയും. ഒരു പൊങ്ങച്ചം പറയൽ. പൊങ്ങച്ച ബഡ്ജറ്റായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. വാളയാറിൽ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു ചെക്ക്പോസ്റ്റ്, തിരുവനന്തപുരം ടെലികോം സിറ്റി, 0,000 കോടി രൂപയുടെ അതിവേഗ റെയിൽ കോറിഡോർ, പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് തുടങ്ങി നിരവധി പ്രഖ്യാപനങ്ങളും. ആ പാക്കേജ് കൊണ്ട് എന്താണ് കാര്യം? ധനകാര്യ വകുപ്പുമന്ത്രിക്കുതന്നെ അറിയാം. ആയിരം കോടി രൂപയുടെ ഹരിത നിധി, ഡാമുകളിൽ നിന്നുള്ള മണൽവാരൽ പദ്ധതി ഇങ്ങനെ 2005-06 മുതൽ 2010-11 വരെ നിരവധി വാഗ്ദാനങ്ങളുടെ ഒരു പെരുമഴ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത്രയും കാലം ഭരണത്തിൽ ഉണ്ടായിട്ടും ഒന്നും നടപ്പിലാക്കിയില്ല. പിന്നെയാണോ വെറും രണ്ട് മാസത്തിനുള്ളിൽ ഇതെല്ലാം ചെയ്യുന്നത്. എന്തിനാണ് ഇനിയും ജനങ്ങളെ മോഹന വാഗ്ദാനങ്ങളുമായി വഞ്ചിക്കുന്നത്? അഞ്ച് വർഷം കൊണ്ട് കേരളത്തിന്റെ അവസ്ഥ, കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഇന്ത്യയിൽ ഏറ്റവും കൂടുതൽ റവന്യൂ കമ്മിയുള്ള സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ കൊച്ചുകേരളത്തെ മാറ്റി. ശ്രീ. കെ. എം. മാണി അതിനെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിച്ചു. ഞാൻ അതിലേക്ക് കടക്കുന്നില്ല. പൊതു കടം ഇപ്പോൾ 78000 കോടി രൂപയായി. സർക്കാർ ചെലവിൽ നല്ല ചികിത്സ ലഭിക്കാതെ പാവപ്പെട്ട രോഗികൾ മരണത്തെ പ്രാപിക്കുകയാണ്. സാധാരണക്കാരായ ജനങ്ങൾപോലും പ്രൈവറ്റ് ആശുപത്രികളെയാണ് ശരണം പ്രാപിക്കുന്നത്. ഇത് പരിഹരിക്കാൻ നിർദ്ദേശങ്ങൾ വേണം. ഭക്ഷ്യ സുരക്ഷയ്ക്കും വിലക്കയറ്റത്തിനും എതിരെ ക്രിയാത്മകമായ ഒരു പദ്ധതിയും ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടില്ല. രൂക്ഷമായി വരുന്ന കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സാധിക്കുന്നില്ല. ഇവിടത്തെ എം.എൽ.എ.-മാരൊക്കെതന്നെ വളരെയധികം പറയുന്ന ഒരു കാര്യമാണ്, വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന നടപടി. വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവർത്തികളുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾക്ക് കുറഞ്ഞത് 9 മാസമെങ്കിലും എടുക്കും. ആ പ്രവൃത്തി തുടങ്ങാൻ വീണ്ടും ആറ് മാസം. അങ്ങനെ ഒന്നര വർഷം കഴിഞ്ഞാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിയൂ. ഇനിയും തുടങ്ങാത്ത ഒരുപാട് പദ്ധതികളുണ്ട്. അതേസമയം പി.ഡബ്ല്യൂ.ഡി. പദ്ധതികളൊക്കെ നടപ്പിലാക്കാൻ ഒന്നൊന്നര മാസമേ എടുക്കുന്നുള്ളൂ. ഇത് പരിഹരിക്കാൻ നടപടിയുണ്ടാകണം. 2009-ന് ശേഷം കേരള വാട്ടർ അതോറിറ്റി ഒരു വർക്കും ഇനിയും തീരുമാനിച്ചിട്ടില്ല. ഏകദേശം തൊണ്ണൂറോളം പ്രവൃത്തികൾ ഇന്ന് പെൻഡിംഗിലാണ്. 70 കേന്ദ്രങ്ങളിൽ ഇതൊന്നും തുടങ്ങാൻ സാധിച്ചിട്ടില്ല. ഇക്കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. ഇതിനെക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളുടെ ദയനീയാവസ്ഥ തുടരുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും അഴിമതിയും ഉദ്യോഗസ്ഥ മേധാവിത്വവും അനിയന്ത്രിതമായി സംസ്ഥാനത്ത് നടമാടുകയാണ്. ലോക്കപ്പ് മർദ്ദനം കസ്റ്റഡി മരണം ആജ്ഞാനുവർത്തികളായ പോലീസും നിയമപക്ഷങ്ങൾക്കുനേരെയുള്ള അക്രമവും നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ഇസ്മയിൽ എന്നയാൾ ലോക്കപ്പിൽ വച്ച് കൊലചെയ്യപ്പെട്ടിരുന്നു. ഇതുവരെയും അന്വേഷണം എവിടെയും എത്തിയിട്ടില്ല. അക്രമസംഭവങ്ങൾ പെരുകുകയാണ്. ഞാൻ കഴിഞ്ഞ ഒൻപതാം തീയതി ബോംബു നിർമ്മാണത്തെക്കുറിച്ച്, ഞങ്ങളുടെ പ്രദേശങ്ങളിലെ തലശ്ശേരിയിലും കൂത്തുപറമ്പിലും പാനൂരും നാദാപുരത്തുമുള്ള ബോംബ് നിർമ്മാണത്തെ കുറിച്ച് വളരെയധികം വിശദമായി പറഞ്ഞിരുന്നു. അതൊന്നും പിടിച്ചെടുക്കാൻ സാധിക്കുന്നില്ല. ഇത് മലയാള മനോരമ പത്രമാണ്, ഇന്നലെ തലശ്ശേരിക്കടുത്ത് റെയിൽവെ ട്രാക്കിൽ നാടൻ ബോംബുകൾ. ഇന്നലെ വാഹിദ് എന്നുപറയുന്ന യുവാവ് അതുവഴി കടന്നുപോയില്ലായിരുന്നുവെങ്കിൽ ആയിരക്കണക്കിന് ആളുകൾ മരണമടയുമായിരുന്നു. നാല് ബോംബുകളാണ് റെയിൽവേട്രാക്കിൽ ഉണ്ടായിരുന്നത്. ഇതൊന്നും പിടിച്ചെടുക്കാൻ സാധിക്കുന്നില്ല. പിടിച്ചെടുത്താൽതന്നെ ഉറവിടങ്ങൾ എവിടെയാണെന്ന് കണ്ടെത്താൻ സാധിക്കുന്നില്ല. അങ്ങനെ പോകുന്നു ഇതിന്റെ കാര്യങ്ങളൊക്കെ തന്നെ. അക്രമം ഇല്ലാതാക്കാൻ നമുക്ക് സാധിക്കണം. കേന്ദ്ര ഫണ്ട് വേണം. പക്ഷേ നാം കേന്ദ്രത്തെ എല്ലാപ്പോഴും എതിർക്കുകയാണ്.

ശ്രീ. സി. കെ. പി. പത്മനാഭൻ: അങ്ങയുടെ വീടിനുനേരെ ബോംബ് എറിഞ്ഞതാരാണെന്ന് പറഞ്ഞില്ലല്ലോ?

ശ്രീ. കെ. പി. മോഹനൻ: പറഞ്ഞല്ലോ...ഞാൻ പറഞ്ഞല്ലോ? ആർഎസ്എസ്... അതിനെക്കുറിച്ച് പറയാം. 6-ാം തീയതി അർദ്ധരാത്രിയാണ് വീട്ടിൽ ബോംബ് എറിഞ്ഞത്. അർദ്ധരാത്രി ബോംബ് എറിഞ്ഞത് ആരാണെന്ന് നമ്മൾ എങ്ങനെയാണ് അറിയുക? അതുകൊണ്ട് ആദ്യം പറഞ്ഞില്ല......(ബഹളം)....അങ്ങനെ പിരിക്കണ്ട... തമാശയാക്കേണ്ട കാര്യമല്ല. കാര്യമായി എടുക്കേണ്ടതാണ്. അർദ്ധരാത്രി പപ്പേട്ടന്റെ വീട്ടിൽ ഒരാൾ ബോംബെറിഞ്ഞാൽ ആരാണെന്ന് പറയാൻ പപ്പേട്ടന് സാധിക്കുമോ? നിൽക്കട്ടെ, ഞാൻ പറയാം. അവരെ പിടിച്ചപ്പോൾ പറഞ്ഞല്ലോ ആർ. എസ്. എസ്. കാരാണെന്ന്. പിടിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു. പിടിച്ചപ്പോൾ ആർ.എസ്.എസ്.-കാരാണെന്ന് പറഞ്ഞല്ലോ? ഇപ്പോഴും പറയുന്നു ആർ.എസ്.എസ്. കാരാണെന്ന്. പക്ഷേ ആർ.എസ്.എസ്.-ന്റെ മുഴുവൻ ഭാഗവും അതിൽ ഇല്ലായെന്നും പറയുന്നുണ്ട്. അതിൽ പറയാനൊന്നുമില്ല. നിങ്ങൾ സി.പി.എം.-കാരനെ ആക്രമിച്ചാൽ അത് ബി.ജെ.പി.-യാണെന്നും ബി.ജെ.പി.-ക്കാരനെ ആക്രമിച്ചാൽ സി.പി.എം.-കാരനെന്നും പറയുന്ന രീതിയല്ല ഞങ്ങളുടേത്. ജലസേചന മേഖലയിലും കേര കർഷക മേഖലയിലും കേന്ദ്രം അനുവദിച്ച ഫണ്ട് വിനിയോഗിക്കാത്തതുകാരണം കൂടുതൽ പ്രതിസന്ധി ഈ മേഖലയിൽ അനുഭവിക്കുകയാണ്. കാർഷിക മേഖലയെ ഈ സർക്കാർ അവഗണിച്ചിരിക്കുകയാണ്. കേരളത്തിൽ 10 ലക്ഷത്തോളം കേര കർഷകരുണ്ട്. ഇവിടെ ഒരുപാട് ക്ഷേമനിധികൾ പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പേര് തന്നെ കേരളമെന്നല്ലേ? തെങ്ങിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

തേങ്ങയിടണമെങ്കിൽ തെങ്ങ് കയറ്റക്കാർ വേണം. തെങ്ങുകയറ്റക്കാർക്ക് ഇതുവരെ ക്ഷേമനിധിയുണ്ടാക്കിയിട്ടില്ല. തെങ്ങ് കയറ്റക്കാർ ഒരുപാട് പാവപ്പെട്ട ആളുകളാണ്, അവർക്ക് അപകടമുണ്ടാകുന്നു. അപ്പോൾ അതിനുവേണ്ടിയുള്ള ഒരു ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ മുന്നോട്ട് വരണം. 2009, 9-ാം മാസത്തിൽ ബഹുമാനപ്പെട്ട മന്ത്രി, 'തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്' എന്ന് പറഞ്ഞു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. പരിശോധന എവിടംവരെ എത്തിയെന്നുപോലും പറയാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. ആ രീതിയിലുള്ള ഒരുപാട് വാഗ്ദാനങ്ങൾ നൽകുകയാണ്. ലക്ഷം വീടുകളുടെ പുനരുദ്ധാരണം, എം.എൻ. ലക്ഷം വീട് പദ്ധതി, വളരെ നല്ലൊരു പദ്ധതിയാണ്. ഞാനാണ് അതിന് ആദ്യമായി ഒരു തുടക്കം കുറിച്ചത്. എന്റെ മണ്ഡലത്തിലെ ഒരു ലക്ഷംവീട് കോളനി ഹൈടെക് ലക്ഷം വീട് കോളനിയാക്കാനുള്ള നടപടികളുമായി നല്ല വിശദമായ ഡയഗ്രാമൊക്കെയുണ്ടാക്കി സർക്കാരിനു സമർപ്പിച്ചു. അതിന്റെ ഭാഗമായിട്ടാണ് എം.എൽ.എ. ഫണ്ട് വിനിയോഗിക്കണമെന്നുള്ള ഉത്തരവ് ലഭിച്ചത്. ലക്ഷം വീട് പദ്ധതി പ്രകാരം എം.എൽ.എ. ഫണ്ട് 75,000 രൂപ മാത്രമേ നൽകുന്നുള്ളു. പക്ഷേ 50,000 രൂപ എം.എൽ.എ. ഫണ്ട് എന്ന പേരിൽ ഞാനും ആ പദ്ധതിക്ക് നൽകാൻ തുനിഞ്ഞു, അതിന് നടപടികളായി. പക്ഷേ ഇപ്പോൾ അത് വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. സംസ്ഥാനത്തെ അൺ ഇക്കണോമിക് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് മതിയായ വിദ്യാഭ്യാസം ലഭിക്കാൻ അൺ ഇക്കണോമിക് വിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തിക അംഗീകരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞുവെങ്കിലും ഇതുവരെയും സ്വീകരിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന്മാരെ അംഗീകരിക്കണം. അതിന് നടപടിയായിട്ടില്ല. അങ്ങനെ ഒട്ടേറെ കാര്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ചെയ്തുതീർക്കാനുണ്ട്. ലോട്ടറി വിൽപ്പന തൊഴിലാളികളുടെ പ്രശ്നം ഒരുപാട് ചർച്ച ചെയ്യപ്പെട്ടതാണ്. ഒരുപാട് പാവപ്പെട്ട ആളുകളുണ്ട്, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. റേഷൻ കട ഉടമകളുടെ പ്രശ്നങ്ങൾ. ഈ അടുത്ത ദിവസം ഒരുപാട് റേഷൻ വ്യാപാരികൾ വന്ന് സമരം നടത്തി. അവരുടെ പ്രശ്നങ്ങളൊന്നും പരിഹരിക്കുന്ന രൂപത്തിലേക്ക് ഈ സർക്കാർ മുന്നോട്ടുവരുന്നില്ല. റേഷൻ വ്യാപാരികളുടേയും അതുപോലെതന്നെ സാധനങ്ങൾ കയറ്റി ഇറക്കുന്ന ആളുകളുടേയും കാര്യങ്ങൾ ഈ സർക്കാർ ഗൗരവപൂർവ്വം ചിന്തിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വർദ്ധിച്ച പൊതുമരാമത്ത് പ്രവൃത്തികൾ, അത് പൂർത്തീകരിക്കാൻ ഇന്ന് സാധിക്കുന്നില്ല. അങ്ങനെ ഒരുപാട് പഞ്ചായത്തുകളുണ്ട്. കാരണം അതിനൊരു എഞ്ചിനീയറിംഗ് വിംഗ് ഇല്ല. എഞ്ചിനീയറിംഗ് വിംഗ് ഇല്ലെങ്കിലും അവിടെ അതിന് സഹായകരമായി ക്ലറിക്കൽ ജോലി ചെയ്യാനുള്ള ആളുകൾ ഇല്ല എന്നത് വളരെ ഗൗരവത്തോടുകൂടിയാണ് കാണേണ്ടത്. അതുകൊണ്ട് അതിനു വേണ്ടിയുള്ള ക്ലറിക്കൽ സംവിധാനവും ഏർപ്പെടുത്തിക്കൊടുക്കണം. പ്രവാസികളുടെ കാര്യങ്ങളൊക്കെത്തന്നെ വളരെ ഗൗരവത്തോടുകൂടി ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. 2001 വർഷത്തിൽ പുതിയ ബ്ലോക്കുകളുടെ പേര് രേഖപ്പെടുത്തി കാണുന്നില്ല. വോളിയം IV-ൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും പഞ്ചായത്തുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകൾക്കുമൊക്കെ തന്നെ ഇത്ര പദ്ധതിവിഹിതം നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പദ്ധതിവിഹിതം പഴയ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പുതിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം എത്രയാണെന്ന് പറഞ്ഞിട്ടില്ല. പറവൂർ ബ്ലോക്ക് പഞ്ചായത്ത് അടക്കമുള്ള ബ്ലോക്കുകൾക്ക് പദ്ധതിവിഹിതം എത്രയാണെന്ന് പറഞ്ഞിട്ടില്ല. അവർ ഈ പ്രാവശ്യത്തെ പദ്ധതിയിൽ എത്ര രൂപ ചെലവഴിക്കണമെന്ന് അറിയില്ല. ഏതെല്ലാം മേഖലയിൽ ചെലവഴിക്കണമെന്നറിയില്ല. കെട്ടിടം പണിയാൻവേണ്ടി 4 കോടി രൂപ 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രം നീക്കിവച്ചിരിക്കുകയാണ്. ആ നിലയിൽ പോകുകയാണ്. അങ്ങനെ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ബാക്കിയുള്ളപ്പോൾ പുതിയതായി ഒരുപാട് വാഗ്ദാനങ്ങളുമായി വരുന്ന ഈ ബഡ്ജറ്റ് എന്തായാലും ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ലെന്ന് മാത്രമല്ല, ഇത് ജനവഞ്ചനയാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ 5 വർഷമായി തുടരുന്ന ഇടതുപക്ഷ ബദൽ നയത്തിന്റെ മൂർത്തമായ വിജയമാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ 5 ബഡ്ജറ്റുകളുടെ അനിവാര്യമായ തുടർച്ചയാണ് ഈ ബഡ്ജറ്റ്. അങ്ങനെ തുടർച്ചയായ ബഡ്ജറ്റാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ഇതിനുമുമ്പ് അവതരിപ്പിക്കാൻ കഴിയുന്നതല്ല. ഒരു ചെടി വളരുമ്പോൾ തളിരിലകൾ വന്നതിനുശേഷം അവ മൂക്കുകയും പിന്നീട് പുഷ്പങ്ങളുണ്ടാകുകയും ചെയ്തശേഷമാണ് കായ്ഫലങ്ങളുണ്ടാകുക. വിളഞ്ഞ കായ്കൾ കാണുമ്പോൾ ഇത് എന്തേ നേരത്തെ ചെടിയിലുണ്ടാകാതിരുന്നത് എന്ന് ചോദിക്കുന്നതുപോലെയാണ് ഈ ബഡ്ജറ്റ് 2006-ൽ അവതരിപ്പിക്കാതിരുന്നതെന്തേ എന്ന് ചോദിക്കുന്നത്. കടത്തിന്റെ വളർച്ചാനിരക്കിനെക്കാൾ കൂടുതൽ വളർച്ചാ നിരക്ക് സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടാക്കിയശേഷം മാത്രമേ ഭാവി വരുമാനത്തെ മുൻകൂട്ടി കണ്ട് പദ്ധതികൾ നടപ്പാക്കാൻ കഴിയൂ. 40,000 കോടി രൂപയുടെ പശ്ചാത്തല വികസന പരിപാടികൾ ആരംഭിക്കാൻ കഴിയൂ. ഇ.എം.എസ്. പാർപ്പിട പദ്ധതിയാണ് ഇത്തരത്തിലുള്ള ഒരു സങ്കല്പത്തിനുതന്നെ വഴിതുറന്നത്. മുൻകാലത്ത് സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാനിരക്കിനെക്കാൾ കൂടുതലായിരുന്നു കടത്തിന്റെ വളർച്ചാനിരക്ക്. അത് കടക്കെണിയിലേക്ക് നീക്കും എന്നതിനാൽ ഭാവി വരുമാനത്തെ വിഭവസ്രോതസ്സായി കാണുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് 40,000 കോടി രൂപയുടെ പദ്ധതി 4 കൊല്ലം മുമ്പ് പ്രഖ്യാപിക്കാതിരുന്നത്. കടത്തിന്റെ വളർച്ചാനിരക്കിനെക്കാൾ കുറവായിരുന്നു സമ്പദ്‌വ്യവസ്ഥയിലെ വളർച്ചാ നിരക്ക്. ഭാവി വരുമാനത്തെ വിഭവസ്രോതസ്സായി അപ്പോൾ കാണാൻ കഴിയില്ല. വർദ്ധിച്ച റവന്യൂ കമ്മി കാരണം മൂലധന നിക്ഷേപവും അസാദ്ധ്യമായിരുന്നു. അതാണ് പഴയ കേരളം. ഈ ദുരവസ്ഥയെ മാറ്റിയെടുക്കാനുള്ള ഭഗീരഥ പ്രയത്നമാണ് കഴിഞ്ഞ 5 വർഷമായി ഡോ. തോമസ് ഐസക് ചെയ്തത്. ഈ ശ്രമം വിജയിച്ചു എന്നതിന്റെ സുവ്യക്തവും സുതാര്യവുമായ തെളിവുകളാണ് ഈ വർഷത്തെ ഇക്കണോമിക് റിവ്യൂ വെളിപ്പെടുത്തുന്നത്. അല്പം ചില കണക്കുകൾ മാത്രം നോക്കാം. സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് ആർക്കും

Library Archived Kerala Legislative Assembly

നിഷേധിക്കാൻ പറ്റാത്തവിധം തുടർച്ചയായി ദേശീയ വളർച്ചാനിരക്കിനേക്കാൾ കൂടുതലായി നിൽക്കുകയാണ്. ഒറ്റ വർഷം കൊണ്ട് രണ്ട് ശതമാനത്തിലധികം വളർച്ചാനിരക്ക് കൈവരിക്കുകയാണ്. അത്ഭുതമാണിത്. ഇപ്പോഴത്തെ വളർച്ചാ നിരക്ക് 9.73 ശതമാനമാണ്. ഈ വളർച്ച തുടരുവാൻ കഴിഞ്ഞാൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും വളർച്ചാനിരക്കുള്ള സംസ്ഥാനമായി കേരളം മാറും. കേരള ജനതയ്ക്കുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും വലിയ സംഭാവനകളിലൊന്നാണ് ഇത്. മൊത്തം വളർച്ചാ നിരക്ക് അത്ഭുതകരമാം വണ്ണം 6.5 ശതമാനത്തിൽ നിന്ന് 19.42 ശതമാനമായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. മൊത്തവരുമാനത്തിന്റെ അഞ്ചിൽ ഒന്ന് വർദ്ധനവുണ്ടാകുക, ഒരുപക്ഷേ കേട്ടിട്ടുപോലുമുണ്ടാകില്ല. അങ്ങനെ ഒരുപക്ഷേ അവിശ്വസനീയമായി തോന്നാവുന്ന വരുമാന വളർച്ചാനിരക്കാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വളർച്ചാനിരക്കുള്ളപ്പോൾ വർഷങ്ങളിലെ വരുമാനത്തെ മുൻകൂട്ടി കണ്ട് പശ്ചാത്തല വികസനത്തിന് ഇപ്പോൾത്തന്നെ നിക്ഷേപം നടത്തണമെന്നുള്ളത് ലളിതമായിട്ടുള്ള സാമ്പത്തിക ശാസ്ത്രം മാത്രമാണ്. പ്രതിപക്ഷം എന്തിന് അതിനെ എതിർക്കുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. വരുമാന വർദ്ധനവിന്റെ വൻ കുതിപ്പ് ഇടതുപക്ഷ സർക്കാരിന്റെ അനിഷേധ്യമായ നേട്ടമാണ്. മൂലധന നിക്ഷേപത്തെക്കുറിച്ച് മാണി സാർ എന്താണ് പറഞ്ഞത്? ഏത് കണക്ക് ഉദ്ധരിച്ചാണ് മാണി സാർ അങ്ങനെ പറഞ്ഞതെന്ന് എനിക്ക് മനസ്സിലായില്ല. മൂലധന നിക്ഷേപത്തിൽ 69.6 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ചരിത്രത്തിൽ ഏതെങ്കിലുമൊരു ബഡ്ജറ്റിൽ ഇത്രയും വർദ്ധനവ് സൂചിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഞാൻ പരിശോധിച്ചതിലൊന്നും കിട്ടിയിട്ടില്ല. 69.6 ശതമാനം മൂലധന നിക്ഷേപത്തിൽ വർദ്ധനവാണ്. ഇത് വിസ്മയാവഹമായ കുതിപ്പാണ്. മൊത്തം ചെലവിന്റെ 5% മാത്രമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ മൂലധന നിക്ഷേപമെങ്കിൽ അത് 12 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. മൊത്തം ചെലവിന്റെ 5% മൂലധന നിക്ഷേപമുണ്ടായിരുന്നതിൽനിന്ന് മൊത്തം ചെലവിന്റെ 12% മൂലധന നിക്ഷേപമായി വർദ്ധിച്ചിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ)

2000 കോടി രൂപയിൽനിന്ന് 5000 കോടി രൂപയായി മൂലധന നിക്ഷേപം വർദ്ധിച്ചു. ഇടതുപക്ഷ ബദൽ നയത്തിന്റെ ചരിത്ര നേട്ടമാണ് അത്. കടവർദ്ധനാനിരക്ക് കുറഞ്ഞതുകൊണ്ടാണ് ഈ നേട്ടമുണ്ടായത്. സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിന്റെ ഒരു വിശദീകരണം നോക്കാം. വളരെ ആഴത്തിൽ പോകുമ്പോഴാണ് കൂടുതൽ കൂടുതൽ മനോഹരമായി കഴിഞ്ഞ 4 ബഡ്ജറ്റുകളും വരുന്നത്. ടാക്സ് റവന്യൂ വർദ്ധനാനിരക്കുണ്ട്, നോൺ-ടാക്സ് റവന്യൂ വർദ്ധനാനിരക്കുണ്ട്. അതിൽ ടാക്സ് റവന്യൂ വർദ്ധനാനിരക്കിനേക്കാൾ കൂടുതലാണ് നോൺ-ടാക്സ് റവന്യൂ വർദ്ധനാനിരക്ക്. അത് ഒരു ബഡ്ജറ്റിന്റെ ഏറ്റവും മനോഹരമായ ചിത്രമാണ്. ജനങ്ങളെ പിഴിഞ്ഞുകൊണ്ടല്ല വരുമാനം വർദ്ധിപ്പിക്കേണ്ടത് എന്നാണ് അതിന്റെ അർത്ഥം. പൊതുമേഖലാ വ്യവസായം 300 കോടി രൂപ ലാഭമുണ്ടാക്കി ഖജനാവിൽ എത്തിച്ചു. സുഭദ്രമായ ഒരു സമ്പദ്‌വ്യവസ്ഥയുടെ ലക്ഷണമൊത്ത സാമ്പത്തിക സൂചകങ്ങളാണ് മേൽപ്പറഞ്ഞത്. ഈ അടിത്തറയുണ്ടാക്കുവാനാണ് കഴിഞ്ഞ അഞ്ചുവർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചത്. ഒന്നും നടന്നില്ലായെന്നുള്ള ചില ആരോപണങ്ങൾ ഇവിടെ പലരും പറയുന്നത് കേട്ടു. ഒരെണ്ണം മാത്രമെടുത്താൽ മതി, വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

മേഖല കൈവരിച്ച അസൂയാവഹമായ ചരിത്ര നേട്ടം. ഒരു സംസ്ഥാനം ഇന്ത്യയിലാദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. പരാതിരഹിത വൈദ്യുതി മേഖല ഒരുപക്ഷേ അഞ്ചു വർഷം മുമ്പ് ഇത്തരം വാക്കുപറഞ്ഞാൽ അതുവെറും അർത്ഥശൂന്യമോ സ്വപ്നമോ ആണെന്ന് പറഞ്ഞേക്കാം. പരാതിരഹിത വൈദ്യുതി മേഖല സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിതന്നെ നേരിട്ടുചെന്ന് മുഴുവൻ സമയവുമിരുന്ന് അദാലത്ത് നടത്തുകയാണ്. ഈ കഴിഞ്ഞ അദാലത്തുകളിൽ 9,000 അപേക്ഷകളിൽ 7,000 എണ്ണത്തിന് തീർപ്പ് കല്പിച്ചുകൊണ്ടാണ് പരാതിരഹിത വൈദ്യുതി മേഖല സൃഷ്ടിക്കുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. തൃശ്ശൂരിൽ നേരിട്ടുകണ്ടതാണ്. ഇത്രയും ചെറിയ ചെറിയ കാര്യങ്ങൾ, ഇനിയും ഒരുപാട് സൂചിപ്പിക്കാനുണ്ട്. Excellent Fiscal Management എന്ന് ആത്മവഞ്ചനയില്ലാതെ ആർക്കും പറയാവുന്ന അഞ്ച് ബഡ്ജറ്റുകളാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. അതിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്? ഒന്ന്, No Over Draft, ഓവർ ഡ്രാഫ്റ്റ് ഇല്ല. No Treasury closure, ട്രഷറി പൂട്ടുന്നില്ല. No DA Arears, ക്ഷാമബത്ത കുടിശ്ശിക ഇല്ല. No pending Bills, ഒരു ബില്ലും പെൻഡിംഗ് ഇല്ല. അഞ്ചുവർഷത്തിലെ ബഡ്ജറ്റിലെ നേട്ടം ഇതിലപ്പുറം എന്തുവേണം? മൊത്തം റവന്യൂ വരുമാന വർദ്ധനവിലേക്ക് ഒന്ന് താരതമ്യപ്പെടുത്താം. 2005-06-ൽ റവന്യൂ വരുമാന വർദ്ധനവ് 9,778 കോടി രൂപ, 2010-11-ൽ 21,922 കോടി രൂപയാണ്. 124 ശതമാനത്തിന്റെ വർദ്ധനവാണ്. റവന്യൂ വരുമാനത്തിൽ 124 ശതമാനത്തിന്റെ വർദ്ധനവ് അഞ്ചു വർഷംകൊണ്ട് കൈവരിക്കുകയാണ്. മൊത്തം ചെലവോ? 2005-06-ൽ 19,527 കോടി രൂപ, 2010-11-ൽ 39,855 കോടി രൂപ 104 ശതമാനത്തിന്റെ വർദ്ധനവ്. ഒരു സമ്പദ്‌വ്യവസ്ഥയിലെ ചെലവിന് അഞ്ചുവർഷം കൊണ്ട് 104 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായത്. മൊത്തം ചെലവിൽ മൂലധന നിക്ഷേപത്തിന്റെ പങ്ക് വളരെ പ്രധാനപ്പെട്ട ഒരു സൂചകമാണ്. മൊത്തം ചെലവിൽ മൂലധന നിക്ഷേപത്തിന്റെ പങ്ക് 2005-06-ൽ 5.6 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് അത് എട്ട് ശതമാനമാണ്. മൊത്തം ചെലവിൽ പലിശയുടെ പങ്ക് അത് മറ്റൊരു പ്രധാനപ്പെട്ട സൂചകമാണ്. മൊത്തം ചെലവിൽ പലിശയുടെ പങ്ക് റവന്യൂ കമ്മി കണക്കാക്കുമ്പോൾ പ്രധാനപ്പെട്ട ഒരു സൂചകമാണ്. അത് 2005-06-ൽ മൊത്തം ചെലവിന്റെ 20 ശതമാനമായിരുന്നു. ഇപ്പോൾ 2010-11-ൽ കേവലം 14 ശതമാനം മാത്രമാണ്. ഇത്രയും ശക്തമായ ധനസ്ഥിതിയുണ്ടാക്കിയപ്പോൾ മറ്റൊരു കാര്യംകൂടി പ്രത്യേകം ശ്രദ്ധിക്കണം. കേന്ദ്ര സഹായംകൂടി വന്നിരുന്നുവെങ്കിൽ ധനസ്ഥിതി ഇതിനേക്കാൾ എത്രയോ മെച്ചപ്പെട്ടതാകുമായിരുന്നു. റവന്യൂ കമ്മി ഇതിനേക്കാൾ എത്രയോ കുറയുമായിരുന്നു. കുറഞ്ഞിട്ടുണ്ടോ? പരിശോധിക്കാം. പത്താം ധനകാര്യ കമ്മീഷൻ മൊത്തം സംസ്ഥാനങ്ങൾക്ക് നൽകിയ തുകയുടെ 3.88 ശതമാനം കേരളത്തിന് നൽകിയിരുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷൻ കേരളത്തിന് തന്നത് മൊത്തം കൊടുക്കുന്നതിന്റെ 3.06 ശതമാനം മാത്രമാണ് അനുവദിച്ചത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അത് 2.78 ശതമാനമാക്കി കുറച്ചുവെങ്കിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അത് 2.34 ശതമാനമാക്കി വീണ്ടും കുറച്ചു. ഇങ്ങനെ കേന്ദ്ര ട്രാൻസ്ഫർ

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം ട്രാൻസ്ഫറിന്റെ ശതമാന കണക്കിന് വളരെ കുറഞ്ഞുവരും. അങ്ങനെ കുറഞ്ഞുവരുമ്പോൾ ധനസ്ഥിതി മെച്ചപ്പെടുത്തിയെന്നുള്ളത് സാമ്പത്തിക ശാസ്ത്ര രംഗത്ത് ഒരു പഠന വിഷയമാകാൻ പോകുകയാണ്. ധനകാര്യ കമ്മീഷൻ ഇങ്ങനെ ധനസഹായം കുറച്ചുകൊണ്ടുവന്നിട്ടും ഇവിടെ ധനസ്ഥിതി മെച്ചപ്പെട്ടു. സുസ്ഥിരതയിലേക്ക് നീങ്ങുന്ന ഈ ധനകാര്യ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ രണ്ട് സുപ്രധാനമായ പ്രശ്നങ്ങളെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അഡ്രസ് ചെയ്യുന്നത്. ഒന്ന്, വർദ്ധിച്ചുവരുന്ന അസമത്വം. ഇത് ലോകം മുഴുവനുള്ള സുപ്രധാനമായ പ്രശ്നമാണ്. വരുമാനം വർദ്ധിക്കുന്തോറും ദാരിദ്ര്യം കൂടുന്നുവെന്ന പ്രശ്നം ലോകത്ത് നിലനിൽക്കുകയാണ്. അതാണ് ഏറ്റവും പ്രധാനമായി ഈ ബഡ്ജറ്റിലൂടെ അഡ്രസ് ചെയ്യുന്നത്. രണ്ട്, അനിയന്ത്രിതമായ വിലക്കയറ്റം. ഈ രണ്ട് പ്രശ്നങ്ങളും നവലിബറൽ നയങ്ങളുടെ തിക്തഫലങ്ങളാണ്. അതുകൊണ്ട് 2011-12-ലെ ബഡ്ജറ്റ് പാവങ്ങളെ സംരക്ഷിക്കുകയും വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന ബഡ്ജറ്റായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. To protect the poor and promote the growth എന്നുള്ളതാണ് യഥാർത്ഥത്തിൽ ഈ ബഡ്ജറ്റിന്റെ നൈതികത. ഈ സംസ്ഥാനത്തിന്റെ ശോഭനമായ ഭാവിക്കു വേണ്ടി ഇടതുപക്ഷ ബദൽനയം മുന്നോട്ടുവയ്ക്കുന്ന ഏറ്റവും ശ്രദ്ധേയമായ മുദ്രാവാക്യമാണ് ഇത്. പാവങ്ങളെ സംരക്ഷിക്കുകയും വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന ബഡ്ജറ്റാണിത്. ഈ മുദ്രാവാക്യത്തിന്റെ വികസന തന്ത്രം താഴെ പറയുന്നതാണ്. പ്രധാനപ്പെട്ട വികസന തന്ത്രങ്ങളുണ്ട്, അത് ചുരുക്കി ഒന്നു രണ്ടെണ്ണം മാത്രം പറയാം. ഒന്ന്, പൊതുമേഖലയെ ശക്തിപ്പെടുത്തുക. രണ്ട്, പൊതുവിതരണം കാര്യക്ഷമമാക്കുക. ഇതിലൂടെ എങ്ങനെ പ്രശ്നത്തെ അഡ്രസ് ചെയ്യാം എന്നാണ് നാം നോക്കേണ്ടത്. സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം ഇതിലൂടെ സാധ്യമാകുകയാണ്. അതില്ലാതാകലാണ് ആഗോളവൽക്കരണം. അതില്ലാതാക്കലാണ് നവലിബറൽ സാമ്പത്തിക നയം. സമ്പത്തിന്റെ നീതി പൂർവ്വക വിതരണമില്ലാതാക്കുന്ന നവലിബറൽ നയത്തിന് ബദലായി സമ്പത്തിന്റെ നീതിപൂർവ്വക വിതരണത്തിന് സാധ്യതയുണ്ടാക്കുന്നതാണ് കേരളത്തിന്റെ ബഡ്ജറ്റ്. ലോകം മുഴുവൻ അഴിമതിയിലൂടെയും കള്ളപ്പണത്തിലൂടെയും സമ്പത്ത് ധ്രുവീകരിക്കപ്പെടുന്നതുകൊണ്ടാണ് അസമത്വം വർദ്ധിക്കുന്നതും മൊത്തം വാങ്ങൽശേഷി കുറയുന്നതും സമ്പദ്‌വ്യവസ്ഥകളുടെ ശിഥിലീകരണത്തിന് സാഹചര്യമുണ്ടാകുന്നതും. സ്വകാര്യ നിക്ഷേപത്തെപ്പോലും പ്രോത്സാഹിപ്പിക്കുവാനും കാർഷിക പരമ്പരാഗത വ്യവസായ മേഖല വളർത്തുവാനുംവേണ്ടി 40,000 കോടി രൂപയുടെ സമഗ്രമായ പശ്ചാത്തല വികസന മാസ്റ്റർ പ്ലാനാണ് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇത് അസാധ്യമാണെന്ന് ഒരു അഭിപ്രായം കേൾക്കുന്നു. അല്ലേ അല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചു, ഇ.എം.എസ്. പാർപ്പിട പദ്ധതി, ആ പ്രോജക്ടാണ് ഇതിന് ആശയം നൽകിയത്. എട്ടുവർഷംകൊണ്ട് 40,000 കോടി രൂപയുടെ നിക്ഷേപം നടത്താം. ശരാശരി ഒരുവർഷം 5,000 കോടി രൂപ. 2010-ൽ തന്നെ 5,000 കോടി രൂപ നിക്ഷേപിക്കാൻ കഴിഞ്ഞുവെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. അങ്ങനെ ചിന്തിച്ചാൽ കഴിഞ്ഞ വർഷം 5,000 കോടി രൂപ നിക്ഷേപം നടത്തിയാൽ, എട്ടുവർഷംകൊണ്ട് ഭാവിയിൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പ്രൊജക്ഷൻ നടത്തിയാൽതന്നെ 40,000 അല്ല 50,000 കോടി രൂപയുടെ നിക്ഷേപം നടത്താൻ വളരെ ലളിതമായി കഴിയുമെന്ന് ലളിത സാമ്പത്തിക ശാസ്ത്രം പറയുന്നു. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, 40,000 കോടി രൂപയുടെ ഈ പദ്ധതിയിലേയ്ക്ക് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ..............

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം...........

പ്രൊഫ. സി. രവീന്ദ്രനാഥ്: ഉൾപ്പെടുത്തിയാൽ കൂടുതൽ എളുപ്പത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ..........

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: 6,000 കോടി രൂപ സഹകരണ മേഖലയിലുണ്ട്. ബി.ഒ.ടി.-യെയും ലോകബാങ്ക് വ്യവസ്ഥയെയും മാറ്റിനിർത്തിക്കൊണ്ട് ആഭ്യന്തര സ്രോതസ്സുപയോഗിച്ച് പശ്ചാത്തല വികസന ബദൽതന്ത്രം രാഷ്ട്രത്തിനു തന്നെ മാതൃകയാകുവാൻ പോകുകയാണ്. പ്രിയ ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു നിർദ്ദേശവും അഭ്യർത്ഥനയുമുണ്ട്. നമ്മുടെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കണം. എന്റെ നിയോജകമണ്ഡലമായ കൊടകരയിൽ സുസ്ഥിര വികസന പദ്ധതിയിൽ നടപ്പിലാക്കിയ "സുസ്ഥിര ഗാലസ പദ്ധതി"-യിലൂടെ 16 പാടശേഖരങ്ങളിൽ നിന്നും 56 പാടശേഖരങ്ങളിലേക്ക് കൃഷി വർദ്ധിപ്പിക്കുവാനും ഉൽപ്പാദനക്ഷമത ഇരട്ടിയാക്കുവാനും ഉൽപ്പാദനം മൂന്നിരട്ടിയാക്കുവാനും വിവിധ വിഭവ സ്രോതസ്സുകളെ ഉദ്ഗ്രഥിക്കുവാനും കഴിഞ്ഞു. അത് കേരളമൊട്ടാകെ നടപ്പിലാക്കാനുള്ള നിർദ്ദേശമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് പണമൊന്നും അതിന് മാറ്റിവയ്ക്കണ്ട. നിലവിലുള്ള പദ്ധതികൾ ഒന്ന് ക്രോഡീകരിച്ചാൽ മാത്രംമതി. മറ്റൊരു അഭ്യർത്ഥനയുള്ളത്, കൊടകര നിയോജകമണ്ഡലത്തിൽ സുസ്ഥിര പദ്ധതിയുടെ ഭാഗമായി ഒരു സുസ്ഥിര തണൽ പദ്ധതി, ഒരു unique പദ്ധതിയെന്ന് പറയാവുന്ന, മണ്ഡലത്തിലെ 60 വയസ്സുകഴിഞ്ഞ മുഴുവൻപേരും ഉൾപ്പെടുന്ന ഒരു പദ്ധതിയുണ്ട്. 25,000 പേർ ഉൾപ്പെടുന്ന ഒരു മഹാപ്രസ്ഥാനമായ ഈ പദ്ധതിയുടെ പകൽവീട് നിർമ്മാണത്തിനായി നൽകിയിരുന്ന നിർദ്ദേശം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രാജ്യത്തിന് അംഗീകരിക്കാവുന്ന ഈ ഇടതുപക്ഷ സാമ്പത്തിക ബദൽ ദർശനത്തിന്റെ തുടർച്ചയ്ക്കായി കേരളം കാതോർക്കുകയാണ്. ഇതിന്റെ സാക്ഷാത്കാരത്തിന് സാക്ഷിയാകുവാനും എളിയ പങ്കാളിയാകുവാനും കഴിഞ്ഞതിന്റെ നിർവൃതിയിൽ ആ ദർശനത്തെയും അതിന്റെ വക്താവിനെയും പ്രണമിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, കഴിഞ്ഞ നാലഞ്ചുവർഷമായി ഈ നിയമസഭയിൽ നിന്നുകൊണ്ട് രാഷ്ട്രീയം പറയാൻ എനിക്കിടയായിട്ടില്ല. സീറ്റ് മാറിയിരുന്നതുകൊണ്ട് ഞാൻ അതിനൊരു അപവാദമുണ്ടാക്കുന്നില്ല. പക്ഷേ അനുഭവത്തിൽനിന്ന് ചില കാര്യങ്ങൾ പറയാതിരിക്കാൻ വയ്യല്ലോ. ജീവിതത്തിൽ അനുഭവിക്കുന്നതും നേരെ കാണുന്നതുമായ കാര്യങ്ങൾ ഇവിടെ പറഞ്ഞേ പറ്റൂ. കഴിഞ്ഞ നാലഞ്ച് വർഷമായി കുട്ടനാട്ടിൽ മൊത്തത്തിൽ ഒരു ഉണർവ് ഉണ്ടായിരിക്കുന്നു. 15, 20 വർഷമായി ഞാനൊരു കൃഷിക്കാരനാണ്. എന്റെ പെങ്ങളുടെ നിലവും ....(ബഹളം).......... ഞാൻ പറയുന്നത് കേൾക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ആരെയും കുറ്റം പറയാനല്ല, കേൾക്കാനാണ് പറയുന്നത്. .... (ബഹളം) പറയുന്നത് കേട്ടിട്ടല്ലേ പറയേണ്ടത്. പറയുന്നതിന് മുമ്പ് പറയുന്നത് ദോഷമല്ലേ? ഞാൻ പറയാൻ വരുന്നത് നല്ല കാര്യമാണ്. കഴിഞ്ഞ 15 വർഷമായി എന്റെ സഹോദരന്റെയും സഹോദരിയുടേയും നിലം ഞാനാണ് കൃഷി ചെയ്യുന്നത്. അവരൊക്കെ വിദേശത്താണ്. വളരെ വർഷങ്ങളായി നഷ്ടത്തിൽ കൃഷി ചെയ്തുകൊണ്ടിരുന്ന ഒരു കർഷകനായ ഞാൻ കഴിഞ്ഞ മൂന്നുനാല് വർഷത്തിലായി കൃഷി ചെയ്യുന്നത് ലാഭത്തിലാണെന്ന പറയാൻ വന്നുള്ളൂ. അത് ആരുടെയെങ്കിലും അല്ലെങ്കിൽ ഗവൺമെന്റിന്റെ മിടുക്കാണെന്ന്.......... അനുഭവത്തിൽനിന്നാണ് പ്രസംഗിക്കാൻ പോകുന്നതെന്നാണ് ഞാൻ പറഞ്ഞത്. അനുഭവത്തിൽനിന്ന് പ്രസംഗിച്ചാലും രാഷ്ട്രീയമാകുമോ? ....(ബഹളം) .... പലരും ഇവിടെ അങ്ങോട്ടുമിങ്ങോട്ടും മാറിയിരിപ്പുണ്ട്. ഞാൻ ഒറ്റയ്ക്കല്ലല്ലോ. ഇപ്പോൾ പ്രസംഗിച്ച ശ്രീ. കെ. പി. മോഹനനും നിങ്ങളുടെ ഇടത്തും വലത്തുമിരിക്കുന്ന പുള്ളിക്കാരുമെല്ലാം അപ്പുറത്തുനിന്ന് ഇപ്പുറത്തോട്ട് വന്നതല്ലേ. അപ്പോൾ അതൊരു കുറ്റമല്ല. കേരള രാഷ്ട്രീയത്തിൽ ഇപ്പോൾ അതൊരു കുറ്റമല്ലല്ലോ. അതുപോട്ടെ. അത് എന്തുമാകട്ടെ. ഞാൻ ഇപ്പോൾ അതിലോട്ടൊന്നും കടക്കുന്നില്ല. അതുകൊണ്ട് ഏഴുരൂപ സംഭരണ വിലയുണ്ടായിരുന്ന നെല്ല് ഇപ്പോൾ 14 രൂപയായി, കൃഷിക്കാരൻ ലാഭത്തിലായെന്നുള്ള സത്യം, അത് ഇപ്പോൾ അവിടുത്തെ കോൺഗ്രസ്സുകാരും കൃഷിക്കാരും അത് പറയും. അത് എന്തുകൊണ്ടാണ്? കാലഘട്ടത്തിന് അനുസരിച്ചുള്ള ഒരു മാറ്റം. എന്തായാലും അത് അവിടെ കിടക്കട്ടെ. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും തലങ്ങനെയും വിലങ്ങനെയും ഒഴുകുന്ന ഒരു ദേശമാണ് കുട്ടനാട്. ഞങ്ങൾ കുട്ടനാട്ടുകാർക്ക് വലിയൊരു ആഗ്രഹമുണ്ട്, നെല്ല് വള്ളത്തിൽ കയറ്റി ചാക്കിനകത്ത് അടുക്കി പടുതായിട്ട് മൂടി ഒരു കൊച്ചുബോട്ട് കെട്ടിവലിച്ചുകൊണ്ടുപോകുന്ന ഈ അവസ്ഥയ്ക്ക് എന്നെങ്കിലും ഒരു മാറ്റമുണ്ടാകുമോ? കുട്ടനാട്ടുകാരുടെ വലിയ സ്വപ്നത്തിൽ ഒന്നാണ് പാലം വേണമെന്നുള്ള കാര്യം. കഴിഞ്ഞ 30 വർഷമായി കുട്ടനാട്ടിൽ ഈ നദികൾക്ക് കുറുകെ ഒരു പാലവും ഉണ്ടായിട്ടില്ല. യു.ഡി.എഫ്. ഭരിച്ചു. അതിനുമുമ്പ് എൽ.ഡി.എഫ്. ഭരിച്ചു. അതിനുമുമ്പ് യു.ഡി.എഫ്. ഭരിച്ചു. അതിനുമുമ്പ് എൽ.ഡി.എഫ്. ഭരിച്ചു. ഏതായാലും പാലം ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. സ്ഥിരമായി ഞങ്ങളൊക്കെ ഇവിടെ പലപ്രാവശ്യം പറഞ്ഞു. പി.ഡബ്ല്യു.ഡി. മിനിസ്റ്റർമാരെയും, ധനകാര്യ വകുപ്പുമന്ത്രിമാരെയും നേരിട്ട് പോയി പല പ്രാവശ്യം ബോദ്ധ്യപ്പെടുത്തി. ഏതായാലും ഇപ്പോൾ കഴിഞ്ഞ മൂന്ന്, നാല് വർഷത്തിനുള്ളിൽ ചമ്പക്കുളത്ത് 20 കോടിരൂപയുടെ പാലത്തിന്റെ പണി ആരംഭിച്ചു. കൈനകരിയിൽ ഒരു പാലത്തിന്റെ പണി ആരംഭിച്ചു. ഈ ബഡ്ജറ്റിൽ ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് കാവാലത്ത് ഒരു പാലം ഉണ്ടാക്കുമെന്നാണ്.

ശ്രീ. കെ. സി. ജോസഫ് : പള്ളാത്തുരുത്തി പാലം ഉണ്ടല്ലോ. അത് തച്ചടി പ്രഭാകരന്റെ കാലത്തല്ലേ പണിതത്?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തോമസ് ചാണ്ടി</u> : അത് എന്ന് പണിതതാണ്? മുപ്പത് കൊല്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. നാല്പത്തിയഞ്ച് കൊല്ലം മുമ്പ് പണി തുടങ്ങ പതിമൂന്ന് കൊല്ലം പണിതീരാതെ കിടന്നപ്പോൾ തച്ചടി പ്രഭാകരൻ വന്ന് ഒമ്പ മാസം കൊണ്ട് പണിതീർത്ത പാലമാണത്. പതിനാല് വർഷം കൊണ്ടാണ് അ പണി തീർന്നത്. അത് തീർന്നുകഴിഞ്ഞിട്ട് 30 വർഷമായി. 30 വർഷത്തിനോടക കുട്ടനാട്ടിൽ ഒരു പാലം പണിതതിന്റെ പേര് പറയാമെങ്കിൽ ഞാൻ ഇവിട ഇരുന്നേക്കാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഞാൻ പറയാം. അവിടെ രാമങ്കരിയിൽ നിന്നും നേരെ കൊടുപ്പുന്ന വഴി എടത്വായ്ക്ക് പോകുന്ന വഴി ഒരു പാല ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പാലം ഉണ്ടല്ലോ? ഇരുന്നല്ലോ? അങ്ങ് ഇ ഇരുന്നാൽ മതി.

<u>ശ്രീ. തോമസ് ചാണ്ടി</u> : ഞാൻ അല്ല കുട്ടനാടിന്റെ എം.എൽ.എ. അതുകൊണ ഉണ്ടെന്നാണ് തോന്നുന്നത് എന്നല്ലല്ലോ ഞാൻ പറഞ്ഞത്. തകഴിയിൽ ഒ പാലം ഉണ്ട്. ആ പാലം അനുവദിച്ച കാര്യമാണ് ഞാൻ ഈ പറയുന്നത് ഉദ്ഘാടനം ചെയ്തിട്ട് പത്തോ പതിനഞ്ചോ കൊല്ലമേ ആയുള്ളുവെങ്കിലു ഇതൊക്കെ അനുവദിച്ചത് 30 വർഷത്തിന് മുമ്പാണ്. 30 വർഷത്തിനുശേഷ മാറിമാറി വന്ന എല്ലാ ഗവൺമെന്റും കുട്ടനാടിനെ മറന്നുപോയി എന്നുതന്നെയാണ പറഞ്ഞത്. ഞാൻ ആരെയും പൊക്കിപ്പറഞ്ഞതല്ല. കുട്ടനാടിനെ മറന്നുവെന്നാണ പറഞ്ഞത്. അല്ലാതെ ഞാൻ ഒരു വിഭാഗത്തെയും പൊക്കിപ്പറഞ്ഞതല്ല. യു.ഡി.എഫു എൽ.ഡി.എഫും മാറിമാറി വന്നിട്ടും കുട്ടനാടിനെ എല്ലാവരും മറന്നു. ഇപ്പോ നാലഞ്ച് പാലം ഈ നാല് വർഷത്തിനിടയിൽ ഉണ്ടായത് ഞങ്ങളെ സംബന്ധിച്ചിടത്തോള ഒരു ആശ്വാസമാണ്. അത് ഒരു കുറ്റമാണോ? ഞാൻ കുറ്റമല്ലല്ലോ പറയുന്നത് എന്തെങ്കിലും ആകട്ടെ. ഇവിടെ പലരും പ്രസംഗിച്ചപ്പോൾ കുട്ടനാട് പാക്കേ ഒന്നും ആയിട്ടില്ല, ഒന്നും സമർപ്പിച്ചിട്ടില്ലായെന്ന് പറഞ്ഞു. ശരിയല്ല. ആർക്കെങ്കിലു സംശയമുണ്ടെങ്കിൽ എന്റെ അടുക്കൽ വരാമെങ്കിൽ സ്പീഡ് ബോട്ടിൽ കൊണ്ടു പോയി ഞാൻ കാണിച്ചുതരാം റാണി, ചിത്തിര കായലുകൾ, സീ-ബ്ലോക്ക് കായൽ ഇരുപത്തിനാലായിരം, പതിന്നാലായിരം, വടക്കെ ആറായിരം, തെക്കേ ആറായിരത്തിന്റെയെല്ലാം ചിറയിൽ കോൺക്രീറ്റ് പൈലുകൾ നിരന്നുകഴി ഞ്ഞു. അത് അടിക്കാൻ തുടങ്ങി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സി.ഡി. ബ്ലോക്കിന് കുറച്ച് കാശ് നേരത്തെ അനുവദിച്ചത് സഹായകരമായി

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഈ ഗവൺമെന്റ് ഒന്നും ചെയ്തതല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ശ്രീ. പവൻകുമാർ ബെൻസൽ നേരിട്ട് കുട്ടനാട്ടിൽ വന്ന് ഡി.പി.ആർ പോലും കൊടുക്കാതിരുന്ന ഈ ഗവൺമെന്റിനെ ശാസിച്ചു. ശ്രീ. പവൻകുമാർ ബെൻസലിന്റെ ഇൻഷ്യേറ്റീവിൽ ഉണ്ടായതല്ലേ അത്? അങ്ങ് സത്യം പറയുന്ന ആളാണ്. അതുകൊണ്ട് ഇത് നിഷേധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തോമസ് ചാണ്ടി</u> : എന്റെ വിഷ്ണുനാഥേ, ശ്രീ. പവൻകുമാർ ബൻസലിന് അതിനകത്ത് ഒരു റോളുമില്ല. കേൾക്ക്, പറഞ്ഞുതരാം. ഈ പാക്കേജ് ഉണ്ടായത് എങ്ങനെയാണെന്ന് നിയമസഭയിൽ ഞാൻ പറയട്ടെ. നിങ്ങൾക്ക് അറിയില്ല. ഞാൻ പറയുന്നത് കേൾക്കില്ലല്ലോ. ഒന്ന് കേട്ടിട്ട് ഞാൻ ഇരിക്കാം. എഴുന്നേറ്റ് മറുപടി പറയുക. ഞാൻ പറഞ്ഞു തരാം. ശ്രീ. ശരത്പവാർ കേരളം സന്ദർശിക്കാൻ വന്നു. വന്നപ്പോൾ ആലപ്പുഴയിൽ എത്തി. അദ്ദേഹം ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ശ്രീ. എം. എസ്. സ്വാമിനാഥനെ കണ്ടോ?

<u>ശ്രീ. തോമസ് ചാണ്ടി</u> : ഇത് കേൾക്ക്. ശ്രീ. എം. എസ്. സ്വാമിനാഥനൊക്കെ പിന്നെ എത്രയോനാൾ കഴിഞ്ഞ് വരുന്നതാണ്. കേൾക്കൂ. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വഴി. അന്ന് ഞാൻ ഡിഐസി-യിൽ ആണ്. സാക്ഷാൽ കെ. കരുണാകരന്റെ കൂടെയാണ്. ശ്രീ. ശരത്പവാറിന്റെ പാർട്ടിക്കാർ കെ.എൽ.ആർ.ലാണ് ബുക്ക് ചെയ്തിരിക്കുന്നത്. എം.സി. റോഡിലൂടെ പോകാമെന്ന് ആലപ്പുഴ കളക്ടർ പറഞ്ഞു. പറ്റില്ലായെന്ന് ഞാൻ പറഞ്ഞു. നമുക്ക് ആറ്റിലൂടെ പോകണം, കായലിലൂടെ പോകണം. അദ്ദേഹം സമ്മതിച്ചു. അങ്ങനെ ആലപ്പുഴയിൽ നിന്നും ഒരു ബോട്ട് യാത്ര. ഈ സംസ്ഥാനത്തെ മൂന്ന് മന്ത്രിമാർ മുമ്പിൽ. അതിനിപ്പുറത്ത് ശ്രീ. ശരത്പവാർ. അതിന്റെ ഇപ്പുറത്ത് കുട്ടനാട് എം.എൽ.എ. തോമസ് ചാണ്ടി. കോൺഗ്രസിന്റെ എം.എൽ.എ.-മാരുണ്ട്, എം.പി.-മാരുണ്ട്, എല്ലാവരുമുണ്ട്. ഈ ബോട്ട് യാത്രയിൽ കുട്ടനാടിനെക്കുറിച്ച് കുട്ടനാട് എം.എൽ.എ. ഒഴിച്ച് ഒരു മനുഷ്യനും അദ്ദേഹത്തോട് ഒരക്ഷരം പറഞ്ഞിട്ടില്ല. ഞാൻ ഈ രണ്ടര മണിക്കൂർ കൊണ്ട് കുട്ടനാടിന്റെ മുഴുവൻ പ്രശ്നങ്ങളും അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കി. പോക്കറ്റിൽനിന്നും ഡയറിയെടുത്ത് അദ്ദേഹം ഈ രണ്ടര മണിക്കൂറും പല കാര്യങ്ങളും കുറിച്ചെടുത്തു എന്നുള്ളതാണ് സത്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : എനിക്ക് ഒരു സെക്കന്റ് അനുവദിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u> : എനിക്ക് സമയമില്ല. ഞാൻ പറയുന്നത് മുഴുവൻ കേൾക്കൂ. ഞാൻ പറയുന്നത് ഒന്ന് കേൾക്കൂ. എന്നിട്ട് ....

<u>ചെയർപേഴ്സൺ:</u> ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം പോകും.. ....പോയിന്റ് ഓഫ് ഓർഡർ ഉണ്ട് എന്നാണ് പറയുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ ചരിത്രത്തെ വളച്ചൊടിക്കുന്നതിനുവേണ്ടി എന്റെ സ്നേഹിതൻ ശ്രീ. തോമസ് ചാണ്ടി ശ്രമിക്കുന്നു. എനിക്ക് അദ്ദേഹത്തോട് തർക്കിക്കേണ്ടിവന്നതിൽ ദുഃഖമുണ്ട്. അതിനുവേണ്ടി അദ്ദേഹം ബോധപൂർവ്വമായി ശ്രമിക്കുകയാണ്. കുട്ടനാട് പാക്കേജിന്റെ തുടക്കം ശ്രീ. രാജീവ് ഗാന്ധി കുട്ടനാട്ടിൽ വന്ന സന്ദർഭത്തിൽ അന്നെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് പ്രോസസ് ചെയ്തുവന്നതാണ്. ഇനിയിപ്പോൾ ശ്രീ. തോമസ് ചാണ്ടി യാത്ര ചെയ്താലുടനെ കുട്ടനാട് പാക്കേജ് ഉണ്ടാകും എന്നൊരു തെറ്റിദ്ധാരണയൊന്നും ഞങ്ങൾക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടിയുടെ നേതാവ് ശ്രീ. ശരത്പവാർ മൻമോഹൻസിംഗിന്റെ ഗവൺമെന്റിലെ മന്ത്രിയാണ് എന്നുള്ള സത്യം അദ്ദേഹം മറക്കുകയാണ്. അങ്ങ് ചരിത്രത്തെ വളച്ചൊടിച്ച് ഇവിടെ കാര്യങ്ങൾ പറയുന്നത് ഓർഡറിലല്ല. അതുകൊണ്ട് റൂൾ 307 ഉപയോഗിച്ച് അദ്ദേഹം ചെയ്തിട്ടുള്ള ദുർവ്യാഖ്യാനത്തിലുള്ള പ്രസ്താവന ഈ സഭാരേഖയിൽ നിന്നും മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: നോ,നോ, ശ്രീ. തോമസ് ചാണ്ടിക്ക് തുടരാം.

ശ്രീ. തോമസ് ചാണ്ടി : സർ, ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിനെ നൂറ് ശതമാനം ഞാൻ ഖണ്ഡിക്കുന്നു. ഞാൻ പറഞ്ഞിട്ടില്ല ഇത് ഉണ്ടായതെന്നും ശ്രീ എം. എസ്. സ്വാമിനാഥൻ ഈ നാട്ടുകാരനാണെന്ന് ഇരുപത്തിനാലാമത്തിന്റെ അവിടെ നദിവന്ന് വീഴുന്നിടത്തുവച്ച് ഞാനാണ് ശ്രീ. ശരത്പവാറിന് പറഞ്ഞു കൊടുത്തത്. തിരികെ ചെന്നുകഴിഞ്ഞ് ശ്രീ പവാർ ശ്രീ. എം. എസ്. സ്വാമിനാഥനെ തന്റെ ഓഫീസിൽ വിളിച്ചുവരുത്തി. അദ്ദേഹത്തോടുപറഞ്ഞു, ഞാൻ നിന്റെ ഹോം ലാൻഡിലൂടെ ഒരു യാത്ര നടത്തിയെന്ന്.(ബഹളം)............... നിങ്ങൾ സമ്മതിക്കില്ല. നിങ്ങൾ സമ്മതിക്കണ്ട. ശ്രീ. ശരത്പവാർ ഇപ്പോഴും യു.പി.എ മന്ത്രിസഭയിൽ തന്നെയുണ്ട്. ഇത് കേൾക്കുക. എനിക്ക് സമയമില്ല. സമയം തീർന്നു. അവിടെ ഇരിക്ക്. ഏതായാലും ആ പാക്കേജ് ഇപ്പോൾ നടപ്പിലായിക്കൊണ്ടിരിക്കുന്നു. ....കോൺഗ്രസ് ഗവൺമെന്റാണല്ലോ. അല്ലെന്ന് ഞാൻ പറഞ്ഞില്ലല്ലോ. ശ്രീ. ശരത്പവാർ ഇപ്പോഴും കൃഷി വകുപ്പുമന്ത്രിയായിട്ട് അവിടെ ഇരിപ്പുണ്ടല്ലോ. നിങ്ങൾ ഇത്ര വാശി പിടിക്കുന്നത് എന്തിനാണ്? ശ്രീ. ശരത്പവാർ ആണ് ശ്രീ. എം. എസ്. സ്വാമിനാഥനെ കുട്ടനാട്ടിലേക്ക് അയച്ചതെന്ന് ഞാൻ പറയുന്നതിന് നിങ്ങൾ എന്തിനാണ് വാശിപിടിക്കുന്നത്? ഏതായാലും വളരെ ഭംഗിയായി കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ നടക്കുന്നു. സി.ഡി. ബ്ലോക്കിനും എ.സി. കനാലിനുമെല്ലാം പണം അനുവദിച്ചിട്ടുണ്ട്. ഞാൻ ആ വിഷയത്തിൽ നിന്നും മാറുന്നു. പി.എം.ജി.എസ്.വൈ. ഞാൻ ഈ നിയമസഭയിൽ പല പ്രാവശ്യം പ്രസംഗിച്ചിട്ടുള്ള ഒരു വിഷയമാണ്. ഗ്രാമ ഗ്രാമാന്തരങ്ങളിലെ റോഡുകൾക്ക് ഉത്തരവാദിത്വമുള്ളവർ ഇല്ല. കേരള ഗവൺമെന്റിനുണ്ടോ? എം.എൽ.എ.-മാർ വിചാരിച്ചാൽ റോഡ് ഉണ്ടാകുമോ? നാല് മീറ്റർ ഇല്ല, അഞ്ച് മീറ്റർ ഇല്ല എന്ന് പറയുന്ന നാട്ടിൽ മനുഷ്യൻ നടക്കുന്ന രണ്ട് മീറ്ററിന്റെയും മൂന്ന് മീറ്ററിന്റെയും വഴി. ഇതിന്റെ ഉത്തരവാദി ആരാണ്? പഞ്ചായത്തിനോട് ചോദിച്ചാൽ പറയും അയ്യോ, ഞങ്ങൾക്ക് കുറച്ച് കാശേ ഉള്ളുവെന്ന്. ബ്ലോക്ക് പഞ്ചായത്തിനോട് ചോദിച്ചാൽ അവർ പറയും ഞങ്ങളുടെ ജോലി ആശുപത്രിയുണ്ടാക്കുകയാണെന്ന്. ജില്ലാ പഞ്ചായത്തിനോട് ചോദിച്ചാൽ അവരുടെ കയ്യിൽ കാശില്ല. പിന്നെ ആർക്കാണ് ഈ റോഡുകളുടെ ഉത്തരവാദിത്വം? ഏതായാലും നാട്ടുകാർ വന്ന് ചോദിക്കുമ്പോൾ ഉള്ള കാശൊക്കെ വീതിച്ചുകൊടുക്കും. പിന്നെ ഇതിന് പരിഹാരമായി ഞാൻ കണ്ടത് പി.എം.ജി.എസ്.വൈ. പദ്ധതിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഒരുപാട് പണം വന്നിട്ട് ആവശ്യത്തിന് അപേക്ഷകരില്ലാത്തതിനാൽ ക്യാൻസലായി പോകുന്ന ഒരു പദ്ധതി. ഞാൻ എന്റെ നാട്ടിലേക്ക് 17 കോടി രൂപയുടെ റോഡ് അനുവദിപ്പിച്ചു. ഒരു മനുഷ്യനും പിടിക്കില്ല. ഏതായാലും ഇപ്പോൾ അതിന് ഒരു പരിഹാരം ഉണ്ടായി, പതിമൂന്ന് കോടി

Library Archives Kerala Legislative Assembly

രൂപ അതിനുവേണ്ടി ഡോ. തോമസ് ഐസക് ഈ ബഡ്ജറ്റിൽപ്പെടുത്തിയിരിക്കുന്നു. അത് ഒരു വലിയ ആശ്വാസമാണ്. ഇനി കോൺട്രാക്ടർമാർ ഈ പണി ഏറ്റെടുക്കാൻ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. കുട്ടനാട്ടിൽ കഴിഞ്ഞ മുപ്പതുകൊല്ലമായി ഒരു ആശുപത്രിയിലും ഒരു വികസനവുമുണ്ടായിട്ടില്ല. ഞാൻ പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ ദയനീയാവസ്ഥ കണ്ട് ഇവിടെ വന്ന്, ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ശ്രീമതി ടീച്ചറോടു പറഞ്ഞു. മൂന്ന് ആശുപത്രിയുണ്ട്. മനുഷ്യന് കിടക്കാൻ കൊള്ളത്തില്ല. വെള്ളം പൊങ്ങിയാൽ ആശുപത്രിക്കകത്ത് വെള്ളം കയറും. ചിക്കുൻഗുനിയ ചേർത്തലയിലുണ്ടായപ്പോൾ ടീച്ചർ അവിടെ പോകുന്ന വഴിക്ക് ഈ ആശുപത്രിയിലും വന്നിരുന്നു. 2006-ലാണ് വന്നത്. ഇന്നലെ രണ്ടര കോടി രൂപയുടെ കെട്ടിടം ടീച്ചർ തന്നെ വന്ന് ഉദ്ഘാടനം ചെയ്തു. രോഗികൾക്ക് വലിയ ആശ്വാസം, ഓപ്പറേഷൻ തീയറ്റർ, ആശുപത്രിയിൽ എയർ കണ്ടീഷൻ......... (ബഹളം)....... പറയാം...... പറയാം ..... ശ്രീ. എ. എ. ഷുക്കൂർ പറഞ്ഞ കാര്യം.....

ചെയർപേഴ്സൺ: അങ്ങയുടെ സമയം നഷ്ടപ്പെടുകയാണ്.

ശ്രീ. തോമസ് ചാണ്ടി : അല്ല, ഞാൻ ചോദിക്കുന്നത്. ശ്രീ. കെ. ബാബു ഒന്നു കേൾക്കൂ. ഷുക്കൂർ ഒരു ചോദ്യം ചോദിച്ചു. ഷുക്കൂർ ചോദിച്ചതിന് മറുപടി പറയാം. അതിന് മറുപടി പറയാൻ പോകുകയാണ്. .....(ബഹളം)...... ഷുക്കൂർ ചോദിച്ചു, അത് ഏത് ഫണ്ടാണെന്ന്. ഷുക്കൂർ പറഞ്ഞത് കറക്ടാണ്. ഞാൻ ചോദിക്കുന്നത്. ..... (ബഹളം).......

ചെയർപേഴ്സൺ : ശ്രീ. തോമസ് ചാണ്ടി, താങ്കൾ പ്രസംഗം തുടരണം.

ശ്രീ. തോമസ് ചാണ്ടി : സർ, ശ്രീ. ഷുക്കൂർ എന്നോട് ഒരു ചോദ്യം ചോദിച്ചു, ഏത് ഫണ്ടാണെന്ന്. ആ ചോദ്യം ശരിയാണ്. ..... (ബഹളം)....... കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണ്. .....(ബഹളം)...പാർലമെന്ററി രീതിയിലൊക്കെ ഇടപെട്ടാൽ മതി. കൈയൊന്നും കാണിക്കണ്ട. അങ്ങനെ കൈയൊന്നും കാണിച്ചാൽ പേടിക്കുന്ന ആളല്ല തോമസ് ചാണ്ടി. അതിന് വേറെ ആളെ നോക്കിയാൽ മതി. സർ, ഷുക്കൂർ പറഞ്ഞത് കറക്ടാണ്. എൻ.ആർ.എച്ച്.എം. എന്നു പറഞ്ഞാൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണ്. എന്റെ ചോദ്യം, മുപ്പതു കൊല്ലമായി ഈ ഫണ്ട് ഇവിടെ ഇല്ലായിരുന്നോ? എല്ലാക്കാലത്തും ഉണ്ടായിരുന്നല്ലോ. അതുപോലെ ചമ്പക്കുളം ആശുപത്രി, എടത്വാ ആശുപത്രി....... (ബഹളം)......

ചെയർപേഴ്സൺ: അങ്ങ് സംസാരിക്കണം. അങ്ങയ്ക്ക് അനുവദിച്ച സമയം കഴിയുന്നു.

ശ്രീ. തോമസ് ചാണ്ടി : സർ, ഞാൻ ബഹുമാനപ്പെട്ട എ. കെ. ബാലനോട് പറഞ്ഞു. 42 കോടി രൂപയാണ് അദ്ദേഹം കുട്ടനാട്ടിലെ പോസ്റ്റുകൾ മാറ്റാൻ കഴിഞ്ഞ വർഷം തന്നത്. അതിന്റെ ഉദ്ഘാടനം അദ്ദേഹം അവിടെ നടത്തി. അതുകൊണ്ട് തീർച്ചയായും കുട്ടനാട്ടിൽ മൊത്തത്തിൽ ഇപ്പോഴൊരു ഉണർവ്വുണ്ടായിരിക്കുന്നു എന്ന് ഞാൻ പറഞ്ഞത് അനുഭവത്തിൽ നിന്നാണെന്നും ഒരു പാർട്ടി ചെയ്തില്ലെന്നോ ഒരു പാർട്ടി ചെയ്തെന്നോ പറഞ്ഞ് ഞാൻ ആളാകാൻ വന്നതല്ലെന്നും ശ്രീ. കെ. ബാബുവിനെപോലുള്ള ആളുകൾക്ക് മറുപടി പറയാനുള്ള സ്റ്റാൻഡേർഡിലേയ്ക്ക് ഞാൻ താഴ്ന്നിട്ടില്ലായെന്നും പറഞ്ഞുകൊണ്ട് ഞാൻ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ സപ്പോർട്ട് ചെയ്യുന്നു. ..... (ബഹളം).......

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയർപേഴ്സൺ: ശ്രീമതി കെ. എസ്. സലീഖ, അങ്ങേക്ക് സംസാരിക്കാം. ബഹുമാനപ്പെട്ട അംഗങ്ങൾ നിശ്ശബ്ദരാകണം.

ശ്രീമതി കെ. എസ്. സലീഖ : സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരു നാഴികകല്ലുകൂടി കടന്നുപോകുന്നു എന്നുള്ളതാണ് നാം കാണുന്നത്. ഭൂതകാലത്തിന്റെ തെറ്റായ ചരിത്ര നിർമ്മിതികളെ നമ്മുടെ വർത്തമാനകാല മലയാളി ഉടച്ചുവാർക്കാൻ പോകുകയാണ് എന്നതിൽ തർക്കമില്ല. അധർമ്മത്തിനുമേൽ ധർമ്മത്തിന്റെ വിജയം ആവർത്തിക്കാൻ പോകുന്നു ഈ കേരളത്തിൽ എന്നുള്ളത് നാം കാണണം. ഒട്ടേറെ പ്രത്യേകതകളും സമാനതകളില്ലാത്ത നേട്ടങ്ങളും കൈവരിച്ച സംസ്ഥാനമാണ് കേരളം. സാമൂഹ്യനീതി നടപ്പിൽ വരുത്തുന്ന കാര്യത്തിൽ നാം വളരെയേറെ മുന്നേറികഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യമേഖലയിൽ, സാമൂഹ്യസുരക്ഷിതത്വത്തിനുവേണ്ടി രൂപീകരിച്ച ക്ഷേമനിധികളും പെൻഷനുകളും, അക്കാര്യത്തിൽ ഇന്നു വെല്ലുവിളിക്കാൻ കഴിയാത്ത ശക്തിയായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ മന്ത്രിമാർ, അവർ നേതൃത്വം കൊടുക്കുന്ന വകുപ്പുകൾ ഈ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുള്ള വികസന പ്രളയത്തിൽ ഇന്ന് പ്രതിപക്ഷം മുങ്ങിമരിക്കാൻ പോകുന്നു എന്ന അവസ്ഥകൊണ്ടുള്ള വെപ്രാളങ്ങളാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. വകുപ്പുകൾ തിരിച്ച് നേട്ടങ്ങൾ അവതരിപ്പിച്ചാൽ പറഞ്ഞാൽ തീരാത്ത സമയം വേണമെന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ സംസ്ഥാനം കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് 9 ശതമാനം വളർച്ച കൈവരിച്ചിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. ഈ സർക്കാരിന്റെ ചെലവ് ഇരട്ടിയാകുമ്പോഴും കമ്മി താഴ്ത്തികൊണ്ടുവരുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് വിജയിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഒരു ദിവസംപോലും ട്രഷറി ഓവർഡ്രാഫ്റ്റിലായില്ല എന്നുള്ളത് നാം കാണണം. മൂന്നു പതിറ്റാണ്ടിനിടയിൽ കേരളത്തിൽ ഇങ്ങനെയൊരു അനുഭവം ഉണ്ടായിട്ടില്ല. കഴിഞ്ഞ യു.ഡി.എഫിന്റെ കാലത്ത് ഭൂരിപക്ഷം ദിവസങ്ങളിലും ട്രഷറി ഓവർ ഡ്രാഫ്റ്റിലായിരുന്നു എന്നുള്ളത് അന്നത്തെ മാധ്യമങ്ങളെല്ലാം വെളിപ്പെടുത്തിയതാണ്. 2006-ൽ മാതൃഭൂമിയുൾപ്പെടെയുള്ള പത്രങ്ങൾ സർക്കാർ നേരിടുന്ന ധനകാര്യ വെല്ലുവിളി എന്നു പറഞ്ഞു കൊണ്ട് അതിന്റെ കണക്കടക്കം പ്രസിദ്ധീകരിച്ചിരുന്നു. ശ്രീ. എം. എ. ഉമ്മൻ എഴുതിയ ഒരു റിപ്പോർട്ടിൽ പറയുന്നത്, 2003-04 വർഷത്തിൽ 196 ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു എന്നുള്ളതാണ്. 2004-05 വർഷത്തിൽ കേരളം 161 ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു. 2005-06 വർഷത്തിൽ 64 ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു എന്നുള്ളതാണ് വ്യക്തമാക്കുന്നത്. യു.ഡി.എഫിന്റെ ഭരണകാലത്ത് സർക്കാർ ജീവനക്കാർക്ക് കൊടുത്തിരുന്ന ആനുകൂല്യങ്ങളുൾപ്പെടെ നിഷേധിച്ചതിന്റെ ഫലമായി അവർ 32 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ സമരം ഈ കേരളത്തിന്റെ മണ്ണിൽ നടന്നു. അതുപോലെ തന്നെയാണ് ക്ഷേമ പെൻഷനുകൾ, 27 മാസം കുടിശ്ശിക വച്ച് അധികാരത്തിൽനിന്ന് പോയവരായിരുന്നു യു.ഡി.എഫ്. എന്നുള്ള യാഥാർത്ഥ്യം നമുക്കറിയാം. എന്നാൽ ഇന്ന് സംസ്ഥാനത്തിന്റെ നികുതിവരുമാനം വൻപിച്ച തോതിൽ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. എന്നാൽ, കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാന സർക്കാരിന്റെ മൊത്തം വരുമാനത്തിന്റെ 29.94 ശതമാനത്തിൽ

നിന്ന് 25.6 ശതമാനമാക്കി താഴ്ത്തിയിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്നിട്ടും നാടിന്റെ വികസനത്തിൽ സമഗ്രമായ കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത് എന്ന് ബോധ്യപ്പെടുത്തുന്നതാണ് ഈ ബഡ്ജറ്റ്. 10,000 കോടി രൂപയുടെ സമഗ്ര റോഡു പുനരുദ്ധാരണ പദ്ധതിക്ക് 1000 കോടി ബഡ്ജറ്റിൽ വകയിരുത്തിയത് ഏറെ സ്വാഗതാർഹമാണ്. അപ്പുറത്തുനിന്ന് അതിനെക്കുറിച്ച് ഏറെ വിമർശനങ്ങൾ ഉയർന്നുവന്നു. കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തെ ഗവൺമെന്റിന്റെ ഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിച്ചാൽ നാട്ടിലെ വികസനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, വീടില്ലാത്ത പാവപ്പെട്ട ആളുകൾക്ക് വീട് കൊടുക്കാൻ പണം സ്വരൂപിക്കാൻ ഒരു തടസ്സവുമുണ്ടായിട്ടില്ല, വികസന പ്രവർത്തനത്തിന് പണം ഒരു തടസ്സമായിരുന്നില്ല എന്ന് ബോധ്യപ്പെടുത്തുന്ന രീതിയിലായിരുന്നു ധനമാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ എന്നുള്ളത് നമുക്ക് അറിയാം.

ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വികസനത്തിന്റെ കാഴ്ചപ്പാടിന് ഒട്ടേറെ ഉദാഹരണങ്ങൾ കേരളത്തിലുണ്ട്. അതിന് വൈദ്യുതി മേഖല ഒരു ഉദാഹരണമാണ്. ഇന്ന് വൈദ്യുതി മേഖലയിൽ ഉണ്ടായിട്ടുള്ള പുത്തൻ ഉണർവിനെ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? ഈ കാലഘട്ടങ്ങളിൽ മൂന്ന് ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. മാർച്ച് മാസത്തോടുകൂടി 100 അസംബ്ലി നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് നീങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇന്നേവരെ ഒരു ഗവൺമെന്റിനും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളാണ് ആ മേഖലയിൽ ഇവിടെ നടപ്പാക്കിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പവർ കട്ടും ലോഡ്ഷെഡ്ഡിംഗും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായില്ലേ? അത് ഇല്ലാത്ത ഒരു കാലഘട്ടമാക്കി ഈ കാലഘട്ടത്തെ മാറ്റാൻ കഴിഞ്ഞില്ലേ? ഒരു കോടി ഉപഭോക്താക്കൾക്ക് കൊടുത്തിരുന്ന മീറ്റർ വാടക ഇല്ലാതാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ പണം നീക്കിവച്ചത് ചെറുതായി ചിലപ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് തോന്നിയേക്കാം. പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു നേട്ടമായിത്തന്നെയാണ് ഞങ്ങൾ കാണുന്നത്. അതേ രീതിയിൽ തന്നെയാണ് വോൾട്ടേജ് അദാലത്ത് നടത്തുന്നതിന് മന്ത്രി നേരിട്ടു പോയതും. വൈദ്യുതി മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ജില്ലയിൽ എല്ലാ സ്ഥലങ്ങളിലും മന്ത്രി നേരിട്ടുപോയി അദാലത്ത് നടത്തുന്ന കാഴ്ച നമ്മൾ കാണാൻ പോകുകയാണ്. ഇങ്ങനെ അഭിനന്ദനാർഹമായ, വളരെ ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളാണ് വൈദ്യുതി മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നത് നിഷേധിക്കാൻ കഴിയില്ല.

അതോടൊപ്പം തന്നെയാണ് നോക്കൂ, കേരളത്തെ സംബന്ധിച്ചിടത്തോളം നഷ്ടമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ. 2005-06 വർഷത്തിൽ 96 കോടി രൂപയുടെ നഷ്ടമുണ്ടായത് ഇന്ന് 300 കോടി രൂപ ലാഭമുണ്ടാക്കിയിരിക്കുന്നു എന്നത് ഏറ്റവും ശ്ലാഘനീയമായിട്ടുള്ള കാര്യമാണ്. ഇത് ഈ ഭരണത്തിന്റെ മികവിനെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്നതിൽ തർക്കമില്ല, അതുപോലെ തന്നെയാണ് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചു കൊണ്ടുതന്നെയാണല്ലോ ഇവിടെ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും നിഷേധിക്കാൻ കഴിയില്ല. എന്നാൽ ഇവിടെ അപ്പുറത്തുള്ള ആളുകൾ സംസാരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളാണ് രാജ്യത്താകെ നടപ്പാക്കി നേട്ടമുണ്ടാക്കിയത് എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഏറ്റവും നിർഭാഗ്യകരമായ അവസ്ഥ കഞ്ചിക്കോട് കോച്ച് ഫാക്ടറി, മൂന്ന് പതിറ്റാണ്ടിലേറെക്കാലമായി കേരളത്തിന്റെയും പാലക്കാട് ജില്ലയുടെയും ഒരു ആവശ്യം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. യാതൊരു നടപടിയും ആയിട്ടില്ല. കേന്ദ്രത്തിന്റെ ബഡ്ജറ്റ് വരാൻ പോകുകയാണ്. ഭരണപ്രതിപക്ഷഭേദമില്ലാതെ ഈ പദ്ധതിക്കുവേണ്ടി ശബ്ദമുയർത്താൻ ഈ നിയമസഭയ്ക്ക് ആകുമോ എന്നുള്ളതാണ് എന്റെ ചോദ്യം? ഇന്നുവരെ ആ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. 431 ഏക്കർ സ്ഥലം ഈ ഗവൺമെന്റ് എടുത്തു കൊടുത്തിരിക്കുകയാണ്. പക്ഷേ കോച്ച് ഫാക്ടറിയെക്കുറിച്ച് ഒരക്ഷരം പോലും ഇപ്പോൾ ഉരിയാടാൻ കേന്ദ്രത്തിന് സാധ്യമാകുന്നില്ല എന്ന നിർഭാഗ്യകരമായ അവസ്ഥയും ഈ സംസ്ഥാനത്തുണ്ട് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം തന്നെയാണ് കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കുന്ന ക്ഷേമപെൻഷനുകൾ, കഴിഞ്ഞകാലത്തെ ഗവൺമെന്റ് അതിനുവേണ്ടി മാറ്റി വച്ച സംഖ്യ നിങ്ങൾ ഒന്നു നോക്കൂ, വെറും 134 കോടി രൂപ. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് 359 കോടി രൂപയായി അതിനെ ഉയർത്തിയിരിക്കുന്നു; 400 രൂപ വച്ച് പെൻഷൻ കൊടുക്കുന്നതിനു വേണ്ടി തീരുമാനമെടുത്തിരിക്കുന്നു എന്നതും ഏറെ പ്രശംസിക്കേണ്ടതുതന്നെ യാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ച മറ്റു ചില കാര്യങ്ങളുണ്ടല്ലോ. ജനിക്കാൻ പോകുന്ന കുഞ്ഞിന് 10,000 രൂപ കൊടുക്കുന്നത് എന്തോ ഒരു മോശമായ രീതിയിലാണ് ഇവിടെ ചിത്രീകരിക്കപ്പെട്ടത്. ആ തുകസ്ഥിരനിക്ഷേപമായി അനുവദിക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റ് പ്രഖ്യാപനം കേരളീയ സമൂഹം വളരെ അഭിമാനത്തോടുകൂടി ധീരമായ തീരുമാനമെന്ന നിലയ്ക്കുതന്നെയാണ് അക്കാര്യത്തെ സ്വാഗതം ചെയ്തത്. അതോടൊപ്പംതന്നെ വിലക്കയറ്റമെന്നത് ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണല്ലോ? അതിൽ നിസ്സംഗത പാലിക്കുകയാണ് കേന്ദ്ര ഗവൺമെന്റ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ പ്രതിപക്ഷം ബോധപൂർവ്വം ശ്രമിക്കുന്നു എന്നതാണ് നാം കാണേണ്ടത്. കേന്ദ്രം തന്നെയാണ് ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കേണ്ടത്. ഇങ്ങനെയുള്ള പ്രശ്നങ്ങളെല്ലാമുള്ളപ്പോഴാണ് കേരളത്തിലെ ഗവൺമെന്റ് രണ്ട് രൂപയ്ക്ക് 40 ലക്ഷം ആളുകൾക്ക് അരി കൊടുക്കുന്നതിനുവേണ്ടി തീരുമാനം എടുത്തത് എന്ന കാര്യം ആർക്കാണ് നിഷേധിക്കാൻ കഴിയുക. കേരളത്തെ സംബന്ധിച്ചിടത്തോളം വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണരംഗത്തിന്റെ ഇടപെടലുണ്ടായതും നമുക്ക് മറക്കാൻ കഴിയില്ല. ശ്ലാഘനീയമായ പ്രവർത്തനമാണ് സഹകരണ വകുപ്പിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. പരമ്പരാഗത മേഖലയിൽ മത്സ്യം, കയർ, കശുവണ്ടി, കൈത്തറി, ഖാദി തൊഴിലാളികൾക്ക് എല്ലാവിധ സഹായങ്ങളും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട് എന്നതും അഭിമാനകരമായിട്ടുള്ള നേട്ടമാണ്. അതോടൊപ്പം തന്നെയാണ് സമൂഹത്തിന്റെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ. പദ്ധതി വിഹിതത്തിന്റെ കാര്യത്തിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടാക്കിയെന്നു മാത്രമല്ല ഈ അഞ്ചു വർഷത്തിനിടയിൽ വകയിരുത്തിയ പണം പൂർണ്ണമായും 12 ശതമാനവും ആ മേഖലയിൽ ചെലവഴിക്കപ്പെടാൻ കഴിഞ്ഞു എന്നതും 4,500 ഓളം വരുന്ന എസ്.ടി. കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയതും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുകൾക്ക് വനഭൂമി നൽകിയിട്ടുള്ളതും പ്രശംസിക്കാവുന്ന കാര്യങ്ങളാണ്. ഒരു സർക്കാരിന്റെ കാഴ്ചപ്പാടിനെയാണ് ഇതെല്ലാം ബോദ്ധ്യപ്പെടുത്തുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

2011-2012 വർഷത്തിൽ സ്ത്രീകൾക്കായുള്ള പ്രത്യേക സ്കീമുകൾ. പദ്ധതിയടങ്കലിന്റെ 9.4 ശതമാനം അതായത്, 770 കോടി രൂപ ഈ പദ്ധതി വിഹിതത്തിൽ നീക്കിവച്ചുകൊണ്ട് പ്രശംസനീയമായിട്ടുള്ള, മാതൃകാപരമായിട്ടുള്ള സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്ന് പറയാതിരിക്കാൻ വയ്യ. 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായിട്ടുള്ള സ്ത്രീകൾക്ക് കൊടുത്തിരുന്ന പെൻഷന്റെ പ്രായപരിധി 40 വയസ്സായി കുറയ്ക്കുന്നതിന് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള ആർജ്ജവത്തെയും ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം എടുത്തു പറയാവുന്ന മറ്റൊന്നാണ് വനിതാ വികസന വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ എല്ലാ വനിതാ സംഘങ്ങളുടെയും ആവശ്യത്തോടൊപ്പം ഈ ഇടതുപക്ഷ ഗവൺമെന്റിന് നിൽക്കാൻ കഴിഞ്ഞുവെന്നത്. സ്ത്രീകളുടെ പ്രശ്നത്തിൽ എക്കാലത്തും ഇടപെടുന്നതിനുള്ള സമീപനം സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ള ഗവൺമെന്റാണ് ഇത് എന്ന് കഴിഞ്ഞ സന്ദർഭത്തിലെല്ലാം നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴും ഏറ്റവും നന്നായി ആ രംഗത്ത് പ്രതികരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് വനിതാ വികസന വകുപ്പ് രൂപീകരണത്തിനുവേണ്ടി ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം കാർഷിക മേഖലയിൽ നെല്ലിന്റെ താങ്ങുവിലയെ സംബന്ധിച്ച് നേരത്തെ ശ്രീ. തോമസ് ചാണ്ടി സംസാരിക്കുമ്പോൾ, അവരുടെ ജീവിതാനുഭവങ്ങൾ വച്ചുകൊണ്ടുപറഞ്ഞപ്പോൾ, പ്രതിപക്ഷത്തിന് അത് അംഗീകരിക്കാൻ കഴിയാത്ത രീതിയിലുള്ള പ്രതിഷേധങ്ങളെല്ലാം ഉയർന്നുവന്നു. ഈ ഗവൺമെന്റ് വരുമ്പോൾ നെല്ലിന്റെ സംഭരണ വില ഏഴ് രൂപ ഉണ്ടായിരുന്നു. അതിപ്പോൾ 14 രൂപയായി വർദ്ധിപ്പിക്കാൻ എടുത്ത തീരുമാനം കാർഷിക മേഖലയോടുള്ള ഈ ഗവൺമെന്റിന്റെ സമീപനത്തെയാണ് കാണിക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആ മാതൃകാപരമായ സമീപനം സ്വീകരിച്ച ഈ ഗവൺമെന്റിനോട് ഒരു അഭ്യർത്ഥനയുള്ളത്, കർഷകരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം കൂടിയുണ്ടാകണം എന്നുള്ളതാണ്. പത്രപ്രവർത്തകർക്കുള്ള പെൻഷൻ ഉൾപ്പെടെ വിവിധ പെൻഷനുകൾ വർദ്ധിപ്പിച്ചത് ഓരോന്നായി എടുത്തു പറയുന്നില്ല. സംസ്ഥാനത്തിന്റെ വികസനത്തിൽ സഹകരണമേഖല വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. ആരോഗ്യ രംഗത്തായാലും പാർപ്പിടം കൊടുക്കുന്ന കാര്യത്തിലും വിലക്കയറ്റത്തിന്റെ കാര്യത്തിലായാലും നല്ല സമീപനമാണ് സഹകരണ മേഖലയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അത്തരം സംവിധാനങ്ങളെ നശിപ്പിക്കുന്ന രീതിയിലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനങ്ങൾക്കെതിരെ നാം പ്രതികരിക്കേണ്ടതായിട്ടുണ്ട്. ആരോഗ്യരംഗവും വിദ്യാഭ്യാസരംഗവും വൻകുതിപ്പിലാണ്. സേവനമേഖലയായ കെ.എസ്.ആർ.ടി.സി.-ക്ക് പരമാവധി സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. അതിനെ ലാഭത്തിലാക്കുന്നതിന് വേണ്ടി നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് കൊണ്ട് ഈ കാലഘട്ടത്തിൽ വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. നബാർഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പദ്ധതിയുടെ വർക്കുകൾ നടക്കുകയാണ്. ടെണ്ടർ കഴിഞ്ഞപ്പോൾ എക്സസ് വന്നിട്ടുള്ള വർക്കുകൾക്ക് 2010-ന്റെ റേറ്റ് റിവിഷൻ വച്ചുകൊണ്ട് അധികരിച്ചു കൊടുക്കാൻ കഴിയില്ല എന്ന് പറയുകയാണ്. 70 ശതമാനം മുതൽ 80 ശതമാനം വരെ വർക്കുകൾ പൂർത്തീകരിച്ചുകൊണ്ട് അതിന്റെ സ്പാനിൽ കുറച്ച് ബാക്കി വരുന്നത് ഈ ടെണ്ടറിന്റെ എക്സസ് കൊടുക്കാൻ കഴിയില്ല എന്ന കാരണത്താൽ അത് സ്തംഭനാവസ്ഥയിൽ നിൽക്കുകയാണ്. അതുകൊണ്ട് അതിന് ആവശ്യമായ തുക കൊടുക്കുന്നതിനോ അതല്ലെങ്കിൽ അതിന് ഒരു നയപരമായ തീരുമാനമെടുക്കുന്നതിനോ വേണ്ടി ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട് എന്ന അഭിപ്രായം കൂടിയുണ്ട്. പ്രായോഗികമായ പദ്ധതികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഭരണത്തെക്കുറിച്ച് ഒരു അപവാദവും നിരത്താൻ കഴിയാത്ത അവസ്ഥയിലാണ് പ്രതിപക്ഷം. നേട്ടങ്ങളുടെ ചാലകശക്തിയായി മാറിയിട്ടുള്ള, കേരളത്തിന്റെ ചരിത്രത്തിൽ ഒരു പുത്തൻ സമ്പദ്ഘടനയ്ക്ക് രൂപം നൽകിയ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അങ്ങേയറ്റം പ്രശംസിക്കുവാൻ ആഗ്രഹിക്കുകയാണ്. അഴിമതിയുടെയും ജീർണ്ണതയുടെയും പര്യായമായ കോൺഗ്രസ് ഇന്ന് ദേശീയ തലത്തിൽത്തന്നെ അധഃപതിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഇടതുപക്ഷത്തിന്റെ ഈ ബദൽ വികസന നയങ്ങൾ ലോകശ്രദ്ധയുടെ നെറുകയിലേക്ക് ഉയർത്തിയിരിക്കുന്നു എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഇപ്രകാരം സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്ന വികസന നേട്ടങ്ങൾ തുടരേണ്ടതുണ്ട്. അത് നമ്മുടെ നാടിന്റെ രക്ഷയ്ക്ക് അനിവാര്യമാണ്. ഈ സർക്കാരിന്റെ ഭരണ നടപടികൾ ഈ നാട്ടിലെ ഒരു വിഭാഗത്തെയും നിരാശയിലേക്കോ അല്ലെങ്കിൽ ദുരിതത്തിലേക്കോ നയിച്ചിട്ടില്ല എന്ന് അനുഭവങ്ങൾകൊണ്ട് ബോദ്ധ്യപ്പെടുകയാണ്. ഇന്നിപ്പോൾ ധനുമാസ രാവുകളിലെ നറുനിലാവുപോലെ പരന്നൊഴുകുന്ന നന്മയുടെ ഉറവിടം ഒരു കാലത്തും വറ്റാതിരിക്കാൻ, അതിനെ സംരക്ഷിക്കേണ്ടതിനു വേണ്ടി ഓരോ മലയാളിയുടെ ചിന്തയും പ്രവൃത്തിയും മാറേണ്ടതുണ്ട് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് 38,546.69 കോടി രൂപയുടെ വരവും 44,566.33 കോടി രൂപയുടെ ചെലവും പ്രതീക്ഷിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. പശ്ചിമഘട്ടങ്ങളെ പേറിയും മറിഞ്ഞും അന്ധമാം രാജ്യങ്ങളിൽ വളരുന്ന കേരളത്തിൽ, കാൽപ്പനിക സ്വപ്നാടനങ്ങളുടെ ലഹരിയിൽ ധനമന്ത്രി അവതരിപ്പിച്ച ഈ കാൽപ്പനിക ബഡ്ജറ്റിനെ എനിക്ക് എതിർക്കാതെ വയ്യ. കണക്കുകൾകൊണ്ടുള്ള കളിയാണ് ഈ ബഡ്ജറ്റ്. 2007-ലെ ബഡ്ജറ്റിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം പരിപാടിയെങ്കിൽ അതിൽ ആത്മാർത്ഥത ദർശിക്കാമായിരുന്നു. അധികാരത്തിലിരിക്കുമ്പോൾ ധൃതരാഷ്ട്രരെപ്പോലെ കാഴ്ച നശിക്കും എന്ന് പറയാറുണ്ട്. വ്യാസവാക്യത്തിനോ ഭരതവാക്യത്തിനോ വിദുര വാക്യത്തിനോ അത്തരക്കാരെ രക്ഷിക്കാൻ സാധിക്കുകയില്ല. കുതിരവട്ടം പപ്പു വെള്ളാനകളുടെ നാട് എന്ന സിനിമയിൽ 'എല്ലാം ഇപ്പം ശരിയാക്കിത്തരാം' എന്ന് പറയുന്നതുപോലെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ഭരണത്തിന്റെ അവസാന വർഷം എല്ലാ കാര്യങ്ങളും ഏറ്റെടുത്ത് സംസാരിക്കുന്നത്. കുളിച്ചില്ലെങ്കിലും കൗപീനം പുറപ്പുറത്ത് കിടക്കട്ടെ എന്ന് പറയുന്നതുപോലെ, കൊട്ടിയില്ലെങ്കിലും ചെണ്ട കഴുത്തിൽ കിടക്കട്ടെ എന്ന് പറയുന്നതുപോലെ, നടപ്പാക്കിയില്ലെങ്കിലും ഇലക്ഷനുമുൻപ് ഈ ബഡ്ജറ്റ് പാസ്സാക്കിത്തരണം എന്നാണ് അദ്ദേഹം പറയുന്നത്. ഈ മന്ത്രിസഭയിലെ ഏറ്റവും കൗശലക്കാരനായ രാഷ്ട്രീയക്കാരനാണ് ഡോ. തോമസ് ഐസക് എന്ന് ഞാൻ പറയുന്നു. ഈ മന്ത്രിസഭയിലെ ഒരുപാട് പേരുടെ മുഖം രക്ഷിക്കാൻവേണ്ടി അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനാണ്. സ്വപ്നലോകത്തെ ബാലഭാസ്കറിനെപ്പോലെ ഒരുപാടുപേർ ഇതിനെ പിന്തുണച്ച് ഇവിടെ പ്രസംഗിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാം എമ്പ്രാന്റെ വിളക്കത്ത് വാര്യരുടെ അത്താഴം പോലെയാണ്. ഇത് നടപ്പാക്കാൻ അദ്ദേഹമോ അദ്ദേഹത്തിന്റെ സഹപ്രവർത്തകരോ ആ കസേരയിൽ ഉണ്ടാകില്ല എന്ന് നമുക്കറിയാം. ഈ ബാദ്ധ്യതയെല്ലാം ഏറ്റെടുക്കേണ്ടി വരുന്നത് അടുത്ത സർക്കാരാണ് എന്ന കാര്യത്തിൽ സംശയമില്ല.

പ്രായോഗികമല്ലാത്ത കാര്യങ്ങൾ പറഞ്ഞ് ആശ കൊടുത്തിരിക്കുകയാണ്. ആന കൊടുത്താലും ജനങ്ങൾക്കിങ്ങനെ ആശ കൊടുക്കുന്നത് ശരിയാണോയെന്ന് ധനകാര്യമന്ത്രി ആലോചിക്കണം. അധികാരത്തിലിരിക്കുമ്പോൾ ഇതുപോലെ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിന് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ 2006-ൽ അദ്ദേഹം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ എത്രമാത്രം ഈ 2011 വരെ നടപ്പാക്കിയെന്ന് പരിശോധിക്കേണ്ടതാണ്. 2005-06-ൽ ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭയുടെ കാലത്ത് 45,929 കോടി രൂപയുടെ പൊതുകടം ചൂണ്ടിക്കാണിച്ചാണ് കേരളത്തെ യു.ഡി.എഫ്. കടക്കെണിയിലാക്കി എന്ന് ഈ ഗവൺമെന്റ് ആക്ഷേപിച്ചത്. 2010-2011-ൽ അത് 78,327 കോടി രൂപയായി മാറിയിരിക്കുകയാണ്. എന്നിട്ട് മൂന്നു ശതമാനത്തിലധികം കടം വാങ്ങാൻ കേന്ദ്രം സമ്മതിക്കില്ല എന്ന പരിവേദനവും അതിന്റെ ഒപ്പമുണ്ട്. എന്നിട്ട് അദ്ദേഹം ശതമാന കണക്കിൽ സമാധാനിക്കുന്നു. "കടം അപകടം, വാങ്ങിയാൽ സങ്കടം, വീട്ടാഞ്ഞാൽ അപകടം" എന്ന നാട്ടിൻപുറത്തെ ചായക്കടക്കാരൻ ചുമരിൽ എഴുതിവയ്ക്കുന്ന ധനതത്ത്വശാസ്ത്രമെങ്കിലും ധനകാര്യമന്ത്രി ഉൾക്കൊള്ളണം. ധനം മിഥ്യയും കടം സത്യവുമാകുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലവും പദ്ധതി പണത്തിന്റെ ഭൂരിഭാഗവും പെരുച്ചാഴി മാളങ്ങളിലാണ് പോയിട്ടുള്ളത്. പണത്തിന്റെ മണിയൊച്ചപോലെ പരമാനന്ദകരമായ സംഗീതം ലോകത്ത് വേറെയില്ല എന്ന് കരുതുന്ന ഒരു പാർട്ടിയും വ്യക്തികളുമാണ് അപ്പുറത്തുള്ളത് എന്നുള്ളതിൽ എനിക്ക് ദുഃഖമുണ്ട്. പെരുമ്പറയുടെ മുഖത്തുനിന്ന് ഉയരുന്ന ശബ്ദം ധനമെന്നാണ് എന്ന് ഒരു പഴയ സംസ്കൃത ശ്ലോകത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ 'വാറ്റ് വന്നതുകൊണ്ട് നികുതി വരുമാനം വർദ്ധിച്ചു എന്നത് ധനകാര്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗ്യമാണ്. ഭക്ഷ്യ സുരക്ഷയെക്കുറിച്ച് പറയുന്നു. പക്ഷേ അതിനേക്കാൾ മുൻഗണന മറ്റ് ചില കാര്യങ്ങൾക്കാണ് നൽകിയിട്ടുള്ളത്. കൊടുക്കുന്ന പണത്തിന്റെ ക്രയശേഷി സാധനങ്ങളുടെ ലഭ്യത ആശ്രയിച്ചാണെന്ന സാമ്പത്തിക പാഠം സൗകര്യപൂർവം അദ്ദേഹം വിസ്മരിച്ചിരിക്കുകയാണ്. ഹരിത ബഡ്ജറ്റിൽ 100 കോടി രൂപ മാറ്റിവച്ച് കണ്ടൽ വനങ്ങളും കുളങ്ങളും തോടും ഉദ്ധരിക്കുന്നു എന്നുപറയുന്നു. അതേ നിങ്ങൾ തന്നെയാണ് കണ്ടൽവനം നശിപ്പിച്ച് പാർക്കുണ്ടാക്കുന്നത്. ദ്രവഖരമാലിന്യ സംസ്കരണത്തിനുവേണ്ടി ഫണ്ടില്ല കൃഷിക്ക് പ്രാധാന്യം കുറച്ചു നൽകിയിരിക്കുന്നു. വ്യവസായവൽക്കരണ പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടില്ല. കേരളത്തെപ്പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്ത് വ്യവസായവൽക്കരണം പരിസ്ഥിതി സൗഹൃദമാകണം "കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കോടൻ ഭരണിയിലെ ഉപ്പുമാങ്ങ" എന്ന കഥയെങ്കിലും ധനകാര്യമന്ത്രി വായിക്കേണ്ടതാണ്. അഞ്ച് വർഷം കഴിഞ്ഞ് റോഡ് വികസനത്തിന് നാൽപ്പതിനായിരം കോടി അൽബറാക്കിൽ നിന്ന് കടമെടുക്കുമെന്നാണ് പറയുന്നത്. "പാമ്പൻ പാലത്തിന് ഉറപ്പേകുന്ന പിൻബലം-ശങ്കർ സിമന്റ്" എന്നുപറയുന്നതുപോലെ കേരളത്തിൽ നാൽപ്പതിനായിരം കോടി രൂപയുടെ റോഡ് ഉണ്ടാക്കാൻ ഇന്നേവരെ സ്ഥാപിച്ചിട്ടില്ലാത്ത അൽബറാക്കിന്റെ പേര് പറഞ്ഞ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, കേരളത്തിലെ ജനങ്ങൾ ഫൂൾസാണ് എന്നാണ് കരുതുന്നത്. ഇത് മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നമാണ്. പണ്ടൊരുത്തൻ വഴിപാട് നേർന്നു. ആയിരത്തിയൊന്ന് രൂപ വീണുകിട്ടിയാൽ ഒരു രൂപ ഗുരുവായൂരിലെ ഭണ്ഡാരത്തിലിടുമെന്ന്, എന്നതുപോലെ അൽബറാക്ക് വന്ന് നാൽപ്പതിനായിരം കോടി രൂപ തന്നാൽ ഞാൻ കേരളത്തിലെ റോഡുകൾ നന്നാക്കുമെന്നാണ് അദ്ദേഹം പറയുന്നത്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ആശ്രയ പദ്ധതി നിങ്ങൾ നശിപ്പിച്ചു. വനിതകൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി മൂത്രപ്പുര പണിയുമെന്ന് ഭരണമേറ്റ് അഞ്ചുവർഷം കഴിഞ്ഞാണ് പറയുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത് ബാലികാ സൗഹൃദ മൂത്രപ്പുരകൾ സ്ഥാപിക്കുമെന്നാണ്. പണ്ട് ടോയ്‌ലറ്റ്, കക്കൂസ് എന്ന് പറഞ്ഞിരുന്നത് പിന്നീട് കംഫർട്ട് സ്റ്റേഷനാക്കി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അദ്ദേഹം ജന്റർ ബഡ്ജറ്റാണെന്നു പറഞ്ഞിട്ട് പതിനാലരക്കോടിരൂപ പി. ഡബ്ല്യു.ഡി.-ക്ക് ടോയ്‌ലറ്റ് പണിയാൻവേണ്ടി കൊടുത്തിരുന്നു. ഏതെങ്കിലും ജന്റർ ടോയ്‌ലറ്റിൽ മൂത്രമൊഴിക്കാനുള്ള ഭാഗ്യം കേരളത്തിലെ ജനങ്ങൾക്കുണ്ടായിട്ടുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്: ഇപ്പോൾ വളരെ സൗന്ദര്യമുള്ള ഒരു പേര് ബാലികാ സൗഹൃദമൂത്രപ്പുരകൾ എന്നാണ് ഇട്ടിരിക്കുന്നത്. ഈ മന്ത്രിസഭ റോമിലെ കൊളോസിയം പോലെയാണ്. കൊളോസിയത്തിൽ മനുഷ്യരും മൃഗവും തമ്മിൽ നടക്കുന്ന മത്സരം പോലെ മന്ത്രിസഭയിൽ മുഖ്യമന്ത്രിമാരും മന്ത്രിമാരും തമ്മിൽ മത്സരമാണ്. ഘടകകക്ഷികൾ ഓരോന്നായി വേർപിരിഞ്ഞു. ഉലക്കതേഞ്ഞ് ഉളിപ്പിടിയായി മാറിയതുപോലെയാണ് ഇപ്പോൾ എൽ.ഡി.എഫ്. പോയവർ കഴിച്ച് ബാക്കിയുള്ളവർ ബോസ്കരുടെമുമ്പിൽ വിനീത വിധേയനായി നിൽക്കുന്ന തൊമ്മിയെപ്പോലെയാണ് ചില ഘടക കക്ഷികൾ എന്നു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

റയുമ്പോൾ പരിഭവിക്കേണ്ടതില്ല. പുരാണത്തിലെ സുന്ദോപസുന്ദൻമാർ ിലോത്തമയെ ചൊല്ലി തമ്മിലടിച്ചതുപോലെ അടുത്ത മുഖ്യമന്ത്രിയെ ചൊല്ലി ിങ്ങൾ തമ്മിലടിക്കുകയാണ്. വി.എസ്. ആണോ, പിണറായി ആണോ, ണ്ടുമല്ലെങ്കിൽ കോടിയേരിയാണോ നിങ്ങളുടെ മുഖ്യമന്ത്രി. ഞങ്ങളുടെ മുന്നണിയ്ക്ക് നതൃത്വം കൊടുക്കുന്നത് ഞങ്ങളുടെ നേതാവ് ഉമ്മൻ ചാണ്ടിയാണ്. അദ്ദേഹത്തിന്റെ ശരെ കെടുത്താൻ നിങ്ങൾ ശ്രമിച്ചാൽ ഒരിക്കലും അത് നടക്കാൻ പോകുന്നില്ല. ധികാരത്തെ ധിക്കാരമാക്കുന്ന നിങ്ങൾക്ക് നഹുഷന്റെ അനുഭവമാണ് വരാൻ പാകുന്നത്. പല്ലക്കിൽ കയറി ദേവർഷികളെക്കൊണ്ട് പല്ലക്ക് ചുമപ്പിപ്പിച്ച ഹുഷൻ അഹങ്കാരം മൂത്ത് സർപ്പാ സർപ്പായെന്ന് വിളിച്ച് അഗസ്ത്യമുനിയുടെ ലയിലാണ് ചവിട്ടിയത്. നീ സർപ്പമായി കൽപ്പാന്തകാലത്തോളം ചീഞ്ഞളിഞ്ഞ തുപ്പുനിലങ്ങളിൽ ഇഴഞ്ഞുനടക്കാൻ ശപിക്കപ്പെട്ട നഹുഷന്റെ അനുഭവമാണ് ങ്ങളുടെ തലയിൽ ചവിട്ടി അഹങ്കാരം കാത്തിരിക്കുന്ന നിങ്ങളെ കാത്തിരിക്കുന്നത്. ി.യുടെ കവിതയിലെ 'ചിലന്തി'യെപ്പോലെ "കാലുകൾക്കിടയിലാണ് എട്ടു ിക്കുകൾ നാശമേലുകില്ലൊരു നാളുമെന്ന" ഭാവനയോടെയാണ് നിങ്ങൾ ഴിയുന്നത്. ശ്രീ. വി. ശിവൻകുട്ടിയും ശ്രീ. സി. കെ. സദാശിവനും ജയിലുകളിൽ ട്ടിലൊരുക്കാൻ ആവശ്യപ്പെട്ടു. ബാലകൃഷ്ണപിള്ള ജയിലിൽ കിടക്കാനാണ് ിധിയെങ്കിൽ ആ വിധിയെ തടുക്കാൻ ആർക്കും സാധിക്കുകയില്ല. പക്ഷ ിങ്ങളുടെ കൂടെയുള്ള കായംകുളം കൊച്ചുണ്ണിമാരും ഇത്തിക്കര പക്കിമാരും വള്ളായണി പരമുമാരും അധികം വൈകാതെ ബാലകൃഷ്ണപിള്ളക്ക് കൂട്ടായി ആ സെൻട്രൽ ജയിലിൽ എത്തുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട അഥവാ എത്തിയില്ലെങ്കിൽ നിങ്ങളുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ എത്തിക്കുമെന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല.

'കെ.എസ്.ടി.പി. പദ്ധതിയിൽ നിലമ്പൂർ-പെരിമ്പിലാവ് ഹൈവേ ൾപ്പെടുത്തിയതായിരുന്നു, ബഡ്ജറ്റ് പ്രസംഗത്തിൽ അതില്ല. അത് ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. സ്വർണ്ണവ്യാപാരം, പ്ലൈവുഡ് തുടങ്ങിയ മേഖലകളിലുള്ള പാവപ്പെട്ടവരുടെ ബഡ്ജറ്റ് എന്ന് വിശേഷിപ്പിക്കുമ്പോൾത്തന്നെ മൂന്നു കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അഞ്ചു വർഷം 'തുടർച്ചയായി കോമ്പൗണ്ട് നിരക്കിൽ നികുതിയടയ്ക്കുന്ന ബാർഹോട്ടലുകൾ കഴിഞ്ഞ വർഷം ഒടുക്കിയ നികുതിയുടെ 10 ശതമാനവും കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തുടർച്ചയായി കോമ്പൗണ്ട് നിരക്കിൽ നികുതി കൊടുക്കുന്ന ബാർഹോട്ടലുകൾക്ക് കഴിഞ്ഞവർഷം ഒടുക്കിയ നികുതിയുടെ 112 ശതമാനവും അടച്ചാൽ മതിയാകുമെന്ന് വ്യവസ്ഥ ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു', ധനകാര്യമന്ത്രിയുടെ പ്രസംഗമാണ്. അതുപോലെ കോമ്പൗണ്ട് വ്യവസ്ഥ തെരഞ്ഞെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ട് നികുതി നിരക്കിൽ തുടരാൻ അവരെ അനുവദിക്കുന്നതാണെന്ന് സ്വർണ്ണ വ്യാപാരികളുടെ കാര്യത്തിലും പറയുന്നു. മൂന്നാമത് വ്യാജ സി.എസ്. ഫോറം ഡിക്ലറേഷനുകൾ ഫയൽ ചെയ്ത് നികുതി വെട്ടിപ്പ് നടത്തിയ പ്ലൈവുഡ് മേഖലയിലെ സ്ഥാപനങ്ങൾ മുഴുവൻ നികുതിയുടെ പലിശ ആറു മാസത്തിനുള്ളിൽ ഒടുക്കുകയാണെങ്കിൽ എല്ലാ തരത്തിലുമുള്ള പിഴ, പ്രോസിക്യൂഷൻ നടപടികൾ എന്നിവ ഒഴിവാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഉദ്ദേശിക്കുന്നു എന്നും അദ്ദേഹം പറയുന്നു. ഡെൻമാർക്കിലെന്തോ ചീഞ്ഞു നാറുന്നു എന്നുപറയുന്നതുപോലെ ഈ കാര്യത്തിൽ എന്തോ ചീഞ്ഞ് നാറുന്നതായി നിഷ്പക്ഷമതികൾ ചിന്തിച്ചാൽ അതിൽ തെറ്റില്ല എന്ന് ധനകാര്യ മന്ത്രിയോട് ഞാൻ പറയുന്നു. ഈ ഗവൺമെന്റ് അടുത്ത തെരഞ്ഞെടുപ്പിൽ താങ്ങുവില പ്രഖ്യാപിച്ചാലും രക്ഷപ്പെടുകയില്ലെന്ന് നിങ്ങൾക്കറിയാം. ഒരു തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ നേതാക്കൻമാരെ വ്യക്തിഹത്യ ചെയ്ത് അതിൽനിന്ന് രക്ഷപ്പെടാൻ പറ്റുമോയെന്നാണ് നിങ്ങൾ നോക്കുന്നത്. ബഹുമാനപ്പെട്ട ധനമന്ത്രി ബഡ്ജറ്റിൽ ഒ.എൻ.വി. കവിത ഉദ്ധരിച്ചു, ഞാൻ ഒ.എൻ.വി-യുടെ ഒരു പഴയ കവിത ഉദ്ധരിച്ച് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

സ്വന്തം ഭാഷ മറക്കുകിലെന്തേ
എന്റെ കേരളം കോരിത്തരിപ്പൂ,
പൈങ്കിളികളായ് പൈതങ്ങൾ കൊഞ്ചും
വെങ്കലമൊഴി കേൾക്കുവതില്ലേ
കണ്ടു കണ്ടങ്ങൊഴുകും പുഴയെ
കണ്ടില്ലെന്നു വരുത്തുകിലെന്തേ
ആറ്റുവെൺമണൽ വിറ്റുകടത്തി
നാട്ടിലാദായം കൂട്ടുകയല്ലീ
നെൽക്കതിർക്കുലയാടിയ പാടമൊക്കെ
ഞങ്ങൾ നികത്തുകിലെന്തേ
പുത്തരിച്ചോറ് ഉപേക്ഷിക്കിലെന്തേ
റബ്ബറിൻപാൽ കറക്കുവാനില്ലേ
ഇന്ന് കേരളം ദൈവത്തിൻ നാടാണെന്ന്
കേളികൊട്ടാർത്തുയരട്ടെ.

ഒ.എൻ.വി. ഒരുപാട് കാര്യങ്ങൾ എഴുതിയിട്ടുണ്ട്. അങ്ങ് മണൽ ലേലം ചെയ്ത് ഒരുപാട് കോടികൾ ഉണ്ടാക്കുമെന്നുപറഞ്ഞു. മലമ്പുഴയിലെ മണലിന്റെ കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമില്ല. അങ്ങേക്ക് അറിയുന്നതാണ്. ഏതായാലും ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ വളരെ കൗശലത്തോടുകൂടി ഒരു ബഡ്ജറ്റിലപ്പുറം അടുത്ത തെരഞ്ഞെടുപ്പിൽ മുഖം വികൃതമായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ രക്ഷിക്കുവാൻവേണ്ടി അങ്ങേയറ്റത്തെ കൗശലതയോടും ആത്മാർത്ഥതയോടുംകൂടി അങ്ങ് അവതരിപ്പിച്ച 'പ്രകടന പത്രിക'യെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ സസന്തോഷം പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ വസ്തുനിഷ്ടമായ യാഥാർത്ഥ്യങ്ങളെയും ഭാവിയേയും യഥാർത്ഥത്തിൽ വിലയിരുത്തുകയും അതിന് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു എന്നതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകതയെന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ കാലത്തെ യു.ഡി.എഫ്-ന്റെ ഭരണവും ഇപ്പോഴുള്ള അഞ്ചു വർഷക്കാലത്തെ ഭരണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ തീർച്ചയായും ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് നമ്മുടെ പ്രതീക്ഷകൾ നിറവേറ്റാൻ കഴിയുന്ന ഒന്നാണ് എന്നകാര്യത്തിൽ സംശയം വേണ്ട. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം നടന്നിട്ടുള്ള ചർച്ചകളിൽ പലതും, പ്രതിപക്ഷത്ത് സാധാരണഗതിയിൽ സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പ്രശസ്തനായിട്ടുള്ള ശ്രീ. പി. സി. ജോർജ്, അദ്ദേഹം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്, ഈ ബഡ്ജറ്റിനെ ഞാൻ കാര്യമായി വിമർശിക്കുന്നില്ല എന്നാണ്. വിമർശിക്കാനൊന്നുമില്ല, പക്ഷേ ഇത് അവസാന വർഷം നടപ്പിലാക്കാൻ കഴിയുമോയെന്ന സംശയമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി സാർ പറഞ്ഞത് ഇത് കഴിഞ്ഞ വർഷമായിരുന്നുവെങ്കിൽ എനിക്ക് പിന്തുണയ്ക്കാൻ കഴിയുമായിരുന്നു എന്നാണ്. ഈ വർഷം ആയതുകൊണ്ട് പിന്തുണയ്ക്കാൻ പറ്റില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഇങ്ങനെയൊരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഐസക്കിന് എന്താണ് അധികാരം എന്ന മട്ടിലാണ് കെ. എം. മാണി സാർ പ്രതികരിച്ചത്. കെ. എം. മാണി സാറിന്റെ പ്രതികരണം കേട്ടപ്പോൾ എനിക്ക് തോന്നിയത് പഴയ ഒരു കാരണവരുടെ മനോഭാവമാണ്. കാരണവർ അങ്ങാടിയിൽ പോയി തിരിച്ചു വരുമ്പോൾ അയാളുടെ വീട്ടിൽ നിന്ന് ഒരു ഭിക്ഷക്കാരൻ ഇറങ്ങി വരികയാണ്. ആ ഭിക്ഷക്കാരനോട് കാരണവർ ചോദിച്ചു എന്താ വീട്ടിൽ പോയിട്ട് എന്തെങ്കിലും കിട്ടിയോ? അപ്പോൾ ഭിക്ഷക്കാരൻ പറഞ്ഞു ഒന്നും കിട്ടിയില്ല. അപ്പോൾ അയാൾ പറഞ്ഞു എങ്കിൽ എന്റെ കൂടെ വാ. ഭിക്ഷക്കാരനെ വിളിച്ച് അയാൾ വീട്ടിലേക്ക് കൊണ്ടു പോയി. വീട്ടിലിരുന്നു കാരണവർ വിശദമായിട്ട് ഒന്നു മുറുക്കി, തുപ്പി. എന്നിട്ട് ഭിക്ഷക്കാരനോട് പറഞ്ഞു ഇനി നീ പൊയ്ക്കോ. നിനക്ക് ഒന്നും തരാൻ ഇല്ല. ഇവിടെ ഇല്ല എന്ന് പറയാനുള്ള അധികാരം ഈ വീട്ടിൽ എനിക്ക് മാത്രമേയുള്ളു, അതുകൊണ്ട് നേരത്തെ ഭിക്ഷ തരില്ലായെന്നു പറഞ്ഞ ആളുകൾ പറഞ്ഞതല്ല ശരി ഇപ്പോൾ ഞാൻ ആധികാരികമായി പറഞ്ഞതാണ് ശരി എന്നാണ്. ഇതൊരു ഫ്യൂഡൽ മനോഭാവമാണ്. ആ ഫ്യൂഡൽ മനോഭാവമാണ് കെ. എം. മാണിസാറിനെപ്പോലെയുള്ള ആളുകൾ പ്രകടിപ്പിച്ചത്. സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ പിരിഞ്ഞുപോകുന്ന കാലത്ത് ധനകാര്യ മന്ത്രിക്ക് അവകാശമില്ല എന്ന വാദം ആ ഫ്യൂഡൽ സ്വഭാവത്തിന്റെ അവശിഷ്ടമാണ്. ഇത് പറയാൻ കാരണം വരുന്ന ഒരു തെരഞ്ഞെടുപ്പിൽ ഇടതുപക്ഷമുന്നണി ജയിക്കില്ലായെന്ന ഒരു ധാരണയിൽ നിന്ന് കൊണ്ടാണ് ഇത്തരം ഒരു അബദ്ധ പ്രസ്താവന അവർ നടത്തിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ അതിന് വസ്തുതയുമായി ഒരു ബന്ധവുമില്ല.

2009-ലെയും 2010-ലെയും തെരഞ്ഞെടുപ്പുകളെ താരതമ്യം ചെയ്താൽ 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് 67,17,000 വോട്ട് മാത്രമാണ് കേരളത്തിൽ ലഭിച്ചത്. എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോഴേക്കും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ലഭിച്ച വോട്ട് 77,77,000 ആയി. 10,60,000-ലേറെ വോട്ടുകൾ വർദ്ധിച്ചു. ഇനി യു.ഡി.എഫ്.-എൽ.ഡി.എഫ്. തമ്മിൽ വെറും 6,25,000 വോട്ടുകളുടെ വ്യത്യാസം മാത്രമേയുള്ളു. കാരണം അതിൽ നാല് ലക്ഷം മലപ്പുറം ജില്ലയിലാണ്. ബാക്കിയുള്ള 13 ജില്ലകളിൽക്കൂടിയുള്ള എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസം എന്നു പറയുന്നത് വെറും രണ്ട് ലക്ഷത്തിൽ താഴെ വോട്ടുകൾ മാത്രമാണ്. ഏതാണ്ട് പത്ത് അറുപതോളം വരുന്ന നിയമസഭാമണ്ഡലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വ്യക്തമായ ഭൂരിപക്ഷം ഇപ്പോൾ നിലനിൽക്കുകയാണ്.

അങ്ങനെയുള്ള സാഹചര്യത്തിനുശേഷമാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ വന്നിട്ടുള്ള ഞെട്ടിപ്പിക്കുന്ന, കോൺഗ്രസ്സിന് ഒരു കാലത്തും കേട്ടുകേൾവിയില്ലാത്ത വിധത്തിൽ, ലോകം തന്നെ കേൾക്കാത്ത വിധത്തിലുള്ള അഴിമതി കഥകൾ കോൺഗ്രസ്സിന്റെ ഉന്നത നേതൃത്വത്തിനു നേരെ ഉയർന്നുവരുന്നത്. പൊതുവിൽ സാത്വികനാണെന്നും മാന്യനാണെന്നും അഴിമതിയുടെ കറപുരളാത്തവനാണെന്നും ലോകമാകെ, ഇന്ത്യയാകെ വിശ്വസിച്ചുകൊണ്ടിരുന്ന ഡോ. മൻമോഹൻസിംഗിന്റെ നേരെയാണ് ഏറ്റവും അവസാനമായി നമ്മുടെ ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ടുള്ള അഴിമതി. രണ്ട് ലക്ഷം കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്. ശ്രീ. എ. രാജയെ പുറത്താക്കിയപ്പോൾ തെഹൽക്ക എന്നു പറയുന്ന, ഔട്ട് ലുക്ക് എന്നു പറയുന്ന മാസികയും തെഹൽക്കയും 1,76,645 കോടി രൂപയുടെ സ്പ്ലിറ്റപ്പ് അവർ ലേഖനത്തിൽ കൊടുത്തിരുന്നു. അതിൽ പറഞ്ഞിരുന്നത് ഇതിന്റെ 65 ശതമാനം പോയിട്ടുള്ളത് സോണിയാജിയുടെ വസതിയിലേക്കാണെന്നാണ്. ആരും അത് നിഷേധിച്ച് കണ്ടില്ല. കോൺഗ്രസ്സിന്റെ ഉന്നത നേതൃത്വം അഖിലേന്ത്യാടിസ്ഥാനത്തിൽ ഏറ്റവും വലിയ അഴിമതി ആരോപണത്തിന് വിധേയമായിരിക്കുകയാണ്. ബീഹാറിൽ നേരത്തെ കോൺഗ്രസ്സിന് 9 സീറ്റുണ്ടായിരുന്നു. ആ 9 -സീറ്റുണ്ടായിരുന്ന ബീഹാറിൽ തെരഞ്ഞെടുപ്പ് മത്സരത്തിന് നേതൃത്വം കൊടുത്തത് പുതിയ അവതാരമായിട്ടുള്ള രാഹുൽഗാന്ധി തന്നെയാണ്. അദ്ദേഹം പോയ മണ്ഡലങ്ങളിൽ എവിടെയും കോൺഗ്രസ്സ് ജയിച്ചില്ല എന്നു മാത്രമല്ല ആ 9 -ൽ നിന്ന് കോൺഗ്രസ്സിന്റെ ടാലി നാലായി കുറഞ്ഞിരിക്കുകയാണ്. അങ്ങനെയുള്ള ഒരു അഖിലേന്ത്യാ പശ്ചാത്തലത്തിൽ വിലക്കയറ്റത്തിനും അതുപോലെ അഴിമതിക്കുമെതിരായിട്ടുള്ള അതിശക്തമായിട്ടുള്ള സമരം, ഇന്ന് ഈജിപ്തിൽ നടക്കുന്നതുപോലെയുള്ള ഒരു സമരം ഉത്തരേന്ത്യയിലാകെ നടന്നുകൊണ്ടിരിക്കുകയാണ്. അത് കോൺഗ്രസ്സിനെ, യു.പി.എ.-യെ പ്രതിക്കൂട്ടിലാക്കിയിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇവിടെ ജയിച്ചുവരും എന്ന് കണക്ക് കൂട്ടുന്നത് എന്തുമാത്രം അബദ്ധമാണെന്ന് കോൺഗ്രസ്സുകാർ തിരിച്ചറിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഏതെങ്കിലും തരത്തിൽ ഒരു അഴിമതി നടത്തിയെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല. ഞങ്ങളാരും അങ്ങനെ പറഞ്ഞിട്ടുമില്ല. പക്ഷേ അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരായിട്ടുള്ള ശ്രീ. ടി. എച്ച്. മുസ്തഫയെ പോലെയുള്ളആളുകൾപറയുകയാണ്,. ***അദ്ദേഹത്തിന്റെ തന്നെ ലോകസഭാ മെമ്പറായിട്ടുള്ള ....

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രാവിലെ ഇതിനെക്കുറിച്ച് സംസാരിക്കുകയും ചെയർ റൂൾ ചെയ്യുകയും ചെയ്തതാണ്. ആ റൂളിംഗിന് വിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ ഇവിടെ എന്റെ സ്നേഹിതൻ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ആ അഫിഡവിറ്റിനകത്ത് - "The prosecution who rightly did not find fault with the Finance Minister, has unjustifiably arrayed this petitioner as second accused for no fault of him in the matter from the very inception of the incidents....." ഇതാണ് ശ്രീ. ടി. എച്ച്. മുസ്തഫ കൊടുത്തിരിക്കുന്ന അഫിഡവിറ്റ്. ഈ അഫിഡവിറ്റ് രാവിലെ ഞാൻ വായിക്കാൻ ശ്രമിച്ചു. പക്ഷെ ഭാഗികമായിട്ടേ വായിച്ചു തീർക്കാൻ കഴിഞ്ഞിരുന്നുള്ളു. അതിനുശേഷമാണ് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ചെയറിലുള്ളപ്പോൾ അതെ.... അത് പോയിന്റ് ഓഫ് ഓർഡറിലാണ് വരിക. അതുകൊണ്ടെന്താ ഈ പോയിന്റ് നിങ്ങൾക്ക് അനുകൂലമല്ലാത്തതു കൊണ്ട് അതിനെ എതിർക്കുന്നത് എന്തിനാണ്? അപ്പോൾ എന്റെ പോയിന്റ് സ്പീക്കർ റൂളിംഗ് കൊടുത്ത ഒരു കേസ് വീണ്ടും നിയമസഭയ്ക്ക് അകത്ത് മറ്റൊരു അംഗം കൊണ്ടുവരുന്നത് ഓർഡറിലാണോ? അത് നമ്മുടെ ഈ നിയമസഭയിൽ ചർച്ചയ്ക്ക് അനുവദിക്കാമോ ഇതിന്റെ യഥാർത്ഥത്തിലുള്ള പോയിന്റ് ഇതാണ്. ഇനി അഥവാ ഞങ്ങൾ പറയുന്നതിനെക്കാൾ വ്യത്യസ്തമായി ഒരു രേഖ എന്തെങ്കിലും അദ്ദേഹത്തിന്റെ കയ്യിലുണ്ടെങ്കിൽ അദ്ദേഹം അത് ടേബിൾ ചെയ്യണം. ഞങ്ങൾക്ക് കൂടി റഫർ ചെയ്യാൻ കഴിയണം. അങ്ങനെ രേഖകളുടെ പിൻബലമില്ലാതെ എന്തും വായിൽ തോന്നുന്ന മാതിരി വിളിച്ചു പറയുന്നത് ശരിയാണോ? അത് ഓർഡറിലാണോ; അത് സഭാ നടപടികളിൽ നിന്ന് മാറ്റണം. രേഖകളിൽ നിന്ന് മാറ്റണം. അതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പി. ജയരാജൻ : സർ പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. ജോർജ് എം. തോമസിന്റെ പ്രസംഗത്തിൽ ഇടപെട്ടുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിക്കുന്നത്. എന്റെ കയ്യിലുണ്ട് അഫിഡവിറ്റ്. ആ അഫിഡവിറ്റിൽ പറഞ്ഞത് "It is important that the Finance Minister also agreed to the same view and suggestion of the petitioner..... ശ്രീ. ടി. എച്ച്. മുസ്തഫയുടെ ആ പെറ്റിഷനിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളോടും യോജിക്കുക മാത്രമല്ല.... കേൾക്കൂ.... കേൾക്കൂ...."suggestion of the petitioner by endorsing the note for the petitioner..." ഈ ടി. എച്ച്. മുസ്തഫയ്ക്കുവേണ്ടി പ്രത്യേകമായിട്ടുള്ള കുറിപ്പ് എഴുതിയിട്ടുള്ള ആളാണ് "..... in the same file almost simultaneously on the same day.....എന്തിനാണ് ഇത് പറയേണ്ട ആവശ്യം. തന്റെ ഭാഗം ന്യായീകരിക്കുന്നതിനുവേണ്ടി ഞാൻ മാത്രമല്ല ഞാൻ എന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് കുറിപ്പ് എഴുതിയിട്ടുള്ള ആളാണ് അന്നത്തെ ധനമന്ത്രി എന്ന് അഫിഡവിറ്റ് കൊടുത്തത് വളരെ ബോധപൂർവ്വമാണെന്നതാണ് ഇന്ന് ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപം. അത് നിഷേധിക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ആകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ചെയർപേഴ്സൺ : ശ്രീ. ജോർജ് എം. തോമസിന് പ്രസംഗം തുടരാം.

ശ്രീ. ജോർജ് എം. തോമസ് : സർ, ഞാൻ ....

ചെയർപേഴ്സൺ : അതിനകത്ത് പോയിന്റില്ല. അങ്ങ് പറഞ്ഞതിൽ പോയിന്റില്ല. ശ്രീ. ജോർജ് എം. തോമസിന് പ്രസംഗം തുടരാം....

ശ്രീ. ജോർജ് എം. തോമസ് : സർ, ഞാൻ പറയുന്നത് ഉമ്മൻചാണ്ടി സാറിനെതിരെ സംശയത്തിന്റെ കരിനിഴലെങ്കിലും പകർത്തിയത് ഞങ്ങളാരുമല്ല. അത് അദ്ദേഹത്തിന്റെ പാർട്ടിക്കാർ തന്നെ. അദ്ദേഹത്തിനെതിരെ അഫിഡവിറ്റ് കൊടുത്തോ....അദ്ദേഹത്തിനെതിരെ സംശയത്തിന്റെ കരിനിഴൽ പരത്തി കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെയാണ്.....

ചെയർപേഴ്സൺ : പറഞ്ഞ കാര്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കണ്ട.

ശ്രീ. ജോർജ് എം. തോമസ് : അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് ഇവിടെ വയലാർ രവി....

ചെയർപേഴ്സൺ : ജോർജ് എം. തോമസിന് പ്രസംഗം തുടരാം.

ശ്രീ. ജോർജ് എം. തോമസ് : ഇവിടെ ഇപ്പോൾ കുറച്ച് മുമ്പ് ശ്രീ. സി. പി. മുഹമ്മദ് പ്രസംഗിച്ചത് ഞങ്ങൾ ഭരണത്തിൽ വന്നാൽ, ഭൂരിപക്ഷം കിട്ടിയാൽ മുഖ്യമന്ത്രിയാകുമെന്നത് ശ്രീ. ഉമ്മൻചാണ്ടിയാണെന്നാണ്.

ചെയർപേഴ്സൺ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ നമ്മുടെ നിയമസഭാ സ്പീക്കർ ചെയറിലിരുന്ന് റൂൾ ചെയ്തത് അതിനെ വീണ്ടും ഓവർലുക്ക് ചെയ്തുകൊണ്ട് വേറൊരു റൂളിംഗ് വരുന്നത് വ്യവസ്ഥയ്ക്ക് ചേർന്നതാണ് എന്ന് എനിക്ക് തോന്നുന്നില്ല. സ്പീക്കറുടെ ചെയറിൽ ഇരിക്കുന്നതുകൊണ്ട് അത് ഞാൻ പറയുന്നില്ല.

ചെയർപേഴ്സൺ : അത് പരിശോധിക്കാം. ആ വിഷയം പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശരി.

ചെയർപേഴ്സൺ : ശ്രീ. ജോർജ് എം. തോമസിന് പ്രസംഗം തുടരാം.

ശ്രീ. വി. ശിവൻകുട്ടി : ഈ മുസ്തഫയുടെ, മുസ്തഫ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റുമെന്റ്സ് ഞാനാണ് ഇന്ന് രാവിലെ ഈ സഭയിൽ അവതരിപ്പിച്ചത്. ആ സമയത്ത് അവിടെ നിന്ന് ചില വാദങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട ചെയർ പറഞ്ഞത്, ഇത് രണ്ടും ഞാൻ പരിശോധിച്ച ശേഷം പറയാം എന്നാണ്. എന്റെ വാദം എന്നുപറയുന്നത്, അതിൽ പറഞ്ഞിരിക്കുന്നത് മുസ്തഫ കൊടുത്തിരിക്കുന്ന സ്റ്റേറ്റുമെന്റ്സ് എന്നു പറയുന്നത്, അത് സഹകാബിനറ്റിൽ ധനവകുപ്പുമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിക്കും തുല്യമായ പങ്കാളിത്തമുണ്ടെന്നാണ് അതിൽ പറഞ്ഞിരിക്കുന്ന രത്ന ചുരുക്കം. അതിനെ സംബന്ധിച്ചിടത്തോളമാണ് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് തരാമെന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ റൂളിംഗ് നൽകിയില്ല. ചെയർ റൂളിംഗ് നൽകാത്തിടത്തോളം കാലം ഞാൻ പറഞ്ഞ വിഷയമാണ് ഇപ്പോൾ നിൽക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഉമ്മൻചാണ്ടി രാജിവയ്ക്കുമോയെന്ന് ഞാൻ ചോദിച്ചിട്ടുണ്ടായിരുന്നു. അതിന് ഉമ്മൻചാണ്ടി മറുപടി പറയേണ്ടതായിട്ടുണ്ട്.

<u>ചെയർപേഴ്സൺ</u> : രണ്ട് വിഷയങ്ങളും പരിശോധിച്ചതിനുശേഷം ചെയർ റൂൾ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. അതുണ്ടാകും. ശ്രീ. ജോർജ് എം. തോമസിന് പ്രസംഗം തുടരാം.

<u>ശ്രീ. ജോർജ് എം. തോമസ്</u> : എന്റെ പോയിന്റ് ഇത്രയേയുള്ളൂ. ഉമ്മൻചാണ്ടി സാറിനെതിരെ സംശയത്തിന്റെ കരിനിഴൽ പരത്തിയത് ഞങ്ങളല്ല. അദ്ദേഹത്തിന്റെ പാർട്ടിക്കാർ തന്നെയാണ്. ഇവിടെ ശ്രീ. സി. പി. മുഹമ്മദ് പ്രസംഗിക്കുമ്പോൾ പറഞ്ഞത് ഞങ്ങളുടെ പാർട്ടി ഭരണത്തിൽ വന്നാൽ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാർ ആയിരിക്കുമെന്നാണ്. ആ വാദം ശരിയല്ലായെന്ന് സ്ഥാപിക്കാനാണ് ഞാനിത് പറഞ്ഞത്. എന്നുമാത്രമല്ല ശ്രീ. വയലാർ രവിയോട് സമീപകാലത്ത് പത്രക്കാർ ചോദിച്ചപ്പോൾ പറഞ്ഞത്, ഡൽഹിയിലെപ്പോലെതന്നെ എനിക്ക് ഇവിടെയും താല്പര്യമാണ് എന്നാണ്. ശ്രീ. ഉമ്മൻചാണ്ടി സാറിനെ ഏകപക്ഷീയമായി നേതാവായി ഇവർ തെരഞ്ഞെടുക്കുന്നു എന്നു പറയുന്നതുതന്നെ ശുദ്ധ അസംബന്ധമാണ്. അവർ തമ്മിൽ അത്ര ഭിന്നിപ്പാണ്. മാത്രമല്ല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെ പറഞ്ഞതെന്താണെന്നു പറഞ്ഞാൽ, ഇത്തരം അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിന് യു.ഡി.എഫിലെ ഒരു പ്രബല കക്ഷിക്ക് പങ്കുണ്ട് എന്നാണ്. ഇതിന്റെ അർത്ഥമെന്താണ്? ഇതിന്റെ അർത്ഥം യു.ഡി.എഫ്. യുണിഫൈഡ് അല്ല, ഐക്യത്തോടെയല്ല നിൽക്കുന്നത് എന്നതു തന്നെയാണ്. 2009–നും 2010–നും ഇടയ്ക്ക് പത്തുലക്ഷത്തി അറുപതിനായിരത്തിലധികം വോട്ട് ഞങ്ങൾക്ക് വർദ്ധിച്ചു. ഇവിടെ അതിനുശേഷം ദേശീയ രാഷ്ട്രീയത്തിലും സംസ്ഥാന രാഷ്ട്രീയത്തിലും യു.ഡി.എഫിന് അടക്കം ഉണ്ടായിട്ടുള്ള മാറ്റം ഞങ്ങൾക്ക് തികഞ്ഞ ആത്മവിശ്വാസം പകരുന്നതാണ്. അതുകൊണ്ട് ദിവാസ്വപ്നംകണ്ട് നടക്കേണ്ടതില്ല തത്കാലം ഭൂമിയിലിറങ്ങിനടക്ക്, പ്രായോഗികമായിട്ടുള്ള സത്യം എന്താണെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കണം. അതാണ് ഞാൻ ഈ പറഞ്ഞതിന്റെ അർത്ഥം. അതുകൊണ്ട് ഇവിടെ..............

<u>ശ്രീ. വി. ശിവൻകുട്ടി</u> ഇന്നത്തെ പത്രങ്ങളിലും ഇന്നലത്തെ ടെലിവിഷനിലുമെല്ലാം തന്നെ ഒരു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ജഡ്ജി പി. പാണ്ഡ്യന് 26 ലക്ഷവും അതുപോലെ കോൺഗ്രസ്സിന്, കോൺഗ്രസ്സിന്റെ നേതാക്കൾ, ചില ആൾക്കാരുടെ പേര് നമുക്ക് മനസ്സിലാകുന്ന രൂപത്തിൽ പറഞ്ഞിട്ടുണ്ട്, 35 ലക്ഷം രൂപ കൊടുത്തതായിട്ട് മുഴുവൻ വാർത്താ മാധ്യമങ്ങളിലും വന്നിട്ടുണ്ട്. പത്തു ലക്ഷം.... ഞാൻ ആ കണക്കിലേയ്ക്ക് പോകുന്നില്ല. അത് ഇതുവരെ കോൺഗ്രസ്സും നിഷേധിച്ചിട്ടില്ല, പാണ്ഡ്യൻ ജഡ്ജിയും നിഷേധിച്ചിട്ടില്ല, ഇക്കാര്യം സുധാകരനും നിഷേധിച്ചിട്ടില്ല. പക്ഷേ കോൺഗ്രസ്സിന്റെ ഒരു വനിതാ മെമ്പർ, വനിതാ നിയമസഭാ അംഗം അഞ്ചു ലക്ഷം രൂപ തിരിച്ചു കൊടുത്തു എന്നും പറയുന്നുണ്ട്. അത് ഏതായാലും നല്ല കാര്യംതന്നെ അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജോർജ് എം. തോമസ്:</u> തീർച്ചയായും, ശ്രദ്ധയിൽപ്പെട്ടു. അവസാന കാലമാകുമ്പോഴേയ്ക്കും ഇത് ഇങ്ങനെതന്നെ ഉരുത്തിരിയും. അതുകൊണ്ട് 2011-ൽ വലിയ പ്രതീക്ഷയൊന്നും നിങ്ങൾ വച്ചുപുലർത്തേണ്ടതില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ 2006-ലെ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മുമ്പിൽ 255 വാഗ്ദാനങ്ങളാണ് വച്ചിരുന്നത്. 255 എണ്ണം. ആ 255-ൽ 225 എണ്ണവും പൂർത്തീകരിച്ചു കഴിഞ്ഞു. അങ്ങനെ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ആത്മവിശ്വാസത്തിലാണ് ഡോ. തോമസ് ഐസക് തന്റെ പുതിയ ബഡ്ജറ്റിലൂടെ ഭാവിയെക്കുറിച്ചുള്ള സങ്കല്പം യാഥാർത്ഥ്യമാക്കാൻ പറ്റുന്നത് മാത്രം ഇവിടെ പറഞ്ഞത്. വെസ്റ്റേൺ ഇന്ത്യാ മണി ട്രാൻസ്ഫറിന്റെ പരസ്യമായിട്ടാണ് ഞാൻ പലപ്പോഴും ഡോ. തോമസ് ഐസക്കിനെ താരതമ്യം ചെയ്യുന്നത്. വെസ്റ്റേൺ ഇന്ത്യാ മണി ട്രാൻസ്ഫറിൽ ഇന്നസെന്റ് പോയിട്ട് ആളോട് ചോദിക്കുന്നു, പണം പെട്ടെന്ന് വീട്ടിലേക്ക് അയയ്ക്കുവാൻ പറ്റുമോ? അപ്പോൾ അവർ പറയുന്നു, നോ പ്രോബ്ലം. ഇനി ഡോളറായി അയയ്ക്കുവാൻ പറ്റുമോ, അപ്പോഴും പറയുന്നു നോ പ്രോബ്ലം. എന്ത് ചോദിച്ചാലും നോ പ്രോബ്ലം അപ്പോൾ ഇന്നസെന്റ് പറയുകയാണ്, എല്ലാത്തിനും നോ പ്രോബ്ലം എന്നു പറഞ്ഞതുപോലെയാണ്. ഡോ. തോമസ് ഐസക്കിന്റെ അടുത്ത് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വേണമെന്നു പറഞ്ഞാൽ ഒരു മടിയുംകൂടാതെ ഇപ്പോൾത്തന്നെ, ശ്രീ. സി. പി. മുഹമ്മദിന് കൊടുക്കുന്നത് ഞാൻ കണ്ടിരുന്നു, കോടിക്കണക്കിന് രൂപ. അത് വാങ്ങിവച്ചിട്ടാണ് ഇവിടെ വന്ന് ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ പറയുന്നത്. ഇങ്ങനെ നിർല്ലോഭമായി യാതൊരു ലുബ്ധവും വിചാരിക്കാതെ ഇഷ്ടം പോലെ കൊടുക്കുകയാണ്. ഞാൻ ഒരുകാര്യം പറഞ്ഞു തരാം, എന്റെ മണ്ഡലത്തിൽ

....

<u>ശ്രീ. എ. കെ. ചന്ദ്രൻ:</u> പ്രസംഗത്തിന്റെ മുഖ്യ ഭാഗത്ത് ഇവിടെ ഒന്നും നടക്കുന്നില്ല എന്ന് ശപിച്ച ശ്രീ. സി. പി. മുഹമ്മദ് തന്നെ അവസാനം ധനകാര്യ മന്ത്രിയോട് ഒരു ആവശ്യം ഉന്നയിച്ചു നടത്തിക്കൊടുക്കണമെന്നു പറഞ്ഞു അപ്പോൾ, പറഞ്ഞാൽ നടക്കും എന്നുള്ളതുകൊണ്ടാണ് അദ്ദേഹം പറയുന്നത് എന്നുള്ളതിൽ സംശയമുണ്ടോ?

<u>ചെയർപേഴ്സൺ:</u> ശ്രീ. ജോർജ് എം. തോമസ് അങ്ങയുടെ സമയം അവസാനിക്കുന്നു.

<u>ശ്രീ. ജോർജ് എം. തോമസ്:</u> 1945 നവംബർ മാസം 23-ാം തീയതി കെ.പി.സി.സി.-യുടെ പഴയ പ്രസിഡന്റായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് എന്റെ നാട്ടിൽ കൊടിയത്തൂരിൽ ഒരു പ്രസംഗത്തിന് വന്ന് നടന്നു പോകുമ്പോഴാണ് മരിച്ചു വീണത്. ആ കൊടിയത്തൂരിൽ 1945 മുതൽ ആളുകൾ ആവശ്യപ്പെടുന്നതാണ് ഒരു പാലം. പല തവണ യു.ഡി.എഫ്. വന്നു, അവരുടെ പി.ഡബ്ല്യു.ഡി. മന്ത്രിയെല്ലാം അവിടുത്തെ സിറ്റിംഗ് എം.എൽ.എ.-യുടെ ആൾ തന്നെയായിരുന്നു. മുഖ്യമന്ത്രിയും പലപ്പോഴും യു.ഡി.എഫ് തന്നെ. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് നടന്നുപോയിട്ടുള്ള ആ വഴിയിൽ ഒരു പാലം സ്ഥാപിക്കണമെന്ന് 1945 മുതൽ ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. സാധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഞാൻ ഒരു കാര്യം പറഞ്ഞു തരാം, പതിനഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ദിവസത്തിനുള്ളിൽ ആ പാലം, ബഹുമാനപ്പെട്ട മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ ആറു കോടി രൂപ ചെലവു ചെയ്ത് നിർമ്മിച്ച ആ പാലം, ഞങ്ങൾ അത് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇതാണ് മാറ്റം. ഈ മാറ്റം കൊണ്ടാണ് ഇപ്പോൾ ഞങ്ങൾക്ക് പ്രതീക്ഷ നൽകുന്നത്. എനിക്ക് ഒരു കാര്യംകൂടി പറയാനുള്ളത്.....

ചെയർപേഴ്സൺ: ശ്രീ. ജോർജ് എം. തോമസ് അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. ജോർജ് എം. തോമസ്: ഒരു കാര്യംകൂടി പറയട്ടെ. പതിനായിരം രൂപ കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ പറഞ്ഞല്ലോ? ഞാൻ ഈയിടെ കുടുംബശ്രീയുടെ ഒരു യോഗത്തിൽ പങ്കെടുത്തു. അപ്പോൾ ഒരു കോൺഗ്രസ്സുകാരി പഞ്ചായത്തു മെമ്പർ ഉണ്ടായിരുന്നു. കണ്ടിട്ട് ഗർഭിണിയാണെന്നു തോന്നുന്നു. ഞാൻ പറഞ്ഞു, പതിനായിരം രൂപ ഇങ്ങനെ വരാൻ പോകുന്നുണ്ട് എന്ന്. അവർ ചോദിച്ചു, ഇത് എന്നാണ് നടപ്പിലാകുന്നത്? അപ്പോൾ ഞാൻ പറഞ്ഞു, ഏപ്രിൽ മാസം ഒന്നാം തീയതിയാകും. അപ്പോൾ അവർ പറയുകയാണ് ബഡ്ജറ്റ് പാസ്സാകുന്ന ദിവസം തന്നെ പൈസ കിട്ടുവാനുള്ള ഏർപ്പാടുണ്ടാക്കണം. ഞാൻ ചോദിച്ചു, അതെന്താണ് കാരണം? ഓളുടെ ഡേറ്റ് അടുത്തിരിക്കുകയാണ്. അതുകൊണ്ട് കഴിയുമെങ്കിൽ ബഡ്ജറ്റ് പാസ്സായ ഉടൻതന്നെ ആ പൈസ കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്താൽ വളരെ വളരെ സന്തോഷമായിരിക്കും. ജനങ്ങൾ ഈ രാജ്യത്തെ, ലോകത്ത് ഒരാൾക്കും ചിന്തിക്കുവാൻ കഴിയാത്ത ഒരു മാറ്റമല്ലേ? അത് പ്രായോഗികമാക്കുവാൻ കഴിയുമെന്ന് വന്നിരിക്കുകയാണ്. ഇങ്ങനെ അസൂയപ്പെട്ടിട്ട് എന്താണ് കാര്യം? അതുകൊണ്ട് അസൂയപ്പെടരുതെന്നാണ് എനിക്ക് പറയാനുള്ളത്. വേറൊരു കാര്യം, എനിക്ക് എന്റെ മണ്ഡലത്തെക്കുറിച്ച് പറയാനുള്ളത്,................

ചെയർപേഴ്സൺ: പുതിയ വിഷയങ്ങളിലേക്ക് പോകണ്ട.

ശ്രീ. ജോർജ് എം. തോമസ്: പുതിയ വിഷയമല്ല. വയനാട് ചുരത്തിന്റെ അടിവാരത്തിൽ ഒരു പോലീസ് സ്റ്റേഷൻ ഞങ്ങൾ കുറേക്കാലമായി ആവശ്യപ്പെടുന്നതാണ്. താമരശ്ശേരി ചുരമെന്നു പറയുന്നത് എന്റെ മണ്ഡലത്തിൽപ്പെട്ടതാണ്. ചുരത്തിന്റെ അങ്ങേത്തലയ്ക്കലെത്താൻ 35 കിമീറ്ററുണ്ട്. വയനാട് ചുരത്തിൽ നിത്യേന അപകടം നടക്കുകയും മാഫിയ, കള്ളപ്പണം എല്ലാ വൃത്തികേടും നടക്കുന്ന ഒരു സ്ഥലമാണത്. അപ്പോൾ 35 കി.മീ. അകലെനിന്ന് താമരശ്ശേരിയിൽ വന്നിട്ട് കൈകാര്യം ചെയ്യാൻ ആവില്ല. അതുകൊണ്ട് വയനാട് ചുരത്തിന്റെ ഭാഗമായ അടിവാരത്തിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് കൂടുതൽ പരിഗണിച്ചാൽ നന്നായി എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. പള്ളിപ്രം ബാലൻ: സർ, അടിസ്ഥാന സൗകര്യ വികസനത്തിനും ജനക്ഷേമത്തിനും ഊന്നൽ നൽകുന്ന ഈ ബഡ്ജറ്റിനെ ഞാൻ ഹൃദയം തുറന്ന് അനുമോദിക്കുകയും പിന്താങ്ങുകയും ചെയ്യുകയാണ്. കാരണം ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷ നൽകുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റാണ്. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ സഭാംഗമായ ശ്രീ. തോമസ് ചാണ്ടി, അദ്ദേഹം തന്റെ മണ്ഡലത്തിലെ അനുഭവങ്ങൾ പറഞ്ഞതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ അനുഭവങ്ങൾ, കഴിഞ്ഞ അഞ്ചു വർഷമായി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായതിന്റെ അടിസ്ഥാനത്തിലാണ്, അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നത്. ഞാൻ ഹോസ്ദുർഗ് നിയോജക മണ്ഡലത്തിന്റെ സഭാംഗമായി വരുമ്പോൾ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് നടപ്പാക്കാനുള്ള പദ്ധതികൾ ഒന്നും ഏറെ ഉണ്ടായിരുന്നില്ല. മലയോര ഹൈവേയുമായി ബന്ധപ്പെട്ട് ഒരു പാലം മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ ഒരു വർഷം വലിയ പദ്ധതികളൊന്നും ഞങ്ങൾക്ക് കിട്ടിയില്ല. എന്നാൽ പിന്നീട് മലബാർ പാക്കേജ് ഉൾപ്പെടെയുള്ള പദ്ധതികൾ വന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ 150 കോടിയിൽപ്പരം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ ഹോസ്ദുർഗ് നിയോജകമണ്ഡലത്തിൽ തന്നത്. പദ്ധതി പ്രഖ്യാപിക്കൽ അല്ലാതെ അത് നടപ്പിലാക്കില്ല എന്ന് പറയുന്നവരോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽ വന്ന് അന്വേഷിച്ചാൽ പത്തു കോടി രൂപയുടെ ഒരു പാലത്തിന്റെ ടി.എസ്. കിട്ടാതെ അവശേഷിക്കുകയാണ്. ബാക്കി എല്ലാത്തിനും ടി.എസ്. കിട്ടി, ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് ഈ അവസാന നിമിഷത്തിൽ ഉദ്ഘാടനം നടത്താനുള്ളതല്ല. നേരത്തെതന്നെ ഉദ്ഘാടനം നടത്തി പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബഡ്ജറ്റിനെ പ്രതീക്ഷയുള്ള ഒരു ബഡ്ജറ്റ് എന്ന് പറയുന്നത്. കാരണം പ്രതീക്ഷയുള്ളത്; ഈ ഗവൺമെന്റ് തന്നെ തിരിച്ചുവരും, അതിൽ സംശയമില്ല. കാരണം ഈ സർക്കാർ പ്രായോഗികമായി കേരളത്തിന്റെ വികസന മേഖലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്തതാണ്. ഒരു രാജ്യത്തിന്റെ വികസനമുണ്ട്, പുരോഗതിയുണ്ട് എന്ന് മനസ്സിലാക്കുക ജനങ്ങളുടെ ജീവിത നിലവാരവും വ്യാപാര മേഖലയിലെ വളർച്ചയും നോക്കിയാണ്. അത് പരിശോധിച്ചാൽ നമ്മുടെ ചെറുകിട പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള വ്യാപാര മേഖലയും തൊഴിൽ മേഖലയും വളരെ സജീവമാണെന്ന് നിങ്ങൾക്ക് കാണാൻ കഴിയും.

നമുക്കറിയാം, ജനങ്ങളുടെ ഒരു അടിസ്ഥാന ആവശ്യം ശുദ്ധജലം കിട്ടുക എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയ ശുദ്ധജല വിതരണ പദ്ധതി, പാവപ്പെട്ടവന് നല്ല വെള്ളം കിട്ടുക എന്ന അടിസ്ഥാന ലക്ഷ്യം വച്ചുകൊണ്ട് ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്റെ മണ്ഡലത്തിൽ മിക്കവാറും അത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവന് കുടിവെള്ളം കിട്ടുക, ശുദ്ധജലം കിട്ടുക എന്നുള്ളത് ഇന്ന് അത്യന്താപേക്ഷിതമായ ഒരു ആവശ്യമാണ്. ആ പദ്ധതികൾ നടപ്പാക്കി അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ ഈ ഗവൺമെന്റ് അഞ്ചു വർഷക്കാലം നന്നായി പരിശ്രമിച്ചിട്ടുണ്ട്, അത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വൈദ്യുതി, നമുക്കറിയാം ഒരു പ്രദേശത്തിന്റെ, ഒരു നാടിന്റെ കാർഷിക അഭിവൃദ്ധിക്കും വ്യാവസായിക അഭിവൃദ്ധിക്കും ഏറ്റവും അത്യന്താപേക്ഷിതമാണ് വൈദ്യുതി. നമ്മുടെ അയൽ സംസ്ഥാനങ്ങളൊക്കെ നമുക്കറിയാമല്ലോ? തമിഴ്നാട്ടിലെ കന്യാകുമാരിയിലും ഹൈദ്രാബാദിലുമൊക്കെ ഞാൻ അടുത്തടുത്ത് പോയതാണ്. ഹൈദ്രാബാദിൽ ചെന്നപ്പോൾ നാലു മണിക്കൂറാണ് വൈദ്യുതി കട്ട്. തമിഴ്നാട്ടിൽ കന്യാകുമാരിയിൽ ഞാൻ ഒരു ദിവസം പോയപ്പോൾ കന്യാകുമാരി, അവിടെ ഞാൻ കേരളാ ഹൗസിലാണ് താമസിച്ചത്, അവർ പറഞ്ഞു, മൂന്നു മണിക്കൂർ വൈദ്യുതി കട്ടാണ് എന്ന്. മിക്കവാറും സംസ്ഥാനങ്ങളിൽ, കേരളം ഒഴികെ, മിക്കവാറും സംസ്ഥാനങ്ങളിൽ രണ്ടു മണിക്കൂറും, മൂന്നു മണിക്കൂറും, നാലു മണിക്കൂറും വൈദ്യുതി കട്ടാണ്. മറിച്ച് കേരളത്തിൽ ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ജില്ലകൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടേകാൽ കോടി രൂപയുടെ സമ്പൂർണ്ണ വൈദ്യുതീകരണം ഈ മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ പോകുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി എന്റെ നിയോജകമണ്ഡലത്തിൽവന്ന് അദാലത്തിൽ പങ്കെടുത്ത് സംതൃപ്തിയോടു കൂടിയാണ് തിരിച്ചുവന്നത്. വൈദ്യുതി മേഖലയിൽ ഈ ഗവൺമെന്റ് ഏറ്റവും വലിയ നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചു എന്ന് മാത്രമല്ല, ജനങ്ങൾക്ക് വെള്ളവും വെളിച്ചവും നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പദ്ധതികളെല്ലാം ഏറെ നന്നായി നടപ്പിലാക്കിയിട്ടുണ്ട്.

അതുപോലെതന്നെ പാർപ്പിട സൗകര്യം, സാധാരണ ജനങ്ങൾക്ക് അന്തി ഉറങ്ങാൻ ഒരു പാർപ്പിടം ഒരുപാട് കാലത്തെ സ്വപ്നമാണ്. അന്തിയുറങ്ങാൻ ഇടമില്ലാത്ത നിരവധി ആളുകൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. അവരെ കുറിച്ചാണ് നമ്മുടെ നാടകങ്ങളിലും കഥകളിലുമെല്ലാം ഒരുപാട് ലേഖനങ്ങളും കവിതകളും വന്നിട്ടുള്ളത്. നമുക്ക് തകഴിയും അതുപോലെ പഴയ സാഹിത്യകാരന്മാരടക്കം കേരളത്തിലെ പാവപ്പെട്ടവന്റെ ദൈന്യതയെക്കുറിച്ച് ഒരുപാട് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്, കഥകൾ എഴുതിയിട്ടുണ്ട്. അന്തിയുറങ്ങാൻ ഇടമില്ലാത്തവരെ കുറിച്ച്. ഈ കേരളത്തിൽ പാർപ്പിടം പണിയുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികൾ അതിന്റെ പൂർത്തീകരണത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവന് ഇ.എം.എസ്. ഭവന പദ്ധതി, ലക്ഷം വീടുകൾ നവീകരിച്ചുകൊണ്ടുള്ള പദ്ധതി, ഇതെല്ലാം പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലെ തല ചായ്ക്കാൻ ഇടമില്ലാത്ത പാവങ്ങൾക്ക് അന്തി ഉറങ്ങാൻ ഒരു ഇടം, ഒരു കൊച്ചു വീട് എന്ന അവന്റെ സ്വപ്നം സാക്ഷാത്കരിക്കുകയാണ്. അതോടൊപ്പം തന്നെ വീട് പണിയുന്നതിനുവേണ്ടി ഭൂരഹിതരില്ലാത്ത ജില്ലകൾ എന്ന രീതിയിൽ റവന്യൂ വകുപ്പുമന്ത്രി ഒരു പദ്ധതി പ്രഖ്യാപിക്കാൻ പോകുകയാണ്. കാസർഗോഡ് ജില്ലയാണ് ഏറ്റവും അധികം ഭൂമി പ്രശ്നമുള്ള ഒരു ജില്ല. അവിടുത്തെ പാവപ്പെട്ടവർക്ക് ഒരുപാട് കാലമായി അവർ കൈവശം വച്ചുവരുന്ന ഭൂമിക്ക് രേഖയില്ല. അതെല്ലാം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർവ്വേ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തി. പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കാനുള്ള നടപടികൾ ഉണ്ടായി. ഏറ്റവും ഒടുവിലായി ശേഖരിച്ച കണക്കനുസരിച്ച് വളരെ കുറച്ച് ആളുകളാണ് ഇനി അവിടെ ഭൂരഹിതരായി അവശേഷിക്കുന്നത്. അവർക്ക് കൂടി ഭൂമി നൽകുന്നതിനുള്ള പദ്ധതികൾ ജില്ലാതലത്തിൽ ആലോചിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മലബാർ പാക്കേജ്, കേരളത്തിന്റെ വികസനത്തിൽ പ്രത്യേകിച്ച് മലബാർ മേഖലയുടെ വികസനത്തിന് ചെയ്ത സംഭാവന വളരെ വിലപ്പെട്ടതാണ്. പുതിയ പാലങ്ങളും റോഡുകളും ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ, അൻപത് കോടി രൂപയുടെ പാലങ്ങളാണ് എന്റെ നിയോജകമണ്ഡലത്തിലുള്ള നാല് പാലങ്ങൾ. പിന്നോക്കം നിൽക്കുന്ന ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ആ പാലങ്ങളുടെ പണികൾ പൂർത്തീകരിക്കുന്നതോടുകൂടി മിക്കവാറും ആ മേഖല ഏറ്റവും വലിയ വികസനത്തിന്റെ കുതിപ്പിലേക്ക് പോകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ് എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. കാരണം ഈ ഗവൺമെന്റ് തന്നെ തിരിച്ച് ഭരണത്തിൽ വരുമ്പോൾ, സ്വാഭാവികമായും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നടപ്പിലാക്കുമ്പോൾ, കേരളത്തിന്റെ വികസന മേഖലയിലെ ഒരു വലിയ കുതിച്ചു ചാട്ടം യാഥാർത്ഥ്യമാകാൻ പോകുകയാണ് എന്ന കാര്യത്തിൽ തർക്കമില്ല. പാവപ്പെട്ടവന് അരി നൽകുന്ന പദ്ധതി, ഞാൻ ചോദിക്കട്ടെ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ എടുത്തു പരിശോധിച്ചാൽ നമുക്ക് കാണാമല്ലോ, സാമൂഹ്യ സുരക്ഷക്കുവേണ്ടിയുള്ള പോരാട്ടം രാജ്യത്ത് വ്യാപകമായി നടക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ, യു.പി., ബീഹാർ, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഒരു തുണ്ടു ഭൂമിക്കുവേണ്ടി പാവപ്പെട്ടവൻ സമരം ചെയ്യുകയാണ്, ഒരു പാർപ്പിടത്തിനുവേണ്ടി അവൻ സമരം ചെയ്യുകയാണ്, തൊഴിലുറപ്പിനുവേണ്ടി അവൻ സമരം ചെയ്യുകയാണ്, വ്യവസായ ശാലകൾ അടച്ചുപൂട്ടിയത് തുറക്കുന്നതിനുവേണ്ടി അവൻ സമരം ചെയ്യുകയാണ്, ഉള്ള ജോലി സ്ഥിരതയ്ക്കുവേണ്ടിയുള്ള പോരാട്ടം അവിടെ നടക്കുകയാണ്. അവന്റെ പ്രതീക്ഷയെല്ലാം കേരളത്തിലേക്കാണ്. കേരളം പോലെ സാമൂഹ്യ സേവന മേഖലകളിൽ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്ന സംസ്ഥാനമായി എന്റെ സംസ്ഥാനം എപ്പോഴാണ് മാറുക എന്നാണ് ആ സമരം ചെയ്യുന്നവന്റെ പ്രതീക്ഷ. ഇവിടെ രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നു. വിലക്കയറ്റം തടഞ്ഞ് നിർത്തുന്നതിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. സുപ്രീംകോടതി പറയുകയാണ്, 'പ്രധാനമന്ത്രി മൻമോഹൻസിംഗ് അങ്ങയുടെ പല സംസ്ഥാനങ്ങളിലും ഇവിടെ ഗോഡൗണുകളിൽ അരിയും ഗോതമ്പും ഭക്ഷ്യധാന്യങ്ങളും കെട്ട് നാറും, പുഴുത്തു നാറി കടലിൽ ഒഴുക്കാൻ പാകത്തിന് കിടക്കുകയാണ്, എന്താ അങ്ങേക്ക് ഒരു ഗോഡൗൺ പണിത് സൂക്ഷിച്ചാൽ എന്താണ്? ഭക്ഷണം കഴിക്കാൻ വകയില്ലാത്ത ഒരുപാട് ആളുകൾ ഈ രാജ്യത്തുണ്ട് അവർക്ക് ഒരു നേരം കഞ്ഞി കുടിക്കാനെങ്കിലും ഈ ഭക്ഷ്യധാന്യം നൽകിക്കൂടെ എന്ന് ചോദിക്കുകയാണ്. അപ്പോൾ പ്രധാനമന്ത്രി പറയുകയാണ് പണമില്ലെന്ന്. ഇരുപതിനായിരം കോടി രൂപ ഇല്ലാത്തതുകൊണ്ട് ഞങ്ങൾക്ക് ഗോഡൗൺ പണിയാൻ കഴിയുന്നില്ല. ഈ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ കഴിയുന്നില്ല. കൃഷിക്കാരനാണെങ്കിൽ ന്യായവില കിട്ടുന്നില്ല. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ ഇടമില്ലാതെ പുഴുത്തു നാറുന്നു. അതേസമയം ആളുകൾക്ക് ആവശ്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അരി നൽകുന്നതിനും ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനും തയ്യാറാകാതെ നമ്മുടെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കാൻ കേന്ദ്രം ശ്രമിക്കുകയാണ്. എന്നിട്ട് പോലും ഇവിടെ വിലക്കയറ്റം തടഞ്ഞ് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. രണ്ട് രൂപയ്ക്ക് നാൽപ്പത് ലക്ഷം ആളുകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക എന്നുപറഞ്ഞാൽ, സാമൂഹ്യ സുരക്ഷയ്ക്കുവേണ്ടിയും ഒരു നേരം കഞ്ഞി കുടിക്കാനുള്ള അരിക്കുവേണ്ടിയും അവിടെ പോരാട്ടം നടത്തുന്നവൻ പ്രതീക്ഷയോടുകൂടി ഈ ഗവൺമെന്റിനെ നോക്കില്ലേ? അവൻ നാളത്തെ ഇന്ത്യ ഇങ്ങനെയാകണമെന്ന് ആഗ്രഹിക്കില്ലേ? ആഗ്രഹിക്കും. ഇന്ത്യയിൽ അതിനുവേണ്ടി പൊരുതുന്ന കോടാനുകോടി ആളുകൾക്ക് സാമൂഹ്യ മാറ്റത്തിനുവേണ്ടി അത് പ്രചോദനം ഏകും. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് നയങ്ങൾ തമ്മിലുള്ള പോരാട്ടമാണ് ഇവിടെ നടക്കുന്നത്. കേന്ദ്ര ഗവൺമെന്റ് മുതലാളിമാരെ സഹായിക്കുന്നു. ഇടതുപക്ഷ സർക്കാർ ഇവിടെ പാവപ്പെട്ടവനെ സഹായിക്കുന്നു, ഭൂമിയില്ലാത്തവന് ഭൂമി കൊടുക്കുന്നു, വീടില്ലാത്തവന് വീട് കൊടുക്കുന്നു, കഞ്ഞികുടിക്കാൻ അരിയില്ലാത്തവന് രണ്ട് രൂപയ്ക്ക് അരി നൽകുന്നു. അവന് സാമൂഹ്യ സുരക്ഷ എന്ന് മാത്രമല്ല 400 രൂപ പെൻഷൻ കൊടുക്കുന്നു. അത് നമ്മുടെ സാമൂഹ്യ ജീവിതത്തിൽ വരുത്തുന്ന മാറ്റം വളരെ ദൂരവ്യാപകമാണ്. സാമൂഹിക നീതിയിൽ വളരെ ദൂരവ്യാപകമായ മാറ്റം വരുത്തും. അതാണ് ഞാൻ പറഞ്ഞത്, അവിടെ ഈ അവകാശങ്ങൾ ലഭ്യമാക്കണമെന്ന് പറഞ്ഞ് സമരം ചെയ്യുന്നവന് പ്രചോദനമേകും എന്ന് ഭാവി ഇന്ത്യ കെട്ടിപ്പടുക്കാൻ പോരടിക്കുന്നവന് അത് തീർച്ചയായും ഏറ്റവും വലിയ പ്രേരകശക്തിയാകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് സാമൂഹ്യമാറ്റത്തിനുവേണ്ടി പോരടിക്കുന്നവർക്ക് മാതൃകയായി ഈ ഗവൺമെന്റ് ഭാവിയിലും തുടരും. അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി തീർച്ചയായും വമ്പിച്ച ഭൂരിപക്ഷത്തോടു കൂടി അധികാരത്തിൽ വരും. പ്രതിപക്ഷ നേതാവ് നയിച്ച ജാഥയിൽ അദ്ദേഹം ഉന്നയിച്ച രണ്ട് മൂന്ന് കാര്യങ്ങളുണ്ട്. സമാധാന പൂർണ്ണമായ ജീവിതം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. സാമൂഹ്യ രംഗത്തുള്ള മാറ്റം ഇവിടെ ഉണ്ടായിട്ടുണ്ട്. അഴിമതി രഹിതമായ കേരളം, കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ഏതെങ്കിലും ഒരു മന്ത്രിയുടെ പേരിൽ അഴിമതി ആരോപണം ഉന്നയിക്കാൻ പറ്റുമോ? അഴിമതി നടത്തിയവർ തീർച്ചയായും ജയിലിൽ പോകണം. അതിൽ കക്ഷി രാഷ്ട്രീയമൊന്നുമില്ല. കാരണം അവിടെ കോടിക്കണക്കിന് കട്ട് മുടിക്കുകയാണ്. കേന്ദ്ര മന്ത്രിമാരുടെ പേരിൽ വന്ന അഴിമതി ആരോപണങ്ങൾ, ചില ആളുകൾ ജയിലിലാണ്. അഴിമതി നടത്തിയവർ ജയിലിൽ പോകണം. കുറ്റവാളികളാണെങ്കിൽ പോകണം. അതിനൊന്നും രാഷ്ട്രീയം നോക്കി ശിക്ഷിക്കാൻ പറ്റില്ലല്ലോ. അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ ക്രമക്കേട് കാണിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ശിക്ഷ നൽകണം. ആ ശിക്ഷയ്ക്ക് എല്ലാപേരും വിധേയരാകേണ്ടിവരും. അതിന് ഒരു തർക്കവുമില്ല. അതുകൊണ്ട് രാജ്യത്തെ ജനങ്ങളെ ചൂഷണം ചെയ്ത്, കൊള്ളയടിച്ച് കോടിക്കണക്കിന് രൂപ അപഹരിച്ച് വിദേശ ബാങ്കിൽ കൊണ്ടുപോയി ക്രമം തെറ്റി ചെലവഴിക്കുന്ന ഒരു രീതി നമ്മുടെ രാജ്യത്ത് പറ്റില്ല. അവർ ശിക്ഷയ്ക്ക് അർഹരാണ്. അങ്ങനെ ആരെങ്കിലും കേരളത്തിലുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ ശിക്ഷയ്ക്ക് അർഹരായിക്കൊള്ളട്ടെ. അഞ്ചു വർഷമായി അങ്ങനെ ഒരു ആരോപണം ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. അതുകൊണ്ട് അഴിമതിരഹിത കേരളം എന്നത് കഴിഞ്ഞ അഞ്ച് വർഷമായി യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. അവിടെ അഴിമതിക്കാർ വാഴുന്നു. ഇവിടെ അഴിമതി നടത്താത്ത മന്ത്രിമാർ രാജ്യത്തെ ജനങ്ങളെ സേവിക്കുന്നു. അതാണ് വ്യത്യാസം. അങ്ങനെ ഒരു ബദൽ നയമാണ്. ആ ബദൽ നയം ഇന്ത്യക്ക് മാതൃകയാണ്. പൊരുതുന്നവർക്ക് ആവേശമാണ്. അവർക്ക് പ്രേരകശക്തിയാണ്. തീർച്ചയായും ഈ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി കൂടുതൽ ശോഭയോടുകൂടി കൂടുതൽ ശക്തിയോടുകൂടി തിരിച്ചു വരുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ ബഡ്ജറ്റിനെ പിൻതുണയ്ക്കുന്നു.

<u>ശ്രീ. പി. ജയരാജൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റിനെതിരായി പ്രതിപക്ഷത്തുനിന്നും സംസാരിച്ച അംഗങ്ങൾ പറഞ്ഞിട്ടുള്ളത്, ഇതൊരു തെരഞ്ഞെടുപ്പ് ബഡ്ജറ്റാണ് എന്നാണ്. ഇത് നടപ്പാക്കാനുള്ള കാര്യമല്ല, വെറും പ്രഖ്യാപനങ്ങൾ മാത്രമാണെന്നാണ്. എന്നാൽ കഴിഞ്ഞ നാല് വർഷത്തെ കേരളത്തിലെ അനുഭവങ്ങൾ ഇവിടെ പല എം.എൽ.എ.-മാരും സൂചിപ്പിക്കുകയുണ്ടായി. ആ അനുഭവങ്ങൾ പ്രതിപക്ഷത്തെ എം.എൽ.എ.-മാർക്ക് കൂടി ഉള്ളതാണ്. പക്ഷെ അത് അവർ പറയില്ല. അവർ അത് മൂടി വച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കർഷക ആത്മഹത്യ തുടർന്നു എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? നിങ്ങളുടെ കാലത്ത് കർഷക ആത്മഹത്യ ഉണ്ടായി എന്നത് ചരിത്ര യാഥാർത്ഥ്യമാണല്ലോ. അവിടെയാണ് യു.ഡി.എഫ്-ഉം എൽ.ഡി.എഫ്-ഉം തമ്മിലുള്ള വ്യത്യാസം. നമ്മുടെ സംസ്ഥാനത്തിലെ പരമ്പരാഗത വ്യവസായ മേഖല ബീഡി, കൈത്തറി, കയർ, കശുവണ്ടി എന്നീ മേഖലകളിൽ ഈ കാലത്ത് ഉണർവ്വുണ്ടായില്ലേ? നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? നമ്മുടെ സംസ്ഥാനത്തിലെ പൊതുമേഖല ലാഭകരമായി, എട്ട് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി കേരളത്തിൽ ആരംഭിച്ചു. ഐ.എൻ.ടി.യു.സി. കോൺഗ്രസിന്റെ പോഷക സംഘടനയാണല്ലോ? ഐ.എൻ.ടി.യു.സി.-യുടെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. സഞ്ജീവറെഡ്ഡി സി.ഐ.ടി.യു. വിനോടൊപ്പം പാർലമെന്റിലേക്ക് മാർച്ച് നടത്താൻ പോകുകയാണ്. ഫെബ്രുവരി 23-ന് നടക്കുന്ന പാർലമെന്റ് മാർച്ചിനെ സംബന്ധിച്ച് ശ്രീ. സഞ്ജീവറെഡ്ഡി പറയുന്നത്, തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ ലക്ഷക്കണക്കിന് പ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് ഞങ്ങൾ മാർച്ച് ചെയ്യും എന്നാണ്. ഭരണത്തിൽ എത്തി വേണ്ടാത്ത സമീപനമാണ് യു.പി.എ. സർക്കാർ സ്വീകരിക്കുന്നതെന്ന വിമർശനവുമായി ഐ.എൻ.ടി.യു.സി. രംഗത്തെത്തി. ഇതാണ് കോൺഗ്രസിന്റെ നയം. അതിൽനിന്നും വ്യത്യസ്തമായി ഈ നാട്ടിലെ പാവങ്ങൾക്ക്, ഞാൻ ചോദിക്കട്ടെ നിങ്ങളുടെ കാലത്ത് 100-110 രൂപയായിരുന്ന ക്ഷേമ പെൻഷൻ 300 രൂപയാക്കി, ഇപ്പോൾ 400 രൂപയാക്കി. 300 രൂപ ആർക്കെങ്കിലും കിട്ടിയില്ലെന്നുള്ള പരാതിയുണ്ടോ? നമ്മുടെ സംസ്ഥാനത്ത് നിങ്ങളുടെ കാലത്ത് അരിക്കും മറ്റും വില വർദ്ധിച്ചപ്പോൾ ക്ഷേമ പെൻഷനുകൾ ഒരു രൂപയെങ്കിലും വർദ്ധിപ്പിച്ചോ? ഒരു നയാ പൈസയെങ്കിലും വർദ്ധിപ്പിച്ചിട്ടാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഇത് പറയുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമപെൻഷനുകൾ 300 രൂപയാക്കി പിന്നീട് 400 രൂപയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ)

എന്തെല്ലാം കാര്യങ്ങൾ ചെയ്തു. ഇവിടെ ഓവർ ഡ്രാഫ്റ്റും ട്രഷറി നിയന്ത്രണവും ഇല്ലാത്ത ഭരണമാണ് കഴിഞ്ഞ നാല് വർഷക്കാലം കേരളത്തിൽ നടത്തിയത്. അത് നിങ്ങൾക്ക് നിഷേധിക്കാൻ പറ്റില്ല. കഴിഞ്ഞ എല്ലാ ബഡ്ജറ്റുകളുടെയും തുടർച്ചയാണ് ഈ ബഡ്ജറ്റ്. കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും പതിനായിരം രൂപയുടെ സ്ഥിര നിക്ഷേപം സർക്കാർ നൽകുന്നതുപോലെയുള്ള ഒരു പദ്ധതി നിങ്ങൾ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തുണ്ടോ? എനിക്ക് ശേഷം ശ്രീ. തിരുവഞ്ചൂർ സംസാരിക്കുന്നുണ്ടല്ലോ. കേരളത്തിൽ നടപ്പാക്കിയതുപോലെയുള്ള സ്കീമുകൾ കോൺഗ്രസ്സ് ഭരിക്കുന്ന ഏത് സംസ്ഥാനത്താണ് നിങ്ങൾ നടപ്പാക്കുന്നത്? ശ്രീ. തിരുവഞ്ചൂർ ആ കാര്യം പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുപോലെ തന്നെ ഒരു കുട്ടി പ്ലസ്ടു പൂർത്തിയാക്കുമ്പോൾ ബാങ്ക് വായ്പാ പദ്ധതികളുമായി ബന്ധപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനോ സ്വയം തൊഴിലിനോ വിദഗ്ദ്ധ പരിശീലനത്തിനോ പലിശയടക്കമുള്ള തുക ലഭ്യമാക്കുന്നത് കേരളത്തിലെ സാധാരണ കുടുംബങ്ങളിൽ എത്ര മാത്രം സന്തോഷമുണ്ടാക്കിയിട്ടുണ്ട് എന്ന് പ്രതിപക്ഷത്തെ അംഗങ്ങൾ ആലോചിക്കുമോ? ബഡ്ജറ്റിൽ സാമൂഹ്യ ക്ഷേമത്തിനും സ്ത്രീകളുടെ സുരക്ഷിതത്വത്തിനും പിന്നോക്ക ക്ഷേമത്തിനും പെൻഷൻ പദ്ധതികൾക്കും മുന്തിയ പരിഗണനയാണ് നൽകിയത്. ഒരു വനിതാ ക്ഷേമ വകുപ്പുതന്നെ കേരളത്തിൽ പുതുതായി ഉണ്ടാകുകയാണ്. അതിലൂടെ വലിയ മാറ്റമാണ് കേരളത്തിലുണ്ടാകുന്നത്. സാധാരണക്കാരുടെ ബഡ്ജറ്റാണിത്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗത്തെപ്പോലും നിരാശപ്പെടുത്താത്ത ബഡ്ജറ്റാണ്. പെൻഷൻ, ഇൻഷ്വറൻസ്, വിദ്യാഭ്യാസം, ആരോഗ്യം, പിന്നോക്ക ക്ഷേമം എന്നീ മേഖലകളിലെല്ലാം തന്നെ സർക്കാരിന്റെ ഇടപെടലുണ്ടായിരിക്കുകയാണ്. അറുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും മിനിമം പെൻഷൻ ഉറപ്പുനൽകുന്നതാണ് പെൻഷൻ പദ്ധതിയിലേറ്റവും വലിയ സവിശേഷത. എല്ലാ തരത്തിലുള്ള പെൻഷനും വർദ്ധിപ്പിച്ചിരിക്കുകയാണ്. 100 രൂപയായിരുന്ന ക്ഷേമ പെൻഷൻ പടിപടിയായി ഉയർന്ന് 400 രൂപയായി. വികലാംഗ പെൻഷനും 400 രൂപയാക്കി. കിടപ്പിലായ രോഗികളുടെയും മാനസിക രോഗികളുടെയും ശുശ്രൂഷകർക്ക് മാസം 300 രൂപ. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് പുറമേ രണ്ട് ദിവസം പാലും മുട്ടയും. സൗജന്യ കൈത്തറി യൂണിഫോം, സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയത്തിൽ രണ്ടായിരം രൂപയുടെ വർദ്ധനവ്. എന്താണ് കോൺഗ്രസ്സിന്റെ സമീപനം? കേരളത്തിൽ തുടർ സാക്ഷരതാ പ്രവർത്തനത്തിന് ഒരു നയാ പൈസ പോലും കേന്ദ്ര ഗവൺമെന്റ് തരാത്ത സാഹചര്യത്തിൽ, ഇവിടത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് തുടർ സാക്ഷരതാ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെ തന്നെ പി.ടി.എ.-കളുടെ കീഴിലുള്ള പ്രീപ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ ധനസഹായം 600 രൂപയായും ആയമാർക്ക് 400 രൂപയായും വർദ്ധിപ്പിച്ചു. ആശാ വർക്കർമാർക്ക് ആശ്വാസം നൽകിക്കൊണ്ട് 300 രൂപ ഓണറേറിയം. ആരും സഹായിക്കാനില്ലാത്തവർക്ക് തുണയാണ് ഈ സർക്കാർ. അനാഥാലയങ്ങളുടെ പ്രതിശീർഷ ധനസഹായം 250 രൂപയിൽ നിന്ന് 300 രൂപയാക്കി. അംഗീകാരമുള്ള 250 അനാഥാലയങ്ങളെക്കൂടി ഗ്രാന്റ് പദ്ധതിയിലുൾപ്പെടുത്തി. വീട്ടുജോലിക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

പാചക തൊഴിലാളികൾക്കും ക്ഷേമ പദ്ധതി നടപ്പാക്കി. തെങ്ങുകയ
തൊഴിലാളികൾക്ക് അപകട സഹായ വിതരണത്തിനായി 1.25 കോടി രൂ
അൺ എയ്ഡഡ് സ്കൂൾ കോളേജ്, ട്യൂട്ടോറിയൽ എന്നിവിടങ്ങളിൽ ജോ
ചെയ്യുന്ന ഒന്നര ലക്ഷത്തോളം പേർക്കും സ്വകാര്യ ആശുപത്രികളിലെയു
ആശുപത്രി വികസന സമിതികളിലെയും നഴ്സുമാർക്കും ക്ഷേമനിധ
ഇതൊക്കെ ഏത് സർക്കാരാണ് നടപ്പിലാക്കിയത്. ഇത്തരം വല്ല പദ്ധതിയു
കോൺഗ്രസ്സ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തുണ്ടോ? ഇവിടെ ക്ഷേ
പെൻഷനുകൾക്ക് ചെലവിട്ടത് 389 കോടി രൂപയാണ്. ബഹുമാനപ്പെട്ട പ്രതിപക
നേതാവിനോട് എനിക്ക് ചോദിക്കാനുള്ളത്, നിങ്ങളുടെ ഭരണ കാലത്ത് നീക
വച്ചത് എത്ര കോടി രൂപയാണ്, 134 കോടി രൂപ മാത്രം. പ്രഖ്യാപനം മാത്രമ
പ്രഖ്യാപനങ്ങൾ നടപ്പാക്കുന്ന, വാഗ്ദാനങ്ങൾ പാലിക്കുന്ന ഗവൺമെന്റാണ
കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ ഏറ്റവു
വലിയ വിമർശകർ ആരാണ്? നമ്മുടെ നാട്ടിൽ കുറച്ച് പത്ര മാധ്യമങ്ങ
ഉണ്ടല്ലോ? അവർ മാനേജ്മെന്റ് പറയുന്നതിനനുസരിച്ച് എഴുതിക്കൊടുക്കാ
വിധിക്കപ്പെട്ട നിർഭാഗ്യവാൻമാരായിട്ടുള്ള പത്ര പ്രവർത്തകരാണ്, അവ
ഇവിടെ ഗ്യാലറിയിലുണ്ട്. അവരാണ് ഈ ഗവൺമെന്റിനെതിരായ വലിയ
വിമർശനവുമായിട്ട് പല കഥകളും പ്രചരിപ്പിച്ചുകൊണ്ട് മുന്നോട്ടുവരുന്നത്
അവരോട് നിങ്ങൾ സ്വകാര്യമായി ചോദിച്ചുനോക്കൂ. അവർ എഴുതില്ല
വീരേന്ദ്രകുമാറും അതുപോലെ മനോരമ മാനേജ്മെന്റും പറയുന്നതേ അവ
എഴുതൂ. ആ പത്ര പ്രവർത്തകരുടെ പെൻഷൻ തുക നാലായിരം രൂപയായ
ഈ ഗവൺമെന്റ് ഉയർത്തി. അവരുടെ ആരോഗ്യ പദ്ധതിക്ക് നാൽപ്പത
ലക്ഷം രൂപയാണ് വകയിരുത്തിയത്. ഇത്ര വലിയ ആനുകൂല്യം എപ്പോഴെങ്കിലു
കിട്ടിയിട്ടുണ്ടോ? സ്ത്രീകൾക്കായുള്ള പ്രത്യേക ക്ഷേമപദ്ധതികൾക്ക് 770 കോട
രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. വിധവകൾ, വിവാഹ മോചിതരായ
സ്ത്രീകൾ തുടങ്ങിയവർക്ക് സ്വയംതൊഴിൽ കണ്ടെത്താൻ വേണ്ടി 1.5 കോടി രൂപ
അൻപത് വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതകളായ സ്ത്രീകൾക്കുള്ള
പെൻഷൻ പ്രായപരിധി നാൽപ്പത് വയസ്സാക്കി ചുരുക്കി. അതിന്റെ തുക 40(
രൂപയാക്കി. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി 897.80 കോടി രൂപ
ഞാൻ ഓർക്കുകയാണ് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ഭാഗമായി പട്ടികവർഗ്ഗ
ഹോസ്റ്റലുകളിൽ പോയപ്പോൾ ഞങ്ങൾക്ക് ഇപ്പോൾ ഒരു പ്രശ്നവുമില്ല എന്ന്
ആ കുട്ടികൾ പറഞ്ഞു, യു.ഡി.എഫ്-ന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ
ഹോസ്റ്റലുകളിലെ കുട്ടികളുടെ മെസ് അലവൻസ്, സ്റ്റൈപ്പന്റ് ഒന്നും കിട്ടിയിരുന്നില്ല
വളരെ തുച്ഛമായ പൈസ. അതെല്ലാം പരിഹരിച്ചില്ലേ ഈ ഗവൺമെന്റ്? അപ്പോൾ
ഈ സമൂഹത്തിൽ ഗവൺമെന്റിൽ നിന്നും ഏതെല്ലാം ജനവിഭാഗങ്ങൾക്ക്
സഹായം വേണമോ അതെല്ലാം നൽകിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു
ഗവൺമെന്റിനെക്കുറിച്ചാണ് പ്രഖ്യാപനങ്ങൾ മാത്രം, വാഗ്ദാനങ്ങൾ മാത്രമെന്ന
കുറ്റപ്പെടുത്തൽ നടത്താൻ നിർഭാഗ്യവശാൽ പ്രതിപക്ഷം തയ്യാറാവുന്നത്.
ഇവിടെ ഇത്തരം ഒരു ഗവൺമെന്റിന് എതിരായിട്ടാണ് കുറ്റപത്രവുമായി
ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും യു.ഡി.എഫ്-കാരും യാത്ര ചെയ്തത്. ഒരു
പത്രം റിപ്പോർട്ട് ചെയ്തത് കുറ്റങ്ങളുടെ കുമ്പാരവുമായിട്ട് ശ്രീ. ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മാത്ര നടത്തിയെന്നാണ്. ആരൊക്കെയാണ് പ്രതിപക്ഷത്തുള്ളത്, പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി മറ്റൊന്ന് വലതുവശത്ത് ശ്രീ. കുഞ്ഞാലിക്കുട്ടി. ഇപ്പുറത്ത് ശ്രീ. കെ. എം. മാണി, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. ടി. എം. ജേക്കബ് ഇവരൊക്കെ ഇന്ന് സമൂഹത്തിന്റെ മുൻപിൽ സംശയത്തിന്റെ മുൾമുനയിലല്ലേ നിൽക്കുന്നത്? അതിൽ ചിലരെയാണെങ്കിൽ കുറ്റവാളികളായി സുപ്രീം കോടതി തന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നിട്ടോ നിങ്ങൾ പറയാറുണ്ടല്ലോ, ഈ ഇടതുപക്ഷക്കാർ, ഈ മാർക്സിസ്റ്റുകാർ, അവർ കോടതിയെ ആക്ഷേപിക്കുന്നു, അവർക്ക് അനുകൂലമായിട്ടുള്ള വിധി വന്നാൽ കോടതി സിന്ദാബാദ്, എതിരായിട്ടുള്ള വിധി വന്നാൽ കോടതിക്ക് മുർദ്ദാബാദ് എന്നൊക്കെ. എന്നാൽ ഇപ്പോൾ ഇൻഡ്യാ രാജ്യത്തെ പരമോന്നത കോടതിതന്നെ, നിങ്ങളുടെ യു.ഡി.എഫ്.-നകത്ത് കോൺഗ്രസ്സിലേക്ക് കയറാൻ വേണ്ടി കാല് വച്ച് നിന്നിട്ടുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ഗുരുതരമായ കുറ്റത്തിന്റെ പേരിൽ ശിക്ഷിച്ചപ്പോൾ, ആ കുറ്റവാളിക്ക്, യു.ഡി.എഫ്. പൊതുയോഗത്തിൽ സ്വീകരണം കൊടുക്കാൻ ആരാണ് പോകുന്നത്? കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. കെ. സുധാകരൻ. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ കാര്യമെന്താണ്? വളരെ വിശദമായി ഇവിടെ പല ആളുകളും പ്രതിപാദിച്ചതാണ് കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചാ വേളയിൽ ഞാൻ ആ കാര്യം ഇവിടെ പറഞ്ഞതാണ്. കുഞ്ഞാലിക്കുട്ടിയുടെ കേസ് എന്താണ്? പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചത് മാത്രമല്ല ഇപ്പോൾ സമൂഹത്തിന്റെ മുൻപിലുള്ള പ്രശ്നം. വളരെ ഗൗരവതരമായിട്ടുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. കള്ളനോട്ടിന്റെയും കള്ളപ്പണത്തിന്റെയും ജുഡീഷ്യറിയെ പണം കൊടുത്ത് സ്വാധീനിച്ചതിന്റെയും വെളിപ്പെടുത്തലുകൾ വന്നിരിക്കുകയാണ്. അത് ആരാണ് നടത്തിയത്? ഞങ്ങൾ ഒരിക്കലും യു.ഡി.എഫ്.-ലെയോ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലെയോ ഏതെങ്കിലും നേതാവിനെ അപമതിക്കാൻ വേണ്ടി എന്തെങ്കിലും ഒരു കഥയുണ്ടാക്കി മാധ്യമങ്ങളെ കൂട്ടുപിടിച്ച് യാതൊരു പ്രവർത്തനവും നടത്തുന്ന, അങ്ങനെ നിലവാരം കുറഞ്ഞ പ്രസ്ഥാനമല്ല ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം. ഇത് ആരാണ് കൊണ്ടുവന്നത്? സൂക്ഷ്മമായി പരിശോധിച്ചാൽ ലീഗിന് അകത്തു നിന്ന് തന്നെ പുറത്തുവന്നതാണ്, പ്രതിപക്ഷത്തുനിന്ന് തന്നെ പുറത്തുവന്നതാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി പ്രതിയാക്കപ്പെടുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുള്ളത്. ശ്രീ. കുഞ്ഞാലിക്കുട്ടിയുമായി ബന്ധപ്പെട്ട് ഈ സമൂഹത്തെ ഞെട്ടിക്കുന്ന പല വിവരങ്ങളും പുറത്തുവന്നത്, യു.ഡി.എഫ്-ന്റെ അകത്തുനിന്ന് തന്നെയാണെന്നുള്ളതാണ് യാഥാർത്ഥ്യം. അതുപോലെതന്നെ ഇവിടെ ശ്രീ. ടി. എച്ച്. മുസ്തഫ കൊടുത്ത സത്യവാങ്മൂലം സംബന്ധിച്ച് പറഞ്ഞല്ലോ? ഞാൻ ചോദിക്കട്ടെ, അദ്ദേഹം നിരപരാധി ആണെന്ന് സ്ഥാപിക്കുന്നതിന് സത്യവാങ്മൂലം കൊടുക്കുന്നതിന് എന്തിനാണ് അന്നത്തെ ബഹുമാനപ്പെട്ട ധനമന്ത്രി, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയാണ് എന്നെക്കാളും ഉത്തരവാദി എന്ന നിലയ്ക്ക് എഴുതിക്കൊടുക്കുന്നത്? അത് വെറുതെയാണോ? ആ സത്യവാങ്മൂലം വായിച്ചാൽ വളരെ കാര്യമായിട്ട് ഞങ്ങൾക്ക് മാത്രമല്ല, ആർക്കും മനസ്സിലാകുന്നത്, പാമോയിൽ ഇറക്കുമതിയിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ എന്നെക്കാളും ഉത്തരവാദിത്തം അന്നത്തെ ധനമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്നല്ലേ ആ സത്യവാങ്മൂലം മുഴുവൻ വായിച്ചാൽ മനസ്സിലാവുക? അതിനെ നിങ്ങൾ നിഷേധിച്ചിട്ടെന്താ കാര്യം? അത് ഇവിടെ ഉന്നയിക്കുമ്പോൾ ബഹളം വച്ചിട്ടെന്താ കാര്യം? അത് നിഷേധിക്കാൻ കഴിയുമോ? നിഷേധിക്കാൻ കഴിയില്ല. അതുപോലെ തന്നെ ഇവിടെ ശ്രീ. കെ. എം. മാണി, അദ്ദേഹത്തിന്റെ പാർട്ടിയിലെ സംസ്ഥാന ജനറൽ സെക്രട്ടറിയാണ് സുപ്രീംകോടതി ഇടമലയാർ കേസിൽ ശിക്ഷിക്കപ്പെട്ട സജീവൻ. ഇവിടെ ബഹുമാനപ്പെട്ട മാണി സാർ ചർച്ചയിൽ പങ്കെടുത്തപ്പോൾ ഞാൻ ചോദിച്ചു, നിങ്ങൾ എന്തെങ്കിലും നടപടിയെടുത്തോ എന്ന്? കുറ്റങ്ങളെ സംബന്ധിച്ചാണല്ലോ പറയുന്നത്. കുറ്റവാളിയാണെന്ന് ഇൻഡ്യയിലെ പരമോന്നത കോടതിതന്നെ വിധിച്ചയാളെ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനത്ത് ഇരുത്തിക്കൊണ്ടാണ് നമ്മുടെ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഗവർണർക്ക് കുറ്റപത്രം സമർപ്പിക്കാൻ വേണ്ടി പോകുന്നത്. ആർക്കെതിരായിട്ട്? കുറ്റവാളികളാണ് നിങ്ങൾ. ഈ സമൂഹത്തിന് മുൻപിൽ കുറ്റങ്ങളുടെ കൂമ്പാരമാണ് യഥാർത്ഥത്തിൽ യു.ഡി.എഫ്.........

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, അങ്ങ് ഇവിടെ ഇടമലയാർ കേസിനെ കുറിച്ച് പറഞ്ഞു. ഇവിടെ മാണി സാർ അതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നിയമപരമായ നടപടികൾക്ക് പോയാൽ ആ വഴിക്ക് പോകട്ടെ എന്നുള്ളതാണ് ഞങ്ങളുടെ സമീപനം, നിയമം നിയമത്തിന്റെ വഴിക്ക് എന്ന് അദ്ദേഹം ഇവിടെ വിശദീകരിക്കുകയുണ്ടായി. നിങ്ങളുടെ സമീപനം അതല്ല. എന്നിട്ട് നിങ്ങൾക്ക് അതെങ്ങനെ പറയാൻ സാധിക്കും? പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി കൊടുക്കരുതെന്നും ജഡ്ജിയെ നാട് കടത്തുമെന്ന് പറയുകയുമൊക്കെ ചെയ്ത് നിയമവ്യവസ്ഥയെ വെല്ലുവിളിച്ചിട്ടാണ് നിങ്ങളിപ്പോൾ ഇതിനെക്കുറിച്ച് വിശദീകരണം നടത്തുന്നത്. ഇത് രണ്ടുംകൂടി എങ്ങനെയാണ് പറയാൻ സാധിക്കുന്നത്?

ശ്രീ. പി. ജയരാജൻ: സർ, ഇവിടെ ആരെങ്കിലും പ്രതിയായിട്ടുള്ള കേസിനെ സംബന്ധിച്ചല്ല ഞാൻ പറഞ്ഞത്. ഇന്ത്യയിലെ പരമോന്നത കോടതി കീഴ്ക്കോടതികളുടെ വിധികളെല്ലാം സൂക്ഷ്മമായി പരിശോധിച്ച് ഹൈക്കോടതി ഭീമമായിട്ടുള്ള ഒരു പിശക് നടത്തിയിരിക്കുന്നു എന്ന് പറഞ്ഞു. നിങ്ങളുടെ പഴയ നേതാവാണല്ലോ ശ്രീ. ബാലകൃഷ്ണപിള്ള. നിങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയാണല്ലോ സജീവൻ. ഇവരെയെല്ലാം കുറ്റവാളികളായി പരമോന്നത കോടതി തന്നെ പ്രഖ്യാപിച്ചപ്പോൾ ആ കുററവാളികൾക്ക് സ്വീകരണം കൊടുത്തതിന് എന്തു ന്യായീകരണമാണ് യു.ഡി.എഫ്.-നുള്ളത്? ഇവിടെ ലാവ്ലിൻ കേസിനെ സംബന്ധിച്ച് പറഞ്ഞല്ലോ. ലാവ്ലിൻ കേസിൽ കുറ്റപത്രം കൊടുത്തപ്പോൾ എന്താണ് സത്യവാങ്മൂലം കൊടുത്തത്? പിണറായി വിജയന് സാമ്പത്തികമായി യാതൊരു നേട്ടവും ഉണ്ടായിട്ടില്ല എന്നിരിക്കട്ടെ. ഞാൻ പറയുന്നത് കേൾക്കൂ, ശ്രീ. ഉമ്മൻ ചാണ്ടി വിജിലൻസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന അവസരത്തിൽ വിജിലൻസിനെക്കൊണ്ട് ലാവ്ലിൻ കേസ് അന്വേഷിച്ചല്ലോ? ശ്രീ. പിണറായി വിജയനെ ഇതിൽ പ്രതി ചേർക്കാൻ വേണ്ടി, രാഷ്ട്രീയ നേട്ടം ഉണ്ടാക്കാൻ വേണ്ടി ശ്രീ. ഉമ്മൻചാണ്ടിതന്നെ സമ്മർദ്ദം ചെലുത്തി വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിച്ചല്ലോ? എന്താണ് ആ വിജിലൻസ് റിപ്പോർട്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയന് എതിരായിട്ട് യാതൊന്നും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അന്ന് വിജിലൻസ് ഡയറക്ടറായിട്ടുള്ള ആൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് എഴുതികൊടുത്തു. എന്നിട്ട് തെരഞ്ഞെടുപ്പിന്റെ തലേദിവസം ചേർന്ന മന്ത്രിസഭായോഗത്തിൽ ഔട്ട് ഓഫ് അജണ്ടയായി ലാവ്‌ലിൻ കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചു. അപ്പോൾ അഴിമതിയുടെ പ്രശ്നമില്ല, രാഷ്ട്രീയ എതിരാളികളെ തെരഞ്ഞെടുപ്പിൽ കരിതേക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്രമമാണ് യു.ഡി.എഫ്. നടത്തിയത് എന്ന് വ്യക്തമാണ്. അതുകൊണ്ട് ലാവ്‌ലിൻ കേസിൽ ശ്രീ. പിണറായി വിജയനെ പ്രതി ചേർത്തതും ഇപ്പോൾ ഇന്ത്യയിലെ പരമോന്നത കോടതി കുറ്റവാളിയായി പ്രഖ്യാപിച്ചവർക്ക് സ്വീകരണം കൊടുക്കുന്നതും ഒരുപോലെയാണോ പ്രതിപക്ഷം കാണുന്നത്?

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് പലതും മറക്കുകയോ അല്ലെങ്കിൽ മറച്ചുവയ്ക്കുകയോ ചെയ്യുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇതുപോലുള്ള കേസ് അന്വേഷണത്തിലൊന്നും രാഷ്ട്രീയമായിട്ടുള്ള ഒരു ഇടപെടലും ഉണ്ടായിട്ടില്ല. വിജിലൻസ് അന്വേഷിച്ച് അവർ തയ്യാറാക്കിയ പ്രതിപ്പട്ടികയിൽ ശ്രീ. പിണറായി വിജയൻ ഇല്ലായിരുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പ്രതികളുടെ പേര് കൊടുത്തതിനുശേഷം ഇനി കൂടുതൽ അന്വേഷണം നടത്തുന്ന സമയത്ത് കൂടുതൽ പ്രതികൾ ഉണ്ടാകാമെന്ന വാചകത്തോടുകൂടി അവസാനിപ്പിച്ചു. അത് പത്രങ്ങളിൽ വന്നപ്പോൾ മാധ്യമങ്ങളെല്ലാം രൂക്ഷമായി വിമർശിച്ചു. ഇത് പ്രതികളെ രക്ഷിക്കാൻവേണ്ടി നടത്തിയ ഒരു അന്വേഷണമാണെന്നു പറഞ്ഞ് 'ഹം സബ് ചോർ ഹെ' എന്ന ഹെഡ്ഡിംഗായിരുന്നു ഒരു പത്രത്തിൽ വന്നത്. അങ്ങനെ വന്നപ്പോൾ അത് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചു. സി.ബി.ഐ. പറഞ്ഞത്, ഇത് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയതാണ്, അതുകൊണ്ട് ഞങ്ങൾ ഈ കേസ് എടുക്കുന്നില്ല എന്നാണ്. രാഷ്ട്രീയ സ്വാധീനമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ വിജിലൻസ് ഇവിടെ വച്ച് തന്നെ പ്രതിയാകില്ലേ? അന്ന് യു.പി.എ. ഗവൺമെന്റാണ്. അതിൽ ഒരു ഇടപെടലും ഉണ്ടായില്ല. പിന്നെ സി.ബി.ഐ. എടുത്തത് കോടതിയിൽ ഒരു പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ ചെന്നതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ യു.ഡി.എഫ്. ആരെയെങ്കിലും പ്രതിയാക്കുകയോ അല്ലെങ്കിൽ യു.ഡി.എഫ്. സി.ബി.ഐ.-ക്ക് വിട്ടതിന്റെ പേരിൽ സി.ബി.ഐ. എടുക്കുകയോ ചെയ്തതല്ല. അങ്ങ് ആ യാഥാർത്ഥ്യം കൂടി പറയണം.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്നത് എന്റെ സമയത്തിൽപ്പെടുത്തിയിട്ടാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം നിഷേധിച്ചിട്ടില്ല. അതായത് അന്ന് ഔട്ട് ഓഫ് അജണ്ടയായിട്ടാണ് ഇത്തരം ഒരു കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചത്, തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ്. അത് ബോധപൂർവ്വം രാഷ്ട്രീയമായിട്ടുള്ള ദുഷ്ടലാക്കോടുകൂടി യു.ഡി.എഫ്. ചെയ്തതാണ് എന്നാണ് ഞാൻ ആക്ഷേപിച്ചത്. അത് താങ്കൾ നിഷേധിച്ചിട്ടില്ല. പിന്നെ വിജിലൻസ് വിശദമായി അന്വേഷിച്ചല്ലോ? അന്വേഷിച്ചിട്ട് ശ്രീ. പിണറായി വിജയനെതിരായി പരതിയിട്ട് ഒന്നും കിട്ടാത്തതുകൊണ്ടാണ് വിജിലൻസ് ഡയറക്ടർക്ക് താങ്കൾ അത്തരം ഒരു റിപ്പോർട്ട് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ നിങ്ങളുടെ രാഷ്ട്രീയമായിട്ടുള്ള ദൃഷ്ടലാക്ക് സംബന്ധിച്ചാണ് ഞാനിവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അത് നിഷേധിക്കാനായിട്ടില്ല എന്ന യഥാർത്ഥ്യം നിൽക്കുകയാണ്. ഇവിടെ ഐസ്ക്രീം കേസ്സുമായി ബന്ധപ്പെട്ടു കൊണ്ട് ചില പുതിയ വിവരങ്ങൾ കൂടി ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ്. ആ വിവരമെന്താണ്? യു.ഡി.എഫ്.-ന്റെ സമുന്നത നേതൃത്വത്തിൽ തന്നെ ആ കേസ്സിൽനിന്നും പ്രതികളെ രക്ഷപ്പെടുത്താൻവേണ്ടി നടത്തിയിട്ടുള്ള ഇടപെടലുകൾ പുറത്തുവന്നിരിക്കുകയാണ്. പോട്ടയിലെ ധ്യാനകേന്ദ്രത്തിൽ താമസിച്ചിരുന്ന പീഡിതയായിട്ടുള്ള യുവതിയെക്കൊണ്ട് മാപ്പുപറയാൻ ശ്രീ. കുഞ്ഞാലിക്കുട്ടിയെ കൊണ്ടുപോയത് ആരായിരുന്നു? നമ്മുടെ കെ. എം. മാണി സർ, നമ്മുടെ പി. സി. ജോർജിന്റെ നേതാവ്. അവിടെ ഒരു അച്ചന്റെ സാന്നിദ്ധ്യത്തിൽ ബൈബിളിൽ തൊട്ട് പ്രതിജ്ഞ ചെയ്യിക്കുന്നതുസംബന്ധിച്ചുള്ള പരാതി.........ഇല്ല, ഇല്ല, സമയമില്ലാത്തതുകൊണ്ടാണ്. ഇല്ലെങ്കിൽ ഞാൻ വഴങ്ങുമായിരുന്നു. ഇവിടെ കോൺഗ്രസ് നേതാക്കന്മാർ, ശ്രീ. തിരുവഞ്ചൂരും പ്രസംഗിക്കാനിരിക്കുകയാണല്ലോ. നിങ്ങളുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായിയിട്ടുള്ള ഒരാൾ കണ്ണൂരിലെ പാർലമെന്റ് മെമ്പറാണ്. അദ്ദേഹം എന്തിനാണ് ഈ കുറ്റവാളിക്ക് സ്വീകരണം കൊടുക്കാൻ, കോടതി കുറ്റവാളിയാണെന്ന് പ്രഖ്യാപിച്ച ഒരാൾക്ക് സ്വീകരണം കൊടുക്കാൻ പോയത്.............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. ജയരാജൻ, അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ശ്രീ. സുധാകരൻ അവിടെ നടത്തിയിട്ടുള്ള പ്രസംഗമാണല്ലോ ഇപ്പോൾ വിവാദ വിഷയമായിട്ടുള്ളത്. അദ്ദേഹം പറയുകയാണ്, ഡൽഹിയിൽ പോയി സുപ്രീം കോടതി ജഡ്ജിക്ക് 36 ലക്ഷം രൂപ കൈക്കൂലി കൊടുത്തതിന് ഞാൻ സാക്ഷിയായിരുന്നു എന്ന്. 21 ബാർ ലൈസൻസുണ്ടല്ലോ, അന്ന് സി. വി. പത്മരാജൻ എന്നുപറയുന്ന മുഖ്യമന്ത്രിയുടെ ചാർജ്ജ് വഹിക്കുന്നയാൾ 21 ബാർ ലൈസൻസ് നിയമവിരുദ്ധമായി അനുവദിച്ചതിനെ സ്റ്റേ ചെയ്തു. അതിനെതിരായിട്ട് ഹൈക്കോടതിയിൽ പോയി, ഈ ബാർ നടത്തുന്നത് മൗലികാവകാശമല്ലായെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഹൈക്കോടതി നിഷേധിച്ചു. സുപ്രീംകോടതിയിൽ പോയി ഈ ബാർ ലൈസൻസുകാർ അനുമതി വാങ്ങിച്ചു. ആ വാങ്ങിച്ചത് സംബന്ധിച്ചാണല്ലോ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി പരസ്യമായി ആക്ഷേപം ഉന്നയിച്ചത്. ആ ആക്ഷേപം ഉന്നയിച്ചത് സംബന്ധിച്ച് ഇപ്പോൾ ചില പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായിരിക്കുകയാണ്. എന്താണ് വെളിപ്പെടുത്തൽ? 36 ലക്ഷമല്ല 26 ലക്ഷമേ കൊടുത്തിട്ടുള്ളൂ. സാക്ഷിയായിട്ടല്ല സുധാകരനുണ്ടായിരുന്നത് ഇടനിലക്കാരനായിട്ടായിരുന്നു. മദ്യ ലോബിയുടെ ഇടനിലക്കാരനായിട്ട് കെ.പി.സി.സി.-യുടെ ഒരു ജനറൽ സെക്രട്ടറി തന്നെ മാറിയിട്ടുള്ള സാഹചര്യത്തിൽ എന്താണ് കോൺഗ്രസ്സ് നേതൃത്വത്തിന്റെ.......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജയരാജൻ അങ്ങേക്ക് അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, നിങ്ങൾക്ക് അതിനോട് യോജിപ്പില്ലായെന്ന് പറഞ്ഞു. പക്ഷേ ഇടനിലക്കാരനായിട്ടാണല്ലോ ഇപ്പോൾ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി പ്രവർത്തിച്ചത്. നിങ്ങൾ മദ്യലോബിക്കെതിരായിട്ടും അഴിമതിക്കെതിരായിട്ടുമൊക്കെ പ്രസംഗിക്കുന്നുണ്ടല്ലോ. ജുഡീഷ്യറിയുടെ ഇന്റഗ്രിറ്റി ഉയർത്തിപ്പിടിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ സുധാകരനെ നിങ്ങൾ പുറത്താക്കേണ്ടേ? അപ്പോൾ ആത്മാർത്ഥതയില്ലാത്ത നിലയിൽ നിങ്ങൾ രക്ഷപ്പെടാൻ വേണ്ടിയുള്ള വാദഗതികൾ ഉന്നയിക്കുന്നു എന്ന് മാത്രമേ എല്ലാവരും കരുതുകയുള്ളൂ. ശ്രീ. സുധാകരനെപ്പറ്റി മാത്രമല്ല, ഇപ്പോൾ കേന്ദ്രമന്ത്രിയായിട്ടുള്ള ശ്രീ. വയലാർ രവിയെപ്പറ്റിയും ആക്ഷേപം വന്നിരിക്കുകയാണ്. അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്നു ശ്രീ. വയലാർ രവി. ഇന്ന് മനോരമ പത്രത്തിൽ വന്നിട്ടുള്ള ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'ബാർ ലൈസൻസ്' കേസിൽ അനുകൂല വിധി സമ്പാദിക്കാൻ സുപ്രീം കോടതി ജഡ്ജിക്ക് കൈക്കൂലി നൽകിയത് ശ്രീ. കെ. സുധാകരന്റെ സഹായത്തോടെയാണെന്ന് കണ്ണൂർ പുതിയ തെരുവിലെ ഗീതാ ബാറിന്റെ മുൻ പാർട്ട്ണർ ഇല്ലിക്കൽ ജോസ് ഒരു ടി.വി. ചാനലിന് നൽകിയ അഭിമുഖത്തിൽ ആരോപിച്ചു. സുധാകരന്റെ സുഹൃത്തായ ധർമ്മപ്രകാശ് എന്ന ചെന്നൈയിലെ ഹോട്ടൽ ഉടമയാണ് ഇടനിലക്കാരനായി പ്രവർത്തിച്ചത്. ബാർലൈസൻസ് ലഭിക്കാൻ കെ.പി.സി.സി.-ക്ക് 10 ലക്ഷം രൂപ. നാണക്കേടല്ലേ? അന്നത്തെ എക്സൈസ് മന്ത്രിയായിരുന്ന രഘുചന്ദ്രപാലിന് 10 ലക്ഷം രൂപ. മുഖ്യമന്ത്രിയായിരുന്ന കരുണാകരന് 10 ലക്ഷം രൂപ, കെ.പി.സി.സി.-ക്കുള്ള പണം വയലാർ രവിക്കും കരുണാകരനുള്ള തുക പത്മജയ്ക്കുമായിരുന്നു നൽകിയിരുന്നത്. റോസക്കുട്ടിക്ക് നൽകിയിട്ടുള്ള 5 ലക്ഷം രൂപ ലൈസൻസ് റദ്ദാക്കിയപ്പോൾ പണം തിരിച്ചു തന്നു. എന്താണ് കോൺഗ്രസിന് പറയാനുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. ജയരാജൻ: അപ്പോൾ നമ്മുടെ യു.ഡി.എഫ്. എന്ന് പറയുന്നത് യഥാർത്ഥത്തിൽ എല്ലാ കൊള്ളരുതായ്മകളുടെയും കൂടാരമാണെന്നാണ് ജനങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നത്..........(മൈക്ക് ഓഫ്)....ഈ അവസ്ഥ മനസ്സിലാക്കി ജനങ്ങൾ യു.ഡി.എഫ്.-നെ വിചാരണ ചെയ്തുകൊണ്ട് വീണ്ടും 5 വർഷത്തേക്കു കൂടി കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിന് സഹായകരമായിട്ടുള്ള നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഇവിടെ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. പി. ജയരാജൻ ഇവിടെ ചില പൊതു വിമർശനങ്ങൾ നടത്തി. ഞാൻ ആ പൊതു വിമർശനങ്ങളിലേക്ക് എത്താം. അതിനുമുമ്പ് ഈ ബഡ്ജറ്റിലെ ചില കാര്യങ്ങളെക്കുറിച്ച് എനിക്ക് പറയാനുണ്ട്. ഈ ഗവൺമെന്റ് വലിയ അവകാശ വാദങ്ങളാണ് പറയുന്നത്. ഈ ബഡ്ജറ്റിനെക്കുറിച്ച് ഞങ്ങൾ നിൽക്കുന്നത് 'ഏക് ദിൻ കി സുൽത്താൻ'

എന്നുള്ള മാതിരിയാണ്. ഇനി ഏതാണ്ട് 4 ദിവസം മാത്രമേയുള്ളൂ. ഈ ബഡ്ജറ്റ് പാസ്സാകുന്നത് 24-ാം തീയതിയാണ്. അതിനുശേഷം, കഴിഞ്ഞ തടവിൽ ഇലക്ഷന്റെ നോട്ടിഫിക്കേഷൻ വന്നത് മാർച്ച് ഒന്നിനാണ്. നിങ്ങൾക്ക് അവശേഷിക്കുന്നത് നാല് ദിവസം മാത്രമാണ്. നാല് ദിവസത്തിനുവേണ്ടിയാണ് ഈ പ്രഖ്യാപനങ്ങളൊക്കെ നടത്തുന്നത്. ഇവിടെ ഭൂമി വിതരണത്തെക്കുറിച്ച് പറഞ്ഞല്ലോ? നിങ്ങൾ നിയമസഭയിൽ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമാണ്. എന്താണ് ഉത്തരം? ഇവിടെ കേരള സംസ്ഥാനത്ത് 50,000 ഏക്കർ സ്ഥലം മിച്ചഭൂമിയായി ഇനിയും വിതരണം ചെയ്യാൻ കിടക്കുകയാണ്. 50,000 ഏക്കർ സ്ഥലം, നിങ്ങൾക്ക് ഇതിനെക്കുറിച്ച് ഒന്നും പറയാനില്ലേ? സുജല പ്രോഗ്രാമിനകത്ത് മൂന്ന് കോടി രൂപയുടെ സെൻട്രൽ എയ്ഡ് ഉണ്ടായിരുന്നു. നിങ്ങൾ അത് ഇല്ലാതാക്കി. ഇപ്പോൾ ആ എയ്ഡും നിന്നുപോയി. നമ്മുടെ വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടിയാണ് അത്. ഇവിടെ ട്രഷറി പൂട്ടിയിട്ടില്ല എന്നുള്ളതാണ് അങ്ങ് പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ കേരള സംസ്ഥാനത്തെ ട്രഷറിയിൽ 7000 കോടി രൂപയുണ്ടെന്നാണ് പറയുന്നത്. നമ്മുടെ ക്ഷേമനിധികളിൽ നിന്നും കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം പോലെയുള്ള സ്ഥാപനത്തിൽ നിന്നും 7000 കോടി രൂപ ഒൻപത് ശതമാനം പലിശയ്ക്ക് മൂന്ന് വർഷത്തേക്ക് നിങ്ങൾ ഫിക്സഡ് ഡെപ്പോസിറ്റ് മേടിച്ചിരിക്കുകയാണ്. അതുകൂടാതെ 55 വയസ്സായ സീനിയർ സിറ്റിസണിന്റെ വയസ്സ് കുറച്ചു. അതോടുകൂടി റിട്ടയർമെന്റ് പ്രായം ഏകീകരിച്ചതിൽ വന്ന തുകയും ഒൻപതര ശതമാനം പലിശ കൊടുത്ത് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. നമ്മുടെ നിയമമനുസരിച്ച് റിസർവ് ബാങ്കിന്റെ നിബന്ധന നിങ്ങൾക്ക് ഇതിൽ നിക്ഷേപിക്കുന്നതിന് അനുകൂലമാണോ? റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമാണ് ഇത്. നിങ്ങൾക്ക് അങ്ങനെ ഫിക്സഡ് ഡെപ്പോസിറ്റ് മേടിക്കാൻ അധികാരമില്ല. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമല്ല ട്രഷറി. ഇപ്പോൾ വന്നിരിക്കുന്നത് എത്രയാണ്?. നമ്മുടെ സംസ്ഥാനത്തെ ട്രഷറിയിൽനിന്ന് കോടാനുകോടി രൂപ പലിശ ഇനത്തിൽ പോകുകയാണ്. അതെല്ലാം ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ വകയല്ലേ? ഞാൻ പറയുന്നത് ട്രഷറി പൂട്ടില്ലായെന്ന് ഡോ. തോമസ് ഐസക് പറയുന്നുണ്ടല്ലോ? ഈ ട്രഷറി എന്നെന്നേക്കുമായി പൂട്ടത്തക്കവിധത്തിലാണ് പോകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ തെരഞ്ഞെടുപ്പിൽ ജയിക്കരുതെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന ആൾ ഡോ. തോമസ് ഐസക് തന്നെയാണ്. കാരണം ജയിച്ചുപോയാൽ പിന്നെ ഇതെല്ലാം കൊടുക്കേണ്ടേ? ഈ തുക നിങ്ങൾക്ക് മടക്കിക്കൊടുക്കാതിരിക്കാൻ പറ്റുമോ? സത്യം പറഞ്ഞാൽ പബ്ലിക് ബോറോയിംഗ്, ട്രഷറി വഴി നടത്താൻ പറ്റുമോ? പബ്ലിക് ബോറോയിംഗ്സ് അതിന്റെ സിസ്റ്റം വേറെയാണ്. അപ്പോൾ ഇതൊക്കെ, ഏറ്റവും വലിയ ധനകാര്യ വിദഗ്ദ്ധനാണെന്നുള്ള ഒരു കപ്പാസിറ്റി വിനിയോഗിച്ച് നമ്മുടെ സംസ്ഥാനത്തെ സമ്പത്തിനെ തകർത്ത് തരിപ്പണമാക്കുന്ന രൂപത്തിലാണ് ഈ സംസ്ഥാനത്തെ കൊള്ളയടിക്കാൻ അങ്ങ് കൂട്ടുനിൽക്കുന്നത്. റബ്കോ ആരുടെ സ്ഥാപനമാണ്? മാർക്സിസ്റ്റ് പാർട്ടിയുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ള സ്ഥാപനമല്ലേ? 380

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ ഈ സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തിട്ട് ഒരു ചില്ലിക്കാശ് അടച്ചിട്ടുണ്ടോ? മാർക്സിസ്റ്റ് പാർട്ടിയുടെ പൂർണ്ണ നിയന്ത്രണം ഉള്ളതല്ലേ? എത്രയോ വർഷക്കാലമായി. ഈ 380 കോടി രൂപയും അതിന്റെ പലിശയും പലിശയ്ക്കുമേലുള്ള പലിശയും കൂടി ചേർന്നാൽ 500 കോടിയോളം രൂപ വരില്ലേ? ഒരു ചില്ലി പൈസ കൊടുത്തിട്ടില്ലല്ലോ? നിങ്ങൾ ഒരു സംഘം ആളുകൾ ചേർന്നുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ സമ്പത്തിനെയും കൊള്ളയടിക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ സമ്പത്ത് 500 കോടി രൂപ ഒരു വഴിയിലൂടെ പോവുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ കയ്യിൽ കിട്ടുകയാണ്. അതെല്ലാം വച്ചുകൊണ്ട് നിങ്ങൾ ഈ സംസ്ഥാനത്തെ കൊള്ളയടിക്കുന്ന പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അതിനോട് നമുക്ക് യോജിക്കാൻ കഴിയില്ല. ഇവിടെ നേരത്തെ പറഞ്ഞല്ലോ, ഈ ബഡ്ജറ്റ് ഗംഭീര ബഡ്ജറ്റാണ് എന്ന്. ഈ ബഡ്ജറ്റ് കേരളം മുഴുവൻ സ്വർണ്ണം പൂശിയ ബഡ്ജറ്റാണ്. കേരളത്തിലെ എല്ലാവർക്കും വികസനം ഉണ്ടാക്കി. കഴിഞ്ഞ ബഡ്ജറ്റിനകത്ത് നിങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാമെന്ന് പറഞ്ഞിരുന്ന 40 ശതമാനം ഫണ്ടിന്റെ പകുതി കൊടുത്തില്ലല്ലോ? 2006-07-ൽ നിങ്ങൾ 22 ശതമാനം കൊടുത്തു. പിറ്റേവർഷം 22.14 ശതമാനം കൊടുത്തു. പിറ്റേ വർഷം വെറും 22 ശതമാനമായി പിന്നെ 21 ശതമാനമായി. ഏറ്റവും അവസാനം 2010-11-ൽ നിങ്ങൾ കൊടുത്ത തുക കേവലം 20.5 ശതമാനമാണ്. ഈ പാവപ്പെട്ട പഞ്ചായത്തുകൾക്ക് നിങ്ങൾ കൊടുത്തോ? ഇപ്പോൾ പഞ്ചായത്തുകൾക്കോ? പത്ത് കൊല്ലക്കാലത്തേയ്ക്ക് പഞ്ചായത്തിന്റെ നടുവ് ഉയർത്താൻ കഴിയാത്ത വിധത്തിൽ പഞ്ചായത്തുകളെക്കൊണ്ട് കടമെടുപ്പിച്ചിരിക്കുകയാണ്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, പേര് ഇ.എം.എസ്.-ന്റേത് ഇട്ടതുകൊണ്ട് ഈ ഭവന നിർമ്മാണ പദ്ധതി ശരിയാകുമോ? അപ്പോൾ പഞ്ചായത്തുകളുടെ മേൽ കടം നിങ്ങൾ കെട്ടിവച്ചു. എന്നിട്ട് അവർക്ക് കൊടുക്കേണ്ട പണം കൊടുത്തില്ല. എന്നിട്ട് നിങ്ങൾ അതിന്റെമേൽ മേനിനടിക്കാൻ ശ്രമിക്കുകയാണ്. കേരളത്തിലെ സാമ്പത്തിക ഘടനയെ തകർത്ത് തരിപ്പണമാക്കിയ ആളുകൾ, ഈ സംസ്ഥാനത്തെ കൊള്ളയടിച്ചിട്ടുള്ള ആളുകൾ, അതുകൊണ്ടാണ് ഞങ്ങൾ നിങ്ങളെ വിമർശിക്കുന്നത്. ഗുണ്ടകളെല്ലാം പുറത്തിറങ്ങി നടക്കുകയല്ലേ? മാഫിയാ സംഘങ്ങൾ വിവിധ രൂപത്തിൽ പ്രവർത്തിക്കുകയല്ലേ? ആ മാഫിയാ സംഘങ്ങളും ഗുണ്ടാസംഘങ്ങളും ഈ സംസ്ഥാനത്ത് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ രൂപത്തിലുള്ള പ്രവർത്തനമല്ലേ ഇവിടെ നടക്കുന്നത്. ശമ്പള കമ്മീഷനെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ? ശമ്പള കമ്മീഷനിൽ അസംതൃപ്തിയില്ലാത്ത ഒരു ജനവിഭാഗമെങ്കിലും ഉണ്ടോ? എല്ലാവർക്കും അസംതൃപ്തിയാണല്ലോ? എല്ലാവർക്കും അസംതൃപ്തിയാണ്. ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത് കൊടുക്കാമെന്ന് പറഞ്ഞ ഒന്നും നിങ്ങൾ കൊടുത്തില്ല. സ്കൂൾ അദ്ധ്യാപകരുടെ കാര്യം നോക്കാം. ചില വകുപ്പുകൾക്ക് കയ്യഴിച്ച് ആനുകൂല്യങ്ങൾ കൊടുത്തപ്പോൾ പാവപ്പെട്ട സ്കൂൾ അദ്ധ്യാപകർക്ക് കിട്ടേണ്ടിയിരുന്ന 1500 രൂപ നിങ്ങൾ കുറച്ചുകളഞ്ഞു. നിങ്ങൾ എല്ലാവർക്കും കുറച്ചിട്ടുണ്ട്. വ്യാപകമായ പരാതിയാണ്. എന്നിട്ട് ശമ്പള കമ്മീഷൻ ഞങ്ങൾ നടപ്പിലാക്കിയില്ലേ എന്നാണ് ചോദിക്കുന്നത്. ഇവിടെ ഈ നിയമസഭയിലും

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചല്ലേ? ഈ പാവങ്ങൾ കുത്തിക്കുറിച്ച് വയ്ക്കുന്നുണ്ടല്ലോ? ഇവർക്കും കുറച്ചല്ലേ? ഇവർക്ക് കിട്ടേണ്ടത് കിട്ടിയിട്ടുണ്ടോ? ആർക്കും കിട്ടിയിട്ടില്ല. ക്രൂരനായ ഒരു മനുഷ്യന്റെ മുഖമാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ കണ്ണടക്കപ്പുറത്ത് ഞാൻ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. എന്താണ് ഈ ഗവൺമെന്റിനെക്കുറിച്ചുള്ള തർക്കം. ഈ ഗവൺമെന്റിൽ ഏറ്റവും വലിയ തർക്കമെന്താണ്? ഫുഡ് സെക്യൂരിറ്റി, ഫുഡ് സെക്യൂരിറ്റിയുടെ ചെയർമാനായി വയ്ക്കാൻ നിങ്ങൾ മുഖ്യമന്ത്രിയുടെ പേര് വരണമെന്ന് പറഞ്ഞ് ഒത്തിരി പറഞ്ഞുനോക്കിയില്ലേ? ഇവിടെ ഫുഡ് സെക്യൂരിറ്റി ചെയർമാൻ മാത്രമല്ല, കഴിയുമെങ്കിൽ വിജിലൻസ് വകുപ്പുകൂടി എനിക്ക് തരണമേയെന്ന് പറഞ്ഞു കൊണ്ട് ഡൽഹിയിൽ പോളിറ്റ്ബ്യൂറോയ്ക്ക് വരെ അദ്ദേഹം അപ്പീൽ കൊടുത്തില്ലേ? ആ മുഖ്യമന്ത്രിയെയാണ് നിങ്ങൾ ഇപ്പോൾ പൊക്കിപ്പറഞ്ഞ് പൊക്കിപ്പറഞ്ഞ് മാനത്തോളം പൊക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതൊക്കെ വെറും രാഷ്ട്രീയ കപട നാടകമെന്നുള്ളതല്ലാതെ മറ്റൊന്നുമില്ല.

എന്റെ സ്നേഹിതൻ, ശ്രീ. പി. ജയരാജൻ ഇവിടെ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. എന്താണ് അദ്ദേഹം പറഞ്ഞത്? അദ്ദേഹം പറഞ്ഞത് ശിക്ഷിച്ചവർക്ക് നിങ്ങൾ സ്വീകരണം കൊടുത്തില്ലേ? നിങ്ങൾ വലിയ തെറ്റ് ചെയ്തില്ലേ? ശിക്ഷിച്ചവർക്ക് സ്വീകരണം കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ പ്രിയപ്പെട്ട ജയരാജന് ഒരു പങ്കുമില്ലേ? ജയകൃഷ്ണൻ മാസ്റ്ററെ കൊച്ചുകുട്ടികളുടെ മുമ്പിൽ വെട്ടിക്കൊന്ന കേസ്സിലെ പ്രതികളെ അങ്ങല്ലേ അവർക്ക് സ്വീകരണം കൊടുത്തത്? അങ്ങല്ലേ അതിന് മുമ്പിൽ നിന്നത്. അന്ന് കോടതി ശിക്ഷിച്ച് കഴിഞ്ഞപ്പോൾ ആ കോടതിക്കെതിരായി ഏറ്റവും കൂടുതൽ മുദ്രാവാക്യം വിളിച്ച്, തലശ്ശേരിയിൽ പ്രകടനം നടത്തിയതിന് നേതൃത്വം കൊടുത്തത്, ബൂർഷ്വാ കോടതി തുലയട്ടെ എന്ന് വിളിച്ചത് അങ്ങയുടെ നേതൃത്വത്തിലുള്ള ആളുകളല്ലേ?

ശ്രീ. പി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ......ഇവിടെ എന്നെക്കുറിച്ച് അവാസ്തവമായിട്ടുള്ള ഒരു കാര്യം പറഞ്ഞുവെന്ന് മാത്രമല്ല, അദ്ദേഹം ഒരു നിയമ ബിരുദധാരിയാണെന്നാണ് മനസ്സിലാക്കുന്നത്. ശിക്ഷിക്കപ്പെട്ട പ്രതിക്ക് ആർക്കെങ്കിലും സ്വീകരണം കൊടുക്കാൻ കഴിയുമോ? ശിക്ഷിക്കപ്പെട്ട് പ്രതി ജയിലിലേക്കല്ലേ പോകുന്നത്. ശിക്ഷിക്കപ്പെട്ട ദിവസംതന്നെ പ്രതികളെല്ലാം ജയിലിൽ പോയിട്ടുണ്ട്. ആ പ്രതികൾക്ക് ഞാൻ സ്വീകരണം കൊടുത്തുവെന്ന് പറഞ്ഞാൽ ആരെ വിശ്വസിപ്പിക്കാനാണ് ഈ സഭയെ ഇത്രമാത്രം തെറ്റിദ്ധരിപ്പിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ വാദം അങ്ങയുടെ പ്രസംഗത്തിന് നേരെ എതിരാണ്. അങ്ങ് ഇപ്പോൾ വാദിച്ചുകൊണ്ടിരിക്കുന്നത് അങ്ങയുടെ നിലപാടുകൾക്ക് നേരെ വിരുദ്ധമാണ്. ഞാൻ അങ്ങുമായി തർക്കത്തിനില്ല. കാരണം അങ്ങ് എന്റെ ഒരു സ്നേഹിതനാണ്. വല്ലപ്പോഴുമൊക്കെ ഞങ്ങൾക്ക് ചില കാര്യങ്ങൾ വീണുകിട്ടുകയാണെങ്കിലും കൊണ്ടുവരുന്നത് അങ്ങാണ്. അങ്ങാണ് മഞ്ഞപത്രമെന്ന് പറയുന്നത്, അങ്ങാണ് നികൃഷ്ടജീവിയെന്ന് പറയുന്നതിനെ അംഗീകരിക്കുന്നത്, വിഗ്രഹം ചുമക്കുന്ന കഴുതകളെന്ന് അങ്ങാണ് പറയുന്നത്. അങ്ങാണ് കീടങ്ങൾ എന്ന് പറയുന്നത്. അങ്ങനെ അങ്ങ് ചെയ്തിട്ടുള്ള പദപ്രയോഗങ്ങൾ പലതും ഞങ്ങൾക്ക് ഗുണകരമാണ്. അതുകൊണ്ട് അങ്ങയെ

LIBRARY ARCHIVES Kerala Legislative Assembly

വേദനിപ്പിക്കാൻ ഞാനില്ല. അങ്ങ് ഈ പണി നേരെ തുടർന്നോ. അങ്ങ് ധാരാളമായി അത് തുടരൂ. പക്ഷെ ഇവിടെ പ്രധാനപ്പെട്ട പ്രശ്നം നിയമസമാധാനത്തെ കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് എന്താണ്? ഇതുപോലെയുള്ള കുറ്റം ചെയ്തിട്ടുള്ള ആളുകൾക്ക് നിങ്ങൾ പ്രകടനത്തിൽ അഭിവാദ്യം ചെയ്തു. അതിനു വേണ്ടി പ്രകടനം നടത്തിയ ശ്രീ. ജയരാജനെതിരെ നേരത്തെ നടപടി വേണ്ടതല്ലേ? ഒരു നടപടിയും ഉണ്ടായിട്ടില്ലല്ലോ? ഇവിടെ ഞാൻ ചോദിക്കട്ടെ? ഞങ്ങളുടെ കൂട്ടത്തിൽ വലിയ ജീർണ്ണത എന്നാണ് പറയുന്നത്. ഞാൻ പറയുന്നു, ഞങ്ങളുടെ കൂട്ടത്തിൽ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ആ കാര്യത്തിൽ ഞങ്ങൾക്ക് പരിശോധിക്കാൻ കഴിയുന്നതൊക്കെ ഞങ്ങൾ പരിശോധിക്കുന്നവരാണ്. ഇവിടെ പറഞ്ഞല്ലോ. കോടതിക്കെതിരായി ഒരു നടപടി വന്നപ്പോൾ ഒരു പ്രസംഗം വന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ, ഞങ്ങൾ യോജിക്കുന്നില്ല, ഞങ്ങളുടെ നിലപാട് വേറെയാണ് എന്ന്. ഞങ്ങൾക്ക് വ്യത്യസ്തമായ നിലപാടാണ്. ഇന്ത്യൻ ഭരണഘടനയേയും നീതിന്യായ വ്യവസ്ഥയേയും 100 ശതമാനം അംഗീകരിക്കുന്നവരാണ് യു.ഡി.എഫും. അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സ് പാർട്ടിയും. ഞങ്ങൾക്ക് അതിൽ യാതൊരു സംശയവുമില്ല. ഞാൻ ചോദിക്കട്ടെ?............ശ്രീ. ആനത്തലവട്ടം ആനന്ദൻ എഴുന്നേറ്റത് നന്നായി. ...... ജീർണ്ണതയെക്കുറിച്ച് പറയാൻ അങ്ങേയ്ക്ക്........കേൾക്കൂ.....അങ്ങൊന്ന് കേൾക്കൂ.......ജീർണ്ണതയെക്കുറിച്ച് പറയാൻ അങ്ങേയ്ക്ക് എന്ത് അവകാശം? ഈ ലോട്ടറി കേസിൽ ഡോ. തോമസ് ഐസക്കിനെ അകത്താക്കണമെന്നുള്ള നിലയിൽ കത്തയച്ച മുഖ്യമന്ത്രി ഇപ്പോൾ ഈ വേദിയിലില്ല. 80,000 കോടി രൂപ ....മാർട്ടിന് 80,000 കോടി രൂപ..........

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അദ്ദേഹത്തെ ജയിലിൽ അടയ്ക്കണമെന്ന ലക്ഷ്യത്തോടുകൂടി പരാതി കൊടുത്തത് സി.ബി.ഐ. അന്വേഷിക്കാൻ പോയി എന്ന് ശ്രീ. തിരുവഞ്ചൂർ പ്രസംഗിക്കുകയുണ്ടായി. അങ്ങനെയൊരു സംഭവമേയില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്താൽ ഇവിടെ ജനങ്ങളെ കൊള്ളയടിച്ച ലോട്ടറി രാജാവിന് എതിരായി നടപടി സ്വീകരിക്കണമെന്ന ആവശ്യവുമായി അന്വേഷിക്കാനാണ് മുഖ്യമന്ത്രി പരാതി കൊടുത്തിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിക്കെതിരായിട്ടല്ല. ഇവർ ഇങ്ങനെ നിരന്തരമായി പ്രചരിപ്പിക്കുന്നത് ഓർഡറിലാണോ? അത്തരം പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ 5 കൊല്ലക്കാലമായി കേരളത്തിൽ നടന്ന ലോട്ടറിതട്ടിപ്പിന്റെ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്നും അത് സി.ബി.ഐ. അന്വേഷിക്കണമെന്നും 80,000 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടത് ഏത് രൂപത്തിലാണെന്ന് അന്വേഷിക്കണമെന്നും അത് ഇവിടെ ഭീകരപ്രവർത്തനത്തിനോ അതല്ലെങ്കിൽ കള്ളനോട്ട് വ്യാപാരത്തിനോ മറ്റ് കാര്യത്തിനോ വിനിയോഗിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കണമെന്നും സി.ബി.ഐ.-യ്ക്കോ....സി.ബി.ഐ. കൊണ്ടും തീരുന്നില്ല, എൻ.ഐ.എ. കൊണ്ടോ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടത് ഞങ്ങളെ പിടിക്കാൻ വേണ്ടിയാണോ; ഞങ്ങളാണോ? (ബഹളം)... അങ്ങ് അടങ്ങൂ.... അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

അടങ്ങു...ഈ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളാണോ 4 കൊല്ലക്കാലം കേരളത്തിലെ ധനകാര്യ വകുപ്പും ലോട്ടറി വകുപ്പും കൈകാര്യം ചെയ്തത്; ഞങ്ങളാണോ കൈകാര്യം ചെയ്തത്? ഈ വകുപ്പുകൾ കൈകാര്യം ചെയ്തത്, മുഖ്യമന്ത്രിയോടൊപ്പം ആ കാബിനറ്റിനകത്തിരിക്കുന്ന കാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ഡോ. തോമസ് ഐസക് തന്നെയാണ്. ശ്രീ. തോമസ് ഐസക്കിനെതിരെ കേസെടുക്കണമെന്നാണ് പറഞ്ഞത്. ശ്രീ. തോമസ് ഐസക്കിനെതിരെ കേസെടുക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുന്നോട്ടുവരില്ല എന്നുള്ളതുകൊണ്ട് അദ്ദേഹത്തിന് വിശ്വസിക്കാവുന്ന ഒരു സങ്കേതത്തിലേക്ക് അദ്ദേഹം പരാതികൊടുത്തു. അതുകൊണ്ടാണ് ഇൻഡ്യൻ പ്രധാനമന്ത്രിക്കും ഇൻഡ്യയിലെ ആഭ്യന്തര വകുപ്പുമന്ത്രിക്കും ഒരു പരാതിക്കാരൻ എന്നുള്ള നിലയിൽ കേരളത്തിലെ മുഖ്യമന്ത്രി അവിടെ പ്രത്യക്ഷപ്പെട്ടത്. ഞങ്ങൾക്കെതിരെയല്ലല്ലോ; ഞങ്ങൾക്കെതിരെ... ഞങ്ങളല്ലല്ലോ എടുക്കേണ്ടത്?....(ബഹളം).....ഈ നടപടി കഴിഞ്ഞ 4 കൊല്ലക്കാലം, ആരാണ് 4 കൊല്ലക്കാലം ലോട്ടറി നടത്തിയത്? ശ്രീ. ആനത്തലവട്ടം ആനന്ദൻ പാവം, ഇതൊക്കെ പറയാനായി ബാധ്യസ്ഥനാണ്. ശ്രീ. തോമസ് ഐസക് മിണ്ടിയിട്ടില്ലല്ലോ; തോമസ് ഐസക് എഴുന്നേറ്റിട്ടില്ലല്ലോ; അദ്ദേഹം എഴുന്നേൽക്കത്തില്ലല്ലോ? ഞാൻ ഇപ്പോഴും പറയുന്നു അദ്ദേഹം എഴുന്നേറ്റാൽ ഞാൻ ഇരുന്നുതരാൻ തയ്യാറാണ്. അദ്ദേഹം ചർച്ചയിൽ പങ്കെടുക്കുന്നില്ല എന്നുള്ള മട്ടിൽ ശ്രീമതി ടീച്ചറിനെ കരുവാക്കി ഇപ്പോഴും ശ്രദ്ധിക്കാതിരിക്കുകയാണ്. പക്ഷെ അതുകൊണ്ട് അദ്ദേഹം എഴുന്നേറ്റാൽ ഞാൻ വേണമെങ്കിൽ വഴങ്ങി കൊടുക്കാം. അതുകൊണ്ട് അദ്ദേഹം എഴുന്നേൽക്കത്തില്ല, എനിക്കറിയാം. അങ്ങയെ അകത്താക്കുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രമിച്ചത്. അങ്ങനെ ഒരു ഗവൺമെന്റുണ്ട്. ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമില്ല. ഈ ഗവൺമെന്റ് കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നു.

ഈ ഗവൺമെന്റ് ഇവിടെ രാഷ്ട്രീയമായി മലീമസമായ അന്തരീക്ഷം കേരളത്തിൽ ഉണ്ടാക്കാൻ ശ്രമിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ ജയിക്കാൻ പെൺ കേസുകളാണ് ഭേദം എന്ന് വിശ്വസിക്കുന്ന ഒരു മുന്നണിയാണിത്. 1997-ലെ തെരഞ്ഞെടുപ്പ് വന്നപ്പോൾ 'തങ്കമണി' കേസ് ഉയർത്തിക്കൊണ്ടുവന്ന് അന്നത്തെ തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷമുണ്ടാക്കാനായി ഒരു ശ്രമം നടത്തി. ഞാൻ ഇനി ചോദിക്കട്ടെ, ആ കേസ് ഇപ്പോൾ എവിടെ പോയി നിൽക്കുന്നു? പിന്നീടും കേരള ചരിത്രമെടുത്തുനോക്കിയാൽ കേരള ചരിത്രത്തിൽ ഓരോ തെരഞ്ഞെടുപ്പ് സന്ദർഭത്തിലും പെൺകുട്ടികളെ ചുറ്റിപ്പറ്റിയുള്ള കേസുകൾ വളർത്തിക്കൊണ്ടുവന്ന് തെരഞ്ഞെടുപ്പിൽ നിങ്ങൾ നിങ്ങൾക്കനുകൂലമായി വിധിയുണ്ടാക്കാൻ പറ്റുമോ എന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പരിപ്പ് ഈ വെള്ളത്തിൽ വേവില്ല, നിങ്ങളുടെ ഈ അഭ്യാസം ഇവിടെ നടക്കില്ല. കേരള ജനസമൂഹം ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. കഴിവുകെട്ട ഗവൺമെന്റും കേരളത്തിലെ വികസനത്തെ തകർത്ത ഗവൺമെന്റും കേരള ജനവിഭാഗത്തിന്റെ എല്ലാ പ്രതീക്ഷകളെയും 5 കൊല്ലക്കാലമായി തമസ്ക്കരിച്ചുകഴിഞ്ഞ ഒരു ഗവൺമെന്റ്, ആ ഗവൺമെന്റിനോട് കേരളത്തിലെ ജനങ്ങൾ പൊറുക്കില്ല എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഞാൻ പറയുന്നു, ഇവിടെ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഒരു തെറ്റിദ്ധാരണയും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

വെല്ലുവിളിക്കുകയാണ്, നമ്മൾ തെരഞ്ഞെടുപ്പിന്റെ ഗോദയിലേക്ക് പോകാൻ പോകുകയല്ലേ; തെരഞ്ഞെടുപ്പിന്റെ ഗോദയിലേക്ക് പോകാൻ പോകുകയല്ലേ? ഈ തെരഞ്ഞെടുപ്പുഗോദയിലേക്ക് ഇറങ്ങുന്ന സന്ദർഭത്തിൽ, ഈ മുൻനിരയിലിരിക്കുന്ന മന്ത്രിമാർ അടക്കം എത്ര ആളുകൾ ഈ കേരള നിയമസഭയിലേയ്ക്ക് മടങ്ങി വരുമെന്നുള്ളത് ജനങ്ങൾ തീരുമാനിക്കാൻ പോകുകയാണ്. ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്, നിങ്ങൾ ഇതുകണ്ട് ആടിക്കളിക്കേണ്ട, ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തായതുകൊണ്ട്.....(ബഹളം)....സ്വീകരിക്കാം, നമുക്ക് സ്വീകരിക്കാം. ....(ബഹളം)..... സ്വീകരിക്കാം. നമുക്കത് സ്വീകരിച്ചുകളയാം. ഞാൻ പറയുന്നു, ധൈര്യമുണ്ടോ ഞാൻ ശ്രീ. ആനത്തലവട്ടം ആനന്ദനെ പ്രത്യേകിച്ച് വെല്ലുവിളിക്കുന്നു. ശ്രീ. ആനത്തലവട്ടം ആനന്ദനെ ഒന്ന് പ്രത്യേകിച്ച് വെല്ലുവിളിക്കുന്നു.....(ബഹളം).....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇവിടെ അങ്ങയുടെ വെല്ലുവിളി സ്വീകരിക്കുന്നു എന്ന് ഇവർ പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുമ്പും പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പും ഇതുപോലെ വെല്ലുവിളിച്ചതാണ്. എന്നിട്ടും നാണമില്ലാതെ ഇരിക്കുകയാണെന്നുള്ളത് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. ജോസഫ് എം. പുതുശ്ശേരീ... രണ്ട് വെല്ലുവിളി നടത്തി നടുവൊടിഞ്ഞിരിക്കുന്ന ആളുകളാണ് ഇവർ. ഇവർ സത്യം പറഞ്ഞാൽ പാർഷലി പാരലൈസ്ഡാണ്. ഇനി മൂന്നാം വെല്ലുവിളി നേരിടാനുള്ള ധൈര്യം ശ്രീ. ആനത്തലവട്ടം ആനന്ദന് മാത്രമേ ഉണ്ടാകുകയുള്ളൂ. ബാക്കി ആരും അനങ്ങിയില്ലല്ലോ? ബാക്കി ആരും അനങ്ങിയിട്ടില്ല. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ എന്താണ്? .....(ബഹളം)...

ശ്രീ. പി. ജയരാജൻ: കെ.പി.സി.സി. ജനറൽ സെക്രട്ടറി മദ്യലോബിയ്ക്കു വേണ്ടി ഇടപെട്ടു, ഇടനിലക്കാരനായി ഇടപെട്ടു എന്നുള്ള ആക്ഷേപം വന്നിട്ടുണ്ടല്ലോ; അതേക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട തിരുവഞ്ചൂരിന്റെ അഭിപ്രായം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പറയുന്നത് കേൾക്കൂ... അതിനുമുമ്പ് ഒരു കാര്യം കൂടി ഞാൻ പറയാം. ഇവിടെ കെ.പി.സി.സി. ജനറൽ സെക്രട്ടറി മദ്യലോബിക്ക് അനുകൂലമായി ഇടപെട്ടുവെന്നുള്ള ആക്ഷേപമാണല്ലോ അങ്ങ് പറയുന്നത്. അങ്ങയുടെ പോലീസ് കേസെടുത്തിട്ടുണ്ടല്ലോ? അവർ കേസ് രജിസ്റ്റർ ചെയ്ത് ഇട്ടിരിക്കുകയല്ലേ? ഞങ്ങൾ അവിടെ കാണിച്ചുകൊടുക്കാം. അത് നീതിന്യായ കോടതിയിലേക്ക് കൊണ്ടുപോകാൻവേണ്ടി നിങ്ങൾ ഈ തെറ്റായ കേസുകളൊക്കെ എടുത്തുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. വയലാർ രവിയെക്കുറിച്ച് ഒരു ആക്ഷേപം ഉന്നയിച്ചു. ശ്രീ. ജയരാജനെപ്പോലെയുള്ള, ഒരു നിയമസഭാംഗം വിലകുറഞ്ഞ രൂപത്തിൽ സംസാരിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഇവിടെ ...(ബഹളം)...നിങ്ങൾ പറയുന്നത് ദേശാഭിമാനി പത്രത്തിനകത്തെ ഒരു ഫ്രണ്ട് പേജാണ്. ...(ബഹളം)...ഇല്ല...നിങ്ങൾ ദേശാഭിമാനി പത്രത്തിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വായിക്കുന്നത്. ആ പത്രത്തിന്റെ മാനേജരല്ലേ അങ്ങ്? പത്രത്തിൽ വന്നത് മാനേജർ വായിച്ചു. .....(ബഹളം)...അത്രയേയുള്ളൂ. അപ്പോൾ ഞാൻ ഒരു കാര്യം പറയാം. ശ്രീ. വയലാർ രവി നിഷ്ക്കളങ്ക രാഷ്ട്രീയത്തിന്റെ പ്രതിരൂപമായ് കേരളത്തിൽ വളരെ പ്രസക്തമായ രൂപത്തിൽ നിൽക്കുന്ന കേന്ദ്ര മന്ത്രിയാണ്

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അദ്ദേഹത്തെ ആക്ഷേപിക്കുന്നതിന് വേണ്ടിയും വേട്ടയാടുന്നതിനുവേണ്ടിയും പല സന്ദർഭത്തിലും ഇവർ ശ്രമിച്ചിട്ടുണ്ട്. ....(ബഹളം)...ഇവിടെ ......നിങ്ങൾ ഇനിയും കുറേ ആളുകളെ ഇറക്കും. ഞാൻ ചോദിക്കട്ടെ, ശ്രീ. പി. ജയരാജന് എങ്ങനെയാണ് ഈ കസേര കിട്ടിയത്; ജയരാജൻ ഇപ്പോൾ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയല്ലേ? പാർട്ടിക്കകത്തെ മുൻജില്ലാ സെക്രട്ടറി അവിഹിതം കാണിച്ചപ്പോൾ അങ്ങേക്ക് കസേര കിട്ടി. ഇനി പാർട്ടിയിലെ സെക്രട്ടേറിയറ്റ് അംഗം അവിഹിതം കാണിച്ചാൽ അങ്ങ് സെക്രട്ടേറിയറ്റിൽ പോകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്ലീസ്......... പ്ലീസ്.........പ്രസംഗം അവസാനിപ്പിക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങനെ അവിഹിതത്തിന്റെ അടിസ്ഥാനത്തിൽ കസേര കിട്ടുന്ന ഒരു സാഹചര്യം ഞങ്ങളുടെ പാർട്ടിക്കകത്തില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്ക്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് ഇനിയുമുണ്ട് ഒരു മിനിറ്റു കൂടി. പറയുന്നതിനു തുല്യമായ ഒരു മിനിറ്റുകൂടിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല....അങ്ങ്.....പ്ലീസ്...പ്ലീസ്...സഹകരിക്ക്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു മിനിറ്റുകൂടിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഹകരിക്ക്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് വളരെ നീതിബോധമുള്ള ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല....അത് കഴിഞ്ഞല്ലോ?.....(ബഹളം)...

ശ്രീ. പി. ജയരാജൻ: എന്നെ സംബന്ധിച്ച് വ്യക്തിപരമായിട്ടുള്ള ഒരു പരാമർശം നടത്തിയല്ലോ? ഇവിടെ പാർട്ടിക്കകത്ത് വന്നിട്ടുള്ള ഒരു പരാതിയെ സംബന്ധിച്ച് അന്വേഷിക്കാൻ ഒരു കമ്മീഷനെ വച്ചു എന്ന് പരസ്യമായി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ആ പരാതിയെ സംബന്ധിച്ചിടത്തോളം.

മി. ഡെപ്യൂട്ടി സ്പീക്കർ: നോ.....നോ....തിരുവഞ്ചൂർ....(ബഹളം)....

ശ്രീ. പി. ജയരാജൻ: ആ പരാതിയെ സംബന്ധിച്ചിടത്തോളം അന്വേഷിച്ച് തെറ്റ് കണ്ടുകഴിഞ്ഞാൽ നടപടിയെടുക്കും. ഉണ്ണിത്താനെതിരായിട്ടുള്ള പരാതി വന്നല്ലോ? ആ ഉണ്ണിത്താനെ രക്ഷിക്കുന്നതുപോലെ ഞങ്ങൾ രക്ഷിക്കുകയില്ല എന്ന കാര്യം ഉറപ്പാണ്.....(ബഹളം)...

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട തിരുവഞ്ചൂർ അങ്ങയുടെ പ്രസംഗം അവസാനിച്ച സ്ഥിതിക്ക്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ.....സർ....എന്റെ സമയം വെറുതെ പോകരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> കഴിഞ്ഞു...കഴിഞ്ഞു....കഴിഞ്ഞ സ്ഥിതിക്ക്....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഇവിടെ എനിക്കൊരു വലിയ ആശ തോന്നി. സി.പി.ഐ.എം-ലെ പാർട്ടി നേതാവ് ഏതെങ്കിലും ഒരു പീഡന കേസ് നടത്തിയാൽ പാർട്ടി അന്വേഷിച്ചാൽ മതിയോ; അവിടെ വേറൊന്നും വേണ്ടേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്...പ്ലീസ്...(ബഹളം)...അങ്ങ് അവസാനിപ്പിക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അവിടെ നിയമം വേണ്ടേ; നിങ്ങൾ ഈ ഞരമ്പ് ഏത് ഞരമ്പാണെന്ന് ഇതുവരെ പിടിച്ചുനോക്കിയിട്ടുണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്....പ്ലീസ്....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ....(ബഹളം)....നിങ്ങൾക്കെന്തെങ്കിലും അതിനെക്കുറിച്ച് അറിയുമോ? അപ്പോൾ നിങ്ങൾ പിടിക്കാത്ത ഒരു ഞരമ്പ് അതിനെക്കുറിച്ച്.....(ബഹളം)...ചേച്ചീ....മിണ്ടരുത്...

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്....പ്ലീസ്....തിരുവഞ്ചൂർ...

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>....(ബഹളം)...മിണ്ടണ്ട. അവിടെ ഇരുന്നോ. അല്ല...അല്ല....എനിക്ക് ....(ബഹളം)....എന്റെ പെങ്ങളാണ്. എനിക്ക് പറയാൻ വലിയ ബുദ്ധിമുട്ടില്ല. അത് ദയവായി എന്നെക്കൊണ്ട് പറയിപ്പിക്കരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്......അങ്ങ് അവസാനിപ്പിക്കണം. അത് ശരിയല്ല. ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ തന്നെയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ശ്രീ.ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ള സീനിയർ ആളുകൾ പറയരുത് എന്നുപറഞ്ഞാൽ ഞാൻ പറയുന്നില്ല. ഒരു കാര്യം ഞാൻ പറയാം. ഇവിടെ ജീർണ്ണതയുടേയും രാഷ്ട്രീയമായ അധഃപതനത്തിന്റെയും എന്തിന് ഈ നിയമസഭയിലെ ഒരു അംഗത്തിനുപോലും സുരക്ഷിതത്വമില്ലാത്ത രാഷ്ട്രീയ പാർട്ടിയാണ് നിങ്ങളുടെ പാർട്ടി എന്നുള്ളത് നിങ്ങൾക്കറിയാം.....(ബഹളം)....അറിയില്ലേ? ഇനി എഴുന്നേറ്റ് ചോദിക്ക്..(ബഹളം)...ധൈര്യമുണ്ടെങ്കിൽ ചോദിക്ക്. അതുകൊണ്ട് ഈ സാഹചര്യങ്ങളിൽ.... ഈ എല്ലാ സാഹചര്യങ്ങളും വച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പരിപൂർണ്ണമായി എതിർക്കുന്നു. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യുക റൂൾ 303 അനുസരിച്ച് ഒരാളുടെ പ്രസംഗം അവസാനിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിച്ചു, അതിനിടയ്ക്ക് അദ്ദേഹത്തിന്റെ ചോദ്യം വന്നു. റൂൾ 307 ആണ് എന്റേത്. ഇക്കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ മുമ്പ് റൂളിംഗ് ഉണ്ടായിട്ടുണ്ട്. ആ റൂളിംഗ്, ബഹുമാനപ്പെട്ട മുൻ സ്പീക്കർ പരേതനായ വർക്കല

Library Archives Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രാധാകൃഷ്ണന്റെ റൂളിംഗാണ്. ഇന്ന് ഇവിടെ ദേശാഭിമാനിയോ....ഏതോ പത്രം ഉന്നയിച്ചു, വയലാർ രവിയുടെ...(ബഹളം).... മനോരമയോ ഏതോ ആകട്ടെ. ഏതോ ആകട്ടെ....ഏതോ ആകട്ടെ....ശ്രീ. വയലാർ രവിയുടേയും അതുപോലെ തന്നെ മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റേയും പേരിൽ ആരോപണമുന്നയിച്ചു ...(ബഹളം)...പ്ലീസ്...ഒരു കാര്യം, അന്ന് പരേതനായ വർക്കല സ്പീക്കറായിരുന്ന കാലത്ത്, ഈ സഭയിൽ ശ്രീധരൻ പിള്ള.....ഇൻഡ്യാ ടുഡേയുടെ റിപ്പോർട്ടർ.... ഹംസ വധക്കേസിനെ സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന കുര്യൻ അതുപോലെ അന്നത്തെ ഐ.ജി.-യായിരുന്ന അലക്സാണ്ടർ, ഇവരെക്കുറിച്ച് ഇവരുടെ പങ്കാളിത്തം സംബന്ധിച്ച രേഖ......അത് വായിച്ചുകൊണ്ട് ഇവിടെ ഉദ്ധരിച്ചു. സഭയുടെ രേഖയിലുള്ളതാണ്. എന്നാൽ പിറ്റേ ദിവസംതന്നെ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ, പരേതനായ വർക്കല രാധാകൃഷ്ണൻ, ഈ സഭയിൽ വന്നുകൊണ്ട് നടത്തിയ റൂളിംഗിൽ പറഞ്ഞത്, 'വളരെ പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന ഈ രണ്ട് വ്യക്തികളെ കുറിച്ച് പറഞ്ഞ പരാമർശം തെറ്റാണ്, അത് രേഖയിൽ ഉണ്ടാകില്ല, അത്തരത്തിലുള്ള പരാമർശം......അവരെക്കുറിച്ച് പറയാൻ പാടില്ല' എന്നാണ്. ഇക്കാര്യം പറഞ്ഞുകൊണ്ട് അദ്ദേഹം രേഖയിൽനിന്ന് അത് എക്സ്പഞ്ച് ചെയ്തു. . ഇവിടെ ബഹുമാനപ്പെട്ട വയലാർ രവി, കേന്ദ്ര കാബിനറ്റ് മന്ത്രിയെക്കുറിച്ച്.......................

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് .....അങ്ങ്....വിഷയത്തിലേക്ക് വരൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: അതുപോലെ പരേതനായ....(ബഹളം)... എന്താണ് പറയേണ്ടത്? I want a ruling. I want a ruling. ഇവിടത്തെ ആളുകൾക്ക് റൂളിംഗ് ഇല്ലേ? ആ റൂളിംഗ് നോക്ക്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് നമുക്ക് സമയമില്ല. അത് പരിശോധിക്കാം.***

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ റൂളിംഗിൽ........അതുകൊണ്ട് I want a ruling on this ....(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: നോ.....നോ....ഇനിയും സമയമില്ല....ഇത് പരിശോധിച്ച് ആവശ്യമായ വിവരം നൽകുന്നതായിരിക്കും.*** സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.)

*** സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

നമ്പർ	വിളകൾ	ഇൻഷ്വർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം	വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാര തോത്
(1)	(2)	(3)	(4)	(5)	(6)
1	തെങ്ങ്	10 എണ്ണം	ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ	തെങ്ങൊന്നിന് 2 രൂപ ഒരു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ	തെങ്ങൊന്നിന് 1000 രൂപ
2	കമുക്	10 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു മരത്തിന് ഒരു വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ	ഒരു മരത്തിന് 100 രൂപ
3	റബ്ബർ	25 എണ്ണം	കറയെടുക്കുന്ന മരങ്ങൾ	ഒരു മരത്തിന് 1 വർഷത്തേക്ക് 2 രൂപ 3 വർഷം ഒന്നിച്ചടച്ചാൽ മരമൊന്നിന് 5 രൂപ	ഒരു മരത്തിന് 500 രൂപ

(1)	(2)	(3)	(4)	(5)	(6)
4	കശുമാവ്	5 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു മരത്തിന് 1 വർഷത്തേക്ക് 2 രൂപ 3 രൂപ 5 വർഷത്തേക്ക്	ഒരു മരത്തിന് 200 രൂപ
5	വാഴ	10 എണ്ണം	നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ	ഒരു വാഴയ്ക്ക് 2 രൂപ	കുലയ്ക്കാത്തതിന് 20 രൂപ കുലച്ചതിന് 50 രൂപ
6	മരച്ചീനി	0.02 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷവും ആറുമാസത്തിനകവും	0.02 ഹെക്ടറിന് 2 രൂപ	0.02 ഹെക്ടറിന് 100 രൂപ (ഹെക്ടറൊന്നിന് 5000 രൂപ)
7	കൈതച്ചക്ക	0.02 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷവും ആറുമാസത്തിനകവും	0.02 ഹെക്ടറിന് 25 രൂപ	0.02 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 25,000 രൂപ)
8	കുരുമുളക്	15 താങ്ങു മരങ്ങളിൽ ഉള്ളവ	കായ്ച്ച് തുടങ്ങിയവ	ഒരു താങ്ങു മരത്തിലുള്ളതിന് ഒരു വർഷത്തേക്ക് ഒരു രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചെടുത്താൽ 2 രൂപ	ഓരോ താങ്ങു മരത്തിലും ഉള്ളതിന് 40 രൂപ വീതം

LIBRARY ARCHIVES Kerala Legislative Assembly

9	ഏലം	1 ഹെക്ടർ	കായ്ഫലമുള്ളത്	1 വർഷത്തേക്ക് ഹെക്ടറിന് 1000 രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ	ഹെക്ടറൊന്നിന് 3000 രൂപ
10	ഇഞ്ചി	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 5 മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 40000 രൂപ)
11	മഞ്ഞൾ	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് മൂന്ന് മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 40000 രൂപ)
12	കാപ്പി	10 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു ചെടിക്ക് 1 വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	1 മരത്തിന് 75 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
13	തേയില	1 ഹെക്ടർ	ഇലയെടുത്ത് തുടങ്ങിയ ചെടികൾ	ഹെക്ടറൊന്നിന് 1 വർഷത്തേക്ക് 1000 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ	ഹെക്ടറൊന്നിന് 60000 രൂപ ഇൻഷ്വർ ചെയ്തതിന്റെ 10%-മോ 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകുന്നതാണ്
14	കൊക്കൊ	5 എണ്ണം	കായ്ഫലമുള്ളത്	1 രൂപ ഒരു മരത്തിന് 1 വർഷത്തേക്ക് 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	ഒരു മരത്തിന് 35 രൂപ
15	നിലക്കടല	0.1 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷം രണ്ടു മാസത്തിന് മുമ്പ്	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 8000 രൂപ)
16	എള്ള്	0.1 ഹെക്ടർ	വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 5000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

17	പച്ചക്കറി (പന്തലുള്ളവയും ഇല്ലാത്തവയും)	0.04 ഹെക്ടർ	നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ	10 സെന്റിന് 10 രൂപ	10 സെന്റിന് 600 രൂപ (പന്തലില്ലാത്തവയ്ക്ക് ഹെക്ടറൊന്നിന് 15,000 രൂപ 10 സെന്റിന് 1000 രൂപ (25,000 രൂപ പന്തലുള്ളവയ്ക്ക്)
18	ജാതി	5 എണ്ണം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ 3 വർഷത്തേക്ക് ഒന്നിച്ചെടുത്താൽ 5 രൂപ	200 രൂപ ഒരു മരത്തിന്
19	ഗ്രാമ്പു	5 എണ്ണം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ 3 വർഷത്തേക്ക് ഒന്നിച്ചെടുത്താൽ 5 രൂപ	150 രൂപ ഒരു മരത്തിന്
20	വെറ്റില	ഒരു സെന്റ്	വിളവെടുപ്പ് ആരംഭിച്ചത്	ഒരു വർഷത്തേക്ക് സെന്റ് ഒന്നിന് 5 രൂപ	സെന്റ് ഒന്നിന് 250 രൂപ
21	പയർ വർഗ്ഗങ്ങൾ	0.10 ഹെക്ടർ	നട്ട് ഒരാഴ്ച കഴിഞ്ഞ് 1½ മാസം വരെ	0.10 ഹെക്ടറിന് 12.50 രൂപ	0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ) 0.2

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
22	കിഴങ്ങുവർഗ്ഗങ്ങൾ ചേന, മധുരകിഴങ്ങ്	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ	(എ) ചേനകൃഷിക്ക് 5 രൂപ (ബി) മധുരക്കിഴങ്ങ് കൃഷിക്ക് 3 രൂപ	(എ) 0.02 ഹെക്ടറിന് 500 രൂപ ചേന -(ഹെക്ടറിന് 25000 രൂപ) (ബി) 0.02 ഹെക്ടറിന് 200 രൂപ മധുരക്കിഴങ്ങ്-ഹെക്ടറൊന്നിന് 10,000 രൂപ)
23	കരിമ്പ്	0.10 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ	0.10 ഹെക്ടറിന് 60 രൂപ	0.1 ഹെക്ടറിന് 3000 രൂപ (ഹെക്ടറൊന്നിന് 30,000 രൂപ)
24	പുകയില	0.02 ഹെക്ടർ	നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ	0.02 ഹെക്ടറിന് 2 രൂപ	0.02 ഹെക്ടറിന് 400 രൂപ (ഹെക്ടറൊന്നിന് 20000 രൂപ)
25	നെല്ല്	0.10 ഹെക്ടർ	നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 2 മാസം വരെ	0.10 ഹെക്ടറിന് 10 രൂപ	45 ദിവസ്തിനക മുള്ള വിളകൾക്ക് 7500 രൂപ ഹെക്ടറിന് 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 12,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

ദീർഘകാല വിളകൾക്ക് നടുന്നത് മുതൽ കായ്ച്ച് തുടങ്ങുന്നതു വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം

നമ്പർ	വിളകൾ	ഇൻഷ്വർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം	വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാര തോത് (ഒരെണ്ണത്തിന്)
(1)	(2)	(3)	(4)	(5)	(6)
1	തെങ്ങ്	10 എണ്ണം	നട്ട് ഒരു മാസം മുതൽ 7 വർഷം വരെ	ഒരെണ്ണത്തിന് ഒരു വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒരുമിച്ച് അടച്ചാൽ - 2 രൂപ	ആദ്യത്തെ മൂന്ന് വർഷത്തേക്ക് 100 രൂപ 3-7 വർഷം വരെ 200 രൂപ
2	കമുക്	10 എണ്ണം	നട്ട് ഒരു മാസം മുതൽ 6 വർഷം വരെ	3 വർഷത്തേക്ക് ഒരെണ്ണത്തിന് ഒരു രൂപ വീതം	3 വർഷം വരെ 25 രൂപ 3-6 വർഷം വരെ 40 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
3	റബ്ബർ	25 എണ്ണം	നട്ട് ഒരു മാസം മുതൽ 7 വർഷം വരെ	3 വർഷത്തേക്ക് 1 എണ്ണത്തിന് - 1 രൂപ വീതം	3 വർഷം വരെ 100 രൂപ 3-7 വർഷം വരെ 300 രൂപ
4	കശുമാവ്	5 എണ്ണം	നട്ട് ഒരു മസം മുതൽ 3 വർഷം വരെ	3 വർഷത്തേക്ക് 5 എണ്ണത്തിന് 3 രൂപ വീതം	3 വർഷം വരെ 50 രൂപ
		15 താങ്ങ് മരങ്ങളിലുള്ളവ	നട്ട് ഒരു മാസം മുതൽ 4 വർഷം വരെ	15 താങ്ങ് മരങ്ങളിലുള്ളതിന് ഒരു വർഷത്തേക്ക് 5 രൂപ 3 വർഷത്തേക്ക് ഒരുമിച്ച് അടച്ചാൽ 10 രൂപ	ആദ്യത്തെ 2 വർഷം 10 രൂപ (ഒരു താങ്ങ് മരത്തിലുള്ളത്) 2-4 വർഷം വരെ - 20 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

2008-09 റാബി സീസൺ

നമ്പർ	ജില്ല	വിളകൾ	ഇൻഷ്വർ ചെയ്യാവുന്ന തുക/പരമാവധി ആനുകൂല്യം ലഭിക്കാവുന്ന തുക	പ്രീമിയം തുക (കൃഷിക്കാരൻ നൽകേണ്ടത്)	പരിരക്ഷ ലഭിക്കുന്ന കാലാവസ്ഥാ ഘടകങ്ങൾ
(1)	(2)	(3)	(4)	(5)	(6)
1	പാലക്കാട്	മാവ്	ഒരു മരത്തിന് 400 രൂപ മുതൽ 750 രൂപ വരെ	ഒരു മരത്തിന് 27 രൂപ മുതൽ 51 രൂപ വരെ	രോഗത്തിന് അനുകൂലമായ കാലാവസ്ഥ, (ഊഷ്മാവും ആർദ്രതയും) അസമയത്തുള്ള മഴ, ഉയർന്ന കാറ്റ്.
2	പാലക്കാട്	നെല്ല്	ഹെക്ടറിന് 20,000 രൂപ	ഹെക്ടറിന് 449 രൂപ	ഉയർന്ന ഊഷ്മാവ്, ഉയർന്ന കാറ്റ്, അകാലത്തുള്ള അധിക മഴ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
3	കാസർഗോഡ്	കശുമാവ്	ഹെക്ടറിന് 50,000 രൂപ	ഹെക്ടറിന് 3371 രൂപ	താഴ്ന്ന ഊഷ്മാവ്, രോഗകീടങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ, അസമയത്തുള്ള അധിക മഴ
			2009-10 ഖാരിഫ് സീസൺ		
1	പാലക്കാട്	നെല്ല്	ഹെക്ടറിന് 25,000 രൂപ	ഹെക്ടറിന് 593 രൂപ	മഴയുടെ കുറഞ്ഞ അളവ് വിതരണം (തുടർച്ചയായ വരണ്ട ദിനങ്ങൾ, അധിക മഴ)
2	ഇടുക്കി	കായ്ക്കുന്ന കുരുമുളക്	ഹെക്ടറിന് 25,000 രൂപ	ഹെക്ടറിന് 1654 രൂപ	മഴയുടെ കുറഞ്ഞ അളവും വിതരണവും (തുടർച്ചയായ വരണ്ട ദിനങ്ങൾ, അധിക മഴ)